ദേശത്തിലെ വിശ്വസ്തൻമാർ
എന്നോട് കൂടെ
വസിക്കേണ്ടതിന്
എന്റെ ദൃഷ്ടി അവരുടെ
മേൽ ഇരിക്കുന്നു. സങ്കീ:101:6

**BOOK No: 2**



# ശുശ്രൂഷാ പാഠങ്ങൾ


**BIJU THOMAS**

**Prayer Home, Varkala, Trivandrum**



www. prayerhome.org

Sushroosha Padangal

Ministry Teachings

Malayalam

First Impression 2007

By Bro. BIJU THOMAS

Rights Reserved to Publishers

Type Setting: Simplex

Printed at: Ebenezer, Trichur

Publishers:

Prayer Home Publications

# ആമുഖം

"ഏത് മനുഷ്യനേയും ക്രിസ്തുവിൽ തികഞ്ഞവനായി നിറുത്തേണ്ടതിന് " കൊലൊ:1:28 ക്രിസ്തുവിൽ ആകുക എന്നതും ക്രിസ്തുവിൽ തികഞ്ഞവനാകുക എന്നതും തമ്മിൽ വലിയ വ്യത്യാസങ്ങൾ ഉണ്ട്. ക്രിസ്തുവിലാകുവാൻ ഏത് മനുഷ്യനും കഴിയും. കർത്താവായ യേശു ക്രിസ്തുവിനെ രക്ഷിതാവായി സ്വീകരിച്ച് കൽപ്പനയ്ക്ക് കീഴിൽ ജീവിക്കുമ്പോൾ ഒരുവൻ ക്രിസ്തുവിൽ ആകുന്നു. എന്നാൽ ക്രിസ്തുവിൽ തികഞ്ഞവനാകുക എന്നുള്ളത് കഠിനമേറിയ ഒരനുഭവം ആണ്. എങ്ങിനെയാണ് ഒരുവൻ ക്രിസ്തുവിൽ തികഞ്ഞവനാകുക.

1. ക്രിസ്തുവിന്റെ കഷ്ടാനുഭവങ്ങളിൽ പങ്കാളിയാകുക.
2. പരിശുദ്ധ വചനത്തിന്റെ കീഴിൽ നിന്ന് വ്യതിചലിക്കാതെ ജീവിക്കുക.
3. പരിശുദ്ധാത്മാഭിഷേകത്തിൽ നിറഞ്ഞവനായി മുന്നേറുക.
4. പരിശുദ്ധാത്മവരങ്ങളിൽ പ്രാഗത്ഭ്യം നേടുക.
5. പരിശുദ്ധാത്മഫലം വെളിപ്പെടുത്തുക.

2 പത്രോസ്:1:5 ൽ പറയുന്നു. വിശ്വാസത്തോട് വീര്യവും, വീര്യത്തോട് പരിജ്ഞാനവും, പരിജ്ഞാനത്തോട് ഇന്ദ്രിയ ജയവും, ഇന്ദ്രിയ ജയത്തോട് സ്ഥിരതയും, സ്ഥിരതയോട് ഭക്തിയും, ഭക്തിയോട് സഹോദര പ്രീതിയും, സഹോദര പ്രീതിയോട് സ്നേഹവും കൂട്ടിക്കൊൾവിൻ. ഇങ്ങിനെയാകുന്നു ക്രിസ്തുവിൽ തികഞ്ഞവനാകുന്നത്. ക്രിസ്തീയ പാരമ്പര്യം, വർഷങ്ങളുടെ പഴക്കം പറഞ്ഞല്ല അഭിമാനിക്കേണ്ടത്. ക്രിസ്തുവിൽ തികഞ്ഞവനായി നിൽക്കുന്നതിൽ അഭിമാനിക്കുവാൻ ദൈവജനത്തെ പ്രബോധിപ്പിക്കുന്നു.

ഈ പുസ്തകം നിങ്ങളെ അതിനായി സഹായിക്കട്ടെ. ആത്മീയ വളർച്ചയിൽ ഒരു മുന്നേറ്റം, പുതിയ വചന വെളിപ്പാടുകൾ,

ആത്മീയഅനുഭവത്തിൽ ഒരു പുതുമ വെളിപ്പെടട്ടേ. സത്യമായത് ഒക്കേയും, ഘനമായത് ഒക്കേയും, നീതിയായത് ഒക്കേയും നിർമ്മല മായത് ഒക്കേയും രമ്യമായത് ഒക്കേയും ചിന്തിച്ച് കൊൾവിൻ എന്ന് അപ്പോസ്തലൻ പറയുന്നത് പോലെ, ഈ പുസ്തകത്തിൽ രേഖപ്പെ ടുത്തിയിട്ടുള്ള നല്ല വശങ്ങൾ മുറുകെപ്പിടിക്കുവാൻ ദൈവരാജ്യത്തി നായി വലിയ കാര്യങ്ങൾ ചിന്തിക്കുവാൻ അതിനായി വലിയ കാൽചുവടുകൾ വയ്ക്കുവാൻ ദൈവജനത്തെ യേശുവിൻ നാമത്തിൽ ആഹ്വാനം ചെയ്യുന്നു. നിങ്ങളുടെ അഭിപ്രായങ്ങൾ, വിമർശനങ്ങൾ, പ്രതികരണങ്ങൾ അറിയുവാൻ എനിക്ക് ആഗ്രഹമുണ്ട്. ദൈവം അനു ഗ്രഹിക്കട്ടെ.

**കർതൃ ശുശ്രൂഷയിൽ**

**ബ്രദർ. ബിജു തോമസ്**

# PRAYER HOME MINISTRIES

**VARKALA, KERALA, INDIA**

***DIRECTOR***

**Bro. BIJU THOMAS**

**www. prayerhome.org**

## OUR VISION FROM GOD

1. *Prayer Home 24 Hours Prayer Center*
2. *Prayer Home Bible College*
3. *Prayer Home Publication*
4. *Prayer Home Ministers Conference*
5. *Prayer Home Crusade*
6. *Prayer Home School*
7. *Prayer Home Service Ministry*

## ഉള്ളടക്കം

## ശുശ്രൂഷാ പാഠങ്ങൾ

1. ശുഭ്രമായ ഉദയ നക്ഷത്രം
2. ദൈവ വിളിയില്ലാത്ത ലോത്ത്
3. ബലവാനായ ശിംശോൻ
4. ഏലീശയുടെ ശുശ്രൂഷാ രഹസ്യം
5. അബ് ശാലോമേ, എന്റെ മകനേ
6. സെരുയയുടെ പുത്രന്മാർ
7. സ്തെഫാനോസിന്റെ നിയോഗം
8. പ്രവാചകനായ ഹഗ്ഗായി
9. ഗിദയോന്യ യുദ്ധം
10. വിശ്വസ്തനായ പ്രവാചകൻ - ഒന്നാം ഭാഗം
11. വിശ്വസ്തനായ പ്രവാചകൻ - രണ്ടാം ഭാഗം
12. വിശ്വസ്തനായ പ്രവാചകൻ - മൂന്നാം ഭാഗം.

# ലേഖകനേക്കുറിച്ച്

കേരളത്തിൽ തൊടുപുഴയിൽ ഒരു യാക്കോബായ ക്രിസ്തീയ കുടുംബത്തിൽ ജനിച്ചു. തൊടുപുഴ ന്യൂമാൻ കോളേജിൽ ബി.കോം ഡിഗ്രി കോഴ്സിന് പഠിക്കുന്ന സമയത്ത് ഒരു വിദ്യാർത്ഥി രാഷ്ട്രീയ പ്രസ്ഥാനത്തിന്റെ നേതൃസ്ഥാനത്ത് പ്രവർത്തിച്ചു. തുടർന്ന് നീണ്ട വർഷങ്ങൾ യുവജനപ്രസ്ഥാനത്തിൽ പ്രവർത്തിക്കുന്ന സമയത്ത് 1993 ൽ മുരിങ്ങൂർ ധ്യാനകേന്ദ്രത്തിൽ ഒരാഴ്ച പങ്കെടുത്ത നാളിൽ രക്ഷി ക്കുവാൻ ദൈവത്തിന് കൃപതോന്നി. 2004 ൽ വിശ്വാസസ്നാനം സ്വീക രിച്ചു. തുടർന്ന് ദൈവിക ശുശ്രൂഷക്ക് വേണ്ടിയുള്ള ദൈവവിളി തിരി ച്ചറിഞ്ഞ് ഒരു സഹകരണസ്ഥാപനത്തിൽ ഉണ്ടായിരുന്ന ജോലി രാജി വെച്ച് പൂർണ്ണ സമയ ദൈവീകശുശ്രൂഷക്ക് ഇറങ്ങി. 1995-ൽ സെമി നാരിയിൽ പഠനത്തിന് ചേർന്നു. 1999ൽ ബൈബിൾ കോളേജിൽ അദ്ധ്യാപകനായി ദൈവിക ശുശ്രൂഷ ചെയ്തു. 2000 ൽ വിവാഹിത നായി. 2001 ൽ പഠനത്തിനും ദൈവികശുശ്രൂഷയോടുമുള്ള ബന്ധ ത്തിൽ ബാംഗ്ലൂരിൽ വന്നു. 2004 ൽ M.Div. കോഴ്സ് പാസായി. 2003 ൽ ഒമാൻ ദേശത്തും 2006 ൽ ഖത്തറിലും ദൈവികശുശ്രൂഷ യോടുള്ള ബന്ധത്തിൽ ദൈവം അയച്ചു. ഇപ്പോൾ വർക്കലയിൽ ദൈവീക ശുശ്രൂഷയോടുള്ള ബന്ധത്തിൽ ആയിരിക്കുന്നു.

ഭാര്യ - ഡെയ്സി ബിജു

മകൾ - ഏഞ്ചലാ ആൻ ബിജു

# 1. ശുഭ്രമായ ഉദയ നക്ഷത്രം

ഇരുട്ടിന്റെ നിഗൂഢതകളും ഇരുണ്ട് കിടക്കുന്ന ചുറ്റുപാടുകളും ഇരുളിമയാർന്ന ദിനരാത്രങ്ങളും ഒരു കൂട്ടം ജനത്തെ തളർത്തുമ്പോൾ, പ്രത്യാശയുടെ, നന്മയുടെ തേരിലേറി, ഇരുട്ടിൽ കിടക്കുന്ന തന്റെ ജനത്തെ പ്രകാശത്തിലേക്ക് നയിക്കുവാൻ, പ്രകാശമാനമായ ഒരു ജീവിതം അവർക്ക് പകർന്ന് നൽകുവാൻ ഇരുളിൽ നിന്ന് ഉദയത്തിലേക്ക് തന്റെ ജനത്തെ കൈപിടിച്ച് നടത്തുവാൻ ഒരു ശുഭ്ര നക്ഷത്രമായി, ഉദയ ശോഭയായി കർത്താവ് ഉയരത്തിൽ നിന്ന് ഇറങ്ങി താഴെ ഭൂമിയിൽ വന്നു. കർത്താവായ യേശുക്രിസ്തു, രാജാധി രാജൻ, ധന്യനായ ഏകാധിപതി, അടുത്തുകൂടാത്ത വെളിച്ചത്തിൽ വസിക്കുന്നവൻ, ശുഭ്രമായ ഉദയനക്ഷത്രം. സംഖ്യാ പുസ്തകത്തിൽ ബെയോരിന്റെ മകൻ ബിലെയാം പ്രവചിച്ച് പറയുന്നു ഞാൻ അവനെ കാണും, ഇപ്പോൾ അല്ലതാനും ഞാൻ അവനെ ദർശിക്കും അടുത്തല്ലതാനും യാക്കോബിൽ നിന്ന് ഒരു നക്ഷത്രം ഉദിക്കും യിസ്രയേലിൽ നിന്ന് ഒരു ചെങ്കോൽ ഉയരും24:17. പ്രവാചകൻ ദർശിച്ച നക്ഷത്രം കർത്താവായ യേശുക്രിസ്തുവാണ്. യാക്കോബിൽ നിന്ന് ആ നക്ഷത്രം ഉദിച്ചുയരുന്നത് കാണുവാൻ പഴയ നിയമകാല ഭക്തർ കാത്തിരുന്നു.

ജാതീയ ശക്തികളുടെ അടിച്ചമർത്തലുകളും ആക്രോശങ്ങളും കണ്ട് പ്രവാചകൻ നിലവിളിച്ച് പറയുകയാണ് തീയിൽ ചുള്ളി കത്തുന്നത് പോലെയും തീ കൊണ്ട് വെള്ളം തിളയ്ക്കുന്നത് പോലെയും മലകൾ നിന്റെ മുമ്പിൽ ഉരുകിപോകത്തക്കവണ്ണം നീ ആകാശം കീറി ഇറങ്ങി വന്നെങ്കിൽ കൊള്ളായിരുന്നു. Isa:64:2. കർത്താവിന്റെ വരവിനായി അവന്റെ ഭുജശക്തിയുടെ പ്രവർത്തിക്കായി, ബലശാലിയായ അവന്റെ ദർശനത്തിനായി ജനം കാത്തിരുന്നു. അവന്റെ വരവിങ്കൽ അത്ഭുതങ്ങൾ സംഭവിക്കുമെന്ന്, മലകൾ ഉരുകിപ്പോകുമെന്ന്, സ്വർഗ്ഗീയ വഴി തുറക്കപ്പെടും എന്ന് അവർ അറിഞ്ഞിരുന്നു. ഞങ്ങൾ വിചാരിച്ചിട്ടില്ലാത്ത ഭയങ്കര കാര്യങ്ങളെ നീ പ്രവർത്തിച്ചപ്പോൾ നീ ഇറങ്ങി വരികയും മലകൾ തിരുമുമ്പിൽ ഉരുകിപ്പോകുകയും ചെയ്തുവല്ലോ. നീയല്ലാതെ ഒരു ദൈവം തന്നെ കാത്തിരിക്കുന്നവർക്ക് വേണ്ടി പ്രവർത്തിക്കുന്നത് പണ്ടു മുതൽ ആരും കേട്ടിട്ടില്ല, ഗ്രഹിച്ചിട്ടില്ല, കണ്ണ് കൊണ്ട് കണ്ടിട്ടുമില്ല. Isa:64:3,4.

ആ ജനം കാത്തിരുന്നത്പോലെ ഈ ദൈവം പ്രവർത്തിച്ചു. അവരുടെ പ്രതീക്ഷയ്ക്കനുസരിച്ച് അവൻ വെളിപ്പെട്ടു. അവർ വിചാരിക്കാത്ത രീതിയിൽ അവൻ വന്നു. "നോവും കിട്ടും മുമ്പേ അവൾ പ്രസവിച്ചു, വേദന വരും മുമ്പേ അവൾ ഒരു ആൺ കുഞ്ഞിനെ പ്രസവിച്ചു, ഈവക ആർ കേട്ടിട്ടുള്ളൂ? ഒരു ദേശം ഒരു ദിവസം കൊണ്ട് പിറക്കുമോ? ഒരു ജാതി ഒന്നായിട്ട് തന്നെ ജനിക്കുമോ? സീയോനോ നോവ് കിട്ടിയ ഉടനെ തന്റെ മക്കളെ പ്രസവിച്ചിരിക്കുന്നു Isa: 66:7,8.

പ്രവാചകന്മാർ അവന്റെ ശോഭ കണ്ടു. അതിൽ അവർ ഉല്ലസിച്ചു. ഞാൻ ഹിദ്ദേക്കൽ എന്ന മഹാ നദീതീരത്ത് ഇരിക്കയിൽ തല പൊക്കി നോക്കിയപ്പോൾ ശണവസ്ത്രംധരിച്ചും അരെക്ക് ഊഫാസ് തങ്കം കൊണ്ടുള്ള കച്ചകെട്ടിയും ഇരിക്കുന്ന ഒരു പുരുഷനെ കണ്ടു.അവന്റെ ദേഹം ഗോമേദകം പോലെയും മുഖം മിന്നൽ പ്രകാശം പോലെയും കണ്ണ് തീ പന്തം പോലെയും ഭുജങ്ങളും കാലുകളും മിനുക്കിയ താമ്രത്തിന്റെ വർണ്ണം പോലെയും അവന്റെ വാക്കുകളുടെ ശബ്ദം ഒരു പുരുഷാരത്തിന്റെ ആരവം പോലെയും ആയിരുന്നു Dan:10:4,5,6. ആ ദർശനം പ്രവാചകനെ സ്തംഭിഷിച്ച് കളഞ്ഞു. ആ ദർശനത്തിന്റെ മുമ്പിൽ അവന്റെ ജഢബലം ക്ഷയിച്ച്, അവൻ കവിണ്ണ് വീണു. ബലവാനായ ദൈവത്തിന്റെ മുമ്പിൽ മനുഷ്യൻ എത്ര ബലഹീനനാണ് എന്ന് അവൻ തിരിച്ചറിഞ്ഞു. ഇത് തിരിച്ചറിഞ്ഞ് കൊണ്ട് തന്നെയാണ് പൗലോസ് ഇങ്ങനെ എഴുതിയത്ദൈവത്തിന്റെ ഭോഷത്വം മനുഷ്യരേക്കാൾ ഞ്ജാനമേറിയത് ദൈവത്തിന്റെ ബലഹീനത മനുഷ്യരേക്കാൾ ബലമേറിയത് I Cor:1:25.

ഹബക്കുക്ക് പ്രവാചകൻ ആ ശോഭയെക്കുറിച്ച് പറയുന്നു അവന്റെ പ്രഭ ആകാശത്തെ മൂടുന്നു, അവന്റെ സ്തുതിയാൽ ഭൂമി നിറഞ്ഞിരിക്കുന്നു, സൂര്യപ്രകാശം പോലെ ഒരു ശോഭ ഉളവായി വരുന്നു, കിരണങ്ങൾ അവന്റെ പാർശ്വത്ത് നിന്ന് വെളിപ്പെടുന്നു. അവിടെ അവന്റെ വല്ലഭത്വം മറഞ്ഞിരിക്കുന്നു3:3,4. ദൈവത്തിന്റെ വല്ലഭത്വം പ്രകാശ ശോഭയ്ക്കുള്ളിൽ ദൈവം മറച്ച് വച്ചിരിക്കുകയാണ്. ദുഷ്ടൻ തന്റെ ദുഷ്ടത ഇരുട്ടത്ത് മറച്ച് വയ്ക്കുമ്പോൾ ദൈവം തന്റെ മനോഹരത്വം പ്രകാശത്തിനുള്ളിൽ മറച്ച്

വയ്ക്കുന്നു. അത് കൊണ്ടാണ് ദൈവികജ്ഞാനം അന്വേഷിക്കുന്നവന്റെ മുഖം പ്രകാശിച്ചും ദുഷ്ടത മറച്ച് വയ്ക്കുന്നവന്റെ മുഖം ഇരുണ്ടും ഇരിക്കുന്നത്. ദുഷ്ടന്റെ ദുഷ്ടത ഇല്ലാതെയാകണമെങ്കിൽ ദൈവത്തിന്റെ പ്രകാശരശ്മികൾ അവിടെ പതിക്കണം. പ്രഭാത കിരണങ്ങൾ വെളിപ്പെടുമ്പോൾ രാത്രി ഓടി മറയുന്നു. വെളിപ്പെടാൻ പോകുന്ന ശോഭ സൂര്യപ്രകാശം പോലെ ഉളവായി വരും, ആർക്കും അത് തടയുവാൻ കഴിയില്ല.

നീതി വർഷിച്ച് കൊണ്ട് രോഗോപ ശാന്തിയോട് കൂടി അത് വരും. എന്റെ നാമത്തെ ഭയപ്പെടുന്ന നിങ്ങൾക്കോ നീതി സൂര്യൻ തന്റെ ചിറകിൻ കീഴിൽ രോഗോപശാന്തിയോട് കൂടെ ഉദിക്കും Mala:4:2. ഉദിച്ചുയരുന്ന നക്ഷത്ര ശോഭക്ക് കീഴിൽ തൊഴുത്തിൽ നിന്ന് പുറപ്പെട്ട് വരുന്ന പശു കിടാക്കളെപ്പോലെ തന്റെ ജനം തുള്ളിച്ചാടുന്ന ദിനങ്ങൾ ദൈവം അവർക്കായി ഒരുക്കും. ഉദയ നക്ഷത്രമായവൻ ജനിച്ചതിന് അടയാളമായി കിഴക്ക് ഒരു നക്ഷത്രം വെളിപ്പെട്ടു. വിദ്വാന്മാർ അത് കണ്ടു. ഒരു രാജാവ് എവിടെയോ ജനിച്ചതായി മനസ്സിലാക്കി. ആരും രാജാവായി ജനിക്കാറില്ല. ജനിച്ചതിന് ശേഷം രാജാവാകാറെയുള്ളൂ. എന്നാൽ കർത്താവായ യേശുക്രിസ്തു ജനിച്ചത് തന്നെ രാജാവായിട്ടാണ്. രാജാവ് എപ്പോഴും രാജകൊട്ടാരത്തിലെ ജനിക്കുകയുള്ളൂ എന്ന ഭൗമികജ്ഞാനത്തിൽ വിദ്വാന്മാർ ഹെരോദാവിന്റെ കൊട്ടാരത്തിൽ ചെന്നു. എന്നാൽ അവർക്ക് രാജാവായി പിറന്നവനെ കാണുവാൻ കഴിഞ്ഞില്ല. ഭൗമികജ്ഞാനം പരാജയപ്പെടുന്നിടത്ത് സ്വർഗ്ഗീയ ജ്ഞാനം ജയിക്കുന്നു. ഭൗമികജ്ഞാനത്തിന്റെ കീഴിൽ രാജാവായി ജനിച്ചവനെ കാണുവാൻ ഇറങ്ങിത്തിരിച്ചവർ പരാജിതരായി സ്വർഗ്ഗീയജ്ഞാനത്തിനും സ്വർഗ്ഗീയാലോചനയ്ക്കുമായി ഉയരത്തിലേക്ക് നോക്കിയപ്പോൾ ദൈവം അവർക്ക് ഉത്തരം അരുളി. കിഴക്ക് ഒരു നക്ഷത്രം അവർക്ക് വെളിപ്പെട്ടത് തന്നെ വീണ്ടും അവരുടെ മുമ്പിൽ കാണായ് വന്നു അവർ കിഴക്ക് കണ്ട നക്ഷത്രം ശിശു ഇരിക്കുന്ന സ്ഥലത്തിന് മീതെ വന്ന് നിൽക്കുവോളം അവർക്ക് മുമ്പായി പൊയ്കൊണ്ടിരുന്നു. Mt:2:9.

ഉദയ നക്ഷത്രമായി ജനിച്ചരാജാവിന്റെ അടുത്തേക്ക് നയിക്കുവാൻ, ദൈവം വെളിപ്പെടുത്തിയ നക്ഷത്രം തന്നെ വേണ്ടിവന്നു. എന്ത്കൊണ്ടാണ് ഉദയ നക്ഷത്രമായ കർത്താവിന്റെ അരികിലേക്ക് അനേകരെ നയിക്കുവാൻ

പലർക്കും കഴിയാതെ വരുന്നത്. ഉദയ നക്ഷത്രത്തിന്റെ പ്രകാശരശ്മിക ളേറ്റ് സ്വയമായി പ്രകാശിക്കുന്ന ഒരു നക്ഷത്രമായിത്തീരുവാൻ കഴിയാതെ വരുന്നത് കൊണ്ടാണ് അനേകർക്ക് അനേകരെ ക്രിസ്തുവിലേക്ക് നയിക്കു വാൻ കഴിയാതെ വരുന്നത്. ഏത് ഒരു ശുശ്രൂഷകനും വിശ്വാസിയും ആദ്യം കർത്താവിൽ നിന്ന് പ്രകാശം ഏറ്റ് വാങ്ങണം അങ്ങനെ സ്വയം പ്രകാശി ക്കണം. ആ പ്രകാശം കണ്ട് അനേകർ അടുത്ത് വരണം. അവരെ കൂട്ടി കൊണ്ട് ഉദയനക്ഷത്രത്തിന്റെ അരികിലേക്ക് പോകണം. ഇരുണ്ട നക്ഷത്ര മായി, സ്വയം പ്രകാശിക്കുവാൻ കഴിയാതെ ഇരുട്ടിന്റെ പ്രവൃത്തികൾ വെളി ഷെടുത്തി നിൽക്കുന്നത് കൊണ്ടാണ് അനേകർക്ക് ഉദയനക്ഷത്രമായ ക്രിസ്തുവിന്റെ അരികിലേക്ക് അനേകരെ നയിക്കുവാൻ കഴിയാതെ ആയി രിക്കുന്നത്.

നക്ഷത്രം കണ്ടത് കൊണ്ട് അവർ അത്യന്തം സന്തോ ഷിച്ചു Mt:2:10. വിദ്വാന്മാർനക്ഷത്രം കണ്ടത് കൊണ്ട് സന്തോഷിച്ചു. ഉദയനക്ഷത്രമായ ക്രിസ്തുവിന്റെ അരികിലേക്ക് അത് തങ്ങളെ നയിക്കുക യാണല്ലോ എന്നോർത്ത് ആ നക്ഷത്രശോഭ കണ്ട് അവർ സന്തോഷിച്ചു. ഇന്ന് ഒരുവൻ ദൈവത്തിൽ നിന്ന് പ്രകാശം ഏറ്റ് വാങ്ങി ഒരു നക്ഷത്രത്തെഷോലെ പ്രകാശിച്ച് അനേകരെ ക്രിസ്തുവിങ്കലേക്ക് നയിക്കുമ്പോൾ അനേകർക്ക് സന്തോഷിക്കുവാൻ കഴിയുന്നില്ല. അവരിൽ വ്യാപരിക്കുന്നത് പ്രകാശ ത്തിന്റെ വ്യാപാരമല്ല, ഇരുട്ടിന്റെ വ്യാപാരമാണ്. ഒരുവൻനക്ഷത്രന്മായി പ്രകാ ശിച്ച് അനേകരെ ലോകത്തിന്റെ വിവിധ ഭാഗങ്ങളിൽ നിന്ന് ക്രിസ്തുവിലേക്ക് നയിക്കുമ്പോൾ, ഒരുവനെഷോലും ക്രിസ്തുവിലേക്ക് നയിക്കുവാൻ കഴി യാതെ ഇരിക്കുന്ന വ്യക്തി ആ ശുശ്രൂഷകനെതിരെ ദോഷം പറയുന്നു. ഒരു വൻ ഇന്ത്യയിൽ 98% ജനങ്ങൾ ക്രിസ്തുവിനെ അറിയാതെ പോകുന്ന തോർത്തുള്ള ഭാരത്താൽ സുവിശേഷീകരണത്തിനായി വ്യത്യസ്ത ശൈലി ആവിഷ്ക്കരിച്ച് ക്രിസ്തുവിലേക്ക് അനേകരെ നയിക്കുന്ന ഒരു നക്ഷത്രമായി ശോഭിക്കുമ്പോൾ, ഇരുണ്ട നക്ഷത്രമായി നിൽക്കുന്ന ഒരു കൂട്ടം ആ വ്യക്തി കൾക്കെതിരെ പഴി പറയുന്നു. ഒരുവൻ വടക്കേഇന്ത്യയിൽ ഗ്രാമങ്ങളിൽ കഷ്ടതയുടേയും സഹനതയുടേയും കഠിനാദ്ധ്വാനത്തിന്റേയും സുവിശേഷ പ്രവർത്തനങ്ങളിൽ ജാഗരിച്ച് ഒരു നക്ഷത്രമായി ശോഭിക്കുമ്പോൾ ഒരു പ്രാവശ്യം പോലും വടക്കേ ഇന്ത്യൻ ഗ്രാമങ്ങളിൽ സുവിശേഷത്തിനായി

പ്രവർത്തിച്ച് നക്ഷത്രത്തെപ്പോലെ ശോഭിച്ച് ഒരുവനെപ്പോലും ക്രിസ്തുവിലേക്ക് നയിക്കാത്ത വ്യക്തി അവനെതിരെ ദോഷം പറയുന്നു.

ഒരുവൻ അനേക ഉണർവ് പ്രസംഗങ്ങളിൽ ക്കൂടി രാജ്യത്തിന്റെ വിവിധ ഭാഗങ്ങളിൽ ഉണർവിന്റെ ജ്വാല കത്തിക്കുവാൻ ഉപയോഗിക്കപ്പെടുമ്പോൾ 100 പേരുള്ള ഒരു വേദിയിൽ ഒരു മണിക്കൂർ ജനത്തെ മുഷിപ്പിക്കാതെ ഇരുത്തുവാൻ കഴിയാത്തവരാണ് ഉണർവിന്റെ സുവിശേഷകനെതിരെ ഇരുണ്ട നാവുമായി എഴുന്നേൽക്കുന്നത്. വചനം പറയുന്നു. വിദ്വാന്മാർ നക്ഷത്രം കണ്ടത് കൊണ്ട് സന്തോഷിച്ചുയെന്ന്. ശോഭിച്ച് നിൽക്കുന്ന ക്രിസ്തുവിലേക്കാനയിക്കുന്ന നക്ഷത്രങ്ങളെ കാണുമ്പോൾ ചിലർക്കൊക്കെ അസൂയയും കൊടിമൂത്ത പകയും. തങ്ങളുടെ സ്ഥാനം ഇവൻ ഇല്ലാതാക്കുകയാണ് എന്ന് ചിന്തിച്ച് അഭിഷിക്ത ശുശ്രൂഷാമണ്ഡലത്തിനെതിരെ ജഢത്തിൽ ദുഷ്ടത, ഇരുട്ട്, വെറുപ്പ് തുപ്പുകയാണ്. ദുഷ്ടൻ തന്റെ ദുഷ്ടതയിൽ എന്താണ് പുറപ്പെടുവിക്കുക ദുഷ്ടത തന്നെ. വൃക്ഷത്തിന്റെ സ്വഭാവം വൃക്ഷത്തിന്റെ ഫലമാണ് വെളിപ്പെടുത്തുന്നത്.

അഭിഷിക്ത മണ്ഡലത്തിനെതിരെ വിരൽ ചൂണ്ടുന്ന ഒരുവനും അഭിഷിക്ത ശുശ്രൂഷക്ക് ഉപയോഗിക്കപ്പെടുകയില്ല. അഭിഷിക്ത ശുശ്രൂഷകന്റെ ഭാഗത്ത് ദോഷം ഉണ്ടെങ്കിൽ അവനെ വിളിച്ചവൻ, തെരഞ്ഞെടുത്തവൻ, ഉപയോഗിക്കുന്നവൻ ന്യായം വിധിക്കട്ടെ. ഒരു മനുഷ്യനും മറ്റൊരു മനുഷ്യനെ ന്യായം വിധിക്കുവാൻ അനുവാദമില്ല, ദൈവത്തിന്റെ സ്ഥാനം ഒരുവനും ഏറ്റെടുക്കേണ്ടതില്ല. സദാകുറ്റം പറയുവാൻ പ്രേരിപ്പിക്കുന്ന ദുരാത്മാവിനെ ജയിച്ച് ഒരു പ്രകാശ നക്ഷത്രമായി ശോഭിച്ച് അനേകരെ ക്രിസ്തുവിങ്കലേക്ക് നയിക്കുക. അതിനാണ് ദൈവം വിളിച്ചത്. അല്ലാതെ ചുറ്റുപാടുകളിൽ കാണുന്ന സകലതിനേയും വിധിച്ച് അഭിപ്രായം പറയുവാനും വിമർശിക്കുവാനും അല്ല ദൈവം വിളിച്ചത്. അങ്ങനത്തെ ഒരു വിളിയാണ് ദൈവം തന്നിരിക്കുന്നത് എന്ന് ചിന്തിക്കുന്നുവോ? അത് ദൈവത്തിന്റെ വിളിയല്ല, സാത്താന്യ വിളിയാണ്. പൈശാചികവും പ്രാകൃതവും ആണ്. കർത്താവ് വെള്ള തേച്ച ശവക്കല്ലറയെന്ന് പറഞ്ഞ് വിമർശിച്ചിട്ടില്ലെ എന്ന് ചോദിക്കുന്നുവോ. കർത്താവ് അത് മാത്രമല്ല ചെയ്തത്, ശവക്കല്ലറക്കകത്ത് നിന്ന് അവൻ മരിച്ചവനെ ജീവിപ്പിച്ചു. ഇതുപോലൊരു ശുശ്രൂഷ ചെയ്തിട്ട്

മറ്റൊരുവനെ വെള്ള തേച്ച ശവക്കല്ലറയെന്ന് വിളിക്കുക. കർത്താവ് വിമർശിച്ചത് സത്യവും അവന് പറയുവാൻ അനുവാദവും അധികാരവും ഉണ്ട്. അത്കൊണ്ട് പ്രകാശിക്കുന്ന നക്ഷത്രങ്ങളെ കാണുമ്പോൾ സന്തോഷിക്കുക. നമ്മളും പിന്നീട് പ്രകാശിക്കുന്ന നക്ഷത്രമായി മാറി അനേകരെ ക്രിസ്തുവിങ്കലേക്ക് നയിക്കും. നക്ഷത്രം വിദ്വാന്മാരെ ക്രിസ്തുവിങ്കലേക്ക് നയിച്ചു. അവർ അവനെ നമസ്ക്കരിച്ച് നിക്ഷേപ പാത്രങ്ങൾ തുറന്ന് അവന് പൊന്നും കുന്തുരുക്കവും മൂരും കാഴ്ച വച്ചു.

സെബൂലൂൻ ദേശവും നഫ്താലി ദേശവും കടൽക്കരയിലും യോർദ്ദാനക്കരെയുമുള്ള നാടും ജാതികളുടെ ഗലീലയും ഇങ്ങനെ ഇരുട്ടിൽ ഇരിക്കുന്ന ജനം വലിയ ഒരു വെളിച്ചം കണ്ടു, മരണത്തിന്റെ ദേശത്തിലും നിഴലിലും ഇരിക്കുന്നവർക്ക് പ്രകാശം ഉദിച്ചു Mt:4:14,15. ഇരുട്ടിനകത്തിരുന്ന് ഞെരുങ്ങുന്നവനെ വെളിച്ചം കാണുമ്പോൾ സന്തോഷിക്കുകയൊള്ളൂ. മരണത്തിന്റെ നിഴലിൽ ഭയപ്പെട്ടിരിക്കുന്നവർക്കേ ജീവന്റെ പ്രകാശം വരുമ്പോൾ ആഹ്ലാദിക്കുവാൻ കഴിയുകയൊള്ളൂ. വിശ്വാസത്തിൽ വളർന്ന് കൊണ്ടിരിക്കുന്നതെയുള്ളൂ എന്ന് ചിന്തിക്കുന്നവനെ വീണ്ടും വളരുകയുള്ളൂ. വിശുദ്ധിയിൽ മുന്നേറികൊണ്ടിരിക്കുന്നതേയുള്ളൂ എന്ന് തിരിച്ചറിയുന്ന വ്യക്തിയെ വിശുദ്ധിയിൽ വളരുകയൊള്ളൂ. വാക്കുകൾ കുറച്ച് ഉപയോഗിക്കുന്നവനും സാവധാനതയിൽ സർവ്വതും ക്രമീകരിക്കുന്നവനും വിശുദ്ധിയിൽ വളരും. തത്രപ്പെട്ടും വേഗത്തിലും സംസാരിക്കുകയും പ്രവർത്തിക്കുകയും ചെയ്യുമ്പോൾ ലംഘനവും പാപവും അറിയാതെ വരും.

പ്രകാശം വെളിപ്പെടുമ്പോഴേ ഇരുട്ട് എത്രമാത്രം വെല്ലു വിളിച്ചിരുന്നു എന്ന് മനസ്സിലാകുകയുള്ളൂ. ഇരുട്ട് എത്രമാത്രം വെല്ലുവിളിച്ചാലും പ്രകാശം അത് വെട്ടിമാറ്റും. പരീശ പ്രമാണിമാരിലൂടെ ഇരുട്ട് ഘോരമായി വെല്ലുവിളിച്ചു. മരണത്തിനായി ക്രൂശു മരണത്തിനായിത്തന്നെ ആക്രോശിച്ചു. പിതാവ് അനുവദിച്ചിട്ട്, തന്റെ ജനത്തിന് വേണ്ടി അവൻ മരണം ഏറ്റ് വാങ്ങി. പരീശപ്രമാണിമാർ ജയിച്ചതല്ല. അവരുടെ എന്നന്നേക്കുമുള്ള പരാജയത്തിനായി കർത്താവ് സ്വയം ഏൽപ്പിച്ച് കൊടുത്തു. അവരുടെ എന്നന്നേക്കുമുള്ള പരാജയത്തേയും, സങ്കടപ്പെട്ടിരുന്ന ജനത്തിന്റെ ആഹ്ലാദത്തേയും ഉല്ലാസത്തിന്റേയും ദിനങ്ങളെ പ്രഘോഷിച്ച് കൊണ്ട് കല്ലറകളെ

ഭേദിച്ച്, ആർക്കും പിടിച്ച് വയ്ക്കുവാൻ കഴിയാത്ത രൂപത്തിൽ അവൻ മരണത്തെ കീഴടക്കി, മരണത്തിൽ നിന്ന് ജീവൻ പ്രാപിച്ച് വന്നു. പുനരുത്ഥാന ശോഭ അനേകർ കണ്ടു. അനേകർ അതിൽ ഉല്ലസിച്ചു. വ്രണിത ഹൃദയമുള്ളവരായി, ക്ഷീണിച്ചും ഭയപ്പെട്ടും ഇരുന്ന ജനം പൂത്തുലയുന്നത് പോലെ ശോഭിച്ച് എഴുന്നേറ്റു. ഈ വലിയ വെളിച്ചം ഒരു വലിയ സന്തോഷം അവർക്ക് പ്രദാനം ചെയ്തു.

പുനരുത്ഥാന ശോഭ ലോകത്തിൽ വെളിപ്പെടുത്തുന്നതിന് മുമ്പ് അത് തന്റെ ദാസൻമാർക്ക് അവൻ കാണിച്ച് കൊടുത്തു. യേശു പത്രോസിനേയും യാക്കോബിനേയും അവന്റെ സഹോദരനായ യോഹന്നാനേയും കൂടി തനിച്ച് ഒരു ഉയർന്ന മലയിലേക്ക് കൊണ്ടുപോയി അവരുടെ മുമ്പാകെ രൂപാന്തരപ്പെട്ടു, അവന്റെ മുഖം സൂര്യനെപ്പോലെ ശോഭിച്ചു, അവന്റെ വസ്ത്രം വെളിച്ചം പോലെ വെള്ളയായിത്തീർന്നു Mt:17:1,2. പുനരുത്ഥാന ശോഭയിൽ നിന്ന് വിട്ട് പോരുവാൻ അവർക്ക് ആയില്ല. അവിടെത്തന്നെ കൂടാരം അടിച്ച് താമസിക്കുവാൻ അവർ പദ്ധതി ഒരുക്കി. പക്ഷെ ഇരുട്ടിലകപ്പെട്ട് കിടക്കുന്ന ജനത്തെക്കുറിച്ചുള്ള ദൈവത്തിന്റെ പദ്ധതിയുടെ പൂർത്തീകരണത്തിന് വേണ്ടി ദൈവം അവരുടെ പദ്ധതിയും ആഗ്രഹവും അനുവദിച്ചില്ല. പക്ഷെ പുനരുത്ഥാനശോഭ ദൈവം അവരുടെ മേൽ പകർന്നു. അവർ ചെന്നിടത്തൊക്കെയും ആ ശോഭ പകരപ്പെട്ടു. അനേകർ മരണത്തിൽ നിന്നും ഇരുട്ടിൽ നിന്നും ജീവനിലേക്കും പ്രകാശത്തിലേക്കും കടന്ന് വന്നു.

പരിശുദ്ധാത്മാവ് പ്രാവ് പോലെ കർത്താവിൽ വന്നിറങ്ങി. തുടർന്ന് ഒരു വലിയ ശുശ്രൂഷയിലേക്ക് കർത്താവ് പ്രവേശിക്കുകയല്ലായിരുന്നു. വെളിപ്പെടുവാനിരിക്കുന്ന ശുശ്രൂഷക്കെതിരെ വെല്ലുവിളിച്ച പിശാചിനെ പരാജയപ്പെടുത്തുവാൻ അവൻ മരുഭൂമിയിലേക്ക് പോകുകയാണ് ചെയ്തത്. നീണ്ട 40 ദിനങ്ങൾ കൊണ്ട് പിശാചിനേയും അവന്റെ സകല പരീക്ഷകളേയും അവൻ അതി ജീവിച്ചതിന് ശേഷമാണ് ജനത്തിന്റെ ഇടയിൽ ശുശ്രൂഷക്ക് കർത്താവ് ഇറങ്ങിയത്. ഇതിൽ നിന്ന് അഭിഷിക്ത ശുശ്രൂഷകർക്ക് കർത്താവ് ഒരു മാതൃക നൽകുകയായിരുന്നു. വെല്ലുവിളിച്ച് നിൽക്കുന്ന പൈശാചിക മണ്ഡലങ്ങളെ കീഴടക്കുന്നതിനായിരിക്കണം ഒരു ശുശ്രൂഷകൻ പ്രാധാന്യം

കൊടുക്കേണ്ടത്. വിളിക്കുന്നിടത്തേക്കല്ലാം ഓടുവാനും ചെല്ലുന്നിടത്തൊക്കെയും വീരത്വം പ്രകടിപ്പിക്കുവാനുമല്ല ശ്രമിക്കേണ്ടത്. ഭോഷനാകേണ്ട സ്ഥലത്ത് ഭോഷനെ പോലെത്തന്നെ നിൽക്കണം. മൗനം ആയിരിക്കേണ്ടിടത്ത് മൗനം അവലംബിക്കണം. ജനത്തിന്റെ ഇഷ്ടവും ആഗ്രഹവും അനുസരിച്ച് ശുശ്രൂഷിക്കരുത് ദൈവികാലോചനക്ക് കീഴിൽ ശുശ്രൂഷിക്കേണം. ഇങ്ങനെ ചെയ്തില്ലെങ്കിൽ ശുശ്രൂഷയിലെ ആരംഭശോഭ നിലനിർത്തുവാനും വളർത്തുവാനും കഴിയില്ല എന്ന് മാത്രമല്ല മുരടിക്കുവാനും വീഴാനും സാദ്ധ്യതയുണ്ട്.

കർത്താവ് പരിശുദ്ധാത്മാഭിഷേകത്തിന് ശേഷം മരുഭൂമിയിൽ പൈശാചിക പോരിനെ കീഴടക്കിയതിന് ശേഷം ദൈവിക നിയോഗത്താൽ ജനത്തിന്റെ ഇടയിലേക്ക് ചെന്നു. യേശു ആത്മാവിന്റെ ശക്തിയോടെ ഗലീലയിലേക്ക് മടങ്ങിചെന്നു, അവന്റെ ശ്രുതി ചുറ്റുമുള്ള നാട്ടിലൊക്കേയും പരന്നു Lk:4:14. കർത്താവ് അത്ഭുതങ്ങളാലും അടയാളത്താലും വചനം ശുശ്രൂഷിച്ചു. ജനം വിടുവിക്കപ്പെട്ടു. കർത്താവ് ചിരിച്ചതായും ചിരിപ്പിച്ചതായും വചനത്തിൽ ഒരിടത്തും ഇല്ല. പിശാചിന്റെ വെല്ലുവിളിയുടെ മുമ്പിൽ ദൈവം അവരെ നോക്കി ചിരിക്കുന്നതായിട്ട് വചനം പറയുന്നു Psalm:59:8. കർത്താവിന്റെ ശുശ്രൂഷയിൽ കണ്ണീരിന്റെ സാന്നിദ്ധ്യം ഉണ്ടായിരുന്നു. വചനം മാത്രം മതി എന്ന് പറയുന്നവർ ഉണ്ട്. കർത്താവിന്റെ അടയാളങ്ങളും അത്ഭുതങ്ങളും പിന്നെ ആർക്ക് വേണ്ടിയാണ്. ലഭിച്ചതിന്റെ അടിസ്ഥാനത്തിൽ ശുശ്രൂഷിക്കുക. മറ്റ് ഒരുവന് ലഭിച്ചതിന്റെ അടിസ്ഥാനത്തിൽ അത്ഭുതത്തിലും അടയാളത്തിലും അവനും ശുശ്രൂഷിക്കട്ടെ. തമാശകളും പത്രവാർത്തകളും കൊണ്ട് ചിരിപ്പിച്ച് ശുശ്രൂഷിക്കുന്നത്, പദങ്ങൾ പ്രാസമൊപ്പിച്ച് തട്ടിക്കളിക്കുന്നത് ഒരു നല്ല ശുശ്രൂഷയുടെ ലക്ഷണമാണോ സ്വയം പരിശോധിക്കുക. കർത്താവിന്റെ ശുശ്രൂഷ ഇങ്ങനെയായിരുന്നു.

1. ദരിദ്രന്മാരോട് സുവിശേഷം അറിയിക്കുന്നതിനുള്ള അഭിഷേകം
2. പരിശുദ്ധ ആത്മാവിന്റെ സാന്നിദ്ധ്യം ശുശ്രൂഷയിൽ ഉണ്ടായിരുന്നു.
3. ബദ്ധമാർക്ക് വിടുതൽ
4. കുരുടർക്ക് കാഴ്ച
5. പീഢിതർക്ക് വിടുതൽ

6. പിതാവാം ദൈവത്തിന്റെ പ്രസാദ വർഷം
7. ദൈവം അയച്ചിടത്ത് മാത്രം പ്രസംഗിച്ചു.

അത് കൊണ്ട് തന്നെ കർത്താവിന്റെ ശുശ്രൂഷ പ്രകാശിപ്പിക്കുന്ന ശുശ്രൂഷയായിരുന്നു. ഏത് മനുഷ്യനേയും പ്രകാശിപ്പിക്കുന്ന സത്യവെളിച്ചം ലോകത്തിലേക്ക് വന്ന് കൊണ്ടിരുന്നു John:1:9. കർത്താവ് സത്യവും വെളിച്ചവും ആയിരുന്നു. അവനിൽ ഉല്ലസിക്കുന്നവർ സത്യത്തേയും വെളിച്ചത്തേയും സ്നേഹിക്കുന്നു. ജനം അവന്റെ തേജസ്സ് പിതാവിൽ നിന്ന് ഏകജാതനായവന്റെ തേജസ്സായി കണ്ടു. വെളിച്ചത്തിന് സാക്ഷ്യം പറയുവാൻ ജ്വലിച്ച് പ്രകാശിച്ച വിളക്കായി യോഹന്നാൻ വന്നു. ഒരു വെളിച്ചത്തിന് മാത്രമേ മറ്റൊരു വെളിച്ചത്തെ സാക്ഷീകരിക്കുവാൻ കഴിയൂ. ഒരു അഭിഷിക്തനെ മറ്റൊരു അഭിഷിക്തനെ അംഗീകരിക്കുവാനും സാക്ഷീകരിക്കുവാനും കഴിയൂ.

യേശു പിന്നേയും അവരോട് സംസാരിച്ചു, ഞാൻ ലോകത്തിന്റെ വെളിച്ചം ആകുന്നു. എന്നെ അനുഗമിക്കുന്നവൻ ഇരുളിൽ നടക്കാതെ ജീവന്റെ വെളിച്ചമുള്ളവനാകും എന്ന് പറഞ്ഞു John:8:12. ഉദയനക്ഷത്രം പോലെ അവൻ പ്രകാശിച്ചു. ആ പ്രകാശം അനേകരെ പ്രകാശിപ്പിച്ചു. ഇന്നും ആ ജ്വാല നിന്ന് കത്തിക്കൊണ്ട് ഇരിക്കുന്നു. ദൈവത്തിൽ നിന്നുള്ള ജ്വലനം ആർക്കും കെടുത്തുവാൻ കഴിയില്ല.

നട്ടുച്ചക്ക് ഞാൻ വഴിയിൽ വച്ച് സൂര്യന്റെ പ്രകാശത്തെ കവിഞ്ഞൊരു വെളിച്ചം ആകാശത്തിൽ നിന്ന് എന്നേയും എന്നോട് കൂടെ യാത്ര ചെയ്യുന്നവരേയും ചുറ്റി പ്രകാശിക്കുന്നത് കണ്ടു Acts:26:13. നട്ടുച്ചസമയത്തെ സൂര്യപ്രകാശത്തെ വെല്ലുന്ന വെളിച്ചമായി കർത്താവ് പൗലോസിന് മുമ്പിൽ പ്രത്യക്ഷപ്പെട്ടു. അവൻ അസാധാരണക്കാരനായിരുന്നത് കൊണ്ടും, വലിയ ജ്ഞാനിയായിരുന്നത് കൊണ്ടും, ഉന്നതമായ രീതിയിൽ, അസാധാരണമായി അവന്റെ മുമ്പിൽ വെളിപ്പെട്ടെങ്കിൽ മാത്രമേ പൗലോസിനെ കർത്താവിങ്കലേക്ക് ആകർഷിക്കുവാൻ കഴിയൂ എന്നറിയാവുന്ന ദൈവം ആ രൂപത്തിൽ അവന്റെ മേൽ ഇടപെട്ടു. ജ്ഞാനികളേയും പണ്ഡിതന്മാരേയും അസാധാരണക്കാരേയും കർത്താവിങ്കലേക്ക് ആകർഷിക്കുവാൻ അതിനനു

സരിച്ചുള്ള വെളിപ്പാടുകളും ജ്ഞാനമേറിയ ശുശ്രൂഷകളും വെളിപ്പെടേണ്ട തുണ്ട്. ഒറ്റ ഒരുവന്റെ മാനസാന്തരം വലിയ ഒരു ജ്ഞാനത്തിന്റെ കലവറ യാണ് തുറക്കുവാൻ കാരണമായത്. ജാതികളുടെ വെളിച്ചമായി അവൻ ഉപയോഗിക്കപ്പെട്ടു.

വെളിപ്പാട്:22:16-ൽ കർത്താവ് പറയുന്നു ഞാൻ ദാവീദിന്റെ പേരും വംശവും ശുഭ്രമായ ഉദയനക്ഷത്രവുമാകുന്നു. ഒരു ശുഭ്രമായ ഉദയ നക്ഷത്രമായി കർത്താവ് തന്റെ ജനത്തിന് പ്രകാശം പകർന്ന് ഒരു തേജ സ്സായി, ഒരു സൂര്യ ശോഭയായി ജ്വലിച്ച് നിൽക്കുന്നു. ആ ദൈവിക പ്രകാശ ത്തിന്റെ കീഴിൽ സന്തോഷത്തിന്റെ ദിനരാത്രങ്ങൾ പിതാവായ ദൈവം നമുക്ക് തരും.

## ൨. ദൈവവിളി ഇല്ലാത്ത ലോത്ത്

തേരഹിന് എഴുപത് വയസ്സായപ്പോൾ അബ്രാം, നാഹോർ, ഹാരാൻ എന്നിവർ ജനിച്ചു. ഹാരാന്റെ സന്തതിയായി ലോത്ത് ജനിച്ചു. ഹാരാൻ ജന്മദേശമായ കൽദയ പട്ടണമായ ഊരിൽ വച്ച് തന്റെ അപ്പനായ തേരഹിന് മുമ്പേ മരിച്ചു. അബ്രാമും നാഹോരും ഭാര്യമാരെ എടുത്തു. അബ്രാമിന്റെ ഭാര്യ സാറായി. നാഹോരിന്റെ ഭാര്യ മിൽക്ക.

തേരഹ് തന്റെ മകനായ അബ്രാമിനേയും പൗത്രനായ ലോത്തി നേയും സാറായിയേയും കൂട്ടി കൽദയ പട്ടണമായ ഊരിൽ നിന്ന് കനാൻ ദേശത്തേക്ക് യാത്ര പുറപ്പെട്ട് ഹാരാൻ എന്ന സ്ഥലത്ത് എത്തി. തേരഹ് അവിടെ വച്ച് മരിച്ചു. ഇപ്പോൾ അബ്രാമും സാറായിയും ലോത്തും ഹാരാ നിൽ ആയിരിക്കുന്നു. അവിടെ വച്ച് യഹോവയുടെ വിളി അബ്രഹാമിന് ലഭിക്കുന്നു. വലിയ ഒരു വാഗ്ദത്തവും ലഭിച്ചു. തന്റെ മേൽ ലഭിച്ച വിളിക്ക നുസരിച്ച് അബ്രാം യാത്ര പുറപ്പെട്ടു. സാറായി അബ്രാമിന്റെ ഭാര്യ ആക യാൽ അബ്രാമിന് ലഭിച്ച വിളി സാറായിയുടെ മേലും ഉണ്ട്. പക്ഷെ

ലോത്തിനെ ദൈവം പ്രത്യേകം വിളിക്കാത്തിടത്തോളം ലോത്തിന്റെ മേൽ ദൈവ വിളി ഇല്ല. യഹോവ തന്നോട് കൽപിച്ചത് പോലെ അബ്രാം പുറപ്പെട്ടു; ലോത്തും അവനോട് കൂടെ പോയി ഉൽ:12:4 എന്ന് വചനത്തിൽ കാണുന്നു.

അബ്രാമും കൂട്ടരും കനാൻ ദേശത്ത് എത്തി. നിന്റെ സന്തതിക്ക് ഈ ദേശം ഞാൻ കൊടുക്കുമെന്ന് യഹോവ അരുളി ചെയ്തു. ലോത്തിന്റെ മേൽ അവിടെ വച്ചും ഒന്നും ലഭിച്ചില്ല. തനിക്ക് പ്രത്യക്ഷനായ യഹോവക്ക് അബ്രാം ഒരു യാഗ പീഠം പണിതു. അവിടെ നിന്ന് പിന്നേയും യാത്ര തുടർന്ന് ബഥേലിന് കിഴക്കുള്ള മലയിൽ എത്തി. അവിടെ യഹോവക്ക് ഒരു യാഗ പീഠം പണിത് യഹോവയുടെ നാമത്തിൽ ആരാധിച്ചു.

തുടർന്ന് മിസ്രയീമിലേക്ക് യാത്ര പുറപ്പെട്ട് അവിടെനിന്ന് തെക്കേ ഭാഗത്തേക്ക് വന്ന് ആദ്യം യാഗപീഠം പണിത സ്ഥലത്ത് എത്തി യഹോവയുടെ നാമത്തിൽ ആരാധിച്ചു. അബ്രാമും ലോത്തും ഒരുമിച്ചാണ് സഞ്ചരിച്ചിരുന്നതെങ്കിലും അവർക്ക് പ്രത്യേകം പ്രത്യേകം കൂടാരവും ആട് മാടുകളും ഇടയന്മാരും ഉണ്ടായിരുന്നു.

സുവിശേഷ പ്രവർത്തനത്തിന്റെ ഭാഗമായി ഒരുമിച്ച് ഒരു സംഘടനയുടെ സഭയുടെ കീഴിൽ പ്രവർത്തിക്കുന്നവർ തമ്മിൽ ആരംഭത്തിൽ വളരെ ഐക്യതയോടെ നിൽക്കുമെങ്കിലും സമ്പത്ത് വർദ്ധിച്ച്, സഭ വലുതായി, സംഘടന വലുതായി തീരുമ്പോൾ പഴയത് പോലെ ഒരുമിച്ച് പോകുവാൻ കഴിയാതെ വരുന്നു. ദൈവ വിളിയും ആത്മാർത്ഥതയും ഇല്ലെങ്കിൽ അൽപനാൾ പിടിച്ചു നിൽക്കുമെങ്കിലും പിന്നീട് അത് നാമവശേഷമാകും.

അബ്രഹാമിനും ലോത്തിനും വളരെയധികം സമ്പത്ത് ഉണ്ടായി. ഒരുമിച്ച് കൊണ്ടുപോകുവാൻ കഴിയാത്ത തരത്തിൽ അവരുടെ ദാസന്മാർ തമ്മിൽ പിണക്കമുണ്ടാകുക സാധാരണയായി. അബ്രഹാമിന്റേയും ലോത്തിന്റേയും ഇടയന്മാർ തമ്മിൽ പിണക്കമുണ്ടായപ്പോൾ അബ്രാം പറഞ്ഞു നാം സഹോദരന്മാരാണ് നമ്മുടെ ഇടയിൽ പിണക്കം ഉണ്ടാകരുത്. ദേശത്ത് കനാന്യരും പെരീസ്യരും അന്ന് പാർത്തിരുന്നു. ജാതികളുടെ ഇടയിൽ

തങ്ങൾക്കുള്ള സാക്ഷ്യം നഷ്ടപ്പെടാതിരിക്കുവാനാണ് അബ്രഹാം അത് പറഞ്ഞത്. ഇന്ന് ദൈവ സഭകൾക്ക് ദൈവത്തെ അറിയാത്ത ജാതികളുടെ ഇടയിൽ സാക്ഷ്യം ഇല്ല. സഭയ്ക്കകത്തെ ചെറിയ പിണക്കങ്ങൾ വരെ ജാതികൾ അറിയുന്നു. അതിന് വേണ്ടി പ്രസിദ്ധീകരണങ്ങളും മാസികകളും കഠിന പ്രയത്നമാണ് ചെയ്യുന്നത്. ദൈവ രാജ്യത്തിന്റെ വളർച്ചക്ക് വേണ്ടിയാണ് ഞങ്ങൾ ഈ മാസികകളും ലേഖനങ്ങളും പ്രസിദ്ധീകരിക്കുന്നത് എന്നാണ് അവർ പറയുന്നത്. എന്നാൽ തങ്ങളുടെ ഈ മാസികകളും ആഴ്ചപതിപ്പുകളും ദൈവത്തെ അറിയാത്ത ഒരു ജാതീയൻ വായിച്ചാൽ അത് ദൈവനാമ മഹത്വമായിത്തീരുമോ എന്ന് അവർ ചിന്തിക്കുന്നില്ല.

എന്നാൽ അബ്രഹാമിന്റെ മേൽ ദൈവ വിളിയുണ്ട്. തനിക്ക് എന്തെങ്കിലും നഷ്ടം ഉണ്ടാകുമോ ഇല്ലയോ എന്ന് അവൻ നോക്കിയില്ല. അബ്രഹാം ലോത്തിനെ വിളിച്ച് പറഞ്ഞു. ദേശം എല്ലാം നിന്റെ മുമ്പാകെ ഇരിക്കുന്നു. എന്നെ വിട്ട് പിരിഞ്ഞാലും നീ ഇടത്തോട്ടെങ്കിൽ ഞാൻ വലത്തോട്ട് പൊയ്ക്കൊള്ളാം. നീ വലത്തോട്ട് എങ്കിൽ ഞാൻ ഇടത്തോട്ട് പൊയ്ക്കൊള്ളാം.

അബ്രാമിന്റെ വായിൽ നിന്ന് ഇങ്ങനെ ഒരുവാക്ക് വീണപ്പോൾ കാരണം എന്ത് എന്ന് പരിശോധിക്കാതെ ഞാൻ ചിന്തിച്ച് പ്രവർത്തിക്കുവാനിരുന്നത് അബ്രാം എന്നോട് പറഞ്ഞല്ലോ എന്ന സന്തോഷത്തിലാണ് ലോത്ത്. രോഗി ഇച്ഛിച്ചതും വൈദ്യൻ കൽപിച്ചതും ഒന്ന് എന്നത് പോലെ ലോത്ത് ചിന്തിക്കുന്നു. അവന്റെ ചിന്ത ഇങ്ങനെ ആയിരിക്കാം. ഞാൻ അബ്രഹാമിന്റെ കൂടെ നിൽക്കുമ്പോൾഎനിക്ക് എന്റെ ഇഷ്ടമനുസരിച്ച് എല്ലാം ചെയ്യുവാൻ കഴിയില്ല. അബ്രാമിനോട് ഒരു ചെറിയ അനുവാദം ചോദിക്കണം. അബ്രാമിനേയും തന്നേയും തമ്മിൽ അവൻ താരതമ്യം ചെയ്തു. അബ്രാമിന് ആടുമാടുകളുണ്ട്. എനിക്കും ഉണ്ട്. അബ്രാമിന് ദാസന്മാരുണ്ട്. എനിക്കും ഉണ്ട്. തീരുമാനം എടുക്കുവാൻ അബ്രാമിന് ശേഷിയുള്ളത് പോലെ തീരുമാനം എടുക്കുവാൻഎനിക്കും ശേഷിയുണ്ട്.

എന്നാൽ അബ്രാമിന്റെ മേൽദൈവ വിളിയുണ്ട് എന്നും അതുപോലെ ഒരു വിളി തനിക്കില്ല എന്നും, അബ്രാമിന് ദൈവശബ്ദം കേൾക്കു

വാൻ ശേഷിയുണ്ട്, തനിക്കത് ഇല്ല എന്നും ലോത്ത് തിരിച്ചറിയുന്നില്ല. അവൻ പുറം മോടിയിൽ ദൃഷ്ടി വച്ച് തീരുമാനം എടുക്കുകയാണ്. അബ്രാമിന്റെ കീഴിൽ നിന്ന് മാറിപ്പോയാൽ തനിക്കുള്ള ദൈവിക സംരക്ഷണം നഷ്ടപ്പെടുമെന്നോ അങ്ങനെ പ്രത്യേകം മാറിപോകത്തക്ക വിധത്തിലുള്ള ഒരു നിയോഗം തനിക്കില്ല എന്നും ലോത്ത് മനസ്സിലാക്കുന്നില്ല.

നവോമി രുത്തിനോട് എന്നെ വിട്ട് പിരിഞ്ഞ് നിന്റെ ജനത്തിന്റെ അടുത്തേക്ക് പൊയ്കൊൾക എന്ന് പറഞ്ഞു, പക്ഷെ രുത്ത് പറയുന്നത് എന്താണ് നീ പോകുന്നേടത്ത് ഞാനും പോരും നീ പാർക്കുന്നെടത്ത് ഞാനും പാർക്കും തങ്ങൾക്ക് മുകളിൽ ഉള്ളവർ നമുക്ക് ചില നിർദ്ദേശങ്ങൾ തരുമ്പോൾ അവരുടെ വാക്ക് മാത്രം ശ്രദ്ധിക്കാതെ, അവരുടെ ഹൃദയം സംസാരിക്കുന്നതും ആഗ്രഹിക്കുന്നതും എന്താണ് എന്ന് മനസ്സിലാക്കി മാത്രമേ നാം ഒരു തീരുമാനം എടുക്കാവൂ. അബ്രാം ഇങ്ങനെ പറയുവാൻ കാരണം എന്ത്? ഇടയന്മാർ തമ്മിൽ പിണങ്ങിയെങ്കിൽ ആ വിഷയം പരിജ്ഞാനത്തോടെ പരിഹരിച്ച് അബ്രാം പറഞ്ഞതിന്മേൽ സാവകാശത്തിൽ പ്രതികരിച്ച് അബ്രാമിന്റെ ഹൃദയം ഇത് തന്നെയാണോ സംസാരിക്കുന്നത് എന്ന് മനസ്സിലാക്കി ഒരു തീരുമാനം എടുക്കുകയാണ് ലോത്ത് ചെയ്യേണ്ടത്.

പക്ഷെ അബ്രാമിന്റെ ഭാഗത്ത് നിന്ന് ഇങ്ങനെ ഒരു വാക്ക് വീഴുവാൻ ലോത്ത് കാത്ത് നിൽക്കുകയായിരുന്നു. അബ്രാം ഇത് പറഞ്ഞ ഉടനേ ലോത്ത് ദേശത്തെ വിലയിരുത്തി. യോർദ്ദാനരികെയുള്ള പ്രദേശം നീരോട്ടം ഉള്ളതെന്ന് കണ്ട് അത് തെരഞ്ഞെടുത്ത് കിഴക്കോട്ട് യാത്രയായി. അബ്രാമിനെ വേർ പിരിഞ്ഞ് പോയി. ലോത്ത് വളരെ സന്തോഷത്തിലായിരിക്കാം പോകുന്നത്. അബ്രാമിനേക്കാൾ ഇപ്പോൾ ഞാനാണ് അനുഗ്രഹിക്കപ്പെട്ടിരിക്കുന്നത്. എന്നാൽ അബ്രഹാമോ തനിക്ക് മോശം സ്ഥലമാണ് ലഭിച്ചത് ലോത്തിന് നല്ല സ്ഥലം ലഭിച്ചു എന്നൊന്നും അല്ല ചിന്തിക്കുന്നത്. ഭൂമിയിലെ നീരോട്ടം ഉള്ള പ്രദേശം നോക്കിയല്ല അവൻ യാത്ര ചെയ്യുന്നത്. ഉയരത്തിലെ നീരോട്ടം ഉള്ള ഭാഗം നോക്കിയാണ് അവൻ യാത്ര ചെയ്യുന്നത്. ലോത്ത് ജനിച്ചനാൾ മുതൽ അവന്റെ അപ്പനായ ഹാരാൻ മരിച്ചപ്പോഴും അവന്റെ വല്യപ്പനായ തേരഹ് മരിച്ചപ്പോഴും അവൻ ബാലനായിരിക്കുമ്പോഴും അവനെ ശ്രദ്ധിച്ച് നടത്തിയതിൽ അബ്രാമിന് വലിയ പങ്കുണ്ട്. ലോത്ത്

പിരിഞ്ഞ് പോകുവാൻ വേണ്ടിയാണോ അബ്രാം അത് പറഞ്ഞത് എന്ന് അറിയത്തില്ല. പക്ഷെ ഇത്ര പെട്ടെന്ന് ലോത്ത് പിരിഞ്ഞ് പോകുമ്പോൾ അബ്രാമിന്റെ ഹൃദയം വേദനിക്കുകയാണ്. ലോത്ത് പിരിഞ്ഞ് പോയിട്ടും ലോത്തിന്റെ കാര്യത്തിൽ അബ്രാം വളരെ ശുഷ്കാന്തി ഉള്ളവനായിരുന്നു. വചനത്തിൽ അത് കാണുവാൻ കഴിയും.

അബ്രാം എങ്ങോട്ട് യാത്ര തിരിച്ചാലും അവിടെ എത്തിക്കഴിയുമ്പോൾ ഒരു യാഗപീഠം പണിത് യഹോവക്ക് യാഗം കഴിച്ച് യഹോവയുടെ ആരാധനാവെളിപ്പെടുത്തുമായിരുന്നു. എന്നാൽ ലോത്ത് കിഴക്കോട്ട് യാത്ര തിരിച്ച് അവിടെ എത്തി എന്ന് വചനത്തിൽ കാണുന്നു. എന്നാൽ യാഗപീഠം പണിത് യഹോവയെ ആരാധിച്ചതായി വചനത്തിൽ കാണുന്നില്ല. ലോത്ത് മുഖാന്തരം അൽപം എങ്കിലും യഹോവയുടെ നാമം ഉയർന്നിരുന്നുവെങ്കിൽ അത് വചനത്തിൽ കാണുമായിരുന്നു. എന്നാൽ ലോത്ത് ആ പ്രദേശങ്ങളിലെ പട്ടണങ്ങളിൽ പാർത്ത് സോദോം വരെ കൂടാരം നീക്കി നീക്കി അടിച്ചു എന്ന് വചനത്തിൽ കാണുന്നു. അനുഗ്രഹത്തിന്റെ വഴിയിലേക്ക് നീങ്ങുമ്പോൾ യഹോവയെ മറന്ന് ആരാധനാപ്രാഗൽഭ്യം നഷ്ടപ്പെടുത്തി ദേശത്ത് വസിക്കുന്ന ജാതികളുടെ നടുവിൽ യഹോവയുടെ നാമം ഉയർത്താതെ ഒരു പത്ത് പേരെ എങ്കിലും കൂടെ നിർത്തുവാൻ കഴിയാതെ ഞാനും എന്റെ കുടുംബവും എന്ന് പറഞ്ഞ് ബാങ്കിൽ നിക്ഷേപം വർദ്ധിക്കുന്നതും നോക്കി ഇരിക്കുന്നത്പോലെ ലോത്ത് കൂടാരം നീക്കി നീക്കി അടിക്കുകയാണ്.

ദൈവത്തെ മറന്ന്, സുവിശേഷ വേലയെ മറന്ന് കൂടാരം നീക്കിനീക്കി അടിച്ച് മുന്നേറുന്ന തങ്ങൾ എങ്ങോട്ടാണ് പോകുന്നത് എന്ന് ഇവർ മനസ്സിലാക്കുന്നില്ല. സോദോമിലേക്ക് ആണ് താൻ കാൽനീട്ടി വയ്ക്കുന്നത് എന്ന് ലോത്ത് മനസ്സിലാക്കുന്നില്ല. നിങ്ങളുടെ നിക്ഷേപം ഇരിക്കുന്നിടത്ത് നിങ്ങളുടെ ഹൃദയവും ഇരിക്കും എന്ന് വചനത്തിലുണ്ട്. ലോകത്തിലെ നിക്ഷേപം ലക്ഷ്യമാക്കുന്നവർ, ലോകത്തിലെ നിക്ഷേപത്തെ നോക്കി യാത്ര ചെയ്യുന്നവർ ലോകത്തിലെ ദോഷവും പേറി ജീവിക്കേണ്ടി വരും. ദ്രവ്യാഗ്രഹം സകലവിധ ദോഷത്തിനും കാരണം. ദ്രവ്യാഗ്രഹത്തോടെ നീങ്ങുന്നവർക്ക് ഭൂമിയിൽ സ്വസ്ഥതയും ശാന്തിയും ലഭിക്കില്ല. സ്വർഗ്ഗത്തിൽ പ്രതിഫലവും ലഭിക്കുകയില്ല.

അതിന് വ്യക്തമായ ഉദാഹരണമാണ് ലോത്ത്, സോദോം നിവാസികൾ മഹാ പാപികളായിരുന്നു എന്ന് വചനം പറയുന്നു. യഹോവ സോദോമിനേയും ഗൊമോരയേയും നശിപ്പിക്കുന്നതിന് മുമ്പ് അത് യഹോവയുടെ തോട്ടം പോലെയിരുന്നു. ഇന്ന് ഭൂമിയിൽ ഏറ്റവും അനുഗ്രഹിക്കപ്പെട്ട ഒരു രാജ്യമാണ് അമേരിക്കൻ ഐക്യനാട്. അതിന് കാരണം വാഗ്ദത്തം ് ഉള്ള ധാരാളം അബ്രഹാം സന്തതികൾ ആ ദേശത്ത് ഉണ്ട് എന്നുള്ളതാണ്. ലോകത്തിലെ സുവിശേഷ വേലക്ക് ഇത്രമാത്രം ഗുണം ചെയ്യുന്ന ഒരു ദേശം ഭൂമിയിലില്ല. ഇതുപോലെ ദൈവിക ശുശ്രൂഷയേയും ദൈവ വേലയേയും ദരിദ്ര ജന വിഭാഗങ്ങളേയും സഹായിക്കുന്ന ദേശം വേറെ ഒന്നില്ല. ലോകത്തിന്റെ സമാധാനത്തിന് വേണ്ടിരാജ്യം മുൻപന്തിയിൽ നിൽക്കുന്നു. എന്നാൽ ഭയപ്പെടേണ്ട ഒരു വലിയ ദോഷവും അവിടെ ഉണ്ട് എന്നുള്ളതാണ്. അതാണ് ലോത്തും അവന്റെ സന്തതിയും. അനുഗ്രഹവും ശാപവും സമ്മിശ്രമായി കിടക്കുകയാണവിടെ. അവിടെ ജീവിക്കുന്നവർ ശാപവും പാപവും ഏശാതെ മുന്നേറണമെങ്കിൽ ദൃഷ്ടി ഉയരത്തിൽ നിന്ന് വ്യതിചലിക്കാതെ ജീവിക്കണം.

ലോത്തും ലോത്തിന്റെ ഭാര്യയും മക്കളും ദാസന്മാരും സോദോമിൽ ജീവിക്കുകയാണ്. അവൻ ദൈവത്തെ ഭയപ്പെടാതെ ദൈവ വഴിയിൽ നടക്കാതെ പോകുന്നിടത്തോളം ദൈവിക സംരക്ഷണം അവന്റെ മേൽ ഇല്ല. അബ്രാം ലോത്തിന് വേണ്ടി ദൈവ സന്നിധിയിൽ ഇടുവിൽ നിൽക്കുന്നത് കൊണ്ടാണ് ഒരു പരിധി വരെ ലോത്ത് നിലനിൽക്കുന്നത്. ചില രാജാക്കന്മാർ സോദോം ആക്രമിച്ച് കൈവശപ്പെടുത്തി. സോദോമിൽ താമസിച്ച ലോത്തിനേയും കൂടെ ഉള്ളവരേയും അവരുടെ സാമ്പത്തിനേയും അവർ കൊള്ളയടിച്ച്കൊണ്ട് പോയി. ഇങ്ങനെയാണ് എല്ലാം നഷ്ടപ്പെടുന്നത്. ആർക്കും കൊടുക്കാതെ ചിലർ സമ്പത്ത് സ്വരുക്കൂട്ടി വയ്ക്കും. കള്ളൻ വരുന്നത് പോലെ ശത്രു കടന്ന് വന്ന് വിവിധ മുഖാന്തരങ്ങളിലൂടെ അത് അപഹരിച്ച് കൊണ്ട് പോകും.

പ്രാർത്ഥിക്കുന്ന അബ്രാമിന് ഇതിനെക്കുറിച്ച് അറിവ് കിട്ടി. തന്റെ വീട്ടിൽ ജനിച്ച 318 അഭ്യാസികളെ കൂട്ടി അവരെ പിന്തുടർന്ന് തോൽപിച്ച്

സർവ്വതും മടക്കി കൊണ്ടുവന്നു തന്റെ സഹോദരനായ ലോത്തിനേയും, അവന്റെ സമ്പത്തിനേയും സ്ത്രീകളേയും ജനത്തേയും മടക്കി കൊണ്ടു വന്നു. സോദോം രാജാവ് അബ്രാമിനോട് ആളുകളെ എനിക്ക് തരിക സമ്പത്ത് നീ എടുത്ത് കൊൾക എന്ന് പറഞ്ഞു. അതിൽ നിന്ന് ഒരു ചെറിയ വസ്തു പോലും അബ്രാം എടുത്തില്ല. അബ്രാം സമ്പത്തിന് വേണ്ടിയല്ല ജീവിച്ചത്. ദൈവ രാജ്യത്തിന്റെ വ്യാപ്തിക്ക് വേണ്ടിയാണ്. ലോത്ത് ജീവിക്കുന്നത് ദൈവ രാജ്യത്തിന്റെ വ്യാപ്തിക്ക് വേണ്ടിയല്ല. സമ്പത്തിന് വേണ്ടിയാണ്.

ലോത്ത് അബ്രാഹിമിനെ വിട്ട് പിരിഞ്ഞതിന് ശേഷമാണ് അബ്രാം കൂടുതൽ ദൈവശബ്ദം കേട്ടത്. 15,16,17,18 അദ്ധ്യായങ്ങൾ മുഴുവൻ അബ്രാമും ദൈവവും തമ്മിലുള്ള സംഭാഷണങ്ങളും വാഗ്ദത്തങ്ങളും ദൈവശബ്ദം അനുസരിച്ച് ഉള്ള പ്രവർത്തികളും ആണ് രേഖപ്പെടുത്തിയിരിക്കുന്നത്. ലോത്ത് മാറിപ്പോകാതെ ലോത്തിന്റെ സ്വഭാവം മാറിപ്പോകാതെ ദൈവശബ്ദം കേൾക്കുക ഇല്ല, വാഗ്ദത്തം പ്രാപിച്ച് മുന്നേറില്ല. വിട്ട് പിരിയേണ്ടത് വിട്ട് പിരിയുമ്പോൾ ചേരേണ്ടത് വന്ന് ചേരും.

യഹോവയായ ദൈവം പ്രതിഫലം നൽകേണ്ടതിന് സ്വർഗ്ഗത്തിൽ നിന്ന് ഇറങ്ങി വരികയാണ്. 18-ാം അദ്ധ്യായത്തിൽ അബ്രാമിനോട് സംസാരിക്കുമ്പോൾ മൂന്ന് പുരുഷന്മാർ എന്ന് വചനത്തിൽ ഉണ്ട്. വിശ്വസ്തനായ അബ്രാമിന്റെ അടുക്കൽ ദൈവം വന്നപ്പോൾ അവന് പ്രതിഫലമായി വാഗ്ദത്ത സന്തതിയെ ദൈവം നൽകി. എന്നാൽ ലോത്തിന്റെ അടുക്കൽ ദൈവം വന്നപ്പോൾ പ്രതിഫലത്തിന് പകരം അത് ന്യായവിധിയായിത്തീർന്നു. ദൈവത്തെ സേവിക്കുന്നവനും സേവിക്കാത്തവനും തമ്മിലുള്ള വ്യത്യാസം വെളിപ്പെടുന്നത് ഇവിടെയാണ്. വിശ്വസ്തരും അവിശ്വസ്തരും തമ്മിലുള്ള വ്യത്യാസം വെളിപ്പെടുന്നത് ഇവിടെയാണ്. ന്യായവിധിക്കായി ലോത്ത് താമസിക്കുന്ന സ്ഥലത്തേക്ക് അവർ പോകുകയാണ്. ഞാൻ ചെയ്‌വാനിരിക്കുന്നത് അബ്രഹാമിനോട് മറച്ച് വയ്ക്കുമോ എന്ന് സ്വയം പറഞ്ഞു. പിന്നീട് താൻ ചെയ്യാൻ പോകുന്ന കാര്യം അബ്രഹാമിനോട് പറയുകയാണ്.

ദൈവം തന്റെ ജനത്തിന് ആവശ്യമായ ആലോചനകളും വെളിപ്പാടുകളും എപ്പോഴും നൽകികൊണ്ടിരിക്കും. തന്റെ വിശ്വസ്തരായ പ്രവാച

കരോട് മുന്നമേ പറഞ്ഞതിന് ശേഷമേ ദേശത്ത് ഏതൊരു പ്രവൃത്തിയും ദൈവം ചെയ്യുകയൊള്ളൂ. യഹോവ അബ്രഹാമിനോട് സംസാരിക്കുകയാണ്. സോദോമിന്റേയും ഗോമോരയുടേയും നിലവിളി വലിയതും അവരുടെ പാപം അതികഠിനവും ആകുന്നു. ഏതൊരു ദേശവും പാപപ്രവൃത്തികളുടെ വലിയ ഒരു കൂടാരമായി മാറിയാൽ ദൈവകരം അവിടെ പ്രതികൂലമായി വെളിപ്പെടും. ആ ദേശത്തെ നീതിമാന്മാർ ദൈവസന്നിധിയിൽ ഇടുവിൽ നിന്നില്ലെങ്കിൽ ആ ദേശത്ത് ന്യായവിധി വെളിപ്പെടും.

ലോത്തിന് ദൈവസന്നിധിയിൽ ഒരു പ്രാഗൽഭ്യവും ഇല്ല. ദേശത്ത് എന്താണ് സംഭവിക്കാൻ പോകുന്നത് എന്ന് അവനറിയുന്നില്ല. അബ്രഹാം ദൈവത്തോട് ചോദിക്കുകയാണ് ദുഷ്ടനോട് കൂടെ നീതിമാനേയും നീ നശിപ്പിക്കുമോ? ദൈവം പറഞ്ഞു എന്റെ കരം എപ്പോഴും നീതിമാന്മാർക്ക് തുണ നിൽക്കുകയേ ഉള്ളൂ. നീതിമാന്മാരായ 10 പേർ ആ ദേശത്ത് ഉണ്ടെങ്കിൽ ആ ദേശത്തെ ഞാൻ നശിപ്പിക്കുകയില്ല എന്ന് പറഞ്ഞു. അബ്രഹാം ചിന്തിച്ച് കാണും ലോത്തും ലോത്തിന്റെ ഭാര്യയും മക്കളും ദാസന്മാരും അവിടെ സോദോമിൽ ഉണ്ട്. അപ്പോൾ ആ ദേശത്തിന്മേൽ ന്യായവിധി വെളിപ്പെടുകയില്ല.

ഇവിടെയാണ് ലോത്തിന്റെ പരാജയവും നാശവും ആരംഭിക്കുന്നത്. പുറമേ അവന് എല്ലാം ഉണ്ട്. ദൈവദൃഷ്ടിയിൽ അവന് ഒന്നും ഇല്ല. അബ്രഹാം ഇടുവിൽ നിന്നില്ലായിരുന്നുവെങ്കിൽ സോദോമിൽ അവൻ കുടുങ്ങി പൂർണ്ണ നാശത്തിലേക്ക് പോകുമായിരുന്നു. അബ്രഹാം ഇടുവിൽ നിന്നിട്ട് വരെ അവന്റെ ജീവൻ മാത്രമാണ് ലോത്തിന് ലഭിച്ചത്. പത്ത് നീതിമാന്മാരെ ഇത്രയും നാൾ കൊണ്ട് സ്വന്തം കുടുംബത്തിലും ദാസന്മാരിലും ദേശത്ത് നിന്നും അവന് സംഘടിപ്പിക്കുവാൻ കഴിഞ്ഞില്ല.

1. ലോത്ത് ഒരിക്കലും ദൈവം പറയുന്നത് അനുസരിച്ച് പ്രവർത്തിച്ച നീതിമാൻ അല്ലായിരുന്നു.ജീവരക്ഷക്കായി പർവ്വതത്തിലേക്ക് ഓടിപോക എന്ന് പറഞ്ഞപ്പോൾ ലോത്ത് പറയുകയാണ് ഈ പട്ടണം സമീപമാകുന്നു, ഞാൻ അങ്ങോട്ട് ഓടിപ്പോകട്ടേ എന്ന്.

2. ലോത്തിന്റെ ഭാര്യ ജീവരക്ഷക്കായിട്ട് ഓടിപോകുന്ന സമയത്ത് പുറ കോട്ട് തിരിഞ്ഞ് നോക്കി. പുറകോട്ട് നോക്കരുത് എന്ന് യഹോവ കർശനമായിട്ട് പറഞ്ഞതാണ് അനുസരിച്ചില്ല.
3. ലോത്തിന്റെ പെൺമക്കൾ ദൈവിക ക്രമത്തിന് വിരുദ്ധമായി സന്തതി ലഭിക്കേണ്ടതിന് ഇടപെട്ടു.
4. ലോത്തിന്റെ ദാസന്മാർ എപ്പോഴും ശണ്ഠ ഇടുന്നവരായിരുന്നു.
5. സ്വന്തം വ്യക്തി ജീവിതത്തിലും കുടുംബജീവിതത്തിലും ദാസന്മാ രിലും ദൈവപ്രവൃത്തി വെളിപ്പെടുത്തുവാൻ കഴിയാത്തവന് ദേശത്ത് എന്തെങ്കിലും ചെയ്യുവാൻ കഴിയുമോ?

ഒരു നീതിമാനെപ്പോലും ആ ദേശത്ത് നിന്ന് അവന് സംഘടിപ്പിക്കുവാൻ കഴിഞ്ഞില്ല. പിന്നെ എന്തിനാണ് അവൻ ജീവിക്കുന്നത്. ഉണ്ണുവാനും ഉറങ്ങുവാനുമോ? ചില ശുശ്രൂഷകന്മാരോട് ദയനീയമായി ചോദിക്കുകയാണ്. പ്രിയമുള്ളവരെ ഈ ജീവിതം കൊണ്ട് ജഢത്തെസുഖിപ്പിച്ച്, അന്യരെ വിധിച്ച്, ദൈവിക ശുശ്രൂഷകളെ വിമർശിച്ച് സ്വന്തം ഹിതത്തിലും ബുദ്ധി യിലും നടന്ന് ദൈവവേല ആദായ സൂത്രമാക്കി ജീവിച്ചാൽ ചിന്തിക്കുവാൻ പോലും കഴിയാത്ത ചില ന്യായവിധി വെളിപ്പെടും. സ്വർഗ്ഗത്തിൽ ഒരു പ്രതിഫലവും ലഭിക്കുകയില്ല. പത്ത് പേരെ ദേശത്ത് സംഘടിപ്പിക്കുവാൻ ലോത്തിന് കഴിഞ്ഞില്ല. യഹോവയുടെ ന്യായവിധി വെളിപ്പെടുകയും ചെയ്തു.

രണ്ട് ദൂതൻമാർ പുരുഷ രൂപത്തിൽ വൈകുന്നേരത്ത് സോദോമിൽ എത്തി. ലോത്ത് അവരെ സ്വീകരിച്ചു. അവർ ഉറങ്ങുവാൻ പോകുന്നതിന് മുമ്പ് സോദോം പട്ടണത്തിലെ പുരുഷന്മാർ ആബാലവൃദ്ധം എല്ലാവരും വീട് വളഞ്ഞു. ശാരീരിക ബന്ധത്തിന് അവരെ വിട്ട് കൊടുക്കുവാൻ പറഞ്ഞു. നിയമത്തിന് വിരുദ്ധമായി, ദൈവിക ക്രമത്തിനും കുടുംബ ക്രമത്തിനും വിരുദ്ധമായി ജഡിക സുഖത്തിൽ മദിച്ച് പുളച്ച് നടക്കുന്നവരോട് ഒരു കാര്യം പറയുവാനുണ്ട്. നിനക്ക് സമ്മാനമായി ദൈവം ഒന്ന് കരുതിയിട്ടുണ്ട്. തീയും ഗന്ധകവും.

ഇതുവരേയും ദൈവിക ശബ്ദത്തിന് കീഴിൽ ഓടുവാൻ കഴിയാത്ത ലോത്ത് ഈ ജനത്തോട് പറയുകയാണ്. ഇവരെ ഒന്നും ചെയ്യരുത്. ദൈവത്തെ അനുരിക്കാത്തവൻ മനുഷ്യരെ അനുസരിപ്പിക്കുവാൻ നോക്കിയാൽ നടക്കുമോ? അവർലോത്തിനെ കൂട്ടാക്കിയില്ല. എന്നാൽ അബ്രഹാമിനെ നോക്കുക. ഹിത്യരുടെ നടുവിൽ അബ്രഹാം പാർക്കുന്ന സമയത്ത് സാറ മരിച്ചു. സാറയെ അടക്കേണ്ടതിന് ഒരു ശ്മശാനഭൂമി ഹിത്യരോട് ചോദിച്ചു. ഹിത്യർ അബ്രഹാമിനോട് എങ്ങനെയാണ് സംസാരിക്കുന്നത് എന്ന് നോക്കുക. യജമാനനേ, നീ ഞങ്ങളുടെ ഇടയിൽ ദൈവത്തിന്റെ ഒരു പ്രഭുവാകുന്നു. നിനക്ക് ഇഷ്ടമുള്ള സ്ഥലം ചോദിക്കുവാനാണ് പറഞ്ഞത്. മക്പേലാ എന്ന ഗുഹ അബ്രഹാം ചോദിച്ചു. ഉടനെ ഒരു ഹിത്യൻ പറയുകയാണ് ഗുഹ മാത്രമല്ല, ഗുഹ സ്ഥിതി ചെയ്യുന്ന സ്ഥലം മുഴുവൻ നീ എടുത്ത് കൊള്ളുക എന്ന്. മരിച്ച നിന്റെ ഭാര്യ സാറയെ അവിടെ അടക്കം ചെയ്താലും. സ്ഥലത്തിന്റെ വില ആ ഹിത്യൻ അബ്രഹാമിനോട് വാങ്ങുവാൻ വിസമ്മതിച്ചു. എന്നാൽ അബ്രഹാം അത് കൊടുത്തു. ഇതാണ് ദേശത്തെ അബ്രഹാമിന്റെ സാക്ഷ്യം.

ലോത്തിന്റെ സാക്ഷ്യം വിവരിക്കാതിരിക്കുന്നതാണ് നല്ലത്. ആ പുരുഷന്മാർ ന്യായവിധി നടത്തുവാൻ വന്നതാണ് എന്ന് ഈ ദുഷ്ടജനം മനസ്സിലാക്കിയില്ല. ഒരു സമയത്ത് ദുഷ്ടൻ പ്രബലനായി നിൽക്കും. ഒരു സമയം കഴിഞ്ഞാൽ അവന്റെ പൊടിപോലും അവിടെ കാണാത്ത വിധത്തിൽ ദൈവം അവനെ നശിപ്പിക്കും. ഈ ദൂതന്മാർ ലോത്തിനോട് ചോദിക്കുകയാണ്, ഇവിടെ നിനക്ക് മറ്റ് വല്ലവരും ഉണ്ടോ. മക്കളോ, മരുമക്കളോ പട്ടണത്തിൽ നിനക്ക് ഉള്ളവരെ ഈ സ്ഥലത്ത് നിന്ന് കൊണ്ട് പൊയ്കൊൾക എന്ന് പറഞ്ഞു. ഉടൻ ലോത്ത് തന്റെ പുത്രിമാരെ വിവാഹം കഴിപ്പിക്കുവാൻ തീരുമാനിച്ചിരിക്കുന്ന മരുമക്കളോട് പറഞ്ഞു, യഹോവ ഈ പട്ടണം നശിപ്പിക്കുവാൻ പോകുന്നു. ഈ പട്ടണം വിട്ട് പുറപ്പെടണം എന്ന് പറഞ്ഞു. സാധാരണ രീതിയിൽ വിവാഹം കഴിക്കുവാനിരിക്കുന്ന പെൺകുട്ടിയുടെ പിതാവിനെ മരുമക്കൾ ഭയങ്കരമായി ബഹുമാനിക്കും. അവരെ അനുസരിക്കും. ഇവിടെ മരുമക്കൾ പറയുവാണ് ലോത്ത് കളി പറയുകയാണ് എന്ന്. അവരുടെ മുമ്പിൽ പോലും ലോത്ത് നിസഹായകനായി നിൽക്കുകയാണ്.

ഉഷസായപ്പോൾ ദൂതന്മാർ ലോത്തിനെ ബദ്ധപ്പെടുത്തി. ഈ പട്ട ണത്തിന്റെ അകൃത്യത്തിൽ നശിക്കാതിരിപ്പാൻ എഴുന്നേറ്റ് നിന്റെ ഭാര്യയേയും രണ്ട് പുത്രിമാരേയും കൂട്ടികൊണ്ട് പോക എന്ന് പറഞ്ഞു. ഉടൻ തന്നെ ലോത്ത് ഭാര്യയോടും പെൺമക്കളോടും ദൂതന്മാർ പറഞ്ഞ കാര്യം പറഞ്ഞ് കാണും. പക്ഷെ അവർ അനുസരിക്കുന്നില്ല. പട്ടണം വിട്ട് പോകുവാൻ മടി യായി സമ്പത്തിനെ കെട്ടിപ്പിടിച്ച് കിടക്കുവാൻ ശ്രമിക്കുകയാണ്. അബ്രഹാം ഇടുവിൽ നിന്ന് പ്രാർത്ഥിക്കുന്നത് കൊണ്ട്, ലോത്തും അവന്റെ ഭാര്യയും പെൺമക്കളും ഈ പട്ടണത്തിൽ നിന്ന് പോകാതെ, ദൂതന്മാർക്ക് പട്ടണം നശിപ്പിക്കത്തില്ല. അതുകൊണ്ടാണ് ലോത്തിനെ ദൂതന്മാർ ബദ്ധപ്പെടുത്തു ന്നത്.

പക്ഷെ അവൻ താമസിക്കുകയാണ്. കാരണം എന്തായിരിക്കാം. അവന്റെ ഭാര്യയും പെൺമക്കളും അവനെ അനുസരിക്കുന്നില്ല. ഇസ്ഹാക്ക് എത്രഭയങ്കരമായിട്ടാണ് അബ്രഹാമിനെ അനുസരിച്ചത്. താനാണ് യാഗ മൃഗം എന്ന് അറിഞ്ഞതിന് ശേഷവും ഇസ്ഹാക്ക് അബ്രഹാമിനെ അനുസ രിച്ചു. എന്നാൽ അവരുടെ ജീവൻ രക്ഷിക്കുവാൻ വേണ്ടിയാണ് ലോത്ത് കഠിനമായി ശ്രമിക്കുന്നത്. പക്ഷെ അവർ അനുസരിക്കുന്നില്ല. അവസാന നിമിഷത്തിലല്ലഓരോന്നും ചെയ്യേണ്ടത്. മക്കൾ ജനിച്ച നാൾ മുതൽ അവരെ ദൈവഭയത്തിൽ വളർത്തണമായിരുന്നു. അതിന് സമയമില്ലായിരുന്നല്ലോ. നീരോട്ടമുള്ള ദേശം നോക്കി ഓട്ടമല്ലായിരുന്നോ? യഹോവയെ പ്രാഗൽഭ്യ ത്തോടെ ആരാധിച്ചുമില്ല. മക്കൾ അനുസരിക്കാതെ വഷളായി നിൽക്കു മ്പോൾ കണ്ണ്നീർ തൂകിയിട്ട് വലിയ കാര്യമൊന്നും ഇല്ല. പക്ഷെ ദൈവം കരുണയുള്ളവനായത് കൊണ്ട് കണ്ണ്നീരിനെ മാനിക്കുന്നു.

യഹോവ അവനോട് കരുണ ചെയ്കയാൽ ആ പുരുഷന്മാർ അവ നേയും ഭാര്യയേയും രണ്ട് പുത്രിമാരേയും കൈക്ക് പിടിച്ച് പട്ടണത്തിന്റെ പുറത്ത് കൊണ്ട്പോയി ആക്കി. ഈ പ്രദേശത്ത് എങ്ങും നിൽക്കരുത്. ജീവരക്ഷക്കായി പർവ്വതത്തിലേക്ക് ഓടി പോക തിരിഞ്ഞ് നോക്കരുത് എന്ന് പറഞ്ഞു. ദൈവശബ്ദത്തെ ലോത്തും അനുസരിക്കുന്നില്ല. ഭാര്യയും അനു സരിക്കുന്നില്ല. അവന്റെ പെൺമക്കളും അനുസരിക്കുന്നില്ല. പർവ്വ

തത്തിലേക്ക് പോകുവാൻ പറഞ്ഞപ്പോൾ ദൈവികപദ്ധതിക്ക് വിപരീതമായി അടുത്തുള്ള പട്ടണത്തിലേക്ക് ഓടിപ്പോകുവാൻ അനുവദിക്കണം എനിക്ക് ജീവരക്ഷ അവിടെ ലഭിക്കും എന്ന് ലോത്ത് പറയുന്നു. ഇവിടേയും സ്വന്തം ഇഷ്ടവും സ്വന്തം ബുദ്ധിയും ആണ് അവൻ ഉപയോഗിക്കുന്നത്. സ്വന്തം ജഢബുദ്ധിയാണ് ലോത്തിനെ സോദോമിൽ എത്തിച്ചത്. അത് അവന് നാശമായി. അബ്രഹാമിന്റെ പ്രാർത്ഥന നിമിത്തം ഒരു വിധത്തിൽ അതിൽ നിന്ന് രക്ഷപ്പെടുകയാണ്. എന്നിട്ടും ലോത്ത് ദൈവശബ്ദം അനുസരിക്കുവാൻ തയ്യാറാകുന്നില്ല. ചിലർ ഇങ്ങനെയാണ് തന്റെ ജീവിതത്തിലെ തെറ്റായ ക്രമത്തെ എന്ത് പ്രതിസന്ധി നേരിട്ടാലും തിരുത്തുകയില്ല. പർവ്വതത്തിലാണോ പട്ടണത്തിലാണോ ജീവരക്ഷ. ദൈവവചനം പരിശോധിച്ചാൽ ജീവരക്ഷ പർവ്വതത്തിലാണ് എന്ന് കാണുന്നു. ദൂതന്മാർ പർവ്വതത്തിലേക്ക് പോകുവാൻ പറഞ്ഞാൽ അവിടെ ജീവരക്ഷയുണ്ട് എന്നാണ് അതിനർത്ഥം.

ആ പട്ടണത്തിന്റെ പേർ സോവർ. ലോത്തിന്റെ ഭാര്യ പുറകോട്ട് തിരിഞ്ഞ് നോക്കി പൂർണ്ണനാശം ഏറ്റ് വാങ്ങി. തീയും ഗന്ധകവും അയച്ച് സോദോം ഗോമാറ പ്രദേശത്തെ ദൈവം ഉന്മൂലമാക്കി. ഇപ്പോൾ ലോത്തും രണ്ട് പെൺമക്കളും മാത്രം. പട്ടണത്തിലേക്ക് പോകാതെ ദൈവം പറഞ്ഞതനുസരിച്ച് പർവ്വതത്തിലേക്ക് ഓടിപ്പോകുവാൻ ശ്രമിച്ചിരുന്നുവെങ്കിൽ ആ ധൃതിക്കിടയിൽ ലോത്തിന്റെ ഭാര്യ തിരിഞ്ഞ് നോക്കുവാൻ സാദ്ധ്യതയില്ലായിരുന്നു. അവൾ നഷ്ടപ്പെടുകയും ഇല്ലായിരുന്നു. ദൈവശബ്ദം അനുസരിക്കാത്തത് കൊണ്ട് മാത്രം നാശം വിരുന്ന് കാരനായി വരികയാണ്.

മാത്രമല്ല ആ പർവ്വതത്തിൽ അവന് വേണ്ടിയിരുന്നത് ദൈവം കരുതിവച്ചിട്ടുണ്ടായിരുന്നിരിക്കാം. വിവാഹം കഴിക്കാത്ത അവന്റെ പെൺമക്കൾക്ക് ഭർത്താക്കന്മാരെ ദൈവം കരുതിവച്ചിട്ടുണ്ടാകാം. ദൈവത്തിന്റെ പദ്ധതി നമുക്ക് അറിയത്തില്ല. അബ്രഹാം പൂർണ്ണമായി അനുസരിച്ച് മോറിയ മലയിൽ ഇസ്ഹാക്കിനെ യാഗം കഴിക്കുവാൻ ചെന്നത് കൊണ്ടാണ് കുടുങ്ങിക്കിടന്ന കോലാട് കൊറ്റനെ ലഭിച്ചതും ഇസ്ഹാക്കിന് പകരം അതിനെ യാഗം കഴിച്ച് ദൈവത്തെ പ്രസാദിപ്പിക്കുവാൻ കഴിഞ്ഞത്. മറ്റേതെങ്കിലും സ്ഥലത്ത് യിസ്ഹാക്കിനെ യാഗം കഴിക്കുവാൻ ശ്രമിച്ചിരുന്നുവെങ്കിൽ യിസ്ഹാക്കിനെ നഷ്ടപ്പെടുകയും ചെയ്യുമായിരുന്നു. ദൈവത്തിനെ പ്രസാ

ദിഷിക്കുവാൻ കഴിയുകയും ഇല്ലായിരുന്നു.

പൂർണ്ണ അനുസരണം വേണം. ഇപ്പോൾ സ്വന്തം ബുദ്ധിയനുസരിച്ച് പോയ സോവർ പട്ടണത്തിൽ പാർപ്പാൻ ഭയമാണ്. കാരണം ദോഷം വരുത്തുന്ന എന്തോ അവിടെ ഉണ്ട്. അവനും അവന്റെ രണ്ട് പുത്രിമാരും ഗുഹയിൽ പാർത്തു. ഇവിടെ അതീവ ഗൗരവത്തോടെ കാണേണ്ടുന്ന ഒരു വിഷയം ഉണ്ട്. ഏത് ദേശത്താണോ നാം ആയിരിക്കുന്നത് ആ ദേശത്തിന്റെ സ്വഭാവം നമ്മേയും ബാധിക്കും. ലോത്തിന്റെ പെൺമക്കൾ വളർന്നത് എവിടെയാണ്. സോദോമിൽ. സോദോമിലെ അശ്ലീലം അവരിലുണ്ട്. ബാലനും വൃദ്ധനും ഒരുപോലെയാണ് അവിടെ ചെന്ന ദൈവദൂതന്മാരെ ഭോഗിക്കുവാൻ ചെന്നത്. പ്രായത്തിൽ മുതിർന്നവനും പ്രായം കുറഞ്ഞവനും ഭയമില്ലാതെ, നാണമില്ലാതെ, തന്റെ മുമ്പിൽ ആരാണ് എന്ന് നോക്കാതെ പാപത്തിന് വേണ്ടി ജഢിക സുഖത്തിന് വേണ്ടി ഓടുകയാണ്. ആ ദേശത്തിന്റെ സ്വഭാവം ലോത്തിന്റെ പെൺമക്കളിൽ വ്യാപരിച്ച് നിൽക്കുന്നുണ്ട്.

ആ ദേശത്തിന്റെ സ്വഭാവം അവരിൽ നിന്ന് എങ്ങനെയാണ് നീക്കം ചെയ്യേണ്ടത്. വിശുദ്ധിയുള്ള ദൈവത്തെ അവർക്ക് പരിചയപ്പെടുത്തി ആരാധന അനുഭവത്തിൽ നടത്തണം. യേശുവിന്റെ രക്തത്താൽ ദിനം തോറും അവരെ ശുദ്ധീകരിക്കണം. സ്വന്തം സാക്ഷ്യത്താൽ അവർക്ക് മാതൃകയാകണം. ഇതൊന്നും ലോത്തിനില്ല. അതുകൊണ്ട് തന്നെ സോദോം ദേശത്തിന്റെ പാപവും ശാപവും ആ പെൺമക്കളെ മൂടി നിൽക്കുകയാണ്. ആ രണ്ട് പേരിൽ ഒരു പെൺകുട്ടി പോലും പറയുന്നില്ല. ഇത് ശരിയല്ല എന്ന്. പാപ പ്രവൃത്തിക്കായിട്ട് അവർ ഒരുമിക്കുന്നു. അപ്പനാൽ സന്തതി ലഭിക്കേണ്ടതിന് അവർ ഒരുമിച്ചു. സന്തതിയെ തരുന്നത് ദൈവമാണ്. ഉദരഫലം ദൈവത്തിന്റെ ദാനം. അവർ അനുഗ്രഹത്തിന് വേണ്ടി, നന്മക്ക് വേണ്ടി ശ്രമിച്ചു. ശാപം അവരുടെ മേൽ വന്നു. യഹോവയാൽ ശപിക്കപ്പെട്ട സന്തതികളായിത്തീർന്നു. അവർ മോവാബും അമ്മോന്യരും ശാപം ഏറ്റ് വാങ്ങി. ലോത്തിന്റെ പെൺമക്കളിൽ ലോത്തിനുണ്ടായ സന്തതികളാണ് ഈ രണ്ട് ജാതിക്ക് ജന്മം നൽകിയത്.

ദൈവത്തെ അനുസരിക്കാത്തത് കൊണ്ട് സ്വന്തം ജീവിതത്തിൽ

ശാപം സ്വന്തം ഭാര്യ ശാപത്തിൻ കീഴിൽ അടക്കപ്പെട്ടു. സ്വന്തം മക്കൾ ശാപത്തിന്റെ പ്രവൃത്തി ചെയ്ത് സ്വയം ശാപമായി മാറി. സ്വന്തം പേരമക്കൾ ശപിക്കപ്പെട്ട ജാതികളായി അനേക തലമുറ ശാപത്തിൻ കീഴിൽ ജീവിച്ചു. ഒറ്റ ഒരുവന്റെ അനുസരണക്കേടിനാൽ പാപവും ശാപവും വന്നു. ഒറ്റ ഒരുവന്റെ അനുസരണക്കേടിനാൽ രണ്ട് ജാതി ശാപത്തിൻ കീഴിൽ ജീവിച്ചു. ദൈവ വിളിയില്ലാത്ത ലോത്ത് സ്വയം ഇറങ്ങിത്തിരിച്ചു. അത് അനേകർക്ക് ശാപമായി. ദൈവവിളി ഇല്ലാത്തവർ സുവിശേഷ വയലിൽ അതിനോട് ബന്ധപ്പെട്ട് ഒന്നിനും ഇറങ്ങരുത്. പ്രാർത്ഥിച്ചും ആരാധിച്ചും മാന്യമായി പോകുക. ദൈവവിളി ഇല്ലാത്ത വ്യക്തി സുവിശേഷ വേലയോടുള്ള ബന്ധത്തിൽ ഇറങ്ങിയാൽ ദൈവവിളി ഉള്ളവർക്ക് സുവിശേഷ വേലയിൽ പ്രവർത്തിക്കുവാൻ കഴിയാത്ത അവസ്ഥ നേരിടും.

ആരംഭത്തിൽ സുവിശേഷ വേല ചെയ്ത് ഞാൻ സുവിശേഷകനാണ് എന്ന് കാണിക്കും. ദൈവവിളി ഇല്ലാത്തത് കൊണ്ട് ജീവിതം വഴിമുട്ടും. അപ്പോൾ പണ്ട് ആയിരുന്നത് എങ്ങിനെയോ അങ്ങനെ ജീവിക്കും. സുവിശേഷ വേലക്കാരനാണോ അല്ല. ലോകത്തിലെ വേല ചെയ്ത് ജീവിക്കുന്നവനാണോ അതും അല്ല. പിന്നെ എങ്ങനെ? പറ്റിച്ചും, ഒപ്പിച്ചും സൂത്രത്തിൽ ജീവിക്കും. ദൈവവിളി ഉള്ള ഒരുവൻ വന്നാൽ ജനം ആശുശ്രൂഷകനേയും അങ്ങനെ കാണും. വിളി ഇല്ലാത്തവർ സുവിശേഷ വേല എന്ന് പറഞ്ഞ് നിൽക്കുന്നതാണ് സുവിശേഷ ത്തിന്റെ ഒരു തടസ്സം. ഇത് അവർ മനസ്സിലാക്കി അനുസരിച്ചാൽ അവർക്കും ദൈവരാജ്യത്തിനും അത് ഗുണമാകുമായിരുന്നു. അല്ലെങ്കിൽ ലോത്തിന്റെ നാശം അവന്റെ മേൽ വരും.

## 3. ബലവാനായ ശിംശോൻ

ഇസ്രയേൽ സവിശേഷതയുള്ള ഒരു തെരഞ്ഞെടുക്കപ്പെട്ട ജാതിയായി യഹോവയുടെ നാമം ഭൂമിയിൽ മഹത്വപ്പെടുത്തുവാൻ നിയോഗിക്കപ്പെട്ടു. ആരംഭം മുതൽ വാഗ്ദത്തവും പരിശോധനയും പീഢയും സഹിച്ച് അഭിഷിക്തന്മാരായ മോശയും യോശുവയും നയിച്ച് വീര്യമുള്ള ഒരു തലമുറ

രൂപം കൊണ്ടു. അവകാശദേശം വാഗ്ദത്തമായി ലഭിച്ചു. എന്നാൽ യഹോവയുടെ കൽപനകൾ പൂർണ്ണമായി അനുസരിക്കാതെ പിന്തിരിഞ്ഞ് ശേഷം അവർ ജാതികൾ എങ്ങനെ ജീവിച്ചുവോ ആരാധിച്ചുവോ അതുപോലെയായിത്തീർന്നു. അവകാശ ദേശത്ത് വചന വിപരീതമായി ജീവിച്ചാൽ ആ ദേശത്ത് നശിച്ച് പോകും വരെ ഈ ജാതികൾ ഇസ്രയേൽ ജനത്തിന് കുടുക്കും കണിയും വിലാപ്പുറത്ത് ചമ്മട്ടിയും കണ്ണിൽ മുള്ളും ആയിരിക്കും എന്ന് യഹോവ ആലോചന നൽകി. യോശുവയുടെ കാലത്ത് ഒക്കേയും യോശുവ കഴിഞ്ഞിട്ട് ജീവിച്ചിരുന്നവരായി യഹോവ ഇസ്രയേലിന് വേണ്ടി ചെയ്തിട്ടുള്ള സകലപ്രവൃത്തികളും അറിഞ്ഞവരായ മൂപ്പന്മാരുടെ കാലത്തൊക്കേയും ഇസ്രയേൽ യഹോവയെ സേവിച്ചു. യഹോവയെ അറിയാത്ത ഒരു തലമുറ ദേശത്ത് എഴുന്നേൽക്കുകയും വചന വിപരീതരായി ജീവിക്കുകയും ചെയ്തപ്പോൾ യഹോവ അവരെ ചുറ്റുമുള്ള ശത്രുക്കളുടെ കയ്യിൽ ഏൽപ്പിച്ചു. ശത്രുക്കളുടെ മുമ്പാകെ അവർക്ക് നിൽക്കുവാൻ കഴിഞ്ഞില്ല. അവർ ചെന്നേടത്തൊക്കേയും അനർത്ഥം വരത്തക്കവണ്ണം യഹോവയുടെ കരം അവർക്ക് പ്രതികൂലമായി. തങ്ങളെ ഉപദ്രവിച്ച് പീഢിപ്പിക്കുന്നവരുടെ നിമിത്തം ഇസ്രയേൽജനം നിലവിളിക്കുകയും യഹോവക്ക് മനസ്സലിവ് തോന്നി അവരുടെ സംരക്ഷണത്തിനായി ന്യായാധിപന്മാരെ എഴുന്നേൽപിക്കുകയും ചെയ്തു. ദൈവം നിരവധി ന്യായാധിപന്മാരെ എഴുന്നേൽപ്പിച്ചു അവരിൽ പ്രധാനിയായ ഒരുവനാണ് ശിംശോൻ.

ശിംശോൻ ജനിക്കുന്നതിനും മുമ്പ് 40 സംവത്സരം ഫെലിസ്ത്യർ ഇസ്രയേലിന്റെ മേൽ ആധിപത്യം നടത്തി പോരുകയായിരുന്നു. കഷ്ടതയിൽ ഞെരുങ്ങിക്കൂടിയ ഇസ്രയേൽജനം നിലവിളിച്ചതിന്റെ ഫലമായി യഹോവ ദാൻ ഗോത്രത്തിൽ സോരാഥ്യനായ മനോഹ എന്ന പുരുഷനോടും അവന്റെ ഭാര്യയോടും ഇടപെട്ടു. ആ സ്ത്രീക്ക് മുമ്പിൽ യഹോവയുടെ ദൂതൻ പ്രത്യക്ഷനായി നീ ഗർഭം ധരിച്ച് ഒരുമകനെ പ്രസവിക്കും എന്ന് പറഞ്ഞു. തുടർന്ന് ആ സ്ത്രീക്കും ജനിക്കുവാനിരിക്കുന്ന കുട്ടിക്കും വേണ്ട നിർദ്ദേശങ്ങൾ നൽകുന്നു. സ്ത്രീക്ക് ഒന്നാമതായി ചില നിർദ്ദേശങ്ങൾ നൽകുന്നു.

1. ആകയാൽ നീ സൂക്ഷിച്ച് കൊൾക
2. വീഞ്ഞും മദ്യവും കുടിക്കരുത്

3. അശുദ്ധമായതൊന്നും തിന്നരുത്

ജനിക്കുന്ന ശിശുവിന് ആത്മാവിനെ നൽകുന്നത് ദൈവമാണെങ്കിലും ശരീരം പൂർണ്ണമായും മാതാവിന്റേയും പിതാവിന്റേയും സ്വാധീനത്തിലാണ് വളരുന്നത്. ജനിക്കുന്ന സന്തതിയെ വളർത്തേണ്ട വിധം ദൂതൻ നിർദ്ദേശിക്കുന്നു.

1. അവന്റെ തലയിൽ ക്ഷൗരക്കത്തി തൊടുവിക്കരുത്
2. ഗർഭം മുതൽ ബാലൻ ദൈവത്തിന് നാസീർവ്രതം അനുഷ്ഠിച്ച് ജീവിക്കണം

നാസീർവ്രതം അനുഷ്ഠിക്കുന്ന വ്യക്തി ചില വിധികൾ അനുസരിക്കണം.

1. വീഞ്ഞും മദ്യവും വർജ്ജിക്കണം
2. മുന്തിരിപ്പഴത്തിന്റെ യാതൊരുവിധ രസവും കുടിക്കരുത്
3. മുന്തിരിങ്ങ പഴുത്തതാകട്ടേ ഉണങ്ങിയതാകട്ടേ തിന്നരുത്
4. മുന്തിരിങ്ങ കൊണ്ട് ഉണ്ടാക്കുന്നത് ഒന്നും തിന്നരുത്
5. തലമുടി വളർത്തണം ക്ഷൗരം ചെയ്യരുത്.

നാസീർവ്രതസ്തനെക്കുറിച്ച് സംഖ്യാ പുസ്തകത്തിൽ 6-ാം അദ്ധ്യായത്തിൽ കൂടുതൽ രേഖപ്പെടുത്തിയിട്ടുണ്ട്. ബാലന്റെ മേൽ ഒരു പ്രത്യേക നിയോഗം ഉണ്ട്. അവൻ ഇസ്രയേലിനെ ഫെലിസ്ത്യന്റെ കയ്യിൽ നിന്ന് രക്ഷിപ്പാൻ തുടങ്ങും. സ്ത്രീ ഓടിച്ചെന്ന് ഒരു ദൈവപുരുഷൻ എന്റെ അടുക്കൽ വന്ന് ഇന്ന ഇന്ന കാര്യങ്ങൾ പറഞ്ഞുവെന്ന് തന്റെ ഭർത്താവിനെ അറിയിച്ചു. അവന്റെ ആകൃതി ഒരു ദൈവദൂതനെപ്പോലെയായിരുന്നു. മനോഹ യഹോവയോട് പ്രാർത്ഥിച്ചു. കർത്താവേ നീ അയച്ച ദൈവപുരുഷൻ വീണ്ടും ഞങ്ങളുടെ അടുക്കൽ വന്ന് ജനിപ്പാനിരിക്കുന്ന ബാലനെക്കുറിച്ച് ഞങ്ങൾക്ക് ഉപദേശിച്ച് തരുമാറാകട്ടെ എന്ന് പ്രാർത്ഥിച്ചു. ദൈവം മനോഹയുടെ പ്രാർത്ഥന കേട്ടു. ഒരു പ്രാവശ്യം കൂടി ദൂതൻ പ്രത്യക്ഷപ്പെട്ടു. സ്ത്രീ ഓടി

ച്ചെന്ന് മനോഹയോട് അന്ന് പ്രത്യക്ഷനായ ആൾ വീണ്ടും വന്നിരിക്കുന്നു എന്ന് പറഞ്ഞു.

മനോഹ ദൈവപുരുഷന്റെ അടുക്കൽ ഓടിയെത്തി. നിന്റെ വചനം നിവൃത്തിയാകുമ്പോൾ ബാലന്റെ കാര്യത്തിൽ ഞങ്ങൾ എങ്ങനെ ആചരിക്കേണം എന്ന് ചോദിച്ചു. ദൂതൻ നിർദ്ദേശങ്ങൾ ഒരിക്കൽക്കൂടി ആവർത്തിച്ചു. നഗ്നദൃഷ്ടിക്ക് കാണുമാറ് ദൂതൻ അന്ന് പ്രത്യക്ഷമായത്. ഇന്നും അങ്ങനെ പ്രത്യക്ഷപ്പെട്ടത് ഞാൻ കേട്ടിട്ടുണ്ട്, കണ്ടിട്ടില്ല. എന്നാൽ ദർശനത്തിൽ ദൈവദൂതന്മാരെ പലരീതിയിൽ ഞാൻ കണ്ടിട്ടുണ്ട്. വ്യത്യസ്ത രൂപത്തിൽ കണ്ടിട്ടുണ്ട്. എങ്കിലും സ്വഭാവം ഒരുപോലെയായിരുന്നു. തന്റെ കയ്യിൽ ഏൽപിച്ചതിനെ സംരക്ഷിക്കുവാൻ നിൽക്കുന്നത് പോലെയായിരുന്നു അത്.

മനോഹ യഹോവക്ക് ഒരു ഭോജനയാഗം കഴിക്കുന്നതിനായി ഒരു കോലാട്ടിൻ കുട്ടിയെ കൊണ്ട് ഒരു പാറമേൽ യഹോവക്ക് യാഗം കഴിച്ചു. ആ യാഗത്തിൽ വെളിപ്പെട്ട അഗ്നിജ്വാലയിലൂടെ ദൂതൻ കയറിപ്പോയി. അനന്തരം സ്ത്രീ ഒരു മകനെ പ്രസവിച്ചു. അവന് ശിംശോൻ എന്ന് പേരിട്ടു. ബാലൻ വളർന്നു. യഹോവ അവനെ അനുഗ്രഹിച്ചു. സോരെക്കും എസ്തായോലിനും മദ്ധ്യേ മഹനേ-ദാനിൽ വച്ച് യഹോവയുടെ ആത്മാവ് അവനെ ഉദ്യമിപ്പിക്കുവാൻ തുടങ്ങി.

അനന്തരം ശിംശോൻ തിമ്നക്ക് ചെന്ന് ഫെലിസ്ത്യ കന്യകയെ ഭാര്യയായിട്ട് എടുക്കുവാൻ ആഗ്രഹിച്ചു. ശിംശോന്റെ അപ്പനും അമ്മയും ശിംശോനും തിമ്നയിലേക്ക് പോകുകയാണ്. ഒരു മുന്തിരിത്തോട്ടത്തിന്റെ അരികത്ത് കൂടി പോകുമ്പോൾ ഒരു ബാല സിംഹം അവന്റെ നേരെ വന്നു. ഒരു നാസീർവ്രതസ്തൻ മുന്തിരിയോടുള്ള ബന്ധത്തിൽ ഒന്നും കഴിക്കരുത് എന്നുണ്ട്. ശിംശോൻ മുന്തിരിത്തോട്ടത്തിൽ നിന്ന് എന്തെങ്കിലും കഴിച്ചോ, ഇല്ലയോ എന്നറിയത്തില്ല. പക്ഷെ ബാലസിംഹം അവന്റെ നേരെ വന്നു എന്നറിയാം. യഹോവയുടെ ആത്മാവ് അവന്റെ മേൽ വന്ന് ഒരു ആട്ടിൻകുട്ടിയെ കീറിക്കളയുന്ന ലാഘവത്തിൽ അതിനെ കീറിക്കളഞ്ഞു. അവന്റെ അപ്പനും അമ്മയും അതറിഞ്ഞില്ല.

അഭിഷിക്താനുഭവത്തിൽ നടക്കുന്ന ഒരുവൻ തന്റെ നേരെ എഴുന്നേൽക്കുന്ന ദുഷ്ടശക്തിയെ തിരിച്ചറിയും പ്രാർത്ഥിച്ച് ഉപവസിച്ച് അതിനെ ഒടുക്കികളയുകയും ചെയ്യും.പക്ഷെ അത് ആരോടും പറയില്ല. കാട്ടിൽ വച്ച് കരടിയേയും സിംഹത്തേയും ദാവീദ് കീറിക്കളഞ്ഞു. അത് പറയേണ്ട ഒരു സാഹചര്യം വന്നു. യഹോവയുടെ അനുവാദത്താൽ അത് പറഞ്ഞു. എന്നാൽ ശിംശോൻ തന്റെ വീര്യം രഹസ്യമായി സൂക്ഷിച്ചു.

കുറെനാൾ കഴിഞ്ഞ് അവളെ വിവാഹം കഴിപ്പാൻ പോയപ്പോൾ സിംഹത്തെ കീറിക്കളഞ്ഞ സ്ഥലത്ത് ചെന്ന് നോക്കി. സിംഹത്തിന്റെ ഉടലിനകത്ത് തേനീച്ചക്കൂട്ടവും തേനും കണ്ടു. അവൻ അത് തിന്നു. അപ്പനും അമ്മക്കും നൽകി. എവിടെനിന്നാണ് ലഭിച്ചത് എന്ന് പറഞ്ഞില്ല. എപ്പോഴും ഒരു രഹസ്യ സ്വഭാവം അവൻ സൂക്ഷിച്ചു. അഭിഷിക്തന്മാർക്ക് എപ്പോഴും ദൈവവുമായി രഹസ്യബന്ധം ഉണ്ട്. അവരുടെ പ്രവർത്തികളും അവർ രഹസ്യമായി സൂക്ഷിക്കും. ശത്രുവിന്റെ മുമ്പാകെ മേശ ഒരുക്കുന്ന ദൈവം എന്ന് വചനത്തിലുണ്ട്. ബാലസിംഹം ശിംശോന്റെ ഒരു ശത്രുവായിരുന്നു. ആ സിംഹത്തെത്തന്നെ ദൈവം ഒരു മേശ പോലെ ഒരുക്കി അതിൽനിന്ന് ഒരു നന്മ ശിംശോന് നൽകി.

ശിംശോൻ ഫെലിസ്ത്യ കന്യകയുടെ വീട്ടിൽ വിരുന്ന് കഴിച്ചു. മുപ്പത് ഫെലിസ്ത്യ യുവാക്കൾ അവിടെ വന്നു. ശിംശോൻ ഒരുകടംകഥ പറഞ്ഞു. അതിന് ഉത്തരം പറഞ്ഞാൽ മുപ്പത് ഉള്ളങ്കിയും വിശേഷ വസ്ത്രവും തരാം എന്ന് പറഞ്ഞു. ഉത്തരം പറയുവാൻ കഴിഞ്ഞില്ലെങ്കിൽ തിരികെത്തരണം എന്ന് പറഞ്ഞു. അവർക്ക് ഉത്തരം പറയുവാൻ കഴിഞ്ഞില്ല. ഫെലിസ്ത്യയുവാക്കൾ ശിംശോന്റെ ഭാര്യയെ ഭയപ്പെടുത്തി അവളിലൂടെ രഹസ്യം മനസ്സിലാക്കുവാൻ ശ്രമിച്ചു. അവൾ ശിംശോനോട് ചോദിച്ചു. എന്റെ അപ്പനോടും അമ്മയോടും ഞാൻ ഇത് പറഞ്ഞിട്ടില്ല. പിന്നെ നിന്നോട് എങ്ങനെ പറയും എന്ന് പറഞ്ഞു.

ശിംശോന്റെ പരാജയം ഇവിടെമുതൽ ആരംഭിക്കുകയാണ്. തുടർച്ചയായ എഴ്ദിവസം സ്ത്രീ അവനെ അസഹ്യപ്പെടുത്തി. തന്റെ രഹസ്യശു

ശ്രൂഷയെക്കുറിച്ച് അവൻ വെളിപ്പെടുത്തി. അവന്റെ അപ്പനും അമ്മയും കൂടെ ഉണ്ടായിരുന്ന സമയത്ത് അന്ന് ആ സിംഹത്തെ അവൻ കൊന്നത്. ചത്തുപോയ ആ സിംഹത്തിനകത്ത് തേനീച്ചക്കൂട്ടം കൂട് കൂട്ടി തേൻ ഉണ്ടാക്കിയത് ശിംശോൻ എടുത്ത് അപ്പനും അമ്മക്കും കൊടുത്തു. എവിടെ നിന്ന് അവരോട് പറഞ്ഞില്ല. പക്ഷെ അവന്റെ മാറിൽ ചാരിനിന്ന് ആ സ്ത്രീ രഹസ്യം ചോർത്തി എടുത്തു. യോസേഫിനോട് ആ സ്ത്രീ ദിനം പ്രതി പറഞ്ഞു. പക്ഷെ യോസേഫ് അവളെ അനുസരിച്ചില്ല. അതുകൊണ്ട് അൽപം കഷ്ടം അനുഭവിക്കേണ്ടി വന്നുവെങ്കിലും രാജകൊട്ടാരത്തിൽ ഒരു സ്ഥാനം അവന് ലഭിച്ചു. തുടർച്ചയായി ശത്രു കടന്ന് വരും ശിംശോൻ കീഴ്പ്പെട്ട് പോയി. ഒരു നന്മ പ്രാപിക്കുവാൻ അവന് കഴിഞ്ഞില്ല.30 വിശേഷ വസ്ത്രം അവന് ലഭിച്ചില്ല.

കുറേക്കാലം കഴിഞ്ഞിട്ട് ശിംശോൻ തന്റെ ഭാര്യയുടെ അടുക്കൽ വീണ്ടും ചെന്നു. പക്ഷെ അവന് അവളെ ലഭിച്ചില്ല. തുടർന്ന് അവൻ ഫെലിസ്ത്യർക്ക് ദോഷം ചെയ്തു. ഫെലിസ്ത്യർ അവനുള്ളതിനെ ആക്രമിച്ചു. ശിംശോൻ പ്രത്യാക്രമണത്തിൽ ഫെലിസ്ത്യരെ തകർത്തതിന് ശേഷം ഏതാം പാറയുടെ ഗഹ്വരത്തിൽ പാർത്തു. ഫെലിസ്ത്യർ അവന് ചുറ്റും പാളയമിറങ്ങി. കയറിനാൽ ബന്ധിക്കപ്പെട്ട് ഫെലിസ്ത്യന്റെ കയ്യിൽ ശിംശോൻ ഏൽപ്പിക്കപ്പെട്ടു.

ശിംശോനെ മുടിക്കുവാൻ ഫെലിസ്ത്യർ ആർത്ത് അവന്റെ ചുറ്റും കൂടി. യഹോവയുടെ ആത്മാവ് അവന്റെ മേൽ വന്നു. ബന്ധിച്ച കയർ തീയിൽ എരിഞ്ഞ് പോയി. ഒരു ആയുധവും അവന്റെ കയ്യിൽ ഇല്ലായിരുന്നു. ഒരു കഴുതയുടെ പച്ചതാടിയെല്ല് അവന് ലഭിച്ചു. അതുപയോഗിച്ച് കുന്ന് ഒന്ന്, കുന്ന് രണ്ട് എന്ന് പറഞ്ഞ് ശിംശോൻ ഫെലിസ്ത്യരെ സംഹരിച്ചു.

പിന്നെ ദാഹിച്ചിട്ട് യഹോവയോട് നിലവിളിച്ചു. യഹോവ ഒരു കുഴി പിളരുമാറാക്കി. അതിൽ നിന്ന് വെള്ളം പുറപ്പെട്ടു. അവൻ കുടിച്ച് ചൈതന്യം പ്രാപിച്ചു. ശത്രുവുമായി യുദ്ധം ചെയ്യുമ്പോൾ ശ്രദ്ധിക്കേണ്ട ഒരു കാര്യം ആദ്യം നാം ശത്രുവിനെ ജയിക്കും പക്ഷെ തോറ്റ ശത്രു പെട്ടെന്ന്

മറ്റൊരു രൂപത്തിൽ എഴുന്നേറ്റ് വരുമ്പോൾ പരാജയപ്പെടുവാനും പതറി പ്പോകുവാനും സാധ്യതയുണ്ട്. ഒരു യുദ്ധത്തിന് ശേഷമുള്ള തളർച്ചയും കേടും തീർക്കുന്നതിന് പരിശുദ്ധാത്മ നദിയിൽ മുങ്ങിക്കുളിച്ച് മതി വരു വോളം കുടിച്ച്, ടയറിനകത്തെ ട്യൂബിൽ കാറ്റ് നിറക്കുന്നത് പോലെ ആക ണം. എങ്കിൽ മാത്രമേ കേടുപാടുകൾ തീർത്തു മറ്റൊരു യുദ്ധത്തിന്, ശുശ്രൂഷക്ക് ജയാരവത്തോടെ ഇറങ്ങുവാൻ കഴിയൂ. ശിംശോൻ നിന്ന സ്ഥലത്ത് ഉറവ ഇല്ലായിരുന്നു. പക്ഷെ ദൈവം അവന് വേണ്ടി തുറന്നു. നിറവിന് വേണ്ടി ആഗ്രഹിക്കുന്ന, പ്രാർത്ഥിക്കുന്ന ഒരുവനായി അസാധാ രണ ഉറവകളെ ദൈവം തുറക്കും. തന്റെ ജനം തൃപ്തി പ്രാപിക്കുകയും ചെയ്യും.

അവൻ ഫെലിസ്ത്യരുടെ കാലത്ത് 20 സംവത്സരം ഇസ്രയേലിന് ന്യായപാലനം ചെയ്തു എന്ന് വചനം പറയുന്നു. ദൈവിക ശുശ്രൂഷയോ ടുള്ള ബന്ധത്തിൽ ന്യായപാലനം ചെയ്യുന്ന കാലത്ത് ഗസയിൽ ചെന്ന് അവി ടെവച്ച് ഒരു വേശ്യയെ കണ്ട് അവളുടെ അടുത്ത് ചെന്നു. മോശയുടെ കാലത്ത് നൽകിയ ന്യായപാലനം അനുസരിക്കാത്ത ഒരു ന്യായാധിപനാണ് ശിശോൻ. ഒരു സ്ത്രീയെ കണ്ടാൽ അവളോട് പറ്റിച്ചേരുക എന്നതാണ് അവന്റെ ലക്ഷ്യം. അതേ സമയം അവൻ ന്യായാധിപനുമാണ്. എന്തുകൊണ്ട് ദൈവം ഇങ്ങനെ ഒരുവനെ ഇസ്രയേൽ ജനത്തിന് കൊടുത്തു. കാരണം ഇസ്രയേൽജനം യാതൊരു വിധ ന്യായപ്രമാണവും ഇല്ലാതെ ജീവിച്ചതിനാൽ അവർ നിയ ന്ത്രിച്ച ശത്രു ഇപ്പോൾ അവരെ നിയന്ത്രിക്കുകയാണ്. ന്യായപ്രമാണം ഇല്ലാതെ ജാതിയുടെ കൈവശമുള്ള മ്ലേച്ഛത മുഴുവനും ഇസ്രയേലിന് മുമ്പിൽ ഉണ്ട്.. അതുകൊണ്ട് അവർക്ക് അനുയോജ്യമായ ഒരു ന്യായാധിപനെ അവർക്ക് ലഭിച്ചു. ദൈവത്തിന് വേണ്ടി ശിംശോൻ നിൽക്കുന്നുവെങ്കിലും സ്വയം നിൽക്കുവാൻ ശേഷിയായ കാലം മുതൽ വഷളത്തം അവന് പങ്കാളിയായി ത്തീർന്നു. ചിലരിൽ സ്വയം ശേഷിയായിത്തീരുന്നത് വരെ ഭയങ്കര ഭക്തിയും പ്രാർത്ഥനയും ദയയും എളിമയും ത്യാഗവും എല്ലാം ഉണ്ടാകും. ജീവിതം സുരക്ഷിതമായിക്കഴിഞ്ഞാൽ മറ്റ് ആരുടേയും സഹായം ഇല്ലാതെ നിൽക്കു വാറായാൽ പഴയതെല്ലാം മറന്ന് ജഡികനായി ചീർത്ത് ജീവിക്കും.

ഗസയിൽ വേശ്യയുടെ അടുക്കൽ ചെന്നു. അവന്റെ ജഢം

ശിംശോന്റെ നിയന്ത്രണത്തിലല്ല, ജഢം ഈ ലോകസുഖം ആഗ്രഹിക്കുന്നു. ജഢത്തെ ദണ്ഡിപ്പിച്ച് കീഴടക്കുവാൻ ശിംശോൻ ശ്രമിക്കുന്നില്ല. ജഢത്തിന്റെ ഇഷ്ടത്തിനനുസരിച്ച് ഓടുകയാണ്. അതുകൊണ്ടാണ് വേശ്യയെ കണ്ടയുടനെ അവളുടെ അടുക്കൽ ചെന്നത്. ജഢത്തെ വിവിധ ക്രമത്തിൽ ഓരോ ദിവസവും ക്രൂശിച്ച് നിയന്ത്രണത്തിൻ കീഴിൽ കൊണ്ടുപോയില്ലെങ്കിൽ ജഢത്തിന്റെ ഇഷ്ടത്തിന് കീഴ്പ്പെടേണ്ടി വരും. ജഢം എപ്പോഴും ആത്മാവിന് എതിരാണ്. ജഢത്തിന്റെ ഇഷ്ടം വെളിപ്പെടുത്തുന്നവൻ ആത്മശക്തിയിൽ അധികം നാൾ ഓടുകയില്ല. ആരംഭത്തിൽ അൽപം നാൾ ഓടും എന്നത് വാസ്തവം. കാരണം അനുതപിക്കുവാൻ ദൈവം ഒരു നിശ്ചിത സമയം വയ്ക്കുന്നത് കൊണ്ടാണ്. ഒരു നിശ്ചിത നാൾ വരെ ആത്മശക്തിയിൽ ഓടുവാൻ കഴിയുന്നത് ദൈവം നിശ്ചയിച്ച സമയത്തിന് ശേഷവും ജഢത്തിന്റെ ഇഷ്ടത്തിന് കീഴ്പ്പെട്ടാൽ ആത്മശക്തി വെളിപ്പെടുകയില്ല. അതാണ് ആരംഭത്തിൽ ദൈവശക്തി വെളിപ്പെടുത്തിയിട്ടുള്ളവർക്ക് അവസാന നാളുകളിൽ അതിന് കഴിയാത്തത്. ആഴത്തിൽ അനുതാപം വെളിപ്പെട്ടാൽ ആത്മശക്തി പകരുവാൻ ദൈവം വിശ്വസ്തനുമാണ്. ജഢശക്തി എന്ന് സൂചിപ്പിക്കുന്നത് ലൈംഗിക തൃഷ്ണ മാത്രമല്ല, സ്വാർത്ഥത, ബുദ്ധി, പക, പിണക്കം മുതലായവ കൂടിയാണ്. ശിംശോന്റെ ജീവിതത്തിൽ പ്രകടമായത് ലൈംഗിക തൃഷ്ണയാണ്.

ശിംശോൻ ഗസ്സയിൽ വേശ്യയുടെ അടുക്കൽ ചെന്നത് ഗസ്യർക്ക് അറിവ് കിട്ടി. അവർ പട്ടണം വളഞ്ഞ് രാത്രി മുഴുവൻ പതിയിരുന്നു. പട്ടണവാതിൽ പൂട്ടി നേരം വെളുക്കുമ്പോൾ കൊല്ലുവാൻ പദ്ധതിയിട്ടു. ശിംശോന്റെ ആരംഭകാലമാണ്. ചെറിയ പിഴവുകൾ പറ്റുമ്പോൾ ദൈവം തീർത്ത് ഉപേക്ഷിക്കുകയില്ല. കാരണം പൊടിയിൽ നിന്നാണ് ഈ ജനത്തെ സൃഷ്ടിച്ചത് എന്നും ദൈവം അറിയുന്നു. ശത്രുവിന്റെ പോരും ജഢത്തിന്റെ സ്വാധീനവും ആണ് എന്ന് ദൈവം അറിയുന്നത് കൊണ്ട് ആരംഭനാളുകളിൽ ശത്രു ഒരുക്കുന്ന കെണിയിൽ കുടുങ്ങുവാൻ ശിംശോനെ ദൈവം അനുവദിക്കുകയില്ല.

നേരം വെളുക്കുമ്പോൾ കൊല്ലുവാനാണ് ശത്രു പദ്ധതി. പക്ഷെ അർദ്ധരാത്രിയിൽ ആത്മാവ് ശിംശോനെ തട്ടി എഴുന്നേൽപ്പിച്ച് ശത്രുപദ്ധ

തിയെക്കുറിച്ച് അറിവ് കൊടുത്തു. ശിംശോൻ അർദ്ധരാത്രിയിൽ എഴുന്നേറ്റ് പൂട്ടിയ പട്ടണവാതിൽ ഇളക്കി എടുത്ത് ചുമലിൽ വച്ച് പുറപ്പെട്ട് ഹെബ്രോനെതിരെയുള്ള മലമുകളിൽ കൊണ്ട് പോയി. ഇത് ഇപ്പോൾ രണ്ടാമത്തെ പ്രാവശ്യമാണ് ശിംശോന്റെ ശക്തിയെക്കുറിച്ച് ശത്രുവിന് അറിവ് കിട്ടുന്നത് ഒന്നാമത് കഴുതയുടെ പച്ചതാടി എല്ല് ഉപയോഗിച്ച് 1000ലധികം ഫെലിസ്ത്യരെ കൊന്നത്. രണ്ടാമത് പട്ടണവാതിൽ ഇളക്കി ഹെബ്രോൻ വരെ കൊണ്ട്പോയത്. ശക്തി മനസ്സിലായാൽ അതിനനുസരിച്ച് ശത്രു പദ്ധതി ഇടും. അതുകൊണ്ട് ഒരിക്കലും മുഴുശക്തിയിൽ ശുശ്രൂഷ വെളിപ്പെടുത്തരുത്. എപ്പോഴും ശത്രുവിനറിയാത്ത രഹസ്യം സൂക്ഷിക്കണം. ദൈവിക ശുശ്രൂഷയുടെ രഹസ്യം ഒരിക്കലും ശത്രു അറിയാത്ത വിധത്തിൽ വേണം ശുശ്രൂഷ ക്രമീകരിക്കുവാൻ. ശത്രു രഹസ്യം അറിഞ്ഞു എന്ന് മനസ്സിലാക്കിയാൽ ദൈവസന്നിധിയിൽ അടുത്ത് ചെന്ന് ദൈവത്തിൽ നിന്ന് പുതിയ ശുശ്രൂഷാരഹസ്യം പ്രാപിച്ചെടുക്കണം. ശുശ്രൂഷാ രഹസ്യം ഒരു വലിയ മർമ്മമാണ്. അത് അറിയാവുന്നവർ വളരെ ചുരുക്കമാണ്.

ഇതാ ശിംശോൻ മൂന്നാം പ്രാവശ്യവും ജഡത്തിന്റെ ഇഷ്ടത്തിൽ മുന്നേറുകയാണ്. സോരേക് താഴ്വരയിൽ ദെലീല എന്ന് പേരുള്ള ഒരു സ്ത്രീയുടെ അടുക്കൽ ചെന്ന് അവളെ സ്നേഹിച്ചു. ഉടൻതന്നെ ഫെലിസ്ത്യ പ്രഭുക്കന്മാർ അവളുടെ അടുക്കൽ ചെന്ന് അവന്റെ മഹാശക്തിയുടെ രഹസ്യം, ഏതിനാൽ അവനെ ഒതുക്കാം എന്നുള്ളത് കണ്ട് പിടിക്കണം എന്ന് പറഞ്ഞു. ശിംശോന്റെ മേൽ ഒരു മഹാശക്തിയുണ്ട് എന്ന് മാത്രമേ ശത്രുവിന് അറിയത്തുള്ളൂ. അതിന്റെ രഹസ്യവും ഉറവിടവും എവിടെയാണ് എന്നുള്ളത് ശത്രുവിന് അറിയില്ല. അഭിഷിക്ത ശുശ്രൂഷകന്മാരെ നിങ്ങളുടെ മഹാശക്തി ശത്രു അറിയട്ടേ. സാരമില്ല, ആ മഹാശക്തി എങ്ങനെ പ്രാപിച്ചു എന്ന്, എങ്ങനെ നിലനിർത്തുന്നു എന്ന് ഒരിക്കലും വെളിപ്പെടുത്തരുത്. ഞാൻ ഇങ്ങനെ ഇങ്ങനെയൊക്കെ ചെയ്തത് കൊണ്ടാണ് എനിക്ക് ഇത് ലഭിച്ചത് എന്നോ ഞാൻ ഇങ്ങനെ പോകുന്നത് കൊണ്ടാണ് ഇത് നിലനിർത്തുവാൻ കഴിയുന്നത് എന്നോ. ദൈവവുമായി ചെയ്തിട്ടുള്ള ഉടമ്പടി രഹസ്യങ്ങൾ താങ്കൾ അല്ലാതെ ഭൂമിയിൽ ഒരു മനുഷ്യനുംഅറിയരുത്. നിന്റെ മേൽ ഉള്ള ദൈവികശുശ്രൂഷരഹസ്യം നീ മരിക്കുന്നതിന് മുമ്പ് ആരും അറി

യരുത്. നീ മരിച്ച് കഴിഞ്ഞ്, മറ്റ് അഭിഷിക്തന്മാർക്ക് അത് ഗുണമാകുമെങ്കിൽ അത് രേഖപ്പെടുത്തി വയ്ക്കുക.

ശിംശോനെ ഒരുരീതിയിലും ഒതുക്കുവാൻ കഴിയുന്നില്ല. ആ രഹസ്യം പിടികിട്ടിയാൽ ഒതുക്കുവാൻ കഴിയും. ആ ഫെലിസ്ത്യപ്രഭുക്കൻമാർ ദലീലയോട് പറയുകയാണ് ഞങ്ങൾ ഓരോരുത്തരും ആയിരത്തൊന്ന് വെള്ളിഷണം വീതം തരാം എന്ന്. ആ രഹസ്യത്തിന്റെ വില വെറുതെയൊന്ന് നോക്കിയാൽ തന്നെ 1000-ൽഷരം വെള്ളിഷണമാണ്. ശത്രു ഇത്രയും മുടക്കുവാൻ രംഗത്ത് നിൽക്കുമ്പോൾത്തന്നെ തീരുമാനിച്ചാൽ മതി ആ രഹസ്യത്തിന്റെ വില എത്രയെന്ന്. അഭിഷേകത്തിന്റെ വില വളരെ വലുതാണ്. ഭൂമിയിൽ ഉള്ളത് കൊടുത്ത് അത് വാങ്ങുവാൻ കഴിയില്ല. ദൈവവുമായി ചില രഹസ്യ കൈകോർക്കലുകളിൽക്കൂടി അനേക മണിക്കൂറുകൾ അനേക ദിവസങ്ങൾ അനേക വർഷങ്ങൾ കൊണ്ട് പ്രാപിച്ചെടുക്കുന്നതാണ് അഭിഷേകം. അതിന് നിരവധി തട്ടുകളുണ്ട്, നിരവധി നിലവാരങ്ങൾ ഉണ്ട്, നിരവധി വൈതരണികൾ ഉണ്ട്.

ദലീല രംഗത്തിറങ്ങി. ഭൂമിയിലുള്ളത് ആണ് അവളുടെ ലക്ഷ്യം. അതിന് വേണ്ടി സ്വർഗ്ഗത്തിൽ നിന്ന് ലഭിച്ചതിനെ ചോർത്തി എടുക്കുവാൻ അവൾ ഒരുമ്പെടുന്നു. ഒരിക്കലും സ്വർഗ്ഗത്തിൽ നിന്ന് ലഭിച്ചത് ഉപയോഗിച്ച് ഭൂമിയിൽ ഒന്നും സമ്പാദിക്കരുത്. ദൈവം സ്വർഗ്ഗത്തിൽ നിന്ന് തന്നത്പോലെ അതും തരട്ടേ. അല്ലെങ്കിൽ വേണ്ട എന്ന് വയ്ക്കുക. ഇല്ലെങ്കിൽ ഇല്ലാത്തത് പോലെ പോകുക. ഉള്ളപ്പോൾ അത് അനേകർക്ക് ഗുണമാകട്ടേ. ദലീല സ്നേഹരൂപത്തിൽ ആണ് മഹാശക്തിയുടെ രഹസ്യം ചോദിക്കുന്നത്. അവളിൽ നിന്ന് പലവിധത്തിൽ ശിംശോൻ തന്റെ രഹസ്യം സൂക്ഷിക്കുന്നുണ്ട് അവൻ പറഞ്ഞു.

1. ഒരിക്കലും ഉണങ്ങാതെ പച്ചയായ ഏഴ് ഞാണ് കൊണ്ട് എന്നെ ബന്ധിച്ചാൽ എന്റെ ബലം ക്ഷയിച്ച് ഞാൻ ശേഷം മനുഷ്യരെ ഷോലെയാകും. ഉടൻതന്നെ ഫെലിസ്ത്യ പ്രഭുക്കന്മാർ ദലീലയുടെ കൈവശം അത് കൊടുത്തു. അത് ഉപയോഗിച്ച് ദലീല ശിംശോനെ ബന്ധിച്ച് എന്നിട്ട് ശിംശോനെ ഫെലിസ്ത്യർ വരുന്നു എന്ന്

പറഞ്ഞു. തീ തൊട്ട ചണനൂൽ പോലെ ആ ഞാണുകളെ ശിംശോൻ പൊട്ടിച്ചു. രഹസ്യം വെളിപ്പെട്ടതുമില്ല.

2. ഒരിക്കലും പെരുമാറീട്ടില്ലാത്ത പുതിയ കയർ കൊണ്ട് എന്നെ ബന്ധിച്ചാൽ എന്റെ ബലം ക്ഷയിച്ച് ഞാൻ ശേഷം മനുഷ്യരെപ്പോലെ യാകും. ദലീല പുതിയ കയർ കൊണ്ട് ശിംശോനെ ബന്ധിച്ച് ഫെലിസ്ത്യർ വരുന്നു എന്ന് പറഞ്ഞു. അവനോ ഒരു നൂൽ പോലെ തന്റെ കൈ മേൽ നിന്ന് അത് പൊട്ടിച്ച് കളഞ്ഞു. രഹസ്യം വെളിപ്പെട്ടില്ല.

3. എന്റെ തലയിലെ ഏഴ് ജട നൂൽപാവിൽ ചേർത്ത് നെയ്താൽ സാധിക്കും എന്ന് പറഞ്ഞു. അവൾ അങ്ങനെ ചെയ്തു ശിംശോനെ ഫെലിസ്ത്യർ വരുന്നു എന്ന് പറഞ്ഞു. നെയ്ത് തടിയുടെ കുറ്റിയും പാവും പറിച്ചെടുത്ത് കളഞ്ഞു.രഹസ്യം വെളിപ്പെട്ടില്ല.

അവൾ ദിവസംപ്രതി വാക്കുകളാൽ ബുദ്ധിമുട്ടിച്ച് അസഹ്യപ്പെടുത്തി. അവൻ മരിപ്പാൻ തക്കവണ്ണം വ്യസന പരവശനായിത്തീർന്നിട്ട് തന്റെ ഉള്ളം മുഴുവൻ അവളെ അറിയിച്ചു. എന്ത് കൊണ്ട് അവന് ലഭിച്ച ശക്തിയുടെ രഹസ്യം സൂക്ഷിക്കുവാൻ കഴിഞ്ഞില്ല. അവളിൽ നിന്ന് അവൻ മാറിപ്പോകേണ്ടതായിരുന്നു. എങ്കിൽ ആ രഹസ്യം മറഞ്ഞിരിക്കുമായിരുന്നു. പക്ഷെ അവന്റെ ജഢം അതിന് സമ്മതിക്കുന്നില്ല. ശിംശോന്റെ ജഢം ആസ്ത്രീയോട് പറ്റിച്ചേർന്ന് ഒരു ദേഹം പോലെയായിരിക്കുകയാണ്. പാപത്തിൽ രസിച്ചാൽ ആ പാപത്തിൽ നിന്ന് കരകയറുവാൻ വളരെ ബദ്ധപ്പാടാണ് ബുദ്ധിമുട്ടാണ് കരകയറുകയില്ല.

എന്നാൽ പാപശക്തി പോരടിക്കുമ്പോൾ ദൈവത്തോട് തുറന്ന് പറഞ്ഞ് തന്റെ ഉള്ളം മുഴുവൻ ദൈവസന്നിധിയിൽ തുറന്ന് പറഞ്ഞാൽ ദൈവം സകലതിനും ഒരു നീക്കുപോക്ക് വരുത്തി തന്റെ ജനത്തെ വിശുദ്ധിയിൽ സൂക്ഷിക്കും. പാപത്തിന്റെ കരാളഹസ്തം പിടിമുറുക്കുകയില്ല. ദൈവം അതിന് സമ്മതിക്കുകയില്ല.

എന്നാൽ ശിംശോൻ തന്റെ ഉള്ളം മുഴുവൻ ആ സ്ത്രീയെയാണ് അറിയിച്ചത്. മരിപ്പാൻ തക്കവണ്ണം വ്യസനപരവശനായി അവൻ തീർന്നു.

അത് എന്തൊരു അവസ്ഥയാണ്. വ്യസനത്തിന്റെ, ദുഖ:ത്തിന്റെ, തളർച്ച യുടെ ഏറ്റവും ഉയർന്ന പടവാണത്. ആ സമയത്ത് തന്റെ ഉള്ളം മുഴുവൻ പറയുവാൻ കാരണമാകും. ഇതാ ശിംശോന്റെ രഹസ്യം നഷ്ടപ്പെടുകയാ ണ്. ഞാൻ അമ്മയുടെ ഗർഭം മുതൽ ദൈവത്തിന് വ്രതസ്തൻ ആകുന്നു. ക്ഷൗരം ചെയ്താൽ എന്റെ ബലം എന്നെ വിട്ട് പോകും. ഞാൻ ബലഹീന നായി ശേഷം മനുഷ്യരെപ്പോലെയാകും എന്ന് പറഞ്ഞു.

ദലീല ശിംശോനെ മടിയിൽ ഉറക്കി തലയിലെ ജട ഏഴും കളയിച്ചു. അവൾ അവനെ ഒതുക്കി. അവന്റെ ശക്തി അവനെവിട്ട് പോയി. ശിംശോന് ദൈവം ഒരു നിശ്ചിത സമയം കൊടുത്തിരുന്നു. ആ സമയം വരെ ആ ശക്തി അവന്റെ മേൽ ഉണ്ടായിരുന്നു. ആ നിശ്ചിത സമയത്തിന് ശേഷവും പാപത്തിൽ അവൻ നിന്നത്കൊണ്ട്, അതിൽ നിന്ന് വേർപ്പെട്ട് നിൽക്കു വാൻ കഴിയാതിരുന്നത് കൊണ്ട് ദൈവത്തിന് തന്റെ ശക്തി അവനിൽ നിന്ന് തിരിച്ചെടുക്കേണ്ടി വന്നു. അഥവാ തന്റെ ശക്തി ശിംശോനിലൂടെ വെളിപ്പെ ടുത്തുവാൻ കഴിഞ്ഞില്ല.

തുടർന്ന് ഫെലിസ്ത്യർ വരുന്നു എന്ന് ദലീല പറഞ്ഞപ്പോൾ ഉടൻ അവൻ ഉറക്കമുണർന്ന് മുമ്പ് ചെയ്ത് വന്നത് പോലെ ഫെലിസ്ത്യരെ തുരത്തും എന്ന് ചിന്തിച്ച് പ്രവർത്തിച്ചു. യഹോവയുടെ ശക്തി തന്നെ വിട്ടുപോയി ശേഷം മനുഷ്യരെപ്പോലെയായ വിവരം ശിംശോൻ അറിഞ്ഞില്ല. പൈശാചിക സേവകളിലൂടെ ദുർമൂർത്തി പ്രീതിയിലൂടെ ശക്തി ആവാ ഹിച്ചെടുക്കുന്ന മന്ത്രവാദികൾ ഉണ്ട്. അവർ സേവ ചെയ്യുന്ന കാലത്തോളം ആ ദുഷ്ടശക്തി അവർക്ക് നഷ്ടപ്പെടുകയില്ല.

എന്നാൽ ദൈവശക്തി വെളിപ്പെടണമെങ്കിൽ ദൈവവചനത്തിൽ വ്യതിചലിക്കാത്ത ഒരു ജീവിതവും പരിശുദ്ധാത്മാവ് പറയുന്ന ആലോച നയും കേട്ട് എപ്പോഴും മനസ്സ് പുതുക്കി രൂപാന്തരപ്പെട്ട് കൊണ്ടിരിക്കണം. അതിന് കഴിയാതെ വരുമ്പോൾ സാവധാനത്തിൽ ദൈവശക്തി വെളിപ്പെ ടാതെ സാധാരണ ശുശ്രൂഷകരെപ്പോലെയാകും. ശിഷ്ടകാലം നോക്കുകു ത്തിയെപ്പോലെ ജീവിതം തള്ളിനീക്കും.

ഇതാ ശിംശോൻ ശത്രു കെണിയിൽ കുടുങ്ങി. ഫെലിസ്ത്യർ അവനെ പിടിച്ച് കണ്ണ് കുത്തിപ്പൊട്ടിച്ചു. ഇതിൽ നിന്ന് മനസിലാകുന്ന ഒരു സംഗതി. ദൈവത്തിൽ നിന്ന് ലഭിച്ച ജട നഷ്ടപ്പെട്ടപ്പോൾ ശത്രുവിന്റെ ഒരു സമ്മാനം ലഭിച്ചു എന്നാണ്. ദൈവത്തിന്റെ ശക്തി, ആത്മാവ് നമുക്ക് ഇല്ലെങ്കിൽ അവിടെ ശത്രുവിന്റെ എന്തെങ്കിലും ഉണ്ടാകും. അതാണ് ദൈവികശുശ്രൂഷ വെളിപ്പെടുത്തുന്നവരുടെ നേരെ ജഢത്തിൽ ശുശ്രൂഷിക്കുന്നവൻ എഴുന്നേൽക്കുന്നത്. അവൻ അല്ല എഴുന്നേൽക്കുന്നത്. അവൻ പോലും അറിയാത്ത ഒരു ശത്രുശക്തി അവന്റെ ഉള്ളിൽ മറഞ്ഞിരിപ്പുണ്ട്. ആ ശക്തിയാണ് അഭിശിക്തശുശ്രൂഷകരുടെ നേരെ തിരിയുവാൻ അവനെ പ്രേരിപ്പിക്കുന്നത്.

ശിംശോൻ കണ്ണ് നഷ്ടപ്പെട്ടവനായി അന്ധതയിൽ ഇപ്പോൾ ആയിരിക്കുന്നു. ആത്മീയ ദൃഷ്ടി നഷ്ടപ്പെട്ട് അന്ധതയിൽ ഇപ്പോൾ പോകുന്നു. ശുശ്രൂഷയിൽ അന്ധതയും ഇരുട്ടും വരുമ്പോൾ രഹസ്യത്തിൽ മറ്റൊന്ന് കൂടി വരും ചങ്ങല. ശിംശോൻ ചെമ്പ് ചങ്ങലയാൽ ബന്ധിക്കപ്പെട്ടു. ദൈവശക്തി നഷ്ടപ്പെട്ടപ്പോൾ ശത്രുവിന്റെ സമ്മാനം ഓരോന്നായി വരികയാണ്. ആദ്യം അന്ധത, രണ്ടാമത് ചെമ്പ് ചങ്ങല, മൂന്നാമത് കാരാഗൃഹം. അവൻ ഒരിക്കലും പുറത്ത് വരരുത്. അതാണ് ശത്രുവിന്റെ ലക്ഷ്യം. ഇതുവരെ ദൈവജനമായ ഇസ്രയേലിന് ന്യായപാലനം ചെയ്ത സ്ഥാനത്ത് ഇപ്പോൾ അവന്റെ ജോലി എന്താണ്? കാരാഗൃഹത്തിൽ മാവ് പൊടിക്കുകയാണ്.

അഭിഷിക്തന്മാരെ ലഭിച്ച അഭിഷേകത്തിന്റെ വില മനസ്സിലാക്കി അതിനെ കച്ചവടചരക്കാക്കാതെ, ദൈവവചനത്തിൽ സന്തോഷിച്ച് പരിശുദ്ധാത്മ നടത്തിപ്പിൽ നിന്ന് വ്യതിചലിക്കാതെ കരുതി ജീവിച്ചാൽ അഭിഷേകം നഷ്ടപ്പെടാതെ സൂക്ഷിക്കാം. അഭിഷേകം നഷ്ടപ്പെട്ടാൽ ഒരു സമാധാനവും സ്വസ്ഥതയും ഇല്ലാതെ ഒരു നായ അലയുന്നത് പോലെ അലഞ്ഞ് ജീവിക്കേണ്ടിവരും. മുമ്പോട്ടുള്ള ചലനവും പരിതാപകരമായിരിക്കും. ശിംശോൻ മാവ് പൊടിക്കുകയാണ്.

ദൈവം മഹാ കാരുണ്യവാനും മനുഷ്യൻ തന്നോട് അനുതപിച്ച് അടുത്ത് വന്നാൽ സകലതും ക്ഷമിക്കുന്ന സ്വഭാവമുള്ള, മനുഷ്യപ്രകൃതി

അറിയാവുന്ന സൃഷ്ടിതാവ് ആണ്. ശിംശോന്റെ ജീവിതം തീർന്നു. ഇനി അവനെക്കുറിച്ച് എഴുതാതിരിക്കുന്നതാണ് നല്ലത്. പക്ഷെ എഴുതുവാൻ പ്രേരിപ്പിക്കുന്ന ഒരു പ്രക്രിയ രഹസ്യത്തിൽ നടക്കുകയാണ്. അത് പരസ്യ രൂപത്തിൽ വെളിപ്പെടുകയാണ്. അവന്റെ തലമുടി വീണ്ടും വളർന്ന് തുടങ്ങി. രണ്ട് രീതിയിൽ അവന്റെ ജീവിതത്തിൽ ഒരു പ്രക്രിയ നടക്കുകയാണ്. ഒരു പ്രക്രിയ പരസ്യമാണ്. തലമുടി വളരുന്നത്. മറ്റേത് രഹസ്യമാണ്, അത് അവന്റെ പ്രാർത്ഥനയാണ്. ആഴത്തിൽ അനുതപിച്ച് ആണ് പ്രാർത്ഥിക്കുന്നത്. യഹോവേ എന്നെ ഓർക്കേണമേ അവൻ ഏതെല്ലാം രൂപത്തിൽ ദൈവവചനത്തിനെതിരെ പ്രവർത്തിച്ചുവോ അതുപോലെ അതേരൂപത്തിൽ ഏറ്റ് പറയുകയാണ്, അനുതപിക്കുകയാണ്. അവന്റെ പ്രാർത്ഥന ഭയങ്കരമാണ്. ഒരു പ്രാവശ്യം മാത്രം എനിക്ക് ശക്തി തരേണമേ.

എന്തൊരു പ്രാർത്ഥനയാണിത്. അവൻ കരയുകയാണ്. ഫെലിസ്ത്യരോട് പ്രതികാരം ചെയ്യേണ്ടതിന് ഒരു പ്രാവശ്യം കൂടി എന്നെ ഓർക്കേണമേ. അവന്റെ കണ്ണ്നീർ ആഴത്തിൽ നിന്നായിരുന്നു. അവൻ അതിഭയങ്കരമായി നിലവിളിച്ചു. അവനെത്തന്നെ ബലികഴിച്ച് അവൻ പ്രാർത്ഥിക്കുകയാണ്. ഞാൻ ഫെലിസ്ത്യനോട് കൂടെ മരിക്കട്ടേ. ജഢത്തിൽ ദണ്ഡനം ആണ് അവൻ ചോദിച്ചത്. ആത്മാവിന്റെ പുതുക്കത്തിനായി, ആത്മാവിന്റെ ശക്തിക്കായി അവനെ തകർത്ത് കളയുവാനാണ് ശിംശോൻ പ്രാർത്ഥിക്കുന്നത്. അനുതാപം ആഴത്തിൽ വെളിപ്പെട്ടു. ദൈവം ശിംശോനെ ഓർക്കുകയാണ്. കഴിഞ്ഞത് എല്ലാം മറക്കുകയാണ്. അവൻ ചോദിച്ചത് അവന് കൊടുക്കുകയാണ്.

ഫെലിസ്ത്യദേവനായ ദാഗോന് ഒരു വലിയ ബലി കഴിപ്പിച്ച് ഉത്സവം നടത്തുവാൻ ഫെലിസ്ത്യർ തീരുമാനിച്ചു. ശിംശോനെ കാരാഗൃഹത്തിൽ നിന്ന് ദാഗോന്റെ ക്ഷേത്രത്തിൽ എത്തിച്ചു. ശക്തി നഷ്ടപ്പെട്ട, കണ്ണ് നഷ്ടപ്പെട്ട ശിംശോനാണ് അത് എന്നാണ് ഫെലിസ്ത്യർ വിചാരിക്കുന്നത്. അവന്റെ ആഴത്തിലുള്ള അനുതാപം അവർ കാണുന്നില്ല. ദൈവവുമായി ചെയ്തരഹസ്യഉടമ്പടി അവർ കണുന്നില്ല. അവന്റെ ലക്ഷ്യം അവർ കാണുന്നില്ല. ജീവിതത്തിന്റെ മദ്ധ്യഭാഗത്ത് വച്ച് തന്റെ രഹസ്യം അവൻ നഷ്ടപ്പെടുത്തി എങ്കിലും അവസാന നാളിൽ ദൈവവുമായുള്ള രഹസ്യം അവൻ സൂക്ഷിച്ചു

തൂണുകളുടെ ഇടയിൽ അവനെ നിർത്തി. ശിംശോന് പഴയശക്തി ഇല്ല. കണ്ണ് പൊട്ടനാണ്. അവനെകൊണ്ട് ഇനി ദോഷമൊന്നും ഉണ്ടാകുകയില്ല എന്ന് ശത്രു വിലയിരുത്തി. ശിംശോൻ കൈക്ക് പിടിച്ച ബാല്യക്കാരനോട് പറയുകയാണ് തൂണിൽ ചാരിയിരിക്കേണ്ടതിന് ഞാൻ അവയെ തപ്പിനോക്കട്ടേയെന്ന്. ശിംശോന്റെ ലക്ഷ്യം അവനറിയില്ല. അവൻ സമ്മതിച്ചു. ഏതാണ്ട് 3000 പുരുഷാരം അവിടെയുണ്ടായിരുന്നു. സകല ഫെലിസ്ത്യ പ്രഭുക്കന്മാരും അവിടെയുണ്ടായിരുന്നു എന്നാണ് വചനം പറയുന്നത്.

സിംഹഗുഹയ്ക്കകത്ത് ഒരു ശുശ്രൂഷ വെളിപ്പെടുകയാണ്. ശത്രു പാളയത്തിൽ ഒരു സംഹാരം നടക്കുവാൻ പോകുകയാണ്. ഒരു മനുഷ്യനും ഒരിക്കലും ചെയ്തിട്ടില്ലാത്ത ഒരു പ്രവൃത്തി വെളിപ്പെടുകയാണ്. സകലതും നഷ്ടപ്പെട്ട ഒരു അരിഷ്ടന്റെ പ്രാർത്ഥന ദൈവം കേൾക്കുകയാണ്. ഇത്രയും നാൾ രഹസ്യത്തിൽ പ്രാർത്ഥിച്ച് വന്നത് അവൻ പരസ്യത്തിൽ പ്രാർത്ഥിക്കുകയാണ്.

1. കർത്താവായ യഹോവേ എന്നെ ഓർക്കേണമേ
2. ദൈവമേ എന്റെ രണ്ട് കണ്ണിനും വേണ്ടി ഫെലിസ്ത്യരോട് പ്രതികാരം ചെയ്യേണ്ടതിന് ഈ ഒരു പ്രാവശ്യം മാത്രം എനിക്ക് ശക്തി നൽകേണമേ എന്ന് പറഞ്ഞു.

ശിംശോന് നിയോഗം കിട്ടി തുടങ്ങി. ശുശ്രൂഷ തുടങ്ങുകയാണ്. അവസാനത്തെ ശുശ്രൂഷ, തന്റെ ജീവൻ വരെ ബലി നൽകിയുള്ള ശുശ്രൂഷ, കരഞ്ഞ് ചോദിച്ച് പ്രാപിച്ച ശുശ്രൂഷ,ഒരു പ്രാവശ്യം മാത്രംഎന്ന് പറഞ്ഞ ശുശ്രൂഷ, ക്ഷേത്രം നിൽക്കുന്ന രണ്ട് തൂണും ഒന്ന് വലംകൈകൊണ്ടും മറ്റേത് ഇടംകൈകൊണ്ടും ശിംശോൻ പിടിച്ച് അവയോട് ചാരി അവസാനത്തെ പ്രാർത്ഥന ഉയർന്ന നിലവാരത്തിലെ പ്രാർത്ഥന, അവസാനത്തെ ശുശ്രൂഷ, ഉയർന്ന നിലവാരത്തിലെ ശുശ്രൂഷ ചെയ്യുകയാണ്. അസാധാരണ ശുശ്രൂഷ വെളിപ്പെടണമെങ്കിൽ അസാധാരണ പ്രാർത്ഥന വേണം. അസാധാരണ ത്യാഗം വേണം. അസാധാരണ അനുസരണം വേണം. ശിംശോൻ പറയുക

യാണ്ഞാൻ ഫെലിസ്ത്യനോട് കൂടെ മരിക്കട്ടേപ്രാർത്ഥിക്കുകയും ശുശ്രൂഷിക്കുകയും ഒരേസമയം ആയിരുന്നു.

പിന്നെ ശക്തിയോടെ കുനിഞ്ഞു. ഉടനെ ക്ഷേത്രം തകർന്ന് ഫെലിസ്ത്യ പ്രഭുക്കന്മാരുടെ മേൽ വീണു. ശിംശോൻ മരണ സമയത്ത് കൊന്നവർ ജീവിതകാലത്ത് കൊന്നവരേക്കാൾ അധികമായിരുന്നു. ശിംശോന്റെ ജനനം നല്ലരീതിയിൽ ആയിരുന്നു. ഇടക്കാലം അവൻ തെറ്റി ഓടി. അതിന്റെ ശിക്ഷ അവൻ അനുഭവിച്ചു. അവന്റെ സഹോദരന്മാരും പിതൃഭവനമൊക്കേയും ചെന്ന് അവനെ എടുത്ത് സോരക്കും എസ്തായേലിനും മദ്ധ്യേ അവന്റെ അപ്പനായ മനോഹയുടെ ശ്മശാനസ്ഥലത്ത് അവനെ അടക്കം ചെയ്തു.

എബ്രായ ലേഖനത്തിൽ 11:32–ൽ ശിംശോന്റെ പേര് വിശ്വാസ വീരന്മാരുടെ പട്ടികയോട് ചേർത്ത് എഴുതിയിരിക്കുന്നു. ഇസ്രയേൽ രാജാവായിരുന്ന ശൗലിന്റേയും, ശലോമോന്റേയും പേര് വിശ്വാസവീരന്മാരുടെ പട്ടികയിൽ ഇല്ല. പക്ഷെ ശിംശോന്റെ പേര് ആ നിരയിൽ വന്നു. ദൈവം ആദ്യത്തെ പ്രവൃത്തിയോ, മദ്ധ്യകാലഘട്ടത്തിൽ ചെയ്ത പ്രവൃത്തിയോ അല്ല നോക്കുന്നത്. ജീവിതവസാനത്തിൽ എങ്ങനെയെന്ന് നോക്കുന്നു. അവൻ മരിക്കുമ്പോൾ ദൈവവുമായി വലിയ ഒരു ബന്ധം ശിംശോന് ഉണ്ടായിരുന്നു. ശിംശോൻ ദൈവത്തിന്റെ ബലമുള്ള ഒരു ന്യായാധിപനായി മരിച്ചു.

# ౪. ഏലീശയുടെ ശുശ്രൂഷാ രഹസ്യം

ദൈവത്താൽ ഉപയോഗിക്കപ്പെടുന്ന അഭിഷിക്തന്മാരുടെ ശുശ്രൂഷാരഹസ്യം മറഞ്ഞിരിക്കുന്ന ഒരു വസ്തുതയാണ്. അത് പൂർണ്ണമായി വിവേചിച്ച് എടുക്കുക അസാധ്യമാണ്. പക്ഷെ മറ്റുള്ളവരുടെ ശുശ്രൂഷാ വിജയത്തിന് വേണ്ടി ഒരു പരിധി വരെ പരിശുദ്ധാത്മാവ് അത് വെളിപ്പെടുത്തും. സാഫാത്തിന്റെ മകനായ ഏലീശ പന്ത്രണ്ട് ഏർ കാളയെ പൂട്ടി ഉഴു

വിച്ച് കൊണ്ടിരിക്കുകയാണ്. പക്ഷെ അവന്റെ ലക്ഷ്യം അവിടത്തെ ജോലി യോ, അതിൽ നിന്ന് ലഭിക്കുന്ന വിളവുകളോ അല്ല. അങ്ങനെ ആയിരുന്നെ ങ്കിൽ പെട്ടെന്ന് ചില തീരുമാനങ്ങൾ എടുത്ത് ഏലിയാവിന്റെ പിന്നാലെ പോകുവാൻ കഴിയില്ലായിരുന്നു. പുതിയ നിയമത്തിൽ ദൈവരാജ്യം ഒരു ക്കിയ വിരുന്നിലേക്ക് ചിലരെ ക്ഷണിക്കുമ്പോൾ ഒരാൾ പറയുന്നത് ഞാൻ ഒരു പുതിയ നിലംവാങ്ങിയിരിക്കുന്നു, ഞാൻ അഞ്ച് ഏർകാളയെ വാങ്ങി യിരിക്കുന്നു, അത് കൊണ്ട് എനിക്ക് വരാൻ കഴിയില്ല എന്ന് കാരണം അവ രുടെ ലക്ഷ്യം ആണത്. അത് വിട്ട് പോകുവാൻ അവർക്ക് കഴിയില്ല.

എന്നാൽ ഏലീശാ മറ്റൊരു മേഖലയിലേക്ക് കാൽ എടുത്ത് വയ്ക്കു ന്നത് വരെയുള്ള ഒരു താൽക്കാലിക ഇടത്താവളം ആയിട്ട് മാത്രമാണത് കണ്ടത്. ഏലിയാവിന്റെ മേൽ ദൈവാത്മാവിന്റെ ആലോചന വന്നു. ആബേൽ മൊഹോലയിൽ നിന്നുള്ള സാഫാത്തിന്റെ മകനായ ഏലീശയെ നിനക്ക് പകരം പ്രവാചകനായിട്ട് അഭിഷേകം ചെയ്യണംരാജാ:19:16. ഏലി യാവിന്റെ മേൽ ഏലീശയെക്കുറിച്ചുള്ള അഭിഷിക്തദൂത് വെളിപ്പെട്ട സമ യത്ത് തന്നെ ഏലീശക്കും ആ ദൂത് രഹസ്യത്തിൽ ലഭിച്ചിട്ടുണ്ട്. കാരണം ഏലിയാവ് തന്റെ പുതപ്പ് ഏലീശയുടെ മേൽ ഇട്ട നിമിഷം തന്നെകാളയെ വിട്ട് ഏലിയാവിന്റെ പിന്നാലെ ഓടിഏലീശ ഒരു നിയോഗത്തിന് വേണ്ടി പുറപ്പാടിന് വേണ്ടി രഹസ്യത്തിൽ കാത്തിരിക്കുകയായിരുന്നു.

എന്റെ അപ്പനേയും അമ്മയേയും ചുംബിച്ച് കൊള്ളട്ടേ അതിന് ശേഷം ഞാൻ നിന്റെ പിന്നാലെ വരാംതുടർന്ന് തനിക്ക് ഉണ്ടായിരുന്നവ യിൽ നിന്ന് ഒരു ഏർകാളയെ പിടിച്ച് അറുത്ത് കാളയുടെ മരക്കോപ്പ് കൊണ്ട് മാംസം പാകംചെയ്ത് ജനത്തിന് കൊടുത്തു. ദൈവത്തിന്റെ വിളി, അഭി ഷേകം തന്റെ മേൽ വന്ന സമയത്ത് നന്ദി സൂചകമായി ജനത്തിനായി ഒരു വിരുന്നൊരുക്കി സന്തോഷിച്ചു. പിന്നീട് സർവ്വതും ഉപേക്ഷിച്ച് ഏലിയാ വിന്റെ പിന്നാലെചെന്ന് ശുശ്രൂഷകനായിത്തീർന്നു.

നിരവധി വർഷങ്ങൾ ഏലിയാവിന്റെ കൂടെ ആയിരുന്ന ഏലീശാ ശുശ്രൂഷാ പാഠങ്ങൾ ഓരോന്നായി പഠിക്കുകയായിരുന്നു. ഏലിയാവ്

തനിയെ പ്രാർത്ഥനക്കായി മാറുന്ന സമയത്ത് ഏലീശായും അതുപോലെ ദൈവസന്നിധിയിൽ രഹസ്യത്തിൽ സമയം ചെലവഴിച്ചു. ഏലിയാവിന് ലഭിക്കുന്ന ആലോചനകളിൽ അംശമായി ഏലീശയും ദൈവത്തിൽ നിന്ന് പ്രാപിക്കുന്നുണ്ടായിരുന്നു. ഏലിയാവിന്റെ ശുശ്രൂഷ അവസാനിക്കാറായി. പകരം അതേപോലെ ഒരു അഭിഷിക്തൻ ആ സ്ഥാനത്തേക്ക് വരേണ്ടതുണ്ട്. അതിനായിട്ട് പ്രത്യേകം രഹസ്യആലോചനകൾ നൽകി ഏലീശയെ ദൈവം എഴുന്നേൽപിക്കുകയാണ്.

ഏലിയാവ് എടുക്കപ്പെടുവാൻ പോകുകയാണ്. അഭിഷേകം പകരപ്പെടുവാൻ പോകുകയാണ് എന്ന് ഏലീശക്ക് ദൈവത്തിൽ നിന്ന് രഹസ്യ ആലോചന ലഭിച്ചു. ഏലിയാവ് വളരെ ശാന്തനായി പറയുകയാണ്. നീ ഇവിടെ താമസിച്ച് കൊൾക യഹോവ എന്നെ ബഥേലിലേക്ക് അയച്ചിരിക്കുന്നു എന്ന്. പക്ഷെ ഏലീശ പറയുകയാണ് യഹോവയാണേ നിന്റെ ജീവനാണേ ഞാൻ നിന്നെ വിടുകയില്ല എന്ന് പറഞ്ഞു. ഏലിയാവിന്റെ കൂടെ യെരീഹോവിലേക്കും ഏലീശ ചെന്നു. പ്രവാചക ശിഷ്യന്മാർ തങ്ങൾക്ക് വെളിപ്പെട്ട ആലോചന ഏലീശയോട് പറയുകയാണ് യഹോവ ഇന്ന് നിന്റെ യജമാനനെ നിന്റെ തലയ്ക്കൽ നിന്ന് എടുത്ത്കൊള്ളും എന്ന് നീ അറിയുന്നുവോ ഇ ൌ പ്രവാചകശിഷ്യൻമാർക്ക് വെളിപ്പെട്ടതിൽ കൂടുതൽ ഏലീശക്ക് വെളിപ്പെട്ടു. പക്ഷെ ഏലീശ അത് പറയുന്നില്ല. വലിയ അഭിഷിക്ത പ്രവാചകന്മാർ ഒരിക്കലും തങ്ങൾക്ക് വെളിപ്പെടുന്നത് പൂർണ്ണമായി ആരോടും പറയില്ല. വെളിപ്പെടുത്തുവാൻ ദൈവം അനുവദിക്കുന്നത് മാത്രമേ പറയൂ. ചില പ്രവാചകന്മാർ തങ്ങൾക്ക് വെളിപ്പെടുന്നത് മുഴുവൻ മുൻപിൻ നോക്കാതെ പറയും. പലപ്പോഴും ഗുണത്തേക്കാളേറെ ദോഷമാണ് അത് ചെയ്യുന്നത്.

**പ്രവാചക ആലോചനയെ മൂന്നായി തിരിക്കാം.**

1. പ്രവാചകൻ മാത്രം അറിയേണ്ടത്
2. വെളിപ്പെടുന്ന പ്രവാചക ആലോചനകൾ ദൈവത്തിൽ നിന്നാണോ അതോ സ്വന്തം ജഡത്തിൽ നിന്നാണോ അതോ മറ്റ് പൈശാചിക

ഉറവിടം ആണോ എന്ന് വിവേചിക്കപ്പെട്ട് നൽകേണ്ട ആലോചന കൾ ചിലപ്പോൾ പ്രവാചകന് ലഭിക്കും.

3. ജനത്തിന് നൽകേണ്ട ആലോചന.

## 1. പ്രവാചകൻ മാത്രം അറിയേണ്ടുന്ന ആലോചന

താൻ ആയിരിക്കുന്ന ആത്മഭൗമ മണ്ഡലത്തെക്കുറിച്ചും, സഭയുടെ വ്യക്തിയുടെ ആത്മീയ നിലവാരത്തെക്കുറിച്ചും ദൈവം പ്രവാചകന് ആലോചന പകരും. ഇത് ജനത്തോട് പറയേണ്ടതില്ല. പ്രവാചക ആലോചന ജനത്തിന് നൽകിയാൽ സ്വീകരിക്കപ്പെടുമോ അതോ സ്വീകരിക്കാതെ നിരസ്കരിച്ച് പ്രവചിക്കുന്ന തനിക്ക് ദോഷം വരുത്തുവാൻ ജനത്തെ ശത്രു ഉപയോഗിക്കുമോ എന്ന് വിവേചിച്ച് ഉൾക്കൊള്ളേണ്ട ആലോചന ദൈവം തരും. അതും മാത്രമല്ല ജനത്തിന്റെ നിലവാരമനുസരിച്ച് മാത്രം അംശമായും അധികമായും വെളിപ്പെടുന്ന ആലോചനകൾപകരുക. വെളിപ്പെടുന്ന ആലോചനകൾ ഒരിക്കലും പൂർണ്ണമായ അളവിൽ ഒരു പ്രവാചകൻ പറയുവാൻ പാടില്ല. ഒരു സഭയിൽ ശുശ്രൂഷിക്കുന്ന സമയത്ത് ദൈവം ഒരു ആലോചന എനിക്ക് തന്നു. ആഴത്തിൽ അനുതാപം വെളിപ്പെട്ടാൽ അകത്ത് നെന്മണി വിളയും എന്ന്. പക്ഷെ പരിശുദ്ധാത്മാവ് ഇത് പറയുവാൻ എന്നെ അനുവദിച്ചില്ല.

## 2. ആലോചനയുടെ ഉറവിടം

വെളിപ്പെടുന്ന ആലോചനകളുടെ ഉറവിടം എപ്പോഴും വിവേചിക്കണം. അല്ലെങ്കിൽ തെറ്റിപ്പോകും. പിന്നീടേ അത് മനസ്സിലാകൂ. പരിശുദ്ധാത്മാവിന്റെ ആലോചന എപ്പോഴും സ്നേഹത്തിലധിഷ്ഠിതമായിരിക്കും. എനിക്ക് ലഭിച്ച ആലോചന എഴുതാം. ഞാൻ തിയോളജി ക്ലാസിൽ പഠിക്കുന്ന സമയത്ത് ദൈവാത്മാവ് എന്നോടിടപെട്ട ചില സന്ദേശം ഉണ്ട് എന്റെ കുഞ്ഞേ ഞാൻ നിന്നെ ലജ്ജിപ്പിക്കുകയില്ല, ഞാൻ നിന്നെ സഹായിക്കാതിരുന്നിട്ടുണ്ടോ ഇ ൗ രണ്ട് ശബ്ദം എന്റെ ചെവിയിൽ കേട്ടപ്പോൾ എന്റെ സന്തോഷം ഭയങ്കരമായി ഉയർന്നു. ഒരു പ്രത്യേക ആശ്വാസം എന്റെ മേൽ

വന്നു. ഒരിക്കൽ ദൈവം എന്നോട് ചോദിച്ചു എന്നെ വിശ്വസിക്കാത്തത് എന്താണ് പിതൃ തുല്യമായ സ്നേഹത്തിലധിഷ്ഠിതമായ ഒരു ശാസനയായിരുന്നു അത്.

എന്നാൽ ശത്രു ആലോചന എന്റെ ചെവിയിൽ മന്ത്രിക്കപ്പെട്ടിട്ടുണ്ട്. ഒരു വ്യക്തിക്ക് വേണ്ടി പ്രാർത്ഥിക്കുന്നസമയത്ത് ഇങ്ങനെ ഒരു ശബ്ദം കേട്ടു. ഇങ്ങനെ പ്രാർത്ഥിക്കേണമോ. പെട്ടെന്ന് ഞാൻ ചിന്തിച്ചു. ശരിയാണ് ഇങ്ങനെ എപ്പോഴും പ്രാർത്ഥിക്കേണ്ടതില്ല. പക്ഷെ പെട്ടെന്ന് ദൈവ വചനം ഓർമ്മ വന്നു. എപ്പോഴും പ്രാർത്ഥിപ്പിൻ ഇടവിടാതെ പ്രാർത്ഥിപ്പിൻ എന്ന് വചനത്തിന് വിരുദ്ധമായ ശബ്ദമാണ് ഞാൻ കേട്ടത്. അത് ശത്രുവിന്റെ സ്വരമാണ് എന്ന് തിരിച്ചറിഞ്ഞു. അതും മാത്രമല്ല ആ ശബ്ദത്തിൽ ഒരു സ്നേഹം ഇല്ലായിരുന്നു. വെളിപ്പെടുന്ന ആലോചനയുടെ ഉറവിടം വിവേചിക്കേണ്ടത് അത്യാവശ്യമാണ്.

### 3. ജനത്തിന് നൽകേണ്ട ആലോചന

ദൈവിക പ്രവചനം എപ്പോഴും സ്നേഹത്തിലധിഷ്ഠിതവും ആശ്വസിപ്പിക്കുന്നതുമായിരിക്കും. പരിശുദ്ധാത്മാവിന്റെ ഫലത്തിലധിഷ്ഠിതമായ ആലോചനകളാണ് ദൈവം പകരുന്നത്. അതുകൊണ്ട് തന്നെ ലഭിക്കപ്പെടുന്ന ആലോചന എപ്പോഴും സ്നേഹത്തിൽ ചാലിച്ചേ കൊടുക്കാവൂ. അല്ലെങ്കിൽ ആ കാരണം കൊണ്ട് തന്നെ തിരസ്കരിക്കപ്പെടും. ചെവിയിൽ പറയേണ്ടുന്ന ആലോചന ഉണ്ട്. പരസ്യമായി പറയേണ്ടുന്ന ആലോചന ഉണ്ട്. രഹസ്യത്തിൽ വിശദീകരിച്ച് കൊടുക്കേണ്ടുന്ന ആലോചന ഉണ്ട്. വെളിപ്പാട് പുസ്തകത്തിൽ സഭകൾക്ക് രേഖപ്പെടുത്തിയ ആലോചനകൾ ശ്രദ്ധിക്കുക. ആദ്യം ആശ്വസിപ്പിക്കുന്നതും പ്രോത്സാഹിപ്പിക്കുന്നതും ബലപ്പെടുത്തുന്നതുമായ ആലോചന നൽകിയതിന് ശേഷമാണ് ചില കുറവ് വശങ്ങൾ പറയുന്നത്. അത് കൊണ്ട്തന്നെ അത് ഏറ്റെടുക്കപ്പെടുകയും ഫലം പുറപ്പെടുവിക്കപ്പെടുകയും ചെയ്യും.

ഏലീശാ പ്രവാചകശിഷ്യന്മാരോട് പറയുന്നത് അതെ അറിയുന്നു നിങ്ങൾ മിണ്ടാതെ ഇരുപ്പിൻ എന്ന് കൂടുതലായി വെളിപ്പെട്ട ഒരു ആലോ

ചന പോലും അവരോട് പറയുന്നില്ല. യോർദ്ദാന്റെ അരികെ ഏലിയാവും ഏലീശയും നിന്നു. ഏലിയാവ് തന്റെ പുതപ്പ് എടുത്ത് മടക്കി വെള്ളത്തെ അടിച്ചു. അത് അങ്ങോട്ടും ഇങ്ങോട്ടും പിരിഞ്ഞു. അങ്ങനെ അവർ ഇരുവരും ഉണങ്ങിയ നിലത്ത് കൂടി നടന്നു. അക്കരെ കടന്ന ശേഷം ഏലിയാവ് ഏലീശയോട് ചോദിച്ചു. ഞാൻ നിനക്ക് എന്ത് ചെയ്ത് തരേണം. ഏലീശ നിന്റെ ആത്മാവിന്റെ ഇരട്ടി പങ്ക് എന്റെ മേൽ വരുമാറാകട്ടേ എന്ന് പറഞ്ഞു. ഏലിയാവ് ഞാൻ നിങ്കൽ നിന്ന് എടുത്ത് കൊള്ളപ്പെടുമ്പോൾ നീ എന്നെ കാണുന്നുവെങ്കിൽ നിനക്ക് അങ്ങനെ ഉണ്ടാകും എന്ന് പറഞ്ഞു. ഏതാനും സമയത്തിനുള്ളിൽ അഗ്നിരഥങ്ങളും കുതിരകളും അവരെ തമ്മിൽ വേർതിരിച്ച് ഏലിയാവ് സ്വർഗ്ഗത്തിലേക്ക് എടുക്കപ്പെട്ടു.

ഏലിയാവിൽ നിന്ന് വീണ പുതപ്പ് എടുത്ത്, തന്റെ ലക്ഷ്യം പ്രാപിച്ചതിന് ശേഷം ഏലീശാ യോർദ്ദാന്റെ അരികിലേക്ക് മടങ്ങിച്ചെല്ലുകയാണ്. ഇപ്പോൾ പഴയ ഏലീശയല്ല. ഇവിടെ നിൽക്കുന്നത്. ഒരു പ്രത്യേക അഭിഷേകം പ്രാപിച്ച ഏലീശ തന്റെ അഭിഷേകത്തെ അവൻ മാറ്റുരച്ച് നോക്കുകയാണ്. ഏലിയാവ് ഏറ്റവും അവസാനം ചെയ്ത ശുശ്രൂഷ തന്നെ ഏലീശക്ക് ഏറ്റവും ആദ്യം ചെയ്യേണ്ടി വന്നു. ഏലീശയുടെ മേൽ വന്ന അഭിഷേകം വെളിപ്പെട്ടു. യോർദ്ദാൻ പിരിഞ്ഞ് മാറി.

പ്രവാചക ശിഷ്യന്മാർ ഏലീശയെ നോക്കിയപ്പോൾ അവർ പഴയ ഏലീശയെ അല്ല കാണുന്നത്. ഒരു പ്രത്യേക അഭിഷേകം അവന്റെ മേൽ വന്നു എന്ന് അവർ മനസ്സിലാക്കി. ഗുരുവിനെ നമസ്കരിക്കുന്നത് പോലെ അവർ അവനെ സാഷ്ടാംഗം വീണ് നമസ്കരിച്ചു. ഏലിയാവിന് പകരമായി ഏലീശാ എഴുന്നേറ്റു. ദൈവം എഴുന്നേൽപ്പിച്ചു. തുടർന്ന് അതിശക്തമായ ചില ശുശ്രൂഷകളും ആലോചനകളും ഏലീശയിലൂടെ വെളിപ്പെട്ടു. ഏലിയാവ് ചെയ്തതിൽ അധികമായി ഏലീശയിലൂടെ ദൈവം പ്രവർത്തിച്ചു. അഭിഷേകത്തിന്റെ ഒരു വലിയ പകർച്ച അവിടെ വ്യാപരിച്ചു. ഏലീശ മുഖാന്തരം വെളിപ്പെട്ട എല്ലാ ശുശ്രൂഷകളേയും ആഴത്തിൽ പരിശോധിക്കുന്നില്ല. ഏലീശയുടെ ശുശ്രൂഷാകാലം തീരുവാൻ പോകുകയാണ്. ഏലിയാവ് ശുശ്രൂഷ ഏലീശക്ക് പകർന്ന് നൽകിയത് പോലെ മറ്റൊരുവനിലേക്ക് തന്റെ ശുശ്രൂഷ പകർന്ന് നൽകുവാൻ ഏലീശ ആഗ്രഹിക്കുകയാണ്. പക്ഷെ ഏലീ

ശക്ക് ഉണ്ടായിരുന്ന ശുശ്രൂഷാ രഹസ്യങ്ങൾ ആ വ്യക്തിക്ക് ഉണ്ടായിരുന്നില്ല. അത്കൊണ്ട് തന്നെ ഏലീശ ആഗ്രഹിച്ചത് പകർന്ന് നൽകുവാനും കഴിഞ്ഞില്ല.

ഏലീശ മരണഹേതുകമായ രോഗം പിടിച്ച് കിടന്നു. അപ്പോൾ ഇസ്രയേൽ രാജാവായ യോവാശ് അവന്റെ അടുക്കൽ ചെന്നു. അവന്റെ മുഖത്തിൻ മീതെ കുനിഞ്ഞ് എന്റെ പിതാവേ എന്റെ പിതാവേ ഇസ്രയേലിന്റെ തേരും തേരാളിയും ആയുള്ളോവേ എന്ന് പറഞ്ഞ് കരഞ്ഞു II King:13:14. ഏലീശക്ക് പെട്ടെന്ന് തന്റെ ശുശ്രൂഷാ ആരംഭകാലം ഓർമ്മ വന്നു. ഏലിയാവ് എടുക്കപ്പെട്ട സമയത്ത് ഇതേ വാചകങ്ങൾ തന്നെ ചൊല്ലിയാണ് താൻ കരഞ്ഞത്. II King: 2:12. ഒരു ശുശ്രൂഷാ പകർച്ചയുടെ സമയമായി എന്ന് അവൻ മനസ്സിലാക്കി. അതിന് വേണ്ടി യോവാശ് എന്ന ഇസ്രയേൽ രാജാവിനെ അവൻ ഒരുക്കുവാൻ ശ്രമിക്കുകയാണ്. ഏലീശ അവനോട് അമ്പും വില്ലും എടുക്കുക എന്ന് പറഞ്ഞു. അവൻ അങ്ങനെ ചെയ്തു. നിന്റെ കൈ വില്ലിൻമേൽ വയ്ക്കുക എന്ന് രാജാവിനോട് പറഞ്ഞു. അവൻ വില്ലിൻമേൽ കൈ വച്ചപ്പോൾ ഏലീശ തന്റെ കൈ രാജാവിന്റെ കൈ മേൽ വച്ചു. കിഴക്കേ കിളിവാതിൽ തുറന്ന് എയ്യുവാൻ പറഞ്ഞു. അവൻ അങ്ങനെ ചെയ്തു. തുടർന്ന് അത് യഹോവയുടെ ജയാസ്ത്രം അരാമ്യർക്ക് നേരെയുള്ള ജയാസ്ത്രം തന്നെ നീ അരാമ്യരെ അശേഷം തോൽപിക്കും എന്ന് ആലോചന പറഞ്ഞു. ഇവിടെ ചില ശുശ്രൂഷാ രഹസ്യങ്ങൾ വെളിപ്പെടുകയാണ്. എത്ര വലിയ അഭിഷിക്തന്റെ കൂടെയാണ് നിൽക്കുന്നതെങ്കിലും അദ്ദേഹം പറയുന്നത് മുഴുവൻ അനുസരിച്ചാലും ശരി അഭിഷേകം പൂർണ്ണമായി പകരപ്പെടുകയില്ല. ഏലീശാ ഒരേസമയം ഏലിയാവിൽ നിന്നും ദൈവത്തിൽ നിന്നും ആലോചന പ്രാപിച്ചിരുന്നു. ഏലിയാവിനോട് ഉണ്ടായിരുന്നതിനേക്കാൾ ഒരു വലിയ രഹസ്യബന്ധം ദൈവവുമായി അവന് ഉണ്ടായിരുന്നു. അതാണ് ദൈവത്തിൽ നിന്ന് ഏലിയാവിലൂടെ വലിയ ഒരു അഭിഷേകം പകരപ്പെട്ടത്. പക്ഷെ ഇവിടെ യോവാശ് എന്ന രാജാവിന് ഏലീശയുമായി മാത്രമേ ബന്ധം ഉള്ളൂ. ദൈവവുമായി അവന് ബന്ധം ഉണ്ടായിരുന്നുവെങ്കിലും ഏലീശയായിരുന്നു അവന്റെ ബലം, ആലോചന, എല്ലാം. ഏലീശ അവനോട് അമ്പ് എടുത്ത് നിലത്ത് അടിക്കുക എന്ന് പറഞ്ഞു അവൻ മൂന്ന് പ്രാവശ്യം അടിച്ച് നിർത്തി ഏലീശയുടെ മുഖത്തേക്ക് നോക്കി ഇനി

എന്താണ് ചെയ്യേണ്ടത് എന്ന രൂപത്തിൽ. ഏലീശയിൽ നിന്ന് ആ ആലോചന ലഭിച്ച ഉടനെ ദൈവവുമായി അവൻ ബന്ധപ്പെടണമായിരുന്നു. ആ രഹസ്യ ബന്ധത്തിലൂടെ എത്ര പ്രാവശ്യം ഈ അമ്പ് ഞാൻ നിലത്ത് അടിക്കണം എന്താണ് ഇനി ഞാൻ ചെയ്യേണ്ടത് എന്റെ മേൽ ഒരു ആലോചന പകരുക എന്ന് ദൈവത്തോട് പറഞ്ഞ് ആലോചന പ്രാപിച്ച് പ്രവർത്തിക്കണമായിരുന്നു.

അതിന് പകരമായി വെറുതെ മൂന്ന് പ്രാവശ്യം അടിച്ച് നിർത്തി. ഏലീശ പറയുന്നു, ഞാൻ ചെയ്യുന്നു എന്ന രീതിയിലാണ് ഓരോന്നും അവൻ ചെയ്യുന്നത്. അപ്പോൾ ദൈവപുരുഷൻ അവനോട് കോപിച്ചു. നീ അഞ്ചാറ് പ്രാവശ്യം അടിക്കണമായിരുന്നു. എന്നാൽ നീ അരാമ്യരെ അശേഷം സംഹരിക്കുമായിരുന്നു. ഇപ്പോഴോ നീ അരാമ്യരെ മൂന്ന് പ്രാവശ്യം മാത്രം തോൽപിക്കും എന്ന് പറഞ്ഞു. യോവാശിന് ഇങ്ങനെ ചോദിക്കാം. അമ്പ് അഞ്ചാറ് പ്രാവശ്യം അടിച്ചിരുന്നുവെങ്കിൽ അരാമ്യരെ അശേഷം സംഹരിക്കും. മൂന്ന് പ്രാവശ്യം മാത്രം അടിച്ചത് കൊണ്ട് മൂന്ന് പ്രാവശ്യം മാത്രം തോൽപിക്കും. ഇത് എന്ത് നിയമം, ഇത് എന്ത് ആലോചന എന്ന് ഇവിടെ പുറംമോടിയിൽ ചെയ്തതല്ല നോക്കേണ്ടത്. അവന്റെ ഉള്ളിൽ ഉള്ള അഭിഷേകത്തെ വിവേചിച്ചെടുക്കാൻ, പരിശോധിച്ചറിയുവാൻ ഏലീശ ചെയ്ത ഒരു ഉപാധിയാണ് പ്രക്രിയയാണ് അത് എന്ന് യോവാശ് എന്ന രാജാവിന് മനസ്സിലാക്കുവാൻ കഴിഞ്ഞില്ല. അതുകൊണ്ട് അവന്റെ മേൽ പകർന്ന അഭിഷേകം അരാമ്യരെ മൂന്ന് പ്രാവശ്യം തോൽപിക്കുക എന്നതിൽ ഒതുങ്ങി.

ഇതിന് മുമ്പും തന്നെപ്പോലെ ഒരു അഭിഷിക്തനെ ഉയർത്തി എടുക്കുവാൻ, എഴുന്നേൽപ്പിക്കുവാൻ ഏലീശ ആഗ്രഹിച്ചിരുന്നു. പക്ഷെ അവന് സാധിച്ചില്ല. ശൂനേം കാരത്തിയായ ധനികസ്ത്രീ തന്റെ മകന്റെ മരണവിവരം ഏലീശയെ അറിയിച്ചപ്പോൾ ഉടൻതന്നെ തന്റെ ശിഷ്യരിൽ ഒരുവനായ ഗേഹസിയോട് നീ അരകെട്ടി എന്റെ വടിയും കയ്യിൽ എടുത്ത് പോക, നീ ആരെ എങ്കിലും കണ്ടാൽ വന്ദനം ചെയ്യരുത്, നിന്നെ വന്ദനം ചെയ്താൽ പ്രതിവന്ദനം പറയുകയും അരുത്, എന്റെ വടി ബാലന്റെ മുഖത്ത് വയ്ക്കണം എന്ന് പറഞ്ഞു. II King:4:29. ഉടൻതന്നെ ഗേഹസി ഏലീശക്ക് മുമ്പായി കടന്ന് ചെന്ന് വടി ബാലന്റെ മുഖത്ത് വച്ചു. ഒരു അനക്കമോ

ഉണർച്ചയോ ഉണ്ടായില്ല. അതിന്ശേഷം പറയുകയാണ് ബാലൻ ഉണർന്നില്ല എന്ന്. ഇങ്ങനെ ഒരു ശിഷ്യനെ എന്തിന് കൊള്ളാം. തൂണ് പോലെ ഒരു സ്ഥലത്ത് വെറുതെ നിർത്താൻ കൊള്ളാം. തന്റെ മേൽ അതിശക്തമായ ഒരു നിയോഗമാണ് ലഭിച്ചിരിക്കുന്നത് എന്നും അതിന്വേണ്ടി വലിയ ഒരുക്കവും തയ്യാറെടുപ്പും വേണം എന്നും, അരകെട്ടി തയ്യാറാകണമെന്നും, ഞാൻ പോകുന്ന വഴിയിൽ ഒരുവനും എന്റെ നേരെ വന്ദനം പറയുവാനോ അനുവദിക്കരുതേ ദൈവമേ എന്ന് പറഞ്ഞ് വളരെസൂക്ഷ്മതയോടെ ഈ വലിയ ശുശ്രൂഷക്ക് വേണ്ടി പോകണമായിരുന്നു. ചിലപ്പോൾ അതിന് പകരമായി അവൻ പോകുന്ന വഴിയിൽ കാണുന്നവരോടൊക്കെ അവൻ പറഞ്ഞ് കാണും ഇത് ഏലീശാ തന്നയച്ച അവന്റെ വടിയാണ്. അനേക ശിഷ്യന്മാർ അവിടെയുണ്ടായിരുന്നു. പക്ഷെ എന്നെയാണ് ഇത് ഏൽപ്പിച്ചത്. ശൂനേം കാരത്തിയുടെ മകൻ (ഞാൻ പറഞ്ഞത് അനുസരിച്ച് ഏലീശ അനുഗ്രഹിച്ചത് മുഖാന്തരം ലഭിച്ച മകൻ:II King:4:14) മരിച്ച് പോയി അവനെ ഉയർത്തെഴുന്നേൽപ്പിക്കുവാൻ പോകുകയാണ്. കാരണം ഈ ഗേഹസിക്ക് വലിയ കാഴ്ചപ്പാടും ദാഹവും ഒന്നും ഇല്ല. അങ്ങനെയങ്ങ് പോകുക എന്നേ ഉള്ളൂ. ഇനി ആ വടി ആ ബാലന്റെ മുഖത്ത് വച്ച്ഒന്ന് അനങ്ങുക വല്ലതും ചെയ്താൽ ഉടൻതന്നെ വലിയ ഒരു നോട്ടീസോ പരസ്യമോ നൽകി നാട് ഇളക്കിയേനേ. ദൈവം അതിന് സമ്മതിച്ചില്ല. കാരണം ഗേഹസിയെ ദൈവത്തിന് അറിയാം. അവന്റെ ലക്ഷ്യവും ആഗ്രഹവും ദൈവത്തിനറിയാം. ഇതിനെല്ലാം ശേഷം ഏലീശയോട് പറയുകയാണ് ബാലൻ ഉണർന്നില്ല എന്ന് അവന്റെ പറച്ചിൽ കേട്ടാൽ തോന്നും അവന്റെ കുഴപ്പം കൊണ്ടല്ല ബാലൻ ഉണരാതിരുന്നത്, ഏലീശയുടെ കുഴപ്പം കൊണ്ടാണ്. ആ വടിയിന്മേൽ ഒന്നും അഭിഷേകം ഇല്ലായിരുന്നു. പിന്നെ ഏലീശാ പറഞ്ഞത് കൊണ്ട് ചെയ്യാതിരിക്കുവാൻ നിവൃത്തിയില്ല. അത്കൊണ്ട് ചെയ്തു.

പക്ഷെ ഗേഹസിയെ ഈ സ്ത്രീക്ക് അറിയാമായിരുന്നു. ഏലീശയോടൊപ്പം അവളുടെ ഗൃഹത്തിലായിരുന്നപ്പോൾ ഇവൻ അവിടെ എങ്ങനെയായിരുന്നു എന്ന് അവളോട് ആർക്കും പറഞ്ഞ് കൊടുക്കേണ്ട. ഇവൻ മുഖാന്തരം ഒരു അത്ഭുതവും വിടുതലും സംഭവിക്കുകയില്ല എന്നും ആ സ്ത്രീക്ക് അറിയാമായിരുന്നു. അത് കൊണ്ട് തന്നെ ആ സ്ത്രീ ഏലീശയോട് പറയുകയാണ് യഹോവയാണേ നിന്റെ ജീവനാണേ ഞാൻ നിന്നെ

വിടുകയില്ല എന്ന്. ആ സ്ത്രീയുടെ നിലവിളി മുഖാന്തരം ഏലീശ നേരിട്ട് തന്നെ അവളുടെ ഭവനത്തിലേക്ക് പോയി. കട്ടിലിന്മേൽ ബാലൻ മരിച്ച് കിടക്കുന്നത് കണ്ടു. അഭിഷേകം ഇല്ലാത്ത, സംശയവിചാരങ്ങളോടെ നിൽക്കുന്ന എല്ലാവരേയും മാറ്റി നിർത്തി അവൻ ഏകനായി ആ മുറിയിൽ പ്രവേശിച്ചു, വാതിൽ അടച്ചു യഹോവയോട് പ്രാർത്ഥിക്കുകയാണ്. മരിച്ചവരെ ഉയിർപ്പിക്കുന്ന ദൈവത്തിന്റെ വിശ്വാസ നിലവാരത്തിലേക്ക് ഏലീശ എത്തിപ്പിടിക്കുവാൻ ശ്രമിക്കുകയാണ്. കൂടെ ആരെങ്കിലും ഉണ്ടങ്കിൽ അവന് ആ രൂപത്തിൽ ഉയരുവാൻ കഴിയുകയില്ല. ദൈവാത്മാവ് ഇടപെട്ടു. മരിച്ചവരെ ഉയിർപ്പിക്കുന്നതിനുള്ള എന്റെ ആത്മാവിന്റെ അഭിഷേകം നിന്റെ മേൽ ഉണ്ട്.

നിന്റെ ശരീരത്തിന്റെ മേൽ വ്യാപരിച്ചിരിക്കുന്ന ആ അഭിഷേകം ഉപയോഗിച്ച് അത്ഭുത വിടുതൽ വെളിപ്പെടുത്താം, ബാലന്റെ മേൽ ജീവനെ തിരികെ വരുത്താം എന്ന് അരുളി ചെയ്തു. തുടർന്ന് തന്റെ വായ് ബാലന്റെ വായ്മേലും തന്റെ കണ്ണ് അവന്റെ കണ്ണിന്മേലും തന്റെ ഉള്ളം കൈ അവന്റെ ഉള്ളംകൈ മേലും വച്ച് അവന്റെ മേൽ കവിണ്ണ് കിടന്നു. ബാലന്റെ ദേഹത്തിന് ചൂട് പിടിച്ചു. തുടർന്ന് അവൻ മുറിയിൽ അങ്ങോട്ടും ഇങ്ങോട്ടും നടന്ന് തന്റെ ശരീരത്തിന്മേലുള്ള അഭിഷേകത്തെ ജ്വലിപ്പിച്ചതിന് ശേഷം പിന്നെയും ആ ബാലന്റെ മേൽ കവിണ്ണ് കിടന്നു. ബാലൻ ഏഴ് പ്രാവശ്യം തുമ്മി കണ്ണ് തുറന്നു. അങ്ങനെ മരിച്ച് പോയത് ആത്മാവിന്റെ അഭിഷേകത്താൽ ജീവൻ തിരികെ പ്രാപിച്ചു.

തന്നെപ്പോലെ ഒരു അഭിഷിക്തനെ എങ്കിലും ജനിപ്പിക്കുവാൻ കഴിഞ്ഞത് മാത്രമാണ് ഏലീശയുടെ ഒരു പ്രത്യാശ. അത് മറ്റാരും അല്ല, യേഹു തന്നെ. യഥാർത്ഥത്തിൽ യേഹുവിനെ അഭിഷേകം ചെയ്യുക എന്നുള്ളത് ഏലിയാവിന്റെ മേൽ വന്ന നിയോഗമാണ്. എന്ത്കൊണ്ടോ ഏലിയാവിന് അത് കഴിഞ്ഞില്ല. പക്ഷെ ഏലിശാക്ക് ആ നിയോഗം ലഭിച്ചു. തന്റെ ഒരു ശിഷ്യന്റെ കയ്യിൽ അഭിഷേക തൈലപാത്രം എടുത്ത് കൊടുത്തതിന് ശേഷം നിംശിയുടെ മകനായ യെഹോശാഫാത്തിന്റെ മകനായ യേഹുവിനെ ഇത് ഉപയോഗിച്ച് അഭിഷേകം ചെയ്യുവാൻ പറഞ്ഞു. പ്രവാചകനായ ആ യൗവ്വനക്കാരൻ ഗിലയാദിലെ രാമോത്തിൽ ചെന്ന് പടനായകന്മാരുടെ ഇടയിൽ

നിന്ന് യേഹുവിനെ കണ്ടുപിടിച്ച് പ്രത്യേകം ഒരു മുറിയിൽ വച്ച് അവനെ അഭിഷേകം ചെയ്ത് പ്രവചിച്ച് പറഞ്ഞു ഞാൻ നിന്നെ യഹോവയുടെ ജനമായ ഇസ്രയേലിന് രാജാവായിട്ട് അഭിഷേകം ചെയ്തിരിക്കുന്നു എന്ന് പറഞ്ഞു.

യേഹുവിന്റെ മേൽ വന്ന അഭിഷേകത്തിന് ഒരു പ്രത്യേക നിയോഗം ഉണ്ടായിരുന്നു. ലക്ഷ്യമുണ്ടായിരുന്നു. ദൈവദാസന്മാരായ പ്രവാചകന്മാരുടെ രക്തത്തിന് ഇസബേലിനോട് പ്രതികാരം ചെയ്യുക. യേഹുവിന്റെ കൂടെ ഉള്ളവർ യേഹുവിനോട് ചോദിച്ചു ആ ഭ്രാന്തൻ നിന്റെ അടുക്കൽ വന്നത് എന്തിന്. ആത്മപൂർണ്ണൻ ചിലസമയത്ത് അഭിഷേക പ്രവർത്തിയുടെ ഉച്ചസ്ഥായിയിൽ ഭ്രാന്തനെപ്പോലെയായിരിക്കും ഇടപെടുക. പരിശുദ്ധാത്മാഭിഷേകത്തിന്റെ പൂർണ്ണത ഒരു അഭിഷിക്തനെ ഭ്രാന്തനെപ്പോലെ തീവ്രതയിലേക്ക് എത്തിക്കാറുണ്ട്.

യേഹുവിന്റെ മേൽ വന്ന അഭിഷേകം പൂർണ്ണതയിലേക്ക് ജ്വലിച്ചപ്പോൾ ഒരു ഭ്രാന്തനെപ്പോലെയല്ലോ അവൻ ഓടിച്ച് വരുന്നത് എന്ന് പറഞ്ഞു ആ അഭിഷേകത്തിന്റെ തീവ്രതയിൽ ആഹാബും ഇസബേലും സകല ബാൽപ്രവാചകന്മാരും എരിഞ്ഞ് പോയി. ശാപകരമായ നാശം ഇസബേലിന്റെ മേൽ അയക്കുവാൻ യേഹുവിനെ ദൈവം ഉപയോഗിച്ചു. ഏലീശയുടെ ശരീരത്തിൽ ഉണ്ടായിരുന്ന പരിശുദ്ധാത്മാഭിഷേകത്തിന്റെ ശക്തി വലിയ അളവിലായിരുന്നു. അത് അവന്റെ ശരീരാത്മദേഹികളിൽ പൂർണ്ണമായും അസ്ഥികളിന്മേലും വ്യാപരിച്ചിരുന്നു. ഏലീശാ മരിച്ചതിന് ശേഷം അവനെ കല്ലറയിൽ അടക്കം ചെയ്തു. വളരെ നാളുകൾക്ക് ശേഷം ചിലർ ഒരു മനുഷ്യനെ അടക്കം ചെയ്യുമ്പോൾ മോവാബ്യ പടക്കൂട്ടത്തെ കണ്ട്പേടിച്ച് അടുത്ത് കണ്ട ഏലീശയുടെ കല്ലറയിൽ അത് ഇട്ടു. ഏലീശയുടെ അസ്ഥികളിൽ തൊട്ട ഉടനെ ആ ശരീരത്തിന്മേൽ ഏലീശയുടെ അസ്ഥികളിൽ നിന്ന് അഭിഷേകം വ്യാപരിച്ച് ജീവൻ വച്ചു.

ഏലീശയുടെ മേൽവന്ന അഭിഷേകം ഏത് അഭിഷിക്തനും പ്രാപിച്ചെടുക്കുവാൻ കഴിയുന്നതാണ്. കാരണം ആ അഭിഷേകശക്തി പകർന്ന ദൈവം ഇന്നും അതേ അളവിൽ തന്നെ പകരുവാൻ ആഗ്രഹിക്കുന്നു. അതിന്

വേണ്ടി തയ്യാറെടുപ്പുകൾ ആവശ്യമാണ്. ശാരീരിക വിശുദ്ധി, ചിന്തയിൽ, ബുദ്ധിയിൽ, സംസാരത്തിൽ, മനോഭാവത്തിൽ സർവ്വ മേഖലയിലും വിശുദ്ധി അതി ഭയങ്കരമായി വ്യാപരിക്കണം. ശരീരാവയവങ്ങളിന്മേൽ വിശുദ്ധിയും ആഴത്തിലുള്ള പരിശുദ്ധാത്മ ദാഹവും ഒരുവനെ അഭിഷിക്തനാക്കി ത്തീർക്കും. ആ അഭിഷേകം ലോകത്തെ മാറ്റിമറിക്കുന്ന അനുഭവത്തിലേക്ക് നടത്തും. സകല പൈശാചിക ഗോപുരങ്ങളും അഭിഷേകശക്തിക്ക് കീഴിൽ കത്തിയഴിഞ്ഞ് ഇല്ലാതാകും. യഹോവ രാജാധിരാജാവായി ജനത്തിന്റെ ഇടയിൽ വെളിപ്പെടും. ദൈവം അത് ആഗ്രഹിക്കുന്നു. അവന്റെ ദാസന്മാരും അങ്ങനെ ആഗ്രഹിക്കട്ടേ.

## 5. അബ്ശാലോമേ എന്റെ മകനേ

എല്ലാ യിസ്രയേലിലും സൗന്ദര്യം കൊണ്ട് അബ്ശാലോമിനോളം ശ്ലാഘ്യനായ ഒരുത്തനും ഉണ്ടായിരുന്നില്ല, അടിതൊട്ട് മുടി വരെ അവന് ഒരു ഊനവും ഇല്ലായിരുന്നു, അവൻ തന്റെ തലമുടി ആണ്ട് തോറും കത്രിപ്പിച്ച് കളയും, അവന്റെ തലമുടി കത്രിച്ചാൽ രാജതൂക്കത്തിന് ഇരുനൂറ് ശേക്കൽ കാണും II Sam:14:25,26.

ദാവീദിന്റെ സൗന്ദര്യം എല്ലാരീതിയിലും അബ്ശാലോമിന്റെ മേൽ വന്നു. അവന്റെ മക്കളിൽ എല്ലാവരിലും വച്ച് രാജാവാകാൻ യോഗ്യനായ രാജകുമാരനായിരുന്നു അബ്ശോലോം. താൻ രാജാവാകും എന്ന് തന്നെ അവൻ നിശ്ചയിച്ചു. എന്നാൽ ചില അനിഷ്ടസംഭവങ്ങൾ കാര്യങ്ങളുടെ ഗതിയാകെ മാറ്റി മറിച്ചു. അവന്റെ പിതാവിന്റെ ഭാഗത്ത് നിന്ന് വന്ന ലംഘനവും അതിക്രമവും നിമിത്തം നീതിമാനായ രാജഭക്തനായ ഹിത്യനായ ഊരിയാവിന്റെ രക്തം യഹോവയോട് നിലവിളിച്ചു. യഹോവ ബലഹീനന് വേണ്ടി എഴുന്നേറ്റു. ബലവാനായ ദാവീദിനെതിരെ തന്റെ അഭിഷിക്തനായ ദാവീദിനെതിരെതന്നെ അവൻ തിരിഞ്ഞു. നിന്റെ സ്വന്തം ഗ്രഹത്തിൽ ഞാൻ നിനക്ക് അനർത്ഥം വരുത്തും എന്ന് അരുളി ചെയ്തു. ദൈവം അരുളി ചെയ്തത് അനുസരിച്ച് അനർത്ഥം വെളിപ്പെടുകയാണ്.

ദാവീദിന്റെ മകനായ അബ്ശാലോമിന് സൗന്ദര്യമുള്ള ഒരു സഹോദരിയുണ്ടായിരുന്നു. അവളുടെ പേര് താമാർ. ദാവീദിന്റെ മറ്റൊരു മകനായ അമ്നോന് അവളിൽ പ്രേമം ജനിച്ചു. ദാവീദിന്റെ ജ്യേഷ്ഠനായ ശിമയിയുടെ മകനായ യോനാദാബിന്റെ ആലോചനക്ക് കീഴ്പ്പെട്ട് അവളെ നശിപ്പിച്ച് തുടർന്ന് അപമാനിച്ച് വീടിന് പുറത്താക്കി വാതിൽ അടച്ചു. താമാർ താൻ അനുഭവിച്ച അപമാനത്തിന്റെ ഭാരം താങ്ങുവാൻ കഴിയാതെ തലയിൽ വെണ്ണീർ വാരിയിട്ട്, ധരിച്ചിരുന്ന നിലയങ്കി കീറി നിലവിളിച്ച് കൊണ്ട് നടന്നു. തന്റെ സഹോദരനായ അബ്ശാലോമിന്റെ മുമ്പിൽ അപമാനിതയായി എത്തപ്പെട്ടു. ഒരു സഹോദരന്റെ ജീവിതത്തിൽ ഇതിൽ പരം അപമാനമേറിയ ഒരു സംഭവം ഒരിക്കലും ഉണ്ടാകുകയില്ല.

തന്റെ സഹോദരിയെ ആശ്വസിപ്പിച്ച് സ്വന്തം ഗ്രഹത്തിൽ ആക്കി. അവൾ ഏകാകിയായി അവിടെ പാർത്തു. അബ്ശാലോം ഗുണമോ ദോഷമോ അമ്നോനോട് സംസാരിച്ചില്ല. പക്ഷെ അവന്റെ ഗൂഢബുദ്ധി രഹസ്യത്തിൽ ചില പദ്ധതികൾ ആവിഷ്കരിക്കുകയായിരുന്നു. പരിശുദ്ധാത്മാവിന്റെ ഫലം ഉള്ളിൽ ഇല്ലാതെ, പ്രതികരിക്കാതെ ഇരിക്കുന്നവരെ സൂക്ഷിച്ച് കൊള്ളണം. രഹസ്യമായി ആക്രമണ പദ്ധതി അവർ തയ്യാറാക്കും. അവർ മുറിവേറ്റ് കഴിഞ്ഞാൽ, അത് പൊറുക്കുകയില്ല. അത് ഉള്ളിൽ സൂക്ഷിച്ച് വച്ച് വളവും വെള്ളവും നൽകി വളർത്തി കൊണ്ടിരിക്കും. പിന്നീട് തക്കസമയത്ത് പ്രതികാര ബുദ്ധിയോടെ രംഗത്തിറങ്ങും.

അബ്ശാലോം രഹസ്യ പദ്ധതി രൂപീകരിച്ച് കഴിഞ്ഞു. അതിന് വേണ്ട എല്ലാ ഒരുക്കങ്ങളും ചെയ്തു. അബ്ശാലോം രാജാവിന്റെ അടുക്കൽ ചെന്ന് അടിയന് ആടുകളുടെ രോമം കത്രിക്കുന്ന അടിയന്തിരം ഉണ്ട്. രാജാവും ഭൃത്യന്മാരും അടിയനോട് കൂടെ വരേണമേ എന്ന് പറഞ്ഞു. രാജാവ് വരാൻ സാദ്ധ്യതയില്ല എന്ന് അബ്ശാലോമിന് അറിയാം. രാജാവ് വിസമ്മതിച്ചപ്പോൾ അബ്ശാലോം പറയുകയാണ് എന്നാൽ എന്റെ സഹോദരൻ അമ്നോൻ ഞങ്ങളുടെ കൂടെ പോരട്ടേ എന്ന് അമ്നോൻ ഞങ്ങളോട് കൂടെ പോരട്ടേ എന്നല്ല പറയുന്നത്. എന്റെ സഹോദരൻ അമ്നോൻഎന്നാണ് പറയുന്നത്. സഹോദരാ എന്ന് വിളിക്കുമ്പോൾ സർപ്പവിഷം അവന്റെ ഉള്ളിൽ

തിക്കുകയാണ്. പക വളർന്ന് കുലപാതകചിന്തയിൽ നശീകരണ പ്രക്രിയ യിൽ എത്തിനിൽക്കുകയാണ്.

അമ്നോൻ അവരുടെ കൂടെ പോയി. എല്ലാവർക്കും വീഞ്ഞും മദ്യവും നൽകി അബ്ശാലോം സൽക്കരിച്ചു. അമ്നോൻ വീഞ്ഞ് കുടിച്ച് മത്തനായി നിൽക്കുമ്പോൾ, ഒന്നിനും കഴിയാതെ ആയിരിക്കുമ്പോൾ അബ്ശാലോം തന്റെ അകത്ത് ആരും കാണാതെ സൂക്ഷിച്ച പക പുറത്ത് എടുക്കുകയാണ്. തക്കസമയത്ത് അത് ഉപയോഗിക്കുകയാണ്. അവൻ തന്റെ ബാല്യക്കാരോട് പറഞ്ഞു അമ്നോനെ അടിച്ച് കൊല്ലുവിൻഎന്ന്. അവന്റെ രഹസ്യത്തിൽ സൂക്ഷിച്ച പക പൂർണ്ണരൂപം പ്രാപിച്ച് കുലപാതക ത്തിൽ എത്തി.

തുടർന്ന് അബ്ശാലോം ഓടിപ്പോയി അമ്മീഹൂദിന്റെ മകനായ ഗെശൂർ രാജാവായ താൽമായിയുടെ അടുക്കൽ ചെന്ന് പാർത്തു. മൂന്ന് സംവത്സരം അവിടെ താമസിച്ചു. അമ്നോനെക്കുറിച്ചുള്ള ദു:ഖത്തിന് ശമനം വന്ന്, അബ്ശാലോമിന്റെ നേരെയുള്ള കോപത്തിന് ശമനം ഉണ്ടായി. തുടർന്ന് ദാവീദിന്റെ മനസ്സ് അബ്ശാലോമിന്റെ നേരെ ചാഞ്ഞു. യരുശലേമിലേക്ക് അവനെ കൂട്ടികൊണ്ട് വരുവാൻ യോവാബിനെ നിയോഗിച്ചു. പക്ഷെ തന്റെ മുമ്പിൽ അബ്ശാലോം വന്ന് പോകരുത് എന്ന് രാജാവ് കൽപിച്ചു. രാജാവോ അവന്റെ ഭൃത്യന്മാരോ യോവാബോ തന്റെ ഗൃഹത്തിൽ വരുന്നില്ല. തനിക്ക് അവരുടെ അടുക്കൽ പോകുവാനും കഴിയാതെ അബ്ശാലോം വളരെനാൾ സ്വന്തം ഗൃഹത്തിൽ പാർത്തു.

തുടർന്ന് യോവാബിനെ അവൻ തന്റെ ഗൃഹത്തിലേക്ക് വിളിച്ചു. പക്ഷെ യോവാബ് ചെന്നില്ല. ആരും തന്നെ ഗൗനിക്കുന്നില്ല എന്ന് കണ്ട അബ്ശാലോം യോവാബിന്റെ സ്വന്തം നിലത്ത് യവം വിളഞ്ഞ് നിന്നപ്പോൾ അത് തീ വച്ച് ചുട്ടുകളയുവാൻ കൽപ്പിച്ചു. ഉടൻ യോവാബ് അബ്ശാലോ മിന്റെ അടുക്കൽ ചെന്നു ഞാൻ ഗെശുരിൽ പാർക്കുന്നതായിരുന്നു നല്ലത് എന്തിന് ഇവിടെ എന്നെ കൊണ്ട് വന്നു എന്ന് ചോദിച്ചു. തുടർന്ന് അബ്ശാ ലോം രാജസന്നിധിയിൽ രാജാവിന്റെ അടുക്കൽ ചെല്ലുവാൻ അനുവാദം ലഭിച്ച്

ചെന്നു. രാജാവിനെ സാഷ്ടാംഗം വീണ് നമസ്കരിച്ചു. രാജാവ് അവനെ ചുംബിച്ചു.

രാജാവിന് പഴയത് പോലെ തന്നോട് മമതയില്ല എന്നും തന്നെ രാജാവാക്കുവാൻ സാധ്യതയില്ല എന്നും ഗ്രഹിച്ചറിഞ്ഞ് മനസിലാക്കിയ അബ്ശാലോം ഗൂഢ പദ്ധതി തയ്യാറാക്കുകയാണ്. അവൻ ഒരു രഥവും 50 അകമ്പടികളേയും സമ്പാദിച്ച് അതികാലത്ത് എഴുന്നേറ്റ് പടിവാതിൽക്കൽ നിൽക്കും. ആരെങ്കിലും വ്യവഹാരം ഉണ്ടായിട്ട് രാജാവിനെ കാണുവാൻ വന്നാൽ അവനോട് സംസാരിച്ച് സൗഹൃദം സമ്പാദിക്കും എന്നിട്ട് പറയും ഹാ വഴക്കും വ്യവഹാരവും ഉള്ളവരൊക്കേയും എന്റെ അടുക്കൽ വരുവാൻ എന്നെ രാജ്യത്ത് ന്യായാധിപൻ ആക്കിയിരുന്നുവെങ്കിൽ കൊള്ളാമായിരുന്നു എന്ന് പറയും. അങ്ങനെ വളരെ നാൾ കൊണ്ട് യിസ്രയേല്യരുടെ ഹൃദയം അബ്ശാലോം വശീകരിച്ചു. രാജകീയ സിംഹാസനത്തിന് വേണ്ടി ദൈവീകക്രമമോ, ദൈവീക പദ്ധതിയോ അല്ല അബ്ശാലോം ബുദ്ധിയിൽ പ്ലാൻ ചെയ്യുന്നത്. ഒരു ഇലക്ഷൻ തന്ത്രമാണ് മെനയുന്നത്. ഇങ്ങനെയുള്ളവർ സ്നേഹപൂർവ്വം സംസാരിക്കുകയും ചിലസഹായങ്ങൾ ചെയ്യുന്നതും നിഗൂഢലക്ഷ്യം വച്ച് കൊണ്ടായിരിക്കും. ആത്മാർത്ഥതയുടെ ഒരു ചെറിയവശം മാത്രമേ അവിടെ ഉള്ളൂ. അതിന്റെ ഉള്ളിൽ തികഞ്ഞ സ്വാർത്ഥതയായിരിക്കും. എന്ത് ചെയ്യാം സ്ഥാനമാനങ്ങൾ കൈവശമാക്കുവാനും ഇലക്ഷൻ തന്ത്രങ്ങളിലൂടെ ദൈവിക അധികാരസ്ഥാനങ്ങൾ കരസ്ഥമാക്കുവാനും അഭിനവ അബ്ശാലോം രാജകുമാരന്മാർ ആത്മീയഗോളത്തിൽ നിറഞ്ഞ് നിൽക്കുകയാണ്. അവരുടെ കൂട്ട്കെട്ടുകളും പദ്ധതികളും ജനസമ്പർക്കവും എല്ലാം സ്വാർത്ഥതയിലധിഷ്ഠിതമായ ചില നിഗൂഢലക്ഷ്യങ്ങളാണ്. അവർ അവരുടെ വഴിയിൽ പോകട്ടേ. ഇതൊന്നും ശാശ്വതമല്ല എന്ന് അബ്ശാലോമിനെ നോക്കി അവർ ഗ്രഹിക്കട്ടേ.

നീണ്ട നാല് സംവത്സരം അതിബൃഹത്തായതും നിഗൂഢവുമായ ചില പദ്ധതികളുടെ രഹസ്യ കരുനീക്കങ്ങളാണ് അബ്ശാലോം നടത്തിയത്. രാജ്യത്ത് എല്ലായിടവും തന്റെ ചാരന്മാരെ അവൻ നിയോഗിച്ചു. ദാവീദിന്റെ മന്ത്രിയായ അഹീഥോഫെലിനെ അവൻ സ്വാധീനിച്ചു. തന്റെ ഹിതത്തിന്റെ കീഴിൽ മാത്രം ചലിക്കുന്ന അകമ്പടികളേയും അവൻ സമ്പാദിച്ചു. ദാവീദിന്റെ

മുമ്പിൽ വളരെ പരമാർത്ഥഹൃദയൻ. പക്ഷെ രഹസ്യത്തിൽ ദാവീദിനെതിരെ ഗൂഢപദ്ധതി മെനയുന്നവൻ. ഇങ്ങനെയുള്ളവരെ വിവേചിച്ചറിയുവാൻ ദൈവം കൃപ പകർന്നില്ലെങ്കിൽ ജീവിതത്തിൽ ശത്രു ചില ദോഷങ്ങൾ വിതയ്ക്കും. യരുശലേമിൽ ഇരുന്ന്കൊണ്ട് ഹെബ്രോനിൽ ആഴത്തിൽ ചില അടിസ്ഥാനങ്ങൾ അവൻ ഇട്ടു. തനിക്ക് വേണ്ടി ധാരാളം സൗകര്യങ്ങൾ അവൻ അവിടെ ഒരുക്കി.

ഇതിനെല്ലാം ശേഷം ദാവീദിനോട് അവൻ പറയുകയാണ് എനിക്ക് ഹെബ്രോനിൽ ഒരു നേർച്ച യഹോവക്ക് കഴിപ്പാനുണ്ട്, അതിന് അനുവാദം തരേണം എന്ന്. ദാവീദ് അനുവദിച്ചു. ഹെബ്രോനിലേക്ക് പോയ അബ്ശാലോം യരുശലേമിലേക്ക് തിരികെ വരുന്നില്ല, അതും മാത്രമല്ല തന്റെ രഹസ്യചാരന്മാർ മുഖാന്തരം അബ്ശാലോം ഹെബ്രോനിൽ രാജാവായിരിക്കുന്നു എന്ന് ഇസ്രയേൽ എല്ലായിടവും പറയിപ്പിച്ചു. പിന്നെ ജനം നിത്യവും അബ്ശാലോമിന്റെ അടുക്കൽ വന്ന് കൂടുകയാൽ ആ കൂട്ടുകെട്ടിന് ബലം ഏറി വന്നു. ഇസ്രയേല്യരുടെ ഹൃദയം അബ്ശാലോം അപഹരിച്ചെടുത്തു.

അബ്ശാലോമിന്റെ ഗൂഢപ്രവൃത്തി വെളിപ്പെട്ടതിന് ശേഷമാണ് ദാവീദ് എല്ലാം അറിയുന്നത്. അവന്റെ ജീവിതത്തിൽ ലംഘനം വന്നതിന് ശേഷം പഴയ അഭിഷേകം രാജാവിന്റെ മേൽ ഇല്ലായിരുന്നു. ദാവീദ് ഭയപ്പെട്ട് പോയി. ഉടൻ തന്നെ തന്റെ സകല ഭൃത്യന്മാരോടും നാം എഴുന്നേറ്റ് ഓടിപോക എന്ന് പറഞ്ഞു. അബ്ശാലോം തന്റെ സൈന്യവുമായി നമ്മുടെ നേരെ വന്നാൽ നാമും അനർത്ഥത്തിലാകും. പട്ടണം വാളിന്റെ വായ്ത്തലയാൽ നശിക്കുകയും ചെയ്യും. തുടർന്ന് ദാവീദ് തല മൂടിയും ചെരിപ്പ് ഇടാതെയും നടന്ന് കരഞ്ഞും കൊണ്ട് ഒലിവ് മലയുടെ കയറ്റം കയറി.

അബ്ശാലോം തനിക്കെതിരെ രഹസ്യമായ് ചെയ്ത ചില ഗൂഢനീക്കങ്ങൾ കണ്ട് അബ്ശാലോമിനെതിരെ അതേ രൂപത്തിൽ ദാവീദും ചില ഗൂഢനീക്കങ്ങൾ നടത്തി. അർഖ്യനായ ഹുശായിയോട് ദാവീദ് പറഞ്ഞു നീ പട്ടണത്തിലേക്ക് മടങ്ങിചെന്ന് അബ്ശാലോമിനോട് ഞാൻ നിന്റെ ദാസൻ എന്ന് പറഞ്ഞ് അവന്റെ കൂടെചേരുക. അതുവഴി അഹീഥോഫെലിന്റെ ആലോചനയെ നിനക്ക് വ്യർത്ഥമാക്കുവാൻ കഴിയും. അതും മാത്രമല്ല അവിടെ

കേൾക്കുന്ന വർത്തമാനം ഒക്കെയും രഹസ്യത്തിൽ എന്നെ അറിയിപ്പിൻ.

അബ്ശാലോം തനിക്കെതിരെ പ്രയോഗിച്ച അതേ ശൈലിയിലൂടെ ദാവീദ് അബ്ശാലോമിനെ നേരിടുകയാണ്. ഞാൻ നിന്റെ അപ്പനെ സേവിച്ചത് പോലെ നിന്നേയും സേവിക്കും എന്ന് പറഞ്ഞ് അബ്ശാലോമിന്റെ സന്നിധിയിൽ അർഖ്യനായ ഹുശായി പറ്റിക്കൂടി നിന്നു. അഹീഥോഫെലിന്റെ കുടുംബത്തെ ദാവീദ് അപമാനിച്ച് തകർത്തത് പോലെ ദാവീദിന്റെ കുടുംബത്തെ അപമാനിച്ച് തകർക്കുവാൻ അഹീഫോഫെൽ തീരുമാനിച്ചു. അഹീഥോഫെലിന്റെ കൊച്ചുമകളായ ബേത്-ശബയെ ദാവീദ് തന്റെ സ്വാധീനം ഉപയോഗിച്ച് കൈവശപ്പെടുത്തി. ഊരിയാവെ കൊല്ലിച്ചത് അഹീഥോഫെലിന്റെ മനസിൽ പ്രതികാര ദാഹമായി കിടക്കുകയാണ്. അതിന് വേണ്ടിയാണ് അബ്ശാലോമിന്റെ കൂടെ അവൻ ചേർന്നത്.

അഹീഥോഫെൽ നൽകിയ ആലോചന അനുസരിച്ച് അബ്ശാലോം അവന്റെ അപ്പന്റെ വെപ്പാട്ടികളുടെ അടുക്കൽ ചെന്നു. എല്ലാ യിസ്രയേലും അത് അറിഞ്ഞു. ദാവീദിനെ കൊല്ലുവാൻ വേണ്ടിയുള്ള അഹീഥോഫെലിന്റെ ആലോചനയെ പരാജയപ്പെടുത്തുവാൻ അർഖ്യനായ ഹുശായിയുടെ ആലോചനക്ക് കഴിഞ്ഞു. അതുവഴി ഒരു വലിയ മരണത്തിൽ നിന്ന് രക്ഷപ്പെടുവാൻ ദാവീദിന് കഴിഞ്ഞു. പെട്ടെന്ന് ഉണ്ടായ സംഭവവികാസങ്ങളിലൂടെ രൂപം കൊണ്ട പരിഭ്രമവും ഭയവും മാറി ഒരുയുദ്ധത്തിനായിട്ട് ദാവീദും കൂട്ടരും തയ്യാറെടുക്കുകയാണ്.

തന്റെ സൈന്യത്തെ മൂന്നായി തിരിച്ച് യോവാബിനേയും അബീശായിയേയും ഇത്ഥായിയേയും അവർക്ക് തലവന്മാരാക്കി. ദാവീദിനെ സൈന്യാധിപന്മാരും ജനവും യുദ്ധത്തിന് തങ്ങളുടെ കൂടെ വരുവാൻ സമ്മതിച്ചില്ല. നീ പട്ടണത്തിൽ സുരക്ഷിതമായി ഇരുന്ന് ഞങ്ങൾക്ക് വേണ്ട സഹായങ്ങളും നിർദ്ദേശങ്ങളും നൽകിയാൽ മതി എന്ന് പറഞ്ഞു. ഞങ്ങളിൽ പാതിപേർ പട്ട്പോയാലും ആരും അത് ഗണ്യമാക്കുകയില്ല. നീയോ ഞങ്ങളിൽ പതിനായിരം പേർക്ക് തുല്യൻ എന്ന് അവർ പറഞ്ഞു. ഏത് നേതാവിന് തന്റെ ജനത്തെകൊണ്ട് ഇങ്ങനെ പറയിപ്പിക്കുവാൻ കഴിയും അവനാണ് യഥാർത്ഥ നേതാവ്. ഇലക്ഷൻ തന്ത്രങ്ങളിലൂടെ അധികാരസ്ഥാനങ്ങളിൽ എത്തുന്നവ

രല്ല യഥാർത്ഥ നേതാവ്. അവർക്ക് ജനങ്ങളുടെ മനസ്സ് വായിക്കുവാൻ കഴിയില്ല. അതുകൊണ്ട് തന്നെ ജനത്തെ ചലിപ്പിക്കുവാനും ഊർജ്ജസ്വലരാക്കുവാനും അവർക്ക് കഴിയില്ല.

പക്ഷെ ദാവീദിന്റെ സാന്നിദ്ധ്യം മാത്രം മതിയായിരുന്നു തന്റെ ജനത്തിന് ഊർജ്ജസ്വലത പകരുവാൻ. ദാവീദിന്റെ സൈന്യവും അബ്ശാലോമിന്റെ സൈന്യവും എഫ്രയിം വനത്തിൽ വച്ച് ഏറ്റുമുട്ടി. അബ്ശാലോമിന്റെ കൂടെ വലിയ ഒരു സൈന്യം ഉണ്ടായിരുന്നു. ദാവീദിന്റെ കൂടെ വലിയ ഒരു സൈന്യം ഇല്ലായിരുന്നു. ദാവീദിന്റെ കൂടെയുള്ളവർ സകലതും ഉപേക്ഷിച്ച്, ജീവൻ വരെ ഉപേക്ഷിച്ച് നിൽക്കുന്ന ഒരു കൂട്ടമാണ്. അബ്ശാലോമിന്റെ കൂടെ ഉള്ളത് സ്വാർത്ഥതയും ചില ലാഭ ലക്ഷ്യങ്ങളും ഉള്ള വെറും ഒരു ആൾക്കൂട്ടം മാത്രമാണ്. പടമുറുകി വലിയ ഒരു മഹാസംഹാരം അവിടെ നടന്നു. 2000 പേർ പട്ട് പോയി. അബ്ശാലോം ദാവീദിന്റെ ചേവകർക്ക് എതിർപെട്ടു. അവൻ അവരെ പേടിച്ച് ഓടുമ്പോൾ ഒരു വലിയ കരുവേലകത്തിന്റെ കീഴിൽ അവൻ എത്തി. അവന്റെ തലമുടി കരുവേലകത്തിൽ പിടിപെട്ടു. അവന്റെ കഴുത അവന്റെ പിന്നിൽ നിന്ന് ഓടിപ്പോയി. തന്റെ ജഢത്തിൽ താലോലിച്ച് നിർത്തിയ തലമുടി അവന്റെ നാശത്തിന് കാരണമാകുകയാണ്. കരുവേലകത്തിൽ അവന്റെ മുടി ഉടക്കി അതിൽ തൂങ്ങി നിൽക്കുകയാണ് അബ്ശാലോം.

പടയ്ക്ക് പുറപ്പെടും മുമ്പ് ദാവീദ് പരസ്യമായി പറഞ്ഞിരുന്നു അബ്ശാലോം കുമാരനോട് എന്നെ ഓർത്ത് കനിവോടെ പെരുമാറുവിൻ എന്ന്. പക്ഷെ യോവാബ് തന്റെ കുന്തം ഉപയോഗിച്ച് അബ്ശാലോമിനെ കുത്തി. യോവാബ് ഇങ്ങനെ ചെയ്തതിന് ചില കാരണങ്ങൾ ഉണ്ട്.

അമ്നോനെ കൊലപ്പെടുത്തിയതിന് ശേഷം അബ്ശാലോം യരുശലേം വിട്ട് ഓടിയപ്പോൾ, തിരികെ അബ്ശാലോമിനെ യരുശലേമിലേക്ക് കൊണ്ടുവരുവാൻ പദ്ധതിയിട്ടത് യോവാബാണ്. അതിന് പകരം നന്ദി തിരിച്ച് നൽകാതെ യോവോബിന്റെ യവം വിളഞ്ഞ് നിന്ന നിലത്തെ തീ വച്ച് കളയുകയാണ് അബ്ശാലോം ചെയ്തത്. രാജ്യത്തെ സൈന്യാധിപനോട് ആണ് ഇത് ചെയ്തത് എന്ന് അബ്ശാലോം ചിന്തിച്ചില്ല. അതും മാത്രമല്ല, അബ്ശാ

ലോം ജീവനോടെ ഇരിക്കുന്നത് തുടർച്ചയായ പ്രശ്നങ്ങൾക്ക് കാരണമാകും എന്ന് യോവാബിന് അറിയാം. ദാവീദിന് വേണ്ടി സകലതും പ്ലാൻ ചെയ്ത് പൂർണ്ണസമയം ദാവീദിന് മാത്രമായി നിൽക്കുന്ന യോവാബിന് കൊട്ടാരത്തിലായാലും, വനത്തിലായാലും ദാവീദിനെ സംരക്ഷിക്കുവാൻ വേണ്ടി മാത്രം നിൽക്കുന്ന യോവാബിന് അബ്ശാലോം വെറും എതിരാളി മാത്രമാണ്. ദാവീദ് പറയുന്നത് ശരിയാണെങ്കിൽ മാത്രമേ നല്ല ഒരു യുദ്ധതന്ത്രം ആണെങ്കിൽ മാത്രമേ യോവാബ് അംഗീകരിക്കുകയുള്ളൂ. ഇവർ ഒരു രാജാവും സൈന്യാധിപനും മാത്രമല്ല. ദാവീദിന്റെ സഹോദരിയായ സെരുയയുടെ മൂത്ത പുത്രനും കൂടിയാണ് യോവാബ്. അബീശായി എന്ന അതിശക്തനായ പോരാളി അവന്റെ സഹോദരനാണ്. രാജാവിനെ അനുസരിച്ച് പോന്നതു പോലെ തന്നെ യോവാബിനേയും സൈന്യം അനുസരിച്ച് പോന്നു. കാരണം യുദ്ധക്കളത്തിൽ യോവാബ് അവരുടെ തലവനാണ്. അതുകൊണ്ട് യോവാബിന് സ്വയം തീരുമാനം എടുക്കുവാൻ കഴിയും. ദാവീദിന് അതിന്മേൽ ഒന്നും ചെയ്യുവാൻ കഴിയില്ല. അങ്ങനെ ചെയ്താൽ അവന്റെ ശക്തിയും സൈന്യബലവും ക്ഷയിക്കുകയും പിളരുകയും ചെയ്യും. അതുകൊണ്ട് യോവാബിനെതിരെ ദാവീദ് നിലകൊള്ളുകയില്ല. യോവാബിന്റെ തീരുമാനത്തോട്, പ്രവർത്തിയോട് യോജിക്കുവാൻ കഴിയുകയില്ലെങ്കിലും അത് അംഗീകരിച്ചേ പറ്റൂ. യോവാബിന്റെ ബാല്യക്കാർ അബ്ശാലോമിനെ അടിച്ച് കൊന്നു.

ദാവീദ് രാജാവ് രണ്ട് പടിവാതിലിനും മദ്ധ്യേ ഇരിക്കുകയായിരുന്നു. യുദ്ധവിവരങ്ങൾ അറിയുവാൻ അവൻ ജാഗരൂകനായി ഇരിക്കുകയാണ്. യുദ്ധവിവരവുമായി വന്നവൻ വിളിച്ച് പറയുകയാണ് നിന്നോട് എതിർത്ത എല്ലാവരോടും യഹോവ നിനക്ക് വേണ്ടി പ്രതികാരം ചെയ്തിരിക്കുന്നു. നിനക്ക് ദോഷം നിരൂപിക്കുന്നവരെല്ലാം അബ്ശാലോം രാജകുമാരനെപ്പോലെ ആകട്ടേയെന്ന് പറഞ്ഞു. ദാവീദ് കരയുകയാണ്. മാളികമുറിക്കകത്ത് അവൻ കയറി. അബ്ശാലോമേ എന്റെ മകനേ,എന്റെ മകനേഎന്ന് പറഞ്ഞ് വിലപിക്കുകയാണ്.

രാജാവ് വ്യസനിച്ചിരിക്കുകയാണ് എന്ന് കണ്ട ജനം, പടയിൽ ജയിച്ച് വന്ന ജനം യുദ്ധത്തിൽ തോറ്റിട്ട് നാണംകെട്ട് വരും പോലെ പട്ടണത്തിനക

ത്തേക്ക് ഒളിച്ച് കടന്നു. യോവാബ് രംഗപ്രവേശം ചെയ്യുകയാണ് II Sam:19:5 7. യോവാബിന്റെ വാക്കുകൾക്ക് മുമ്പിൽ തന്റെ ദു:ഖത്തെ കഴുകിക്കളഞ്ഞ് മുറിക്കത്ത് നിന്ന് ഇറങ്ങി. തന്റെ ജനത്തിന്റെ മുമ്പിൽ അവൻ ഇരുന്നു. ജനമെല്ലാം രാജാവിന്റെ ദു:ഖത്തിൽ പങ്ക് ചേർന്നു. അപ്പോൾതന്നെ തങ്ങൾക്ക് നേരിട്ട അനർത്ഥത്തിൽ നിന്ന് രക്ഷപ്പെട്ട സന്തോഷത്തിൽ രാജാവും ജനത്തിന്റെ കൂടെച്ചേർന്ന് നിന്നു. ദാവീദിന്റെ ഉള്ളിൽ ഒരു കരച്ചിൽ ഇപ്പോഴും തങ്ങിനിൽക്കുകയാണ്.

അബ്ശാലോമേ എന്റെ മകനേ, എന്റെ മകനേ തന്റെ അഭിഷിക്തന്മാർ തെറ്റിവീണ് ശാപത്തിലേക്കും നാശത്തിലേക്കും പോകുമ്പോൾ പിതാവായ ദൈവം കരയുന്നത് പോലെ ദാവീദ് കരയുകയാണ്.

അബ്ശാലോമേ എന്റെ മകനേ !!!

## 6. സെരുയയുടെ പുത്രന്മാർ

ദാവീദ് രാജാവ് ദു:ഖിക്കുകയാണ് ഞാൻ രാജാഭിഷേകം പ്രാപിച്ചവൻ എങ്കിലും ഇന്ന് ബലഹീനനാകുന്നു: സെരുയയുടെ പുത്രന്മാരായ ഈ പുരുഷന്മാർ എനിക്ക് ഒതുങ്ങാത്ത കഠിനൻമാരത്രേ II sam:3:39. ആരാകുന്നു സെരുയ? ആരാകുന്നു സെരുയയുടെ പുത്രന്മാർ?

യിശ്ശായി...... ഏഴാമൻ ദാവീദിനെ ജനിപ്പിച്ചു. അവരുടെ സഹോദരിമാർ സെരുയയും അബീഗയിലും ആയിരുന്നു. സെരുയയുടെ പുത്രന്മാർ :അബീശായി, യോവാബ്, അസാഹേൽ: ഇങ്ങനെ മൂന്ന് പേർ I ദിന:2:13-16. സെരുയ ദാവീദിന്റെ സഹോദരിയാണ്. സെരുയപുത്രന്മാർ ദാവീദിന്റെ സഹോദരീ പുത്രന്മാരാണ്. മൂത്തവൻ യോവാബ്, രണ്ടാമൻ അബീശായി മൂന്നാമൻ അസാഹേൽ. ദിനാവൃത്താന്ത പുസ്തകത്തിൽ അബീശായിയുടെ പേരാണ് ആദ്യം കൊടുത്തിരിക്കുന്നത്. കാരണം അബി

ഷിക്ത പ്രമുഖന്മാരിൽ അബീശായിയാണ് എല്ലാവരിലും മുമ്പൻ. ഇവർ മൂവരും അസാമാന്യ യുദ്ധവീരന്മാരായിരുന്നു. ദാവീദിന്റെ വലം കൈയ്യും ഇടം കൈയ്യും ആയിരുന്നു ഇവർ. ഇവർ ഇല്ലായിരുന്നുവെങ്കിൽ ദാവീദ് പൂർണ്ണമായും തളർന്ന് പോകുമായിരുന്നു. ഇവർ മൂവരും യുദ്ധവീരന്മാർ എങ്കിലും വ്യത്യസ്തമായ നിലവാരവും വ്യത്യസ്ത രീതികളും ആണ് ഇവരുടെ ജീവിതത്തിൽ ഉണ്ടായിരുന്നത്. യഹോവയുടെ യുദ്ധവീരന്മാർ ആകുവാൻ ആഗ്രഹിക്കുന്നവർക്ക് ധാരാളം ആലോചന പറയുവാൻ ഇവർക്ക് കഴിയും. അവരിലോരോരുത്തരെ വിലയിരുത്തുകയാണിവിടെ.

അന്ന് യുദ്ധം ഏറ്റവും കഠിനമായി അബ്നേരും ഇസ്രയേല്യരും ദാവീദിന്റെ ചേവകരോട് തോറ്റുപോയി. അവിടെ യോവാബ്, അബീശായി, അസാഹേൽ ഇങ്ങനെ സെരുയയുടെ മൂന്ന് പുത്രന്മാരും ഉണ്ടായിരുന്നു. അസാഹേൽ കാട്ട് കലയെപ്പോലെ ശീഘ്രഗാമി ആയിരുന്നു II ശമു:2:17-19.

അസാഹേൽ സെരുയപുത്രന്മാരിൽ ഏറ്റവും ഇളയവൻ ആയിരുന്നു. കാട്ടിലെ കരടിയെപ്പോലെ ത്വരിതഗതിയിൽ, വേഗത്തിൽ പ്രവർത്തിക്കുന്ന, മുൻപിൻ നോക്കാതെ പ്രവർത്തിക്കുന്ന തനിക്ക് എന്ത് സംഭവിക്കും എന്ന ചിന്തയില്ലാതെ പ്രവർത്തിക്കുന്ന ഒരു ശീഘ്രഗാമിയായിരുന്നു.

അസാഹേൽ അബ്നേരിനെ പിന്തുടർന്ന് പിടിക്കുവാൻ ഒരുമ്പെട്ടു. അവൻ വലത്തോട്ടോ ഇടത്തോട്ടോ മാറാതെ അബ്നേരിനെ പിന്തുടർന്നു. തനിക്ക് എന്ത് സംഭവിക്കും എന്ന ചിന്തയൊന്നും അസാഹേലിനില്ല. ആരെയാണ് താൻ എതിരിടുന്നതൊന്നും അവന് പ്രശ്നമല്ല. ദൈവികനിയോഗം ഉണ്ടോ ഇല്ലയോ എന്നും അവനറിയില്ല. ഒരു എതിരാളിയെ കണ്ടു. അതുകൊണ്ട് അതിനെതിരെ പോരാടുകയാണ്.

അബ്നേരിനെക്കുറിച്ച് അസാഹേലിന് അറിയാം. പക്ഷേ വേണ്ടപോലെ അറിയുന്നില്ല. ആരാണ് അബ്നേർ? ശൗലിന്റെ സൈന്യാധിപനായിരുന്നവൻ. ദാവീദ് വരെ അവനെ ക്കുറിച്ച് പറയുന്നത് ശ്രദ്ധിക്കുക ദാവീദ് അബ്നേരിനോട് പറഞ്ഞത് നീ ഒരു പുരുഷൻ അല്ലയോ: യിസ്രയേലിൽ

നിനക്ക് തുല്യൻ ആര് ഉള്ളൂ II ശമു:26:15. ദാവീദിന്റെ കാലത്ത് തന്നെ അവൻ വീരനും സൈന്യാധിപനും ആയിരുന്നു. വളരെയധികം പരിചയസമ്പന്നൻ. നിരവധി പോരാട്ടങ്ങളിൽ പങ്കെടുത്തവൻ. അതിശക്തനായ ഒരു എതിരാളിയാണ് അബ്നേർ.

അങ്ങനെയുള്ള അബ്നേരിനെയാണ് വളരെ ചെറുപ്പക്കാരനായ, പരിചയസമ്പന്നത കുറഞ്ഞ, വീരനായ അസാഹേൽ നേരിടുന്നത്. അങ്ങനെ ഒരു പോരാട്ടം നേർക്കുനേർ വരികയാണെങ്കിൽ പോരാടാതെ പുറകോട്ട് പോകുവാൻ പറ്റുകയില്ല. പക്ഷെ ആ രൂപത്തിലുള്ള ഒരു പോരാട്ടമല്ല ഇവിടെ. അബ്നേർ ഒഴിഞ്ഞ് മാറിപോകുന്തോറും അസാഹേൽ പിന്തുടർന്ന് പിടിക്കുവാൻ ശ്രമിക്കുകയാണ്.

ദേശാന്ധകാര ശക്തികൾക്കെതിരെയുള്ള പോരുകളോ, വ്യക്തി ജീവിതങ്ങളെ ശത്രു ബന്ധിച്ചിട്ടിരിക്കുന്ന വിഷയങ്ങളിലോ ആയിരിക്കുന്ന സാഹചര്യമണ്ഡലങ്ങളിലോ, നമ്മുടെ മുമ്പിൽ വരുന്ന ദുഷ്ടാത്മ പോരുകളോട് മുൻപിൻ നോക്കാതെ നാം എതിർക്കുവാൻ പാടില്ല. പരിചയസമ്പന്നനല്ലാത്ത ഒരു അഭിഷിക്തൻ തനിക്ക് മുമ്പിൽ വരുന്ന എല്ലാറ്റിനോടും, എത്ര വലിയ പൈശാചിക ശക്തിയാണെങ്കിലും അവൻ പോരാടി തോൽപിക്കുവാൻ ശ്രമിക്കും. പക്ഷെ അത് ബുദ്ധിയല്ല. വ്യക്തി ജീവിതങ്ങളെ കീഴ്പെടുത്തി നിൽക്കുന്ന ഭൂതാത്മ ബന്ധങ്ങൾ നമ്മുടെ മുമ്പിൽ ഇളകിയാടുമ്പോൾ നാം ഓടിച്ചെന്ന് അതിനെതിരെയുള്ള ദൈവികശുശ്രൂഷകളിൽ ഏർപ്പെടരുത്. ആ ഭൂതശക്തിക്കെതിരെ നാം സമീപിക്കുന്നതിന് മുമ്പ് ദൈവത്തോട് ആലോചന ചോദിക്കണം. ഈ ഭൂതാത്മ ശക്തിയുടെ സ്വഭാവം, വലിപ്പം, ആഴത്തിൽ എത്രമാത്രം വേര് ആ ഭൂതത്തിന് ആ വ്യക്തിയിലുണ്ട്. തന്റെ മേൽ പകർന്നിരിക്കുന്ന അഭിഷേക നിലവാരത്തിനും മുകളിൽ നിൽക്കുന്ന പൈശാചികനാണോ എന്ന് ദൈവത്തോട് ആലോചന ചോദിച്ച് ശത്രുവിനെക്കുറിച്ച് ശരിക്കും മനസ്സിലാക്കണം. ശത്രുവിനെ ക്കുറിച്ചുള്ള അറിവ് ലഭിച്ചാൽ തന്നെ പോരാട്ടത്തിൽ നാം പകുതി വിജയിച്ച് കഴിഞ്ഞു.

തുടർന്ന് ആ ഭൂതശക്തിക്കെതിരെ എനിക്ക് ശുശ്രൂഷയുണ്ടോ ഉണ്ടെങ്കിൽ ഏത് വിധത്തിൽ? ഏത് രൂപത്തിൽ? ആരെയെങ്കിലും കൂടെ കൂട്ട

ണമോ? ആ ശുശ്രൂഷക്ക് മുമ്പായി എന്തെല്ലാം ക്രമീകരിക്കണം എന്നുള്ളത് ദൈവത്തോട് ചോദിക്കണം. ശുശ്രൂഷ ഇല്ല എന്ന് ദൈവം പറഞ്ഞാൽ ആ ഭൂതശക്തിയെ ശാസിച്ച് അമർത്തി ശാന്തനാക്കി വിടണം. അതല്ല ശുശ്രൂഷ ഉണ്ട് എന്ന് ദൈവം പറഞ്ഞാൽ ദൈവീകക്രമത്തിന്റെ കീഴിൽ ഒരു പ്രത്യേക സംരക്ഷണവലയം തനിക്കും തന്നോട് ബന്ധപ്പെട്ട് നിൽക്കുന്നവർക്കും ഇടയിൽ ഉണ്ടാക്കി പ്രതിരോധ സംരക്ഷണവലയം ശക്തമായി എന്ന് കണ്ടാൽ ആക്രമണത്തിന് തയ്യാറെടുക്കാം. ആ പൈശാചികശക്തിക്കെതിരെ, പരിശുദ്ധാത്മശക്തി പ്രാപിച്ച് വചനമെന്ന വാൾ ഉപയോഗിച്ച് യുദ്ധം ആരംഭിക്കാം. ജയം നിശ്ചയം. പൈശാചികശക്തികൾക്കെതിരെയുള്ള പോരാട്ടത്തിൽ ജഢബലം ഗുണത്തേക്കാൾ ഏറെ ദോഷം ആണ് ഉണ്ടാക്കുക. വേഗത്തിൽ പൈശാചികശക്തികളുടെ അടുത്തേക്ക് ചെല്ലരുത്.

ഒരു ഉദാഹരണം എഴുതാം. പരിചയസമ്പന്നത ഇല്ലാത്ത ചെറിയ ചില അഭിഷിക്തന്മാർ ഒരുമിച്ച് ഒരു സ്ഥലത്ത് ഇരുന്ന് ആരാധിക്കുകയാണ്. ഉപവാസത്തിലാണ് അവർ. ആരാധന ശക്തിയായപ്പോൾ ഒരു വ്യക്തിയുടെ മേൽ ഉള്ള ഭൂതത്തിന് അവിടെ ഇരിക്കുവാൻ കഴിയാതെയായി. അത് വെളിപ്പെട്ടു. ഭൂതത്തിന്റെ സ്വഭാവം ആ വ്യക്തി കാണിച്ച് തുടങ്ങി. കൈപ്പത്തി സർപ്പത്തിന്റെ പത്തിപോലെയാക്കി അത് അങ്ങനെ ചീറി നിൽക്കുകയാണ്. അടുത്തേക്ക് ചെല്ലുവാൻ ആരേയും സമ്മതിക്കുന്നില്ല. ഈ രണ്ട് മൂന്ന് ചെറുപ്പക്കാർ അതിന്റെ അടുത്തേക്ക് നീങ്ങി. ആ ഭൂതത്തിനെതിരെ ശുശ്രൂഷ ചെയ്യുവാൻ ശ്രമിക്കുകയാണ്. ഭൂതത്തിന്റെ ശിരസ്സിൽ കൈ വച്ച് അതിനെ അഴിച്ച് കളയുവാനാണ് ശ്രമിക്കുന്നത്. അതിനായി ബലമുപയോഗിച്ച് ശിരസിൽ കൈ വക്കുവാൻ അവർ ശ്രമിക്കുകയാണ്. ജഢബലം ആ ചെറിയ അഭിഷിക്തന്മാർ പ്രയോഗിക്കുകയാണ്. ആ ഭൂതം അവരിലൊരുവനെ എടുത്ത് ഭിത്തിയിലേക്ക് ഒരു ഒറ്റ ഏറ്. അവന്റെ സർവ്വ നാഡിഞരമ്പുകളും തളർന്ന് പോയിക്കാണും. അവൻ ശുശ്രൂഷ അവസാനിപ്പിച്ചു. ദൈവം വിശ്വസ്തനും കരുണാമയനും ആയത് കൊണ്ട് അവന്റെ ജഢത്തിന്മേൽ അൽപം വേദന ഉണ്ടാക്കുവാനേ ദൈവം അനുവദിച്ചുള്ളൂ. അവന്റെ ഭാഗത്ത് വചനവിരുദ്ധമായ എന്തെങ്കിലും പ്രശ്നം ഉണ്ടായിരുന്നെങ്കിൽ അവന്റെ ജീവിതത്തിൽ ഭൂതശക്തി സ്വാധീനം ചെലുത്തുമായിരുന്നു.

ഭൂതശാന്തി ശുശ്രൂഷ ചെയ്ത് ഭൂതത്തിന് കീഴ്പ്പെട്ട് പോയവരേയും, വ്യവസ്ഥക്ക് വിരുദ്ധമായി, ദൈവികക്രമത്തിലല്ലാതെ ശുശ്രൂഷ ചെയ്ത് ജഢത്തിൽ അടി വാങ്ങിയവരേയും എനിക്ക് അറിയാം. എന്താണ് ദൈവികവ്യവസ്ഥ? എന്താണ് ദൈവികക്രമം എന്ന് ചോദിക്കുന്നുവെങ്കിൽ അത് അറിഞ്ഞതിന് ശേഷം മതി ഈ രൂപത്തിലുള്ള ശുശ്രൂഷകൾ. പരിചയസമ്പന്നത വളരെ പ്രാധാന്യമേറിയതാണ്. അഭിഷേകം പ്രാധാന്യം ഉള്ളതാണ്. ദൈവികനിയോഗം പ്രാധാന്യമുള്ളതാണ്.

ഇവിടെ അസാഹേലും അബ്നേരും തമ്മിലുള്ള മാനുഷികപോരാട്ടമാണ് നടക്കുന്നത്. എങ്കിലും ഇതിലൂടെ പൈശാചികശക്തികൾക്കെതിരെയുള്ള പോരാട്ടത്തിന് ആവശ്യമായ ആലോചനകൾ ഉണ്ട്. അബ്നേർ പിറകോട്ട് നോക്കി നീ അസാഹേലോ എന്ന് ചോദിച്ചതിന് അതേ എന്ന് മറുപടി പറഞ്ഞു. നീ വലത്തോട്ടോ, ഇടത്തോട്ടോ മാറിപ്പോകുക എന്ന് അബ്നേർ പറഞ്ഞെങ്കിലും അസാഹേൽ പിന്മാറിയില്ല. പിന്നേയും അബ്നേർ പറയുകയാണ് എന്നെ വിട്ട് മാറിപോകുക ഞാൻ നിന്നെ വെട്ടിവീഴിക്കുന്നത് എന്തിന്? പിന്നെ നിന്റെ സഹോദരനായ യോവാബിന്റെ മുഖത്ത് ഞാൻ എങ്ങനെ നോക്കും. പിന്നേയും അസാഹേൽ വിട്ട് മാറാത്തതിനാൽ അബ്നേർ കുന്തം കൊണ്ട് അവനെ കുത്തി. അസാഹേൽ അവിടെ വീണ് മരിച്ചു.

നിരവധി സമയം അബ്നേർ അസാഹേലിന് കൊടുത്തു. പക്ഷെ അസാഹേൽ വിട്ട് മാറിയില്ല. അത് അവന്റെ നാശത്തിനും തന്റെ സഹോദരന്മാരുടെ ദു:ഖത്തിനും കാരണമായി. പരിചയസമ്പന്നത കുറഞ്ഞ അഭിഷിക്തന്മാർ തങ്ങളുടെ തീവ്രതയിൽ വെല്ല് വിളിക്കുന്നത് ദോഷമായി മാറാം. അറിവില്ലാത്ത മേഖലയെക്കുറിച്ച് അറിവില്ല എന്ന് തന്നെ പറയണം. അൽപം അറിഞ്ഞതിന് ശേഷം സകലതും അറിഞ്ഞമാതിരി പ്രവർത്തിക്കുവാനും സംസാരിക്കുവാനും പാടില്ല. എന്നാൽ ശുശ്രൂഷയുടെ ആരംഭകാലഘട്ടങ്ങളിൽ ചെറിയ വീഴ്ചകളും അടിയും ശത്രുവിന്റെ ഭാഗത്ത് നിന്ന് ലഭിക്കാം. പക്ഷെ അത് പരിജ്ഞാനത്തോടെ വിവേചിച്ച് പരിചയസമ്പന്നതയിലേക്ക് നീങ്ങുവാനായിട്ട് ഉപയോഗിക്കണം.

ഒരു വ്യക്തിയുടെ ശിരസിന്മേൽ കൈവെക്കുക എന്നത് ഒരു വലിയ ശുശ്രൂഷയാണ്. ഒരു വ്യക്തിയുടെ ശിരസിൽ കൈ വച്ച് ജഢ ബലത്തിൽ പ്രാർത്ഥിക്കരുത്. അത് ആ വ്യക്തിയോട് ചെയ്യുന്ന ദോഷമാണ്. ജഢപാപങ്ങളും ജഢികബലഹീനതകളും പകരപ്പെട്ട് ദോഷം വിതക്കുന്നു. അതും മാത്രമല്ല അൽപം എങ്കിലും അഭിഷേകം ഉള്ളവർ അൽപമെങ്കിലും വിടുതൽ അഭിഷേകത്തിലൂടെ വെളിപ്പെടുന്നവർ ആരുടേയും തലയിൽ വേഗത്തിൽ കൈ വയ്ക്കരുത്. അഭിഷേകം ഇല്ലാത്ത വ്യക്തിയാണോ? ഏത് കൊടും ഭൂതത്തിന്റെ ശിരസിൻമേലും കൈവച്ച് കൊള്ളുക. ഒരുദോഷവും ഉണ്ടാകുകയില്ല. പക്ഷെ അഭിഷേകമുള്ള വ്യക്തിയാണോ ആരുടേയും ദേഹത്ത് വേഗത്തിൽ കൈ വെയ്ക്കരുത്.

ചിലർ പറയാറുണ്ട് ഏത് കൊടും ഭൂതത്തിന്റെ ശിരസിലും ഞാൻ കൈ വയ്ക്കാറുണ്ട്. എനിക്ക് ഒരു പ്രശ്നമില്ല എന്ന്. ആദ്യം ആ വ്യക്തിയോട് ചോദിക്കേണ്ടത് എന്തെങ്കിലും വിടുതൽ അവിടെ വെളിപ്പെടുമോ എന്നാണ്. ഒരു അനക്കം പോലും ഉണ്ടായിക്കാണില്ല. അഭിഷേകം ഇല്ലാത്ത ഒരു വ്യക്തി ആരുടേയും തലയിൽ കൈ വയ്ക്കുകയോ വയ്ക്കാതിരിക്കുകയോ ചെയ്യട്ടേ. എനിക്ക് അവരോട് ഒന്നും പറയാനില്ല. എന്നാൽ അഭിഷേകം ഉണ്ടെങ്കിൽ വേഗത്തിൽ ഒരുവന്റേയും ശിരസിൽ കൈ വയ്ക്കരുത്.

അബീശായിയെപ്പോലെ ഒരു വീരനായിത്തീരേണ്ടുന്ന ഒരു വ്യക്തിയായിരുന്നു അസാഹേൽ. പക്ഷെ ദൈവികശുശ്രൂഷയിൽ നിന്ന് വേഗത്തിൽ അവൻ നീക്കം ചെയ്യപ്പെട്ടു. അനുഭവമാണ് ഒരുവനെ പഠിപ്പിക്കുന്നത്. മറ്റുള്ളവരുടെ അനുഭവങ്ങളെ ക്കൂടി ആധാരമാക്കി പഠിക്കണം. സ്വന്തം അനുഭവത്തെ മാത്രം നോക്കി പഠിച്ചാൽ പോര.

രാജസിംഹാസനത്തിൽ എത്തുന്നത് വരെ ദാവീദായിരുന്നു യുദ്ധങ്ങൾ നേരിട്ട് നടത്തിയിരുന്നത്. അവൻ അതിപ്രാഗൽഭ്യം അതിൽ കാണിച്ചു. എന്നാൽ സിംഹാസനത്തിൽ എത്തിയ ശേഷം യുദ്ധക്കളത്തിലെ നേതൃത്വം അവൻ യോവാബിന് കൈമാറി. ദാവീദിനെപ്പോലെ തന്നെ

യോവാബും യുദ്ധവീരനും പരിചയസമ്പന്നനും ആയിരുന്നു. യുദ്ധമുന്നണിയിൽ തീരുമാനങ്ങൾ സ്വയമായി എടുക്കുവാൻ ശേഷി ഉള്ളവനായിരുന്നു യോവാബ്.

തന്റെ മുമ്പിലും പിമ്പിലും പട നിരന്നിരിക്കുന്നു എന്ന് കണ്ടപ്പോൾ സകല വീരന്മാരിലും ഒരു കൂട്ടത്തെ തെരഞ്ഞെടുത്ത് അരാമ്യരുടെ നേരെ അണിനിരത്തി. ശേഷം പടജനത്തെ അബീശായിയുടെ നേതൃത്വത്തിൽ അമ്മോന്യർക്കെതിരെ അണി നിരത്തി. യുദ്ധം ആരംഭിക്കുമ്പോൾ ഇങ്ങനെ ഒരു തീരുമാനം ഇല്ലായിരുന്നു. ഇങ്ങനെ ഒരു തീരുമാനം യുദ്ധക്കളത്തിൽ വച്ച് ഉടൻ എടുക്കുകയായിരുന്നു. ഇതിനായി ദാവീദിന്റെ അടുക്കൽ യോവാബ് ഓടിപ്പോയില്ല. അങ്ങനെ ചെയ്തിരുന്നുവെങ്കിൽ പടയിൽ പരാജയം ഉറപ്പായിരുന്നു.

യോവാബ് തീരുമാനങ്ങൾ എടുക്കുന്നത് തനിക്ക് വേണ്ടിയായിരുന്നില്ല. തന്റെ സ്ഥാനം ഉറപ്പിക്കുവാനും തനിക്ക് ദോഷം ഉണ്ടാകാതെ നോക്കുവാനും വേണ്ടി ഒന്നും അല്ല അവൻ തീരുമാനം എടുക്കുന്നത്. അവന്റെ തീരുമാനങ്ങളിൽ സ്വാർത്ഥത ഇല്ലായിരുന്നു. അതാണ് ഓരോതീരുമാനങ്ങളും ശരിയായത്. യോവാബ് പറയുന്നത് എന്തായാലും ദാവീദ് അതിന് വളരെ പ്രാധാന്യം കൊടുത്തിരുന്നു. ഒരിക്കൽ യോവാബ് അമ്മോന്യരുടെ നഗരം പിടിച്ചു. ഉടൻ ദാവീദിന് അവൻ ആളയച്ചു താൻ നഗരം പിടിച്ചെടുത്തിരിക്കുന്നു. ആകയാൽ ഞാൻ നഗരം പിടിച്ചിട്ട് കീർത്തി എനിക്കാകാതെ ഇരിക്കേണ്ടതിന് നീ ശേഷം ജനത്തെ ഒരുമിച്ച് കൂട്ടി നഗരത്തിൽ പ്രവേശിക്കുക II ശമു:12:26-29.

യോവാബിന്റെ ആധികാരികതക്ക് ഭയങ്കര പ്രാധാന്യം ഉണ്ട്. രാജാവിനോട് അധികാര സ്വരത്തിലാണ് അവൻ സംസാരിക്കുന്നത്. രാജാവ് അതിന് കീഴ്പ്പെട്ടു. രാജാവാണെങ്കിലും കീഴ്പ്പെടാതെ നിവൃത്തിയില്ല. അത്രക്ക് ആധികാരികമായ അറിയിപ്പായിരുന്നു അത്. ആകയാൽ ഇപ്പോൾ എഴുന്നേറ്റ് പുറത്ത് വന്ന് നിന്റെ ഭൃത്യന്മാരോട് സന്തോഷമായി സംസാരിക്കുക, നീ പുറത്ത് വരാത്തപക്ഷം യഹോവയാണെ ഈ രാത്രി ആരും നിന്നോട്

കൂടെ താമസിക്കുകയില്ല, അത് നിന്റെ ബാല്യം മുതൽ ഇതുവരെ നിനക്ക് ഭവിച്ചിട്ടുള്ള സകല അനർത്ഥങ്ങളേക്കാളും വലിയ അനർത്ഥമായിരിക്കും II Sam:19:7.

രാജാവ് എഴുന്നേറ്റ് പടിവാതിൽക്കൽ ചെന്നിരുന്നു. യോവാബ് പറയുന്ന ഒന്ന് രണ്ട് വാക്കുകൾ ശ്രദ്ധിക്കുക നിന്റെ ബാല്യം മുതൽ ഇതു വരെ നിനക്ക് ഭവിച്ചിട്ടുള്ള അനർത്ഥം ദാവീദിന്റെ ബാല്യം മുതൽ യോവാബ് അവന്റെ കൂടെ ഉണ്ട്. അവൻ രാജാവാകുന്നതിന് മുമ്പ് ആട്ടിടയനായിരുന്ന സമയത്തും യോവാബ് അവന്റെ കൂടെ ഉണ്ടായിരുന്നു. ദാവീദിന്റെ സഹോ ദരിയുടെ പുത്രനായിരുന്നുവല്ലോ യോവാബ്. എന്നാൽ കാലം ചെല്ലുന്തോറും യോവാബ് ദാവീദിനെ അനുസരിക്കുന്നതിൽ വീഴ്ച വരുത്തി. ദാവീദിന്റെ അനുവാദം ഇല്ലാതെ തന്നെ ചില തീരുമാനങ്ങൾ എടുത്ത് നടപ്പിലാക്കി. യോവാബിനോട് ഒരു വാക്ക് തിരിച്ച് പറയുവാൻ ദാവീദിന് കഴിഞ്ഞില്ല. യോവാബിന് അത്രയ്ക്ക് സ്വാധീനം അവിടെയുണ്ടായിരുന്നു. യോവാബിന്റെ സഹോദരൻ അബീശായിക്കും നല്ലസ്വാധീനം രാജഭരണത്തിൽ ഉണ്ടായിരു ന്നു. അവരെ ശിക്ഷിക്കുക എന്ന് വച്ചാൽ തന്റെ ശക്തിയെ പിളർത്തുക എന്നാണ് അതിനർത്ഥം. ദാവീദ് ഒരിക്കലും അത് ചെയ്യുകയില്ല. എങ്കിലും തന്റെ ഉള്ളിൽ അവരുടെ ആ അനുസരണക്കേട് ദാവീദ് സൂക്ഷിച്ചിരുന്നു. ദാവീദ് ശാലോമോനോട് പറയുകയാണ് സെരുയയുടെ മകൻ യോവാബ് എന്നോട് ചെയ്തത്, യിസ്രയേലിന്റെ സേനാധിപന്മാരായ നേരിന്റെ മകൻ അബ്നേരിനോടും യേഥേരിന്റെ മകൻ അമാസയോടും ചെയ്തത് നീയും അറി യുന്നുവല്ലോ. യോവാബ് അവരെ കൊന്ന് സമാധാന സമയത്ത് യുദ്ധരക്തം ചൊരിഞ്ഞു യുദ്ധരക്തം അരക്കച്ചയിലും കാലിലെ ചെരിപ്പിലും ആക്കി I King:2:5.

യോവാബിന്മേൽ ധാരാളം ഗുണങ്ങൾ ഉണ്ടായിരുന്നു. പക്ഷെ അവ സാന നാളുകളിൽ അൽപം ചില താൻപ്രമാണിത്ത സ്വഭാവം യോവാബ് വെളിപ്പെടുത്തി. ചില യഹോവ വീരന്മാർക്ക് ഇങ്ങനെ സംഭവിക്കാറുണ്ട്. ദാവീദിന്റെ ഹിതം മനസ്സിലാക്കാതെ യഹോവയുടെ ആലോചന ഗ്രഹിക്കാതെ അദോനിയാവ് രാജകുമാരനെ അവൻ പിന്തുണച്ചു. തന്റെ സൈന്യാധിപ

സ്ഥാനം അവൻ അതിനായി ഉപയോഗിച്ചു. അത് യോവാബിന് നാശത്തിന് കാരണമായി. ദാവീദിന്റെ അനുവാദത്താൽ രാജാവായ ശാലോമോൻ നൽകിയ കൽപന അനുസരിച്ച് യെഹോയാദായുടെ മകനായ ബെനെയാവ് യോവാബിനെ വെട്ടികൊന്നു. അങ്ങനെ അബ്നേരിന്റേയും അമാസയുടേയും രക്തം അവന്റെ മേൽ വന്നു. അബ്നേരും അമാസയും ഇസ്രയേലിന്റെ സൈന്യാധിപരായിരുന്നു. യോവാബും ഇസ്രയേലിന്റെ സൈന്യാധിപനായിരുന്നു. ഏറ്റവും ശക്തനും നിരവധി ഗുണങ്ങൾ മാത്രം കാണുവാൻ കഴിയുന്നവനുമായ ഒരു യോദ്ധാവിനെ നമുക്ക് മൂന്നാമതായി പരിശോധിക്കാം. അവനാകുന്നു അബീശായി.

ശൗലും അവന്റെ പടജനവും ദാവീദിനെ വേട്ടയാടിപിടിക്കുവാൻ ശ്രമിക്കുന്ന നാളുകളിൽ മരുഭൂമിക്കരികെ ഹഖീലാ കുന്നിൽ പെരുവഴിക്കരികെ പാളയം ഇറങ്ങി. മൂവായിരം പടജനം അവരോട് കൂടെ ഉണ്ടായിരുന്നു. ശൗൽ പാളയം ഇറങ്ങിയ സ്ഥലം ദാവീദ് പരിശോധിച്ചു. ഒരു പ്രത്യേക രൂപത്തിലുള്ള ഒരു യുദ്ധം ദാവീദ് പ്ലാൻ ചെയ്തു. ഇതുപോലൊരു യുദ്ധം മറ്റാർക്കും കഴിയില്ല. അത്രക്ക് ആഴത്തിലുള്ള ഒരു ഒറ്റയാൻ പട്ടാളയുദ്ധം ആയിരുന്നു അത്. ദാവീദ് തന്റെ പാളയത്തിനകത്ത് ആ യുദ്ധത്തെക്കുറിച്ച് പറയുകയാണ്. പാളയത്തിൽ ശൗലിന്റെ അടുക്കലേക്ക് ആർ എന്നോട് കൂടെ പോരും. അത് വലിയ ഒരു വെല്ലുവിളിയായിരുന്നു. സിംഹങ്ങൾ താമസിക്കുന്ന സിംഹഗുഹക്കകത്തേക്ക് എന്റെ കൂടെ ആർ വരും എന്ന സ്വഭാവത്തിലുള്ള ഒരു വെല്ലുവിളിയായിരുന്നു. അബീശായി പറയുകയാണ് ഞാൻ നിന്നോട് കൂടെ പോരും
I ശമു:26:6.

ദാവീദും അബീശായിയും രാത്രിയിൽ പടജനത്തിന്റെ അടുക്കൽ ചെന്നു. ഗോലിയാത്തിന്റെ അടുക്കൽ ധൈര്യപൂർവ്വം ഒറ്റക്ക് ചെന്ന അനുഭവം ദാവീദിനുണ്ട്. അത്രമാത്രം ഉയർന്ന ഒരു അഭിഷേകം ദാവീദിന്റെ മേൽ ഉണ്ട്. അതിശക്തമായ ദൈവീകമായ ചില ശുശ്രൂഷകളിൽ ശത്രുവിനോട് മുഖത്തോട് മുഖം പോരാടുന്ന ചില പോരാട്ട ശുശ്രൂഷകളിൽ ഒരു അഭിഷിക്തൻ തന്നെപ്പോലെ തന്നെ അഭിഷേകവും ആത്മീക നിലവാരവും ഉള്ള

ഒരുവനെ മാത്രമേ കൂട്ട് പിടിക്കുകയുള്ളൂ. ദാവീദിന്റെ മേൽ ഉണ്ടായിരുന്ന അഭിഷേകത്തിന്റെ അതേ അളവ് അബീശായിയുടെ മേൽ ഉണ്ടായിരുന്നു.

ശൗലിന്റെ മേലും പടജനത്തിൻ മേലും യഹോവയാൽ ഒരു ഗാഢ നിദ്ര വീണിരുന്നു. ശൗലിന്റെ തലക്കൽ നിന്ന് കുന്തവും അവന്റെ ജലപാത്രവും എടുത്ത് അവർ തിരികെപോന്നു. ഇത് എന്ത് യുദ്ധമാണ് എന്ന് ചിലർ ചോദിക്കും. അതിന് ഉത്തരം ഉണ്ട്. ഒരു സ്ത്രീ ദാവീദിനെ ക്കുറിച്ച് പറയുകയാണ് യഹോവയുടെ യുദ്ധങ്ങളെയല്ലോ യജമാനൻ നടത്തുന്നത് I Sam:25:28. യഹോവയുടെ യുദ്ധമാണ് നടത്തുന്നത്. യഹോവയുടെ യുദ്ധം എങ്ങനെയാണ്? പ്രഭാതയാമത്തിൽ യഹോവ അഗ്നി മേഘസ്തംഭത്തിൽ നിന്ന് മിസ്രയീമ്യസൈന്യത്തെ ഒന്ന് നോക്കി മിസ്രയീം സൈന്യത്തെ താറുമാറാക്കിപുറ:14:24. വാൾ കൊണ്ടും കുന്തം കൊണ്ടും അല്ല യഹോവ യുദ്ധം ചെയ്യുന്നത് എന്ന് ഇതിലൂടെ മനസ്സിലാക്കുവാൻ കഴിയും. യഹോവയുടെ യുദ്ധരീതി വേറെയാണ്. ദൈവത്തിന്റെ യുദ്ധത്തിന് ജഢബലം വേണ്ട. ജഢികബലം ഉണ്ടായിരുന്ന യൗവ്വനക്കാരനായ മോശയെ 40 വർഷം യിത്രോവിന്റെ ആടുകളെ മേയിഷിച്ച് അവന്റെ ജഢബലം ഇല്ലാതാക്കിയതിന് ശേഷമാണ് മോശയെ ദൈവം ഉപയോഗിച്ചത്.

എന്റെ ശുശ്രൂഷയുടെ ആരംഭത്തിൽ ശത്രുവിനെതിരെ ദൈവത്തോട് ഞാൻ ആയുധം ചോദിച്ചു. തുടർച്ചയായി അത് തുടർന്നു. ദൈവം എന്നോട് ഇടപെട്ടു. ആയുധം നീയാണ് ഞാൻ എങ്ങനെ ആയുധമാകും. അഷോൾ കർത്താവ് എന്നോട് ഇടപെട്ടു. വചനമാണ് ആയുധം. പരിശുദ്ധാത്മാവാണ് അതിന്റെ ശക്തി. ഇത് ഒരുമിച്ച് ഒരു വ്യക്തിയിൽ വിലയം പ്രാപിക്കുമ്പോൾ ദൈവത്തിന്റെ ആയുധമായിത്തീരുന്നു. ദൈവം പിന്നേയും ഇടപെട്ടു. വചനം ജഢമായിത്തീർന്നു, കൃപയും സത്യവും നിറഞ്ഞവനായി നമ്മുടെ ഇടയിൽ പാർത്തു യോഹ:1:14. പിന്നീട് പരിശുദ്ധാത്മാവ് ദേഹരൂപത്തിൽ പ്രാവ് പോലെ അവന്റെ മേൽ ഇറങ്ങിവന്നു ലൂക്കോ:3:21. വചനവും പരിശുദ്ധാത്മാവും കർത്താവായ യേശുക്രിസ്തുവിൽ സമ്മേളിച്ചു. പിശാചിനെതിരെ ഏറ്റവും വലിയ ഒരു ആയുധമായിത്തീർന്നു. പിശാചിന്റെ തലയെ തകർക്കുവാൻ, അവന്റെ പ്രവർത്തികളെ അഴിച്ച് കളയുവാൻ മനുഷ്യപുത്രൻ വന്നു.

നീ എന്റെ വെൺമഴുവും യുദ്ധത്തിനുള്ള ആയുധങ്ങളും ആകുന്നു, ഞാൻ നിന്നെ കൊണ്ട് ജാതികളെ തകർക്കുകയും നിന്നെ കൊണ്ട് രാജ്യങ്ങളെ നശിപ്പിക്കുകയും ചെയ്യും, നിന്നെ കൊണ്ട് രഥത്തേയും അതിൽ ഇരിക്കുന്നവരേയും തകർക്കും യിരെ:51:20. ദാവീദും അബീശായിയും ജലപാത്രവും കുന്തവും അവരുടെ മദ്ധ്യേ നിന്ന് എടുത്ത് കൊണ്ട് വന്നത് അവരെ മുഴുവൻ പരിഭ്രമിപ്പിച്ചു. ശൗലും മൂവായിരം സൈന്യവും രണ്ട് പേരുടെ മുമ്പിൽ വിറച്ച് പോയി. ശൗൽ പറയുകയാണ് എന്റെ ജീവൻ നിനക്ക് വിലയേറിയതായി തോന്നിയത് കൊണ്ട് ഞാൻ നിനക്ക് ഇനി ദോഷം ചെയ്യുകയില്ല, ഞാൻ ഭോഷത്വം പ്രവർത്തിച്ച് അത്യന്തം തെറ്റിപ്പോയിരിക്കുന്നു എന്ന് പറഞ്ഞു I ശമു:20:21.

ശിമയി ശപിച്ച്കൊണ്ട് ദാവീദിനെ സമീപിച്ചപ്പോൾ അബീശായി പറയുകയാണ് ഇ ൗ ചത്തനായി എന്റെ യജമാനനായ രാജാവിനെ ശപിക്കുന്നത് എന്ത്? ഞാൻ ചെന്ന് അവന്റെ തല വെട്ടിക്കളയട്ടേ എന്ന്. ദാവീദിന് വേണ്ടി എപ്പോഴും അവന്റെ ഹൃദയം തുടിച്ച് കൊണ്ടിരുന്നു. ദാവീദിന്റെ ഹൃദയതുടിപ്പ് പോലും അബീശായിക്ക് വലുതായിരുന്നു. ഒരിക്കൽ ദാവീദ് ബേത്ത്ലേഹേം പട്ടണവാതിൽക്കലെ കിണറ്റിൽ നിന്ന് കുടിപ്പാൻ എനിക്ക് ആർകൊണ്ട് വന്ന് തരും II ശമു: 23:15. ചോദ്യം കേട്ടാൽ നിസാരമാണ്. പക്ഷെദാവീദ് ദുർഗ്ഗത്തിൽ ആയിരുന്നു. ഫെലിസ്ത്യർക്ക് അക്കാലത്ത് ബേത്ത്ലേഹേം പട്ടണത്തിൽ ഒരു കാവൽ പട്ടാളം ഉണ്ടായിരുന്നു II ശമു:23:14. ഫെലിസ്ത്യകാവൽ പട്ടാളത്തിന്റെ നടുവിൽ ചെന്ന് ആ കിണറ്റിൽ നിന്ന് വെള്ളം ആർ കൊണ്ട് വരും എന്നാണ് ദാവീദ് ചോദിച്ചത്. മൂന്ന് വീരന്മാർ വെള്ളംകോരി ദാവീദിന്റെ അടുക്കൽ കൊണ്ട് വന്നു. അവനോ അത് കുടിപ്പാൻ മനസായില്ല. അത് യഹോവക്ക് നിവേദിച്ചശേഷം യഹോവയോട് പ്രാർത്ഥിക്കുകയാണ് യഹോവേ തങ്ങളുടെ പ്രാണനെ ഉപേക്ഷിച്ച് പോയ ഈ പുരുഷന്മാരുടെ രക്തം ഞാൻ കുടിക്കുകയോ, ഇത് ചെയ്വാൻ എനിക്ക് സംഗതി വരരുതേ യോവാബിന്റെ സഹോദരനും സെരുയയുടെ മകനുമായ അബീശായി ഈ മൂന്ന് പേരിൽ തലവനായിരുന്നു. ദാവീദിന്റെ കാലത്ത് ധീരത കാണിച്ചവരിൽ മുമ്പനായിരുന്നു അബീശായി.

ഫെലിസ്ത്യർക്ക് ഇസ്രയേലിനോട് വീണ്ടും യുദ്ധം ഉണ്ടായി. ദാവീദ് തന്റെ ഭൃത്യന്മാരുമായി ചെന്ന് പടയേറ്റു. ദാവീദ് തളർന്ന് പോയി. അപ്പോൾ മുന്നൂറ് ശേക്കൽ തൂക്കമുള്ള താമ്രശൂലം ധരിച്ചവനും പുതിയ വാൾ അരക്ക് കെട്ടിയവനുമായി രാഫാമക്കളിൽ യിശ്ബി ബെനോബ് എന്നൊരുവൻ ദാവീദിനെ കൊല്ലുവാൻ ഭാവിച്ചു. എന്നാൽ സെരുയയുടെ മകനായ അബീശായി അവന് തുണയായി വന്ന് ഫെലിസ്ത്യനെ വെട്ടികൊന്നു II Sam:21:157.

ദാവീദ് യുദ്ധത്തിൽ തളർന്ന് മരണത്തെ നേരിടുന്ന സന്ദർഭമെത്തി. കൊല്ലപ്പെട്ടുപോയി എന്ന് തന്നെ പറയാവുന്ന സാഹചര്യം. വലിയ ശക്തനായ ഒരു ഫെലിസ്ത്യ മല്ലനാണ് അവനെ സമീപിച്ചത്. എന്നാൽ അബീശായി ദാവീദിന്റെ സംരക്ഷകനായി രംഗത്ത് വരികയാണ്. ദാവീദിന്റെ എല്ലാ നിർണ്ണായക സമയങ്ങളിലും അബീശായിയുടെ സാന്നിദ്ധ്യം അവന് രക്ഷ നൽകി. യുദ്ധവീരന്മാരിൽ പ്രമുഖനായ അബീശായി എപ്പോഴും ദാവീദിന് കീഴ്പ്പെട്ട് നിന്നു. ദാവീദ് പറയുന്നത് എല്ലാം അവന് വേദവാക്യം ആയിരുന്നു. അവൻ അനുസരിച്ചു. അസാഹേലിന്റെ എടുത്ത് ചാട്ടവും യോവാബിന്റെ ധിക്കാരവും അവന് ഇല്ലായിരുന്നു. ഇവരാകുന്നു സെരുയായുടെ മൂന്ന് വീരന്മാരായ പുത്രന്മാർ.

## 7. സ്തെഫാനോസിന്റെ നിയോഗം

കർത്താവിന്റെ കഷ്ടതയിൽ പങ്കാളികളാകുന്തോറും സന്തോഷിക്കുന്നവരായിരുന്നു അപ്പോസ്തലന്മാർ. പള്ളിപ്രമാണിമാർ അപ്പോസ്തലന്മാരെ വരുത്തി അടിപ്പിച്ചു. തിരുനാമത്തിന് വേണ്ടി അപമാനം സഹിപ്പാൻ യോഗ്യരായി എണ്ണപ്പെടുകയാൽ അവർ സന്തോഷിച്ച് കൊണ്ട് ന്യായാധിപസംഘത്തിന്റെ മുമ്പിൽ നിന്ന് പുറപ്പെട്ട് പോയി Acts:5:40,41. ആ കാലത്ത് ശിഷ്യന്മാർ പെരുകി വർദ്ധിച്ചു. നേതൃത്വത്തിൽ അപ്പോസ്തലന്മാർ മാത്രം പോരാ, ഇനിയും ചിലരെ നിയോഗിക്കേണ്ട സാഹചര്യത്തിലേക്ക് സഭ വളരുകയാണ്. ആത്മാവും ജ്ഞാനവും നല്ല സാക്ഷ്യവും നിറഞ്ഞ ഏഴ്പേർ തെരഞ്ഞെടുക്കപ്പെടുകയാണ്. ശക്തമായ ഒരു രണ്ടാം നിര

നേതൃത്വം രൂപം കൊള്ളുകയാണ്. അപ്പോസ്തല വീര്യവും ശുശ്രൂഷയും അവരിലും നിഴലിക്കുന്നുണ്ട്. ആ ഏഴ് പേരിൽ പ്രധാനിയായിരുന്നു സ്തെഫാനോസ്.

ഉണർവിന്റെ കാറ്റ് ആഞ്ഞ് അടിക്കുകയാണ്. എല്ലാ സ്ഥലത്തേക്കും ദൈവവചനം പടർന്നു. കുടിലുകളിലേക്കും കൊട്ടാരങ്ങളിലേക്കും പാരമ്പര്യ ആരാധനാലയത്തിനകത്തേക്കും ദൈവവചനവും പരിശുദ്ധാത്മാവും വ്യാപരിച്ചു. പുരോഹിതന്മാരിൽ ഒരു വലിയ കൂട്ടം വിശ്വാസത്തിനധീനരായി ത്തീർന്നു. ദൈവം തെരഞ്ഞെടുത്ത ഏഴ് പേരിലൊരുവനായ സ്തെഫാനോസ് വലിയ അൽഭുതങ്ങളും അടയാളങ്ങളും ചെയ്ത് തുടങ്ങി. സ്തെഫാനോസിന്റെ മേൽ അഞ്ച് വിധ നിറവ് ഉണ്ടായിരുന്നു.

1. ആത്മാവിന്റെ നിറഞ്ഞൊഴുക്ക്
2. വിശ്വാസത്തിന്റെ പൂർണ്ണത
3. നല്ല സാക്ഷ്യത്തിന്റെ നിറവ്
4. കൃപയുടെ അളവറ്റ ശക്തി
5. പരിശുദ്ധാത്മജ്ഞാനത്തിന്റെ നിറവ്.

ഇതേ രൂപത്തിൽ ഉള്ള ദൈവീക നിറവ് വൻകാര്യങ്ങളെ ചെയ്യുവാൻ കാരണമാകുന്നു. സ്തെഫാനോസ് മുഖാന്തരം അത്ഭുതങ്ങളും അടയാളങ്ങളും വെളിപ്പെടുകയാണ്. സ്തെഫാനോസിലൂടെ വെളിപ്പെട്ട ഏറ്റവും വലിയ ശുശ്രൂഷ ബൈബിളിൽ രേഖപ്പെടുത്തിയിരിക്കുന്നതനുസരിച്ച് പരിശുദ്ധാത്മജ്ഞാനമാണ്. ജ്ഞാനത്തിന്റെ ശുശ്രൂഷ ഇത് മഹത്തായ ഒരു ശുശ്രൂഷയാണ്. എവിടേയും ഉപകാരപ്രദമാകുന്നത്. ആരേയും കീഴടക്കാൻ കഴിയുന്നത്. ആർക്കും എതിർക്കുവാൻ കഴിയാത്തത്. ഇങ്ങനെയുള്ള ഒരു ശുശ്രൂഷക്ക് കീഴിൽ ഇരിക്കുമ്പോൾ മണിക്കൂറുകൾ കടന്ന് പോകുന്നത് അറിയില്ല. സമയം വേഗത്തിൽ കഴിഞ്ഞ് പോയത് പോലെ തോന്നും. ക്രിസ്തുവിൽ വിശ്വസിക്കാത്തവർ വരെ ആ ജ്ഞാനത്തിന്റെ കീഴിൽ അത്ഭുതസ്തംഭരാകും.

ലിബത്തീനർ, കുറേനക്കാർ, അലെക്സന്ത്രിയക്കാർ, കിലിക്ക്യ,

ആസ്യ എന്നിവടങ്ങളിൽ നിന്നുള്ളവർ സ്തെഫാനോസിനോട് തർക്കിക്കുവാൻ എഴുന്നേറ്റു. എന്നാൽ ആ ജ്ഞാനത്തിന്റെ മുമ്പിൽ അവർ ഒന്നും അല്ലാതായി. അവന്റെ ജ്ഞാനത്തിന്റെ മുമ്പിൽ നിൽക്കുവാൻ തങ്ങൾക്ക് ശേഷിയില്ല എന്ന് അവർ അറിഞ്ഞു. ജ്ഞാനത്തെ ജ്ഞാനം കൊണ്ട് എതിർക്കുവാൻ ശേഷിയില്ലാതെ വരുമ്പോൾ ജ്ഞാനത്തിനെതിരെ ജഢശക്തി അവർ വെളിപ്പെടുത്തുകയാണ്. മോശക്കും ദൈവത്തിനും വിരോധമായി ദൂഷണം പറയുന്നു എന്ന് പറഞ്ഞ് ബലമായി സ്തെഫാനോസിനെ പിടിച്ച് ന്യായാധിപസംഘത്തിന്റെ മുമ്പിൽ കൊണ്ട് പോയി.

സ്തെഫാനോസിനെതിരെ ആരോപണവുമായി അവർ എഴുന്നേറ്റു. വിശുദ്ധസ്ഥലത്തിനും ന്യായപ്രമാണത്തിനും വിരോധമായി ഇടവിടാതെ സംസാരിക്കുന്നു ഇതാണ് ആരോപണം. ഒരു അടിസ്ഥാനവുമില്ലാതെ വൈരാഗ്യപൂർവ്വം മെനഞ്ഞെടുത്ത ആരോപണങ്ങൾ. ശക്തമായ ദൈവീക ശുശ്രൂഷ അഭിഷേക നിറവിൽ ചെയ്യുന്ന ശുശ്രൂഷകന്മാരെ നേരിട്ട് എതിരിടുവാൻ ശേഷിയില്ലാത്ത ഒരു വിഭാഗം അവർ ശുശ്രൂഷയിൽ ഉപയോഗിച്ച ചെറിയ ചില വാക്കുകളും അസാധാരണമായ ചെറിയ ചില പ്രവൃത്തികളും വലുതാക്കി കാണിച്ച്, വചനത്തിന് വിരുദ്ധമായ രീതിയിലാണ് അവർ എല്ലാം ചെയ്യുന്നത്. ഇത് ദൈവത്തിൽ നിന്നല്ല. ഇപ്പോഴത്തെ എല്ലാ ശുശ്രൂഷാരീതികളേയും തകർക്കുവാൻ ശ്രമിക്കുകയാണ് എന്ന് പ്രചരിപ്പിക്കുന്നു. യഥാർത്ഥത്തിൽ പരിശോധിക്കുമ്പോൾ വചനത്തിന് വിരുദ്ധമായി വലിയ കാര്യങ്ങൾ ഒന്നും അവിടെ ഇല്ല എന്ന് മനസ്സിലാക്കുവാൻ കഴിയും. അവർ മുഖാന്തരം അനേകർ ദൈവവചനം കേൾക്കുന്നുവെന്നോ സൗഖ്യം പ്രാപിക്കുന്നുവെന്നോ ദൈവനാമം മഹത്വപ്പെടുത്തുന്നുവെന്നോ അവർ പരിശോധിക്കുന്നില്ല. ഈ ആരോപണവുമായി എഴുന്നേൽക്കുന്നവർ ഒരു സ്ഥലത്ത് ശുശ്രൂഷിക്കുന്നുവെന്ന് പ്രഖ്യാപിച്ചാൽ നൂറ് പേർ പോലും അവിടെ വരികയില്ല. ഒരു വിടുതലും അവരുടെ ശുശ്രൂഷയിൽ കാണുകയും ഇല്ല. കുറേ കഥകളും, ജീവനില്ലാത്ത ചില അനുഭവങ്ങളും, കുറേ ബുദ്ധിപരമായ കസർത്തുകളും കൊണ്ട് ശുശ്രൂഷ പൂർത്തീകരിക്കും. ശുശ്രൂഷ ഇല്ലാത്ത ഒരു ശുശ്രൂഷകൻ ശുശ്രൂഷ ഉള്ള ഒരുവനെതിരെ വാളോങ്ങരുത്. അതിന് പകരമായി ജ്ഞാനത്തിന്റെ ശുശ്രൂഷ എന്റെ മേലും പകർന്ന് എന്നേയും കൂടി ഉപയോഗിക്കേണമേ എന്ന് ദൈവത്തോട് പ്രാർത്ഥിച്ചാൽ ദൈവം ആ

ശുശ്രൂഷകന്റെ മേലും ഞ്ജാനം പകരും.

സ്തെഫാനോസിനെതിരെ അവർ പറയുന്നത് വിശുദ്ധസ്ഥലത്തിനെതിരെ ഇടവിടാതെ സംസാരിക്കുന്നു എന്നാണ്. അപ്പോസ്തലാപ്രവൃത്തി: 7:2:53 വരെ രേഖപ്പെടുത്തിയിട്ടുള്ള സ്തെഫാനോസിന്റെ പ്രസംഗം ശ്രദ്ധിച്ചാൽ അറിയാം വിശുദ്ധസ്ഥലത്തിന് വേണ്ടി അവൻ എത്രയധികം വാഞ്ചിക്കുന്നുവെന്ന്. അത് അവന്റെ ജീവശ്വാസം ആണ്. വിശുദ്ധസ്ഥലത്തോടുള്ള അവന്റെ എരിവാണ് ഈ രൂപത്തിലുള്ള ജ്ഞാനം അവന് ലഭിക്കുവാൻ തന്നെ കാരണം.

ന്യായാധിപസംഘത്തിൽ ഇരുന്നവർ അവനെ ഉറ്റ് നോക്കി. എന്താണ് അവർ അങ്ങനെ നോക്കുവാൻ കാരണം. അവർക്കില്ലാത്ത എന്തോ ഒന്ന് അവനിൽ ഉള്ളത് പോലെ അവർക്ക് തോന്നി. എന്തോ ഒരു അസാധാരണത്വം അവനിൽ അവർ കണ്ടു. ഒരു ദൈവദൂതന്റെ മുഖം പോലെ സ്തെഫാനോസിന്റെ മുഖം ജ്വലിക്കുകയാണ്. പരിശുദ്ധാത്മാഭിഷേകം, പരിശുദ്ധാത്മ ജ്ഞാനം അവന്റെ മുഖത്തെ പ്രകാശമാനമാക്കുകയാണ്. മഹാ പുരോഹിതൻ പോലും അവനോട് സംസാരിക്കുന്നത് ശ്രദ്ധിച്ചാൽ മതി അതിന്റെ ആഴം മനസ്സിലാക്കുവാൻ.

മഹാ പുരോഹിതൻ ചോദിക്കുകയാണ്. ഒരു വിധികർത്താവ് കുറ്റവാളിയോട് സംസാരിക്കുന്നത് പോലെയല്ല മഹാപുരോഹിതൻ സംസാരിക്കുന്നത്. വളരെയധികം ബഹുമാനം ഉണ്ട്. ഇത് ഉള്ളത് തന്നെയോ. വലിയ ഒരു സംഘം ആണ് അവിടെ ഇരിക്കുന്നത്. താർക്കികന്മാരും, ജ്ഞാനികളും, വേദശാസ്ത്രിമാരും, ജ്ഞാനികളായ വയോവൃദ്ധന്മാരും ആണ് അവിടെ ഉള്ളത്. യഹൂദന്മാരുടെ പരമോന്നതനീതിപീഠം. അവിടെ സംസാരിക്കുക, ശുശ്രൂഷിക്കുക എന്നത് ഒരു വലിയ നിയോഗം ആണ് . അതും അവർ പ്രമാണിക്കുന്നതിന് വിരുദ്ധമായി ശുശ്രൂഷിക്കുക എന്നത്. എങ്കിലും സ്തെഫാനോസ് അത് ചെയ്തു. അവരുടെ അനുവാദത്തോടെയല്ല തന്റെ ശുശ്രൂഷ ആരംഭിച്ചത്. ദൈവത്തിന്റെ ആജ്ഞ രഹസ്യത്തിൽ ലഭിച്ച സ്തെഫാനോസ് മഹാ പുരോഹിതന്റെ ചെറിയ ചില വാക്കുകളെ തന്റെ

ശുശ്രൂഷയുടെ വാതിലായി ഉപയോഗിക്കുകയാണ്. തന്റെ ജ്ഞാനമേറിയ ശുശ്രൂഷയിൽ സ്തെഫാനോസ് പ്രവേശിച്ചു കഴിഞ്ഞു. ഇനി ആർക്കും അവനെ തടയുവാൻ കഴിയില്ല. പുരോഹിതപ്രമാണിമാർക്ക് ഒരുവാക്ക് പോലും സംസാരിക്കുവാൻ കഴിയുന്നില്ല. അവനിലൂടെ വെളിപ്പെട്ട ജ്ഞാനത്തിന്റെ ശുശ്രൂഷക്ക് മുമ്പിൽ അവരുടെ ജഢികജ്ഞാനത്തിന് ഒന്ന് ചലിക്കുവാൻ പോലും കഴിയുന്നില്ല.

ഒരു ജ്ഞാനത്തിന്റെ അതിമഹത്തരമായ ആരംഭത്തിന് സ്തെഫാനോസ് തുടക്കമിട്ടു. സഹോദരന്മാരും പിതാക്കന്മാരും ആയ പുരുഷന്മാരെ കേൾപ്പിൻ എന്തൊരുതുടക്കമാണത്. ഒരു വലിയ ബഹുമാനമാണ് ആ സദസ്സിന് സ്തെഫാനോസ് നൽകിയത്. നമ്മൾ ശുശ്രൂഷിക്കുമ്പോൾ സദസിനെ ബഹുമാനിച്ച് കൊണ്ട് ശുശ്രൂഷിക്കണം. അല്ലാതെ നിങ്ങൾക്ക് ഒന്നും അറിയത്തില്ല. എന്തെങ്കിലും അറിയണമെങ്കിൽ എന്നെ ശ്രദ്ധിച്ച് കൊൾക. അല്ലെങ്കിൽ നിങ്ങൾക്ക് തന്നെയാണ് ദോഷം എന്നൊക്കെ പറഞ്ഞ് സദസിനെ അവൻ തളർത്തുകയല്ല അവൻ ചെയ്തത്. സദസിന് ലഭിച്ച ബഹുമാനം മുഖാന്തരം സദസ് മൗനത തുടർന്നു. എന്ന് വച്ചാൽ ആ ഒരു ഒറ്റ വാക്ക് കൊണ്ട് തന്നെ അവൻ സദസിനെ കയ്യിലെടുത്തു എന്ന് തന്നെ പറയാം.

അടുത്ത വാക്ക് ശ്രദ്ധിക്കുക നമ്മുടെ പിതാവായ അബ്രഹാം ആർക്കെങ്കിലും അത് നിഷേധിക്കുവാൻ കഴിയുമോ. യഹൂദന്മാരുടെ ഏറ്റവും മാനിക്കപ്പെടുന്ന വ്യക്തിയും ഉറവിടവും എല്ലാം ആണ് അബ്രഹാം. യഹൂദന്മാർ വളരെ ധൃതിയിൽ എവിടേക്ക് എങ്കിലും പോകുമ്പോൾ അബ്രഹാം എന്ന ഒരുവാക്ക് കേട്ടാൽ ഉടൻ തന്നെ അവർ അവിടെ നിൽക്കും. കാരണം അത്രക്ക് പ്രാധാന്യം ഉണ്ട് അതിന്. ഇത് പ്രസംഗത്തിന്റെ ഒരു രഹസ്യരീതിയാണ്. സദസിന്റെ സ്വഭാവം മനസ്സിലാക്കി അവരുടെ അഭിരുചി, താൽപര്യം മനസിലാക്കി അതിൽ നിന്ന് തുടങ്ങുക എന്നത്. സദസ്സിനെ കയ്യിലെടുത്താൽ അവർപോലും അറിയാതെ ദൈവത്തിന്റെ ആലോചനകൾ അവരിലേക്ക് പകരുവാൻ നമുക്ക് കഴിയും. സദസ്സിനെ ചലിപ്പിച്ച് കൊണ്ട് പ്രസംഗിക്കണം. സദസ് സ്വാഭാവികമായി ചലിക്കണം. നിർബന്ധപൂർവ്വം ചലിപ്പിക്കരുത്. നിർവികാരത്തിലിരിക്കുന്ന ഒരുസദസ്സിനെ എത്രമാത്രം ചലിപ്പിക്കുവാൻ കഴിയുന്നു എന്നതാണ് ഒരു പ്രസംഗത്തിന്റെ ഏറ്റവും വലിയ വിജയം.

യഹൂദന്റെ ചരിത്രത്തിൽ തുടങ്ങി തന്റെ ജ്ഞാനമേറിയ ശുശ്രൂഷ സ്തെഫനോസ് തുടരുകയാണ്. ആർക്കും അവനോട് ചോദ്യം ചോദിക്കുവാൻ കഴിയുന്നില്ല. അവർ അതിൽ ലയിച്ച് ശ്രദ്ധിച്ച് മറ്റെല്ലാം മറന്ന് ഇരിക്കുകയാണ്. തുടർന്ന് മോശയിലേക്ക് സ്തെഫനോസ് എത്തി. എന്നെപ്പോലെ ഒരുപ്രവാചകനെ ദൈവം നിങ്ങൾക്ക് എഴുന്നേൽപിച്ച് തരും എന്ന് മോശ പറഞ്ഞത് കേന്ദ്രീകരിച്ച് ക്രിസ്തുവിലേക്ക് സ്തെഫനോസ് അടുക്കുകയാണ്. ക്രിസ്തുവിനെ ക്രൂശീകരിച്ച പുരോഹിതപ്രമാണികൾക്കെതിരെ ശുശ്രൂഷിച്ച്, ന്യായപ്രമാണത്തിനെതിരായി പ്രവർത്തിക്കുന്നത് നിങ്ങളിലുള്ളവർ തന്നെയാണ് എന്ന് പറഞ്ഞ് അവരുടെ മനം തിരിഞ്ഞ് വരുവാൻ വേണ്ടിശുശ്രൂഷിക്കുകയാണ്.

പക്ഷെ ആത്മാവില്ലാത്തവർക്ക് ആത്മനിറവിലുള്ളപ്രസംഗം അരോചകമായി അനുഭവപ്പെടുന്നത് പോലെ അവർ കോപപരവശരായി എഴുന്നേൽക്കുകയാണ്. സ്തെഫനോസ് സദസിനെ നോക്കിയപ്പോൾ ഇതുവരെ ശാന്തമായി ഇരുന്ന സദസിനെയല്ല അവൻ കാണുന്നത്. കോപപരവശരായി നിൽക്കുന്ന ഒരു കൂട്ടം. ആത്മീയ ശുശ്രൂഷയിൽ ഇങ്ങനെ ഒരു സംഗതി ഉണ്ട്. സാധാരണ പരിശുദ്ധ ശുശ്രൂഷയിലെ ആലോചനകൾ മുഖാന്തരം കഠിനമായി നിൽക്കുന്ന ചിലമണ്ഡലങ്ങൾ ഉരുകി മാറി ജനം ആത്മാവിന് കീഴ്പെട്ട് ദൈവത്തെ മഹത്വപ്പെടുത്തുന്നത് കാണാം. പക്ഷെ മറ്റൊരു അപകടവും കൂടി ഇവിടെ പതിയിരുപ്പുണ്ട്. ആത്മീയ ശുശ്രൂഷ വെളിപ്പെടുമ്പോൾ ആത്മാവിന്റെ ചൂട് തട്ടുമ്പോൾ ഉരുകുന്നതിന് പകരം ഉറയ്ക്കുന്ന അനുഭവം, കഠിനമാകുന്ന അനുഭവം. മുട്ട വെള്ളത്തിലിട്ട് ചൂടാകുമ്പോൾ ചൂട് തട്ടി അത് കട്ടിയാകുന്നത് പോലെ ചിലർ തങ്ങളുടെ ഹൃദയത്തെ, മനസ്സിനെ കഠിനമാക്കും.

ഈ യഹൂദാപ്രമാണിമാർ കഠിനരായി എഴുന്നേൽക്കുകയാണ്. സ്തെഫനോസിന് അവരുടെ നേരെ നോക്കുവാൻ കഴിയുന്നില്ല. കാരണം അവർ കഠിനപ്പെട്ട് നിൽക്കുകയാണ്. കഠിനപ്പെട്ട് നിൽക്കുന്നവരുടെ മുമ്പിൽ ഒരു ആത്മീയശുശ്രൂഷകന് നിൽക്കുവാൻ കഴിയില്ല. അത് അവന് ദു:ഖം പകരും. മുറിവ് ഉണ്ടാക്കും. മുള്ളിൽ വീണ പുഷ്പം പോലെ അത് പറിച്ച്

കീറപ്പെടും. അതുകൊണ്ട് സ്തെഫനോസ് പരിശുദ്ധാത്മാവ് നിറഞ്ഞവ നായി സ്വർഗ്ഗത്തിലേക്ക് നോക്കി. ഒരു ആത്മീയശുശ്രൂഷകന്റെ മുമ്പിൽ സ്വർഗ്ഗം എപ്പോഴും തുറക്കപ്പെട്ട അനുഭവത്തിലായിരിക്കും. അതുകൊണ്ട് മാത്രം ആണ് അവർ പിടിച്ച് നിൽക്കുന്നത്. എല്ലാം അടയുമ്പോഴും ലോകം എതിരെ നിൽക്കുമ്പോഴും ഒരു ആത്മീയശുശ്രൂഷകൻ തുറക്കപ്പെട്ട സ്വർഗ്ഗ ത്തിലേക്ക് നോക്കി ആശ്വാസം പ്രാപിക്കുന്നു.

അത്ഭുതകരമായ ഒരു കാഴ്ച ആണ് സ്തെഫനോസ് കണ്ടത്. എന്ത്കൊണ്ടാണ് ദൈവം അത്രമാത്രം വലിയ ഒരു ദർശനം സ്തെഫനോസിന് നൽകിയത്. വലിയ ഒരുകൂട്ടം നശിപ്പിക്കുവാൻ സ്തെഫനോസിന്റെ മുമ്പിൽ നിൽക്കുകയാണ്. രക്തസാക്ഷിത്വത്തിലേക്ക് സ്തെഫനോസ് നീങ്ങുകയാ ണ്. രക്തസാക്ഷിത്വ മരണത്തെ സന്തോഷത്തോടെ, ധൈര്യത്തോടെ സ്വീക രിക്കണമെങ്കിൽ മറ്റ് വലിയ ഒന്ന് അതിന് മുമ്പിൽ ലഭിച്ചിരിക്കണം. അത് കർത്താവിന് അറിയാം. കാരണം കർത്താവ് രക്തസാക്ഷിത്വ മരണത്തി ലേക്ക് പോകുന്നതിന് മുമ്പ് അനുഭവിച്ച വ്യഥകൾ കർത്താവിന് അറിയാം. ആ ഒരു വ്യഥ താങ്ങുവാൻ ഭൂമിയിൽ ഒരു മനുഷ്യന് കഴിയില്ല എന്നും കർത്താവിന് അറിയാം. അത്കൊണ്ട് മേത്തരമായ ഒരു ദർശനം ഒരു വെളി ഷാട് സ്തെഫനോസിന് നൽകി എന്താണത്?

സ്വർഗ്ഗം തുറന്നിരിക്കുന്നതും മനുഷ്യപുത്രൻ ദൈവത്തിന്റെ വലത്ത് ഭാഗത്ത് നിൽക്കുന്നതും. ആ ഒരു ദർശനം അവനെ ഒരു വലിയ സന്തോഷ ത്തിലേക്ക് എത്തിച്ചു. ഒരു രക്തസാക്ഷിത്വ മരണത്തെ നേരിടുവാൻ തക്ക വണ്ണമുള്ള ആ ദർശനം അവനെ ബലപ്പെടുത്തി. ഭൂമിയിലുള്ളത് താൽക്കാ ലികം ആണ് എന്നും ഭൂമിയല്ല എന്റെ പാർപ്പിടം എന്നും സ്വർഗ്ഗത്തിൽ കർത്താ വിന്റെ കൂടെ വസിക്കുന്നത് എത്രമാത്രം ആനന്ദദായകമാണ് എന്നും അവൻ മനസിലാക്കിയ നിമിഷം തന്നെ യഹൂദാപ്രമാണിമാർ അവനെ കല്ലെറിഞ്ഞ് കൊല്ലുവാൻ അടുത്തു. നഗരത്തിന് പുറത്തേക്ക് അവനെ വലിച്ചിഴച്ച് കൊണ്ട് പോയി കല്ല് എറിയുവാൻ ആരംഭിച്ചു. അവർ അവനെ കല്ല് എറിഞ്ഞ് കൊണ്ടിരിക്കുമ്പോൾ തന്നെ സ്തെഫനോസ് പ്രാർത്ഥിക്കുകയാണ് കർത്താ വായ യേശുവേ എന്റെ ആത്മാവിനെ കൈകൊള്ളേണമേ എന്ന് പ്രാർത്ഥി ച്ചു. തുടർന്ന് അവൻ മുട്ടിന്മേൽ നിന്ന് കരയുകയാണ്. തന്റെ മരണത്തെ

ഭയപ്പെട്ട് കരയുന്നതല്ല. കല്ല് കൊണ്ടുള്ള ഏറ് ദേഹത്ത് കൊള്ളുമ്പോൾ അനുഭവിക്കുന്ന വേദന മുഖാന്തരവും അല്ല സ്തെഫനോസ് കരയുന്നത്. കർത്താവേ ഇവർക്ക് ഇ ൗ പാപം നിറുത്തരുതേ എന്ന് നിലവിളിക്കുക യാണ്. രക്തസാക്ഷിത്വ ക്രൂശ് മരണസമയത്ത് കർത്താവ് പ്രാർത്ഥിച്ച അതേ സ്വഭാവത്തിലുള്ള പ്രാർത്ഥന ഇവരോട് ക്ഷമിക്കേണമേ എന്ന് സ്തെഫ നോസ് പ്രാർത്ഥിക്കുകയാണ്. തന്റെ സ്വന്തം ജനത്തെ അവൻ അത്രമാത്രം സ്നേഹിക്കുന്നു എന്നതിന് അവന്റെ പ്രസംഗം മാത്രമല്ല ഈ പ്രാർത്ഥനയും തെളിവ് തരുന്നു. ആഴത്തിലുള്ള ആ ദൈവസ്നേഹം, ഇങ്ങനെ സ്നേഹി ക്കുവാൻ ആർക്ക് കഴിയും.

ഭൂമിയിലുള്ളതും നമുക്ക് ചുറ്റുമുള്ള മേഖലകളും മാത്രം നോക്കു ന്നവർക്ക് ഒരിക്കലും ഇതുപോലെ ആകുവാൻ കഴിയില്ല. ഹൃദയം കൂടു തൽ കഠിനമാകുകയേ ഉള്ളൂ. എന്നാൽ എപ്പോഴും സ്വർഗ്ഗീയ വെളിപ്പാടു കൾ പ്രാപിക്കുന്നവർക്കും അതുപോലെ സ്വർഗ്ഗത്തിലേക്ക് മാത്രം എപ്പോഴും നോക്കുന്നവർക്കും മാത്രമേ ദൈവസ്നേഹം വെളിപ്പെടുത്തുവാൻ കഴിയൂ. നമ്മുടെ ദൃഷ്ടി അൽപം വ്യത്യാസപ്പെട്ടുപോയാൽ മതി നമ്മുടെ ദൈവ സ്നേഹം തണുത്ത് പോകും. തന്റെ ഉള്ളിലുള്ള ദൈവസ്നേഹം വെളിപ്പെ ടുത്തിയതിന് ശേഷം സ്തെഫനോസ് മരണ നിദ്രയെ പ്രാപിച്ചു. ഒരു വലിയ പീഢനം അന്നുമുതൽ യരുശലേമിലെ സഭ നേരിട്ടു. പിന്നീട് ഭക്തി യുള്ള പുരുഷന്മാർ സ്തെഫനോസിന്റെ ശരീരം അടക്കം ചെയ്തു. അവർ അവനെക്കുറിച്ച് വിലാപം കഴിച്ചു. അങ്ങനെ കർത്താവിന്റെ രാജ്യത്തിനായി ആദ്യമായി തന്റെ ജീവനെ നൽകുവാൻ സ്തെഫനോസിന് ഭാഗ്യം ലഭിച്ചു. തന്റെ രക്തസാക്ഷിത്വമരണം ദൈവരാജ്യത്തിന്റെ വളർച്ചക്കും വലിയമുഖാ ന്തരം ആയിത്തീർന്നു. ഈ സ്വഭാവത്തിലുള്ള ദൈവകൃപ ലഭിച്ചവർക്കായി സ്ത്രോത്രം. ഇവർക്കായി പ്രാർത്ഥിക്കുവാൻ ദൈവം മറ്റുള്ളവരെ ബലപ്പെ ടുത്തട്ടേ. ദൈവരാജ്യത്തിന്റെ വളർച്ചക്ക് ആയിട്ടാകുന്നു ഇതൊക്കേയും സംഭവിക്കുന്നത്.

# ៩. പ്രവാചകനായ ഹഗ്ഗായി

ഒരു പ്രത്യേക ചരിത്ര പശ്ചാത്തലത്തോട് ബന്ധപ്പെട്ട് നിൽക്കുന്ന താണ് ഹഗ്ഗായി പ്രവാചകന്റെ ചരിത്രം. ആ ചരിത്രത്തിൽ നിന്ന് വേർപെ ടുത്തി പ്രവാചകനെ പരിശോധിച്ചാൽ അത് നീതിയല്ല. ഇസ്രയേൽജനം നേരിട്ട ഏറ്റവും ദുഷ്കരമായ ഒരു സമയത്താണ് ഹഗ്ഗായിയുടെ ജനനം. ജനം ആകമാനം ചിതറി രാജ്യം വരെ നഷ്ടപ്പെട്ട് പ്രത്യാശയായ യരുശലേം നഗ രവും ദേവാലയവും കത്തിനശിച്ച് യാതൊരുവിധ പ്രതീക്ഷയും ഇല്ലാതിരുന്ന ഒരു കാലഘട്ടം.

ബി.സി 587–ൽ ബാബേൽ രാജാവിന്റെ അകമ്പടി നായകൻ നെബൂ സരദാൻ യരുശലേമിൽ വന്ന് ആലയവും രാജധാനിയും ചുട്ടുകളഞ്ഞു. യരു ശലേമിലെ എല്ലാ വീടുകളും പ്രധാനഭവനങ്ങളും തീ വച്ച് ചുട്ടുകളഞ്ഞു. യരുശലേമിന്റെ ചുറ്റുമതിലുകളെ ഇടിച്ച് കളഞ്ഞു. 2 രാജാ:25:9,10. ജന ത്തിൽ പ്രധാനികളടക്കം ഉള്ള ഒരു വലിയ ഗണത്തെ പ്രവാസികളായി കൊണ്ടുപോയി. ദേശത്തിൽ എളിയവരിൽ ചിലരെ മുന്തിരി തോട്ടക്കാരാ യിട്ടും കൃഷിക്കാരായിട്ടും ഇട്ടേച്ച് പോയി. 2 രാജാ:25:12. യഹോവയുടെ ആലയത്തിലെ ഉപകരണങ്ങൾ ബാബേലിലേക്ക് കൊണ്ടുപോയി. 2 രാജാ:25:15. ശേഷിച്ച ഒരു കൂട്ടം ജനം കൽദയരെ പേടിച്ച് മിസ്രയിമിലേക്ക് പോയി. 2 രാജാ:25:26. ഇപ്പോൾ യരുശലേം ശൂന്യമാണ്. അനാഥപ്രേത ങ്ങൾ പോലെ ചില മനുഷ്യർ തികച്ചും അനാഥമായ, ചുട്ട്കളഞ്ഞ ഭവനങ്ങൾക്ക് മുമ്പിൽ മരിച്ചതിന് തുല്യം ജീവിക്കുകയാണ്. നീണ്ട 50 വർഷത്തെ നരക തുല്യമായ യാതനകളും കഷ്ടതകളും കഴിഞ്ഞ് യരുശലേമിന്റെ പുനരുദ്ധാ രണത്തിന് ആവശ്യമായ ഒരുപണി വെളിപ്പെടുകയാണ്.

ബി.സി 538–ൽ യഹോവ ഉണർത്തിയതനുസരിച്ച് പാർസി രാജാ വായ കോരെശ്, യരുശലേമിലെ യഹൂദദേവാലയം പണിയുവാൻ ഉത്തരവ് നൽകി. ഇസ്രയേൽജനത്തിൽ ആലയം പണിയുവാൻ താൽപര്യമുള്ളവർക്ക് അങ്ങോട്ട് പോകുവാൻ അനുവാദം നൽകി II ദിന: 36:23. സെരുബാബേല

ിന്റെ നേതൃത്വത്തിൽ വലിയ ഒരുകൂട്ടം ജനം 42360 പേർ അവരുടെ ദാസിദാസന്മാരായ 7337 പേർ, 200 സംഗീതക്കാർ, 736 കുതിരകൾ, 945 കോവർ കഴുതകൾ, 435 ഒട്ടകങ്ങൾ, 6720 കഴുതകൾ, 61000 തങ്കക്കാശ്, 500 മാനേ വെള്ളി, 100 പുരോഹിതവസ്ത്രങ്ങൾ തുടങ്ങിയവയോട് കൂടി യരുശലേമിൽ നിന്ന് ബാബേലിലേക്ക് കൊണ്ട് പോയ യഹോവയുടെ ആലയത്തിലെ ഉപകരണങ്ങളുമായി യാത്ര പുറപ്പെട്ടു.

സെരുബാബേലിന്റെ ഒപ്പം നേതൃത്വതലത്തിൽ അന്നത്തെ യഹൂദാ പുരോഹിതനായ യോശുവയും ഉണ്ടായിരുന്നു. അവർ യരുശലേമിൽ യാഗപീഠം പണിത് യഹോവക്ക് ഹോമയാഗം കഴിച്ചു. കൂടാരപെരുനാളും നിരന്തരം ഹോമയാഗങ്ങളും ആചരിച്ചു. യരുശലേം ദേവാലയത്തിന്റെ പണി അവർ ആരംഭിച്ചു. എബ്രാ:3:9. ആലയത്തിന്റെ അടിസ്ഥാനം ഇട്ടു. നന്ദിയും സന്തോഷവും നിമിത്തം ജനം യഹോവയെ അത്യുച്ചത്തിൽ സ്തുതിച്ചു. എബ്രാ:3:13. യഹൂദരുടെ വൈരികളായ ദേശനിവാസികൾ ബിശ്ലാമും, മിത്രദാത്ത്, താബേയേലും,രെഹൂമും, ശിംശായി, ദീന്യർ, അഫർസത്യർ, തർപ്പേല്യർ, അഫസ്യർ, അർക്കവ്യർ, ബാബേല്യർ, ശൂശന്യർ, ദേഹാവ്യർ, ഏലാമ്യർ തുടങ്ങിയവർ പാർസി രാജാവിന് യഹൂദരെക്കുറിച്ച് പരാതി എഴുതി അയച്ചു. യഹൂദരെക്കുറിച്ച് ഇവർ കലഹക്കാരാണ്. സാമ്രാജ്യത്തിനെതിരെ പൊരുതുന്നവർ ആണ്. സ്വന്തം രാജ്യം ഉണ്ടാക്കുവാൻ ശ്രമിക്കുകയാണ് എന്നീകാര്യങ്ങളാണ് ഇവർ പരാതിയിൽ എഴുതിയത്. അതനുസരിച്ച് പാർസി രാജാവിന്റെ ആൾക്കാർ ബദ്ധപ്പെട്ട് വന്ന് ബലാൽക്കേരേണ ആലയത്തിന്റെ പണി മുടക്കിച്ചു. എസ്രാ:4:23.

ബി.സി 538-ൽ ആണ് സെരുബാബേലിന്റെ നേതൃത്വത്തിൽ യഹൂദർ യരുശലേമിൽ വന്നത്. വളരെനാൾ ആലയത്തിന്റെ പണി മുടങ്ങി കിടന്നു. ബി.സി 520-ൽ ഹഗ്ഗായി പ്രവചനവുമായി എഴുന്നേൽക്കുന്നത്. ബി.സി 538-നും ബി.സി 520-നും ഇടയിലുമുള്ള പതിനെട്ട് വർഷം ജനം ആലയത്തിന് വേണ്ടി ഒന്നും ചെയ്തില്ല. അവർ സ്വന്തം കുടുംബക്കാര്യങ്ങളും വീട് പണികളും മാത്രം നോക്കി ലക്ഷ്യം മറന്ന് ജീവിക്കുകയാണ്. യരുശലേമിന്റെ പുനരുത്ഥാനത്തിന് വേണ്ടിയാണ് തങ്ങൾ ഇവിടെ വന്നതെന്ന് അവർ മറന്നു. ഇങ്ങനെ ഒരു പ്രത്യേക ദിശാസന്ധിയിൽ ലക്ഷ്യം മറന്ന് ജനം ആയി

രിക്കുന്ന സമയത്താണ് ബി.സി 520–ൽ ഹഗ്ഗായി പ്രവാചകൻ എഴുന്നേൽക്കുന്നത്. ദേശാധിപതിയായ സെരുബാബേലും മഹാപുരോഹിതനായ യോശുവയും എന്ത് ചെയ്യണം എന്നറിയാതെ മുടങ്ങികിടന്ന ആലയത്തിലെ പണികളെക്കുറിച്ച് വ്യാകുലപ്പെട്ടിരിക്കുന്ന കാലം. ഹഗ്ഗായി പ്രവാചകൻ തന്റെ പ്രവാചകദൂതുമായി യഹൂദജനത്തിന്റെ മദ്ധ്യേ എഴുന്നേൽക്കുകയാണ്. ആലയത്തിന്റെ പണിക്കായി യരുശലേമിന്റെ പുനരുത്ഥാനത്തിനായി യഹോവ ഹഗ്ഗായി പ്രവാചകനെ ഉപയോഗിക്കുകയാണ്.

ഹഗ്ഗായിയുടെ ആദ്യപ്രവചനം ജനത്തെ അറിയിക്കുകയാണ്. ‘‘യഹോവയുടെ ആലയം പണിയുവാനുള്ള സമയം വന്നിട്ടില്ലെന്ന് ഈ ജനം പറയുന്നു.’’ 1:2. ജനം ദൈവീകാലയത്തിന്റെ പണികളെ മറന്ന് യഹോവയുടെ സമയത്തിൽ അത് പണിയപ്പെടും എന്ന് വിശ്വസിച്ച് നിൽക്കുകയാണ്. ‘‘യഹോവയുടെ ആലയം ശൂന്യമായിരിക്കെ തട്ടിട്ട ഭംഗിയായ വിടുകളിൽ പാർപ്പാൻ കാലമായോ ’’ 1:4. യഹോവയുടെ ആലയം ശൂന്യമായി കിടക്കുകയാണ്. അത് പണിയുവാൻ ജനത്തിന് താൽപര്യമില്ല. ആലയം പണിക്ക് വേണ്ടി യഹോവ കൊണ്ട് വന്ന ജനം ഇപ്പോൾ സ്വന്തം നിലങ്ങൾക്കും വീടുകൾക്കും വേണ്ടിയാണ് നിലകൊള്ളുന്നത്. അവരുടെ കാഴ്ചപ്പാടുകൾക്ക് വ്യത്യാസം വന്നു. ആലയത്തിന്റെ ശൂന്യാവസ്ഥ അവരെ ദു:ഖിപ്പിക്കുന്നില്ല. എങ്ങനെ തങ്ങൾക്കും തങ്ങളുടെ ഭവനത്തിനും മോടി വരുത്താം എന്ന ഇടുങ്ങിയ കാഴ്ചപ്പാടിലേക്ക് ജനം വന്നു.

ഈ രണ്ട് ആലോചന ജനത്തിന് കൊടുത്തതിന് ശേഷം യഹോവ അവരോട് പറയുന്നു നിങ്ങളുടെ വഴികളെ വിചാരിച്ച് നോക്കുവിൻ.

1. നിങ്ങൾ വളരെ വിതയ്ക്കുന്നു, പക്ഷെ അൽപമേ കൊണ്ട് വരുന്നുള്ളൂ.
2. നിങ്ങൾ ഭക്ഷിക്കുന്നുണ്ട്, പക്ഷെ പൂർത്തി വരുന്നില്ല.
3. നിങ്ങൾ പാനം ചെയ്യുന്നു, പക്ഷെ തൃപ്തി വരുന്നില്ല.
4. നിങ്ങൾ വസ്ത്രം ധരിക്കുന്നു, പക്ഷെ കുളിർ മാറുന്നില്ല.
5. കൂലിക്കാരൻ കൂലി വാങ്ങുന്നുണ്ട്, പക്ഷെ ഓട്ട സഞ്ചിയിലൂടെ അത്

നഷ്ടപ്പെടുന്നു.

6. നിങ്ങൾ അധികം കിട്ടുമെന്ന് കാത്തിരുന്നു, പക്ഷെ അത് അൽപമായിത്തീർന്നു.

7. നിങ്ങൾ അത് വീട്ടിൽ കൊണ്ട് വന്നു, പക്ഷെ ഞാനത് ഊതിക്കളഞ്ഞു.

8. നിങ്ങളുടെ ഭൂമി നിങ്ങൾക്ക് അനുഭവം തരുന്നില്ല.

9. നിങ്ങളുടെ സകലപ്രയത്നത്തിന്മേലും വറുതി വന്നിരിക്കുന്നു.

യഹോവ ഹഗ്ഗായിലൂടെ പറഞ്ഞ ഈ ആലോചനകൾ എല്ലാം വളരെ ശരിയാകുന്നു എന്ന് ജനത്തിന് ബോദ്ധ്യപ്പെട്ടു. തങ്ങളുടെ സ്വാർത്ഥത, അറിവില്ലായ്മ, ആലയത്തെ മറന്നത് എല്ലാം ജനം ഏറ്റ് പറഞ്ഞു. എല്ലാവരും പ്രവാചക ആലോചന അനുസരിച്ചു. ജനം ഭയപ്പെട്ടു. സെരുബാബേലും മഹാപുരോഹിതനായ യോശുവയും ജനത്തിന് നേതൃത്വം നൽകി ഉണർത്തുന്നതിന് നിൽക്കുകയാണ്.

ജനത്തിന്റെ കാഴ്ചപ്പാടുകൾക്ക് മാറ്റം വന്നുവെന്നും സ്വാർത്ഥതകൾ വെടിഞ്ഞ് ആലയത്തിന് വേണ്ടി അവർ എരിവ് ഉള്ളവരായിത്തീർന്നു എന്നും യഹോവ കണ്ടപ്പോൾ ഹഗ്ഗായി പ്രവാചകനിലൂടെ മറ്റ് ഒരു ആലോചന ജനത്തിന് വന്നു. നിങ്ങൾ മലയിൽ ചെന്ന് മരം കൊണ്ട് വന്ന് ആലയം പണിയുവിൻ. ആലയം പണിയേണ്ടുന്ന വിധവും അതിനാവശ്യമായവ എവിടെ നിന്ന് കൊണ്ട് വരണം എന്നുള്ള ആലോചന ജനത്തെ ആകമാനം ഉണർത്തി. സെരുബാബേലിന്റേയും യോശുവയുടേയും ജനത്തിൽ ശേഷിപ്പ് ഉള്ളവരുടേയും തളർച്ചയും അലസതയും ഇല്ലായ്മയും നിരാശയും മാറി ഒരു ഉണർവ് അവരിലേക്ക് വ്യാപരിച്ചു.

ജനത്തിന്റെ മനസ് പ്രവാചകനിലൂടെ യഹോവ ഉണർത്തിയപ്പോൾ സൈന്യങ്ങളുടെ ദൈവമായ യഹോവയുടെ ആലയത്തിലേക്ക് ജനം വന്ന് തുടങ്ങി. ആലയത്തിന്റെ വേലകളിൽ ജനം സഹകരിച്ച് തുടങ്ങി. അവരെ ധൈര്യപ്പെടുത്തി ആലയത്തിന്റെ വേല പൂർത്തീകരിക്കുവാൻ പ്രവാചകനെ ദൈവം ഉപയോഗിക്കുകയാണ്. നിങ്ങൾ മിസ്രയീമ്യൽ നിന്ന് പുറപ്പെട്ട

ഷോൾ ഞാൻ നിങ്ങളോട് ചെയ്തിരിക്കുന്ന നിയമത്തിന്റെ വചനം ഓർപ്പിൻ, എന്റെ ആത്മാവ് നിങ്ങളുടെ ഇടയിൽ വസിക്കുന്നു, നിങ്ങൾ ഭയപ്പെടേണ്ട. മിസ്രയീമിൽ നിന്ന് പുറപ്പെട്ടപ്പോൾ ജനത്തിന്റെ മുമ്പാകെ വെളിപ്പെടുത്തിയ അത്ഭുതങ്ങൾ ഇന്നും അതേ ശക്തിയിൽ വെളിപ്പെടുത്തുവാൻ ഞാൻ നിങ്ങളോട് കൂടെ ഉണ്ട്. എന്റെ ആത്മാവ് നിങ്ങളെ സംരക്ഷിക്കും, സഹായിക്കും എന്ന് അരുളി ചെയ്തു.

ആലയത്തിന്റെ പണികളെ വേഗത്തിൽ ക്രമീകരിക്കേണ്ടതിനാവശ്യമായ ആലോചനകൾ കൊടുക്കുമ്പോൾ തന്നെ ആലയത്തോട് ബന്ധപ്പെട്ട ആലോചനകളേയും ഹഗ്ഗായി പ്രവാചകൻ നൽകുന്നു. ഞാൻ സകല ജാതികളേയും ഇളക്കും, സകലജാതികളുടേയും മനോഹര വസ്തു വരികയും ചെയ്യും, ഞാൻ ഈ ആലയത്തെ മഹത്വപൂർണ്ണമാക്കും. ഓരോ നാൾ ചെല്ലുന്തോറും ഓരോ കാലഘട്ടം കഴിയുന്തോറും ദൈവമഹത്വവും കൂടുതൽ കൂടുതൽ വെളിപ്പെടും. ഇ ൗ ആലയത്തിന്റെ പിന്നത്തെ മഹത്വം മുമ്പിലേത്തതിലും വലുതായിരിക്കും. ഇ ൗ സ്ഥലത്ത് ഞാൻ സമാധാനം നൽകും. നിയമപേടകവും സമാഗമന കൂടാരവും ഒരിക്കൽ ദൈവീകാലയം ആയിരുന്നെങ്കിൽ പിന്നീട് അതിലും മഹത്വമേറിയ, മനോഹരമായ, ഒരു ആലയം യരുശലേമിൽ ശാലോമോനാൽ ദൈവം നിർമ്മിച്ചു. തുടർന്ന് മനുഷ്യനിർമ്മിതമായ ആലയത്തിന്റെ സ്ഥാനത്ത് ദൈവസൃഷ്ടിയായ ജീവനുള്ള ആലയം പണിയപ്പെടുവാൻ യഹോവയാം ദൈവം മനുഷ്യനായി ഭൂമിയിൽ ജനിച്ച് സ്വന്തം ശരീരത്തെ ഒരു മഹത്വമേറിയ ആലയമാക്കിത്തീർത്തു. ആലയത്തിന്റെ മനോഹാരിതയും മഹത്വവും കണ്ട ശത്രു അത് തകർത്ത് കളഞ്ഞുവെങ്കിലും മൂന്ന് ദിവസം കൊണ്ട് അതിലും മഹത്വമേറിയ പുനരുത്ഥാന ശരീരം കൈക്കൊണ്ട് ആലയത്തിന്റെ മഹത്വം വർദ്ധിപ്പിച്ചു.

തുടർന്ന് പരിശുദ്ധാത്മാവ് തന്നെ തീനാളരൂപത്തിൽ ഇറങ്ങി വന്നു മനുഷ്യരുടെ ഉള്ളിൽ വസിച്ച് ക്രിസ്തുവിൽ വിശ്വസിക്കുന്ന ഓരോരുത്തരേയും മനോഹര ആലയമാക്കിത്തീർത്തു. ഓരോ കാലഘട്ടത്തിലും ആലയത്തിന്റെ മനോഹാരിതയും മഹത്വവും വർദ്ധിക്കുകയാണ്. ഇന്ന് ഭൂമിയിൽ ഒരുനല്ല വിഭാഗം ദൈവീകാലയമായിത്തീരുകയും വ്യത്യസ്ത മനോ

ഹരമായ ശുശ്രൂഷകളും ദൈവീകമഹത്വവും വെളിപ്പെടുത്തുകയും ചെയ്യുന്നു. എങ്കിലും ഒരു നിശ്ചിത ജനവിഭാഗം ശത്രുവിന്റെ ആലയത്തിന് സമാനമായ രീതിയിൽ പോയികൊണ്ടിരിക്കുന്നു. എന്നാൽ വരും നാളിൽ ഭൂമി മുഴുവൻ യഹോവയെ മഹത്വപ്പെടുത്തുന്ന രീതിയിൽ ആലയത്തിന്റെ മനോഹാരിതയും വ്യാപ്തിയും വർദ്ധിക്കും. സർവ്വഭൂമിയും യഹോവയുടെ ആലയത്തിന്റെ മഹത്വം ദർശിക്കും.

ഹഗ്ഗായി പ്രവാചകനിലൂടെ സെരുബാബേലിന് വെളിപ്പെട്ട മറ്റൊരു ആലോചന യഹോവയുടെ അരുളപ്പാട് എന്റെ ദാസനായി ശെയൽതിയേലിന്റെ മകനായ സെരുബാബേലേ ഞാൻ നിന്നെ എടുത്ത് മുദ്രമോതിരമാക്കും യഹോവയാൽ മാനിക്കപ്പെടുന്ന ആലോചനയാണ് ഇത്. അധികാരത്തിന്റേയും രാജമഹത്വത്തിന്റേയും അടയാളമായ മുദ്രമോതിരം പോലെ ഞാൻ നിന്നെ ആക്കും എന്നാണ് അരുളി ചെയ്തിരിക്കുന്നത്.

ഹഗ്ഗായി പ്രവചനത്തിലുടനീളം വെളിപ്പെട്ട എല്ലാ പ്രവാചകദൂതുകളും ദൈവശ്വാസീയം ആണ്. ശക്തമായ പ്രവാചക ആലോചന വെളിപ്പെടുന്ന സ്ഥലത്ത് മാത്രമേ യഹോവയുടെ മനോഹാരിത രൂപം കൊള്ളുകയുള്ളൂ. ഹഗ്ഗായിലൂടെ പ്രവാചക ആലോചന വെളിപ്പെടാതിരുന്ന സമയങ്ങളിൽ ജനം ശരിക്കും വരണ്ട അനുഭവത്തിലായിരുന്നു. അത്തിവൃക്ഷം തളിർക്കാതെ മുന്തിരിവള്ളി അനുഭവം തരാതെ കളപ്പുരയിൽ വിത്ത് നശിക്കുന്നത് പോലെ ജനം ആയിരുന്നു. പ്രവാചക ആലോചന വെളിപ്പെട്ടപ്പോൾ ജനം തങ്ങളുടെ വീണിരിക്കുന്ന അനുഭവം, വരണ്ട മണ്ഡലങ്ങൾ എല്ലാം ഒരു സൂര്യവെളിച്ചത്തിലെന്ന പോലെ കണ്ടു. അത് അവരെ സ്വയം ചിന്തിപ്പിക്കുവാൻ പ്രേരിപ്പിച്ചു. അത് അനുതാപത്തിലേക്ക്, ഏറ്റ് പറച്ചിലേക്ക് കൊണ്ട് പോയി. അത് നന്മക്കും വിടുതലിനും കാരണമായി. അനുതാപത്തെ ജനിപ്പിക്കുന്ന പ്രവാചകശബ്ദങ്ങൾ സഭയ്ക്കകത്ത് മുഴങ്ങട്ടേ. ഭയപ്പെടുത്തുന്ന ഭീതി ജനിപ്പിക്കുന്ന പ്രവാചകശബ്ദങ്ങളല്ല. പ്രവാചകശബ്ദം എപ്പോഴും സ്നേഹത്തിലധിഷ്ഠിതമായിരിക്കണം വെളിപ്പെടേണ്ടത്. രണ്ടാമത് വചനത്തിനനുസരിച്ച് അത് നീങ്ങണം. മൂന്നാമത് അനുതാപവും പ്രത്യാശയും ജനിപ്പിക്കണം.

പഴയ നിയമ പ്രവാചകന്മാർക്ക് രാജസന്നിധിയിൽ ഉന്നതസ്ഥാനം ഉണ്ടായിരുന്നു. അത് പോലെ ഉന്നത മണ്ഡലങ്ങളിൽ, പ്രമുഖ വേദികളിൽ പുതിയ നിയമപ്രവാചകന്മാർ എത്തപ്പെടുന്നു. സ്വയം നാമമഹത്വത്തിന് വേണ്ടിയല്ല. ദൈവരാജ്യവ്യാപ്തിക്ക്, മഹത്വത്തിന് യഹോവയുടെ ഇഷ്ട ത്തിലേക്ക് ജനം കടന്ന് വരുവാനും ഭൂമി മുഴുവൻ യഹോവയുടെ മഹത്വ ത്താൽ നിറയപ്പെടുവാനും കാരണമാകണം.

## ൯. ഗിദയോന്യ യുദ്ധം

ന്യായാധിപ കാലഘട്ടത്തിൽ ദൈവം എഴുന്നേൽപ്പിച്ച ശക്തനായ ഒരു അഭിഷിക്തനാണ് ഗിദയോൻ. ഇതിൽ നിന്നുള്ള അഭിഷിക്തദൂത് ഗിദ യോന്യ യുദ്ധം ആണ്. ബുദ്ധിയില്ലാത്ത യുദ്ധം എന്നും പരാജയപ്പെടാൻ സാദ്ധ്യതയുള്ള യുദ്ധം എന്നും മറ്റുള്ളവർ പറയുന്ന ഒരു യുദ്ധമാണ് ഗിദ യോൻ നടത്തിയത്. ഗിദയോന്റെ ജീവിതത്തിൽ മൂന്ന് ഘട്ടങ്ങൾ ഉണ്ടായിരു ന്നു.

1. തനിക്ക് ഉള്ളതിനെ സംരക്ഷിക്കുന്നതിന്റെ ഭാഗമായിട്ടുള്ള യുദ്ധം
2. മിദ്യാന്യപാളയത്തെ തകർത്ത യുദ്ധം
3. സ്വസ്ഥതയുടെ സമാധാനത്തിന്റെ നാളുകൾ.

ആദ്യഘട്ടത്തിൽ ഗിദയോൻ ഒരു അഭിഷിക്തനാണ് എന്നും ആർക്കും അറിയില്ലാത്ത വിധത്തിൽ ജനത്തിൽ ഒരുവനെപ്പോലെയായിരുന്നു അവൻ. യോശുവയുടെ കാലഘട്ടത്തിൽ ആധിപത്യവും ജയവും അനുഭവിച്ച ഇസ്ര യേൽജനം യഹോവയുടെ ഹിതത്താൽ ഏഴ് സംവത്സരം മിദ്യാന്യർക്ക് കീഴ്പെ ട്ട്പോയി. മിദ്യാന്യശക്തി ഇസ്രയേൽ ജനത്തിന്മേൽ ആധിക്യം പ്രാപിച്ചു. നശിപ്പിക്കുവാൻ ആഗ്രഹിക്കുന്ന മിദ്യാന്റെ സംഹാരശക്തിയെ ഇസ്രയേൽ

മക്കൾ ഭയപ്പെട്ട് പോകുകയാണ്. ഒരു വലിയ ഭയമാണ് അവരിൽ രൂപം കൊണ്ടിരിക്കുന്നത്. ഇസ്രയേൽമക്കൾ തങ്ങളുടെ ഉപജീവനത്തിനായി നില നിൽപിനായി തങ്ങളുടെ ദേശത്ത് കൃഷി ചെയ്ത് അതിന്റെ ഫലത്തിനായി കാത്തിരിക്കുമ്പോൾ മിദ്യാൻ രംഗപ്രവേശം ചെയ്യുകയാണ്. ഇസ്രയേൽജനം നന്മക്ക് വേണ്ടി കാത്തിരുന്ന് അത് കൊയ്ത് എടുക്കുവാൻ തയ്യാറാകുന്ന സമയത്ത് മിദ്യാന്യശക്തി അവർക്ക് എതിരെ പാളയമിറങ്ങുകയാണ്. ഇസ്രയേൽജനത്തിന്റെ വിള നശിപ്പിക്കുകയാണ്. ആഹാരമോ ആടോ മാടോ കഴുതയോ ഒന്നും ശേഷിപ്പിക്കുകയില്ല. ജനം തങ്ങളുടെ പ്രാണസംരക്ഷക്കായി പ്രാണഭയത്തോടെ പർവ്വതങ്ങളിലെ ഗഹ്വരങ്ങളും ദുർഗ്ഗങ്ങളും ശരണമാക്കുകയാണ്. പർവ്വതങ്ങളിലെ ഗഹ്വരങ്ങളിലും ദുർഗ്ഗങ്ങളിലും ഇരുന്ന് ജനം നിലവിളിക്കുകയാണ്. അവർ നോക്കുമ്പോൾ മിദ്യാൻ പ്രബലനായി നിൽക്കുകയാണ്. തങ്ങളുടെ വിള നശിപ്പിക്കുകയാണ്. അവരുടെ മുമ്പിൽ പെട്ടാൽ തങ്ങളുടെ പ്രാണനും നഷ്ടപ്പെടും എന്ന് ചിന്തിച്ച് യഹോവയോട് നിലവിളിക്കുകയാണ്.

മിദ്യാന്യശക്തിയുടെ തുടർച്ചയായ ആക്രമണത്തിൽ ജനം ക്ഷയിച്ച് പോയി. തലപോലും ഉയർത്തുവാൻ കഴിയാത്തതരത്തിൽ ശത്രു അവരെ പീഢിപ്പിച്ച് കളഞ്ഞു. ഇസ്രയേൽജനം തങ്ങളുടെ പഴയനാളുകളിലെ യഹോവയുടെ പ്രവൃത്തികളെ ഓർക്കുകയാണ്. തങ്ങളുടെ പിതാക്കന്മാർ മിസ്രയീമ്യലായിരുന്നു എന്നും യഹോവ അഭിഷിക്തനായ മോശയെ അവരുടെ അടുക്കൽ അയച്ചുവെന്നും അത്ഭുതപ്രവൃത്തികളിലൂടെ മിസ്രയിമ്യസൈന്യത്തെ യഹോവ തകർത്തുവെന്നും ചെങ്കടലിനെ പിളർത്തി ഈ ജനത്തെ അക്കരെ കടത്തി എന്നും യോശുവയിലൂടെ തങ്ങൾ ഇപ്പോൾ ആയിരിക്കുന്ന ദേശം വെട്ടിപ്പിടിച്ചുവെന്നും, സൂര്യനും ചന്ദ്രനും വരെ യോശുവയുടെ വാക്കിന്റെ കീഴിൽ ചലിക്കാതെ നിന്നു എന്നും തങ്ങളുടെ പിതാക്കന്മാരിലൂടെ അവർ കേട്ടിട്ടുണ്ട്. യുദ്ധവീരനായ യഹോവയാണ് അവരുടെ ദൈവം എന്ന് അവരുടെ പിതാക്കന്മാർ അവരെ പഠിപ്പിച്ചു.

പക്ഷെ ആ യഹോവ ഇപ്പോൾ എവിടെ? അവന്റെ അത്ഭുതങ്ങൾ നിന്ന് പോയോ? മിദ്യാന്യരാൽ തങ്ങൾ ക്ഷയിച്ച് തകർന്ന് പോകുകയാണ്. എങ്കിലും ജനം നിലവിളിക്കുകയാണ്. നിസഹായമായ നിലവിളി. ആ നില

വിളിയുടെ സ്വഭാവം ഒരു വചനഭാഗത്ത് രേഖപ്പെടുത്തിയിരിക്കുന്നു. യഹോവ നമ്മോട് കൂടെ ഉണ്ടെങ്കിൽ നമുക്ക് ഇതൊക്കെ ഭവിക്കുന്നത് എന്ത്? യഹോവ നമ്മെ മിസ്രയീമിൽ നിന്ന് കൊണ്ടു വന്നു എന്ന് നമ്മുടെ പിതാക്കന്മാർ നമ്മോട് അറിയിച്ചിട്ടുള്ള അവന്റെ അത്ഭുതങ്ങൾ ഒക്കേയും എവിടെ? ഇപ്പോൾ യഹോവ നമ്മെ ഉപേക്ഷിച്ച് മിദ്യാന്യരുടെ കയ്യിൽ ഏൽപിച്ചിരിക്കുന്നുവല്ലോ ന്യായാ:6:13. വചനത്തിൽ രേഖപ്പെടുത്തിയിരിക്കുന്ന ഈ ഭാഗം നിലവിളി യുടെ സ്വഭാവം കാണിക്കുന്നു.

ജനത്തിന്റെ നിലവിളിയുടെ സ്വരം യഹോവയുടെ സന്നിധിയിൽ എത്തിയപ്പോൾ ഒരു പ്രവാചകനെ യഹോവ അവരുടെ മദ്ധ്യേ അയച്ച് തെറ്റി പ്പോയ ചിലമണ്ഡലങ്ങളെ കാണിച്ച് കൊടുത്തു. ജനം അത് തിരുത്തി ദൈവത്തോട് വീണ്ടും നിലവിളിക്കുകയാണ്. എന്നാൽ അവരിൽ ഒരുവൻ അതിഭയങ്കരമായി ദൈവത്തോട് നിലവിളിക്കുന്നുണ്ട്. അപ്പോൾ തന്നെ തനിക്ക് ഉള്ളതിനെ സംരക്ഷിക്കുവാൻ വേണ്ടി തനിക്ക് ചെയ്യുവാൻ കഴി യുന്നത് അവൻ ചെയ്യുകയാണ്. അവൻ പറയുന്നത് ഇങ്ങനെയാകാം. ഏത് രൂപത്തിലുള്ള മിദ്യാന്യശക്തി എഴുന്നേറ്റാലും ശരി എനിക്ക് ഉള്ളതിനെ പറിച്ച് കീറുവാൻ ഞാൻ സമ്മതിക്കുകയില്ല. യഹോവയുടെ കയ്യാൽ ഞാൻ സംരക്ഷിക്കപ്പെടും എന്റെ ദൈവത്തിന്റെ കയ്യിൽ നിന്ന് എന്നെ പിടിച്ച് പറി ക്കുവാനോ കീറിക്കളയുവാനോ ശത്രുവേ നിനക്ക് കഴിയില്ല എന്ന് അവൻ പറയുന്നു.

ഗിദയോൻ കരുവേലകത്തിന്റെ കീഴിൽ ഇരുന്ന് ഗോതമ്പ് മിദ്യാന്യ രുടെ കയ്യിൽ പെടാതെ ഇരിക്കേണ്ടതിന് മുന്തിരിചക്കിനരികെവച്ച് മെതി ക്കുകയാണ്. മിദ്യാൻ വിള നശിപ്പിക്കുവാൻ വരുന്നതിന് മുമ്പ് തന്നെ തനിക്ക് സ്വന്തമായുള്ള ഗോതമ്പ് വയലിൽ നിന്ന് ഗിദയോൻ കൊയ്ത് എടുത്തു. തന്റെ നന്മയെ ശത്രുവേ നിനക്ക് അപഹരിക്കുവാൻ കഴിയില്ല. എന്റെ ദൈവം അതിനെ സംരക്ഷിക്കും. തനിക്കും തനിക്കുള്ളവർക്കും തനിക്കുള്ളവക്കും വേണ്ടി സംരശക്ഷണ ഭിത്തി കെട്ടിപ്പൊക്കുന്ന സമയത്തും അവന്റെ നില വിളി ഉയരത്തിലേക്ക് പോകുകയാണ്. അൽപത്തിൽ അവൻ വിശ്വസ്ത നായിരുന്നതിനാൽ അധികത്തിന്റെ വിചാരകനാക്കുവാൻ യഹോവയുടെ കരം അവന് വേണ്ടി വെളിപ്പെടുകയാണ്. സ്വർഗ്ഗത്തിൽ നിന്ന് ഒരു ദൂതൻ

അവന്റെ മുമ്പിൽ പ്രത്യക്ഷപ്പെട്ടു. ഒരുവാക്ക് അവനോട് പറഞ്ഞു അല്ലയോ പരാക്രമശാലിയേ യഹോവ നിന്നോട് കൂടെ ഉണ്ട് ആ ഒരു വാക്ക് അവനെ ആകമാനം ചലിപ്പിച്ചു. ഹൃദയത്തിന്റെ ആഴത്തിൽ ഏറ്റ നൊമ്പരങ്ങൾ മുറിവുകൾ പെട്ടെന്ന് വെളിപ്പെടുകയാണ്. അയ്യോ യജമാനനേ യഹോവ നമ്മോടുകൂടെ ഉണ്ടെങ്കിൽ നമുക്ക് ഇതൊക്കെ ഭവിക്കുന്നത് എന്ത്. ? യഹോവ അനുവദിച്ചിട്ടാണ് ഇതൊക്കെ ഭവിച്ചിരിക്കുന്നത്, അൽപനാൾ ശത്രുവിന്റെ ശിരസ്സ് നമ്മുടെ മേൽ ഉയർന്ന് നിൽക്കുവാൻ ദൈവം അനുവദിച്ചതാണ്. എങ്കിൽ മാത്രമേ നാം ഒരു പോരാളിയായി പുറത്ത് വരൂ എന്ന് ദൈവത്തിനറിയാം. പ്രതികൂലങ്ങൾ വരുന്നത് ഒരു അഭിഷിക്തനെ, വിശ്വാസിയെ തകർക്കുവാനല്ല, പോരാളിയാക്കുവാനാണ്. അതുകൊണ്ട് അഭിഷേകത്തിന്റെ കീഴിൽ യുദ്ധ:മനോഭാവത്തിൽ നീങ്ങണം. പ്രതികൂലത്തെ ഭയപ്പെടുവാൻ പാടില്ല. പക്ഷെ ഗിദയോന്റെ ആദ്യകാലഘട്ടം സമ്മിശ്ര അനുഭവത്തിലായിരുന്നു. അഭിഷേകത്തിന്റെ കീഴിൽ അവൻ യുദ്ധം ചെയ്യുന്നുണ്ട്. മാനുഷികദു:ഖവും, വിഷാദവും, മൂകതയും അവന്റെ മേൽ ഉണ്ടായിരുന്നു. അതിഭയങ്കരമായ ഭയവും അവന് ഉണ്ടായിരുന്നു. അവന്റെ ഏതൊരുവാക്കിലും ഭയത്തിന്റെ ഒരു നിഴൽ വ്യാപരിച്ചിരുന്നു. അവന്റെ ആദ്യകാലഘട്ടത്തിൽ ഭയം അവനെ വിഴുങ്ങിക്കളഞ്ഞിരുന്നു.

എന്നാൽ ദൈവദൂതൻ പ്രത്യക്ഷപ്പെട്ട നിമിഷം മുതൽ അവന് മാറ്റം സംഭവിച്ചു. ദൈവദൂതന്റെ സാന്നിദ്ധ്യം, സ്പർശനം അവന്റെ മേലുള്ളസകല ശാരീരികബലഹീനതകളേയും മാറ്റി. ഒരു പുത്തൻ അഭിഷേകം അവന്റെ മേൽ പകർന്നു. സകലമാനുഷിക ഭയങ്ങളും ഓടിപ്പോയി. ശരിക്കും ഒരു യുദ്ധവീരനാക്കി ദൈവം അവനെ മാറ്റിത്തീർത്തു. യുദ്ധവീരനായ യഹോവയുടെ ആത്മാവ് അവനെ വീര്യമുള്ളവനാക്കിത്തീർത്തു.

ദൈവം അടയാള വാക്യവും ദൂതും അവന്റെ മേൽ പകർന്നു. നിന്റെ ഇ ൗ ബലത്തോടെ പോക നീ ഇസ്രയേലിനെ മിദ്യാന്യരുടെ കയ്യിൽ നിന്ന് രക്ഷിക്കും, ഞാൻ അല്ലയോ നിന്നെ അയക്കുന്നത് എന്ന് പറഞ്ഞു 6:14. ഈ അടയാളവാക്യത്തിലൂടെ രണ്ടാംഘട്ടത്തിലേക്ക് ഗിദയോൻ പ്രവേശിക്കുകയാണ്. അൽപത്തിൽ വിശ്വസ്തനായവൻ അധികത്തിന് വിചാരകനായി മാറുകയാണ്. ദൈവം അങ്ങനെ ചെയ്യുകയാണ്.

യഹോവയുടെ യുദ്ധത്തിന് കൂടിച്ചേരുന്ന ചില യുദ്ധഘടകങ്ങളുണ്ട്. സൈന്യബലത്തിലല്ല യഹോവ യുദ്ധങ്ങൾ നടത്തുന്നത്. മറ്റ് ചില ഘടകങ്ങളാണ്. ഒന്നാമത് പരിശുദ്ധാത്മാവ് യുദ്ധത്തിന്റെ കാര്യാലോചകനാണ്. വചനം യുദ്ധായുധം ആണ്. അഭിഷിക്തന്മാർ യുദ്ധപോരാളികളാകുന്നു. ദൈവദൂതന്മാരാകുന്നു യുദ്ധസൈന്യം. യുദ്ധത്തിന്റെ രാജാവ്, സൈന്യാധിപൻ യഹോവയും. യഹോവ അവനോട് ഞാൻ നിന്നോട് കൂടെ ഇരിക്കും, നീ മിദ്യാന്യരെ ഒറ്റ മനുഷ്യനെപ്പോലെ തോൽപിക്കും എന്ന് കൽപിച്ചു6:16. ഇവിടെ സൈന്യാധിപൻ വീരനായ യഹോവയാണ്. പരിശുദ്ധാത്മാവിന്റെ കാര്യാലോചനയാണ് ഈ വാക്യം. ദൂതനിലൂടെ അത് അരുളി ചെയ്യുന്നത്. വചനത്തിന്റെ ഭാഗമാണിത്. അഭിഷിക്തന് ഒരു പ്രമുഖ പങ്ക് ഈ യുദ്ധത്തിലുണ്ട്. യുദ്ധത്തിന്റെ ആദ്യഭാഗമായി അഭിഷിക്തനെ ഒരുക്കുകയാണ്. യഹോവ കൽപ്പിച്ചു നിന്റെ അപ്പന്റെ ഇളയ കാളയായ ഏഴ് വയസ്സുള്ള രണ്ടാമത്തെ കാളയെ കൊണ്ട്ചെന്ന് നിന്റെ അപ്പനുള്ള ബാലിൻ ബലിപീഠത്തെ ഇടിച്ച് അതിനരികെയുള്ള അശേരാ പ്രതിഷ്ഠയെ വെട്ടിക്കളയുക ഇത് ഒന്നാമത്തെ ആലോചന. രണ്ടാമത്തേത് ഇ ൗ ദുർഗ്ഗത്തിന്റെ മുകളിൽ നിന്റെ ദൈവമായ യഹോവക്ക് നിയമപ്രകാരം ഒരു യാഗപീഠം പണിത് ആ രണ്ടാമത്തെ കാളയെ നീ വെട്ടിക്കളയുന്ന അശേരാപ്രതിഷ്ഠയുടെ വിറക് കൊണ്ട് ഹോമയാഗം കഴിക്ക. 6:25,26.

ഈ രണ്ട് കാര്യവും ഗിദയോൻ തനിച്ച് ചെയ്യണം. ആലോചന രാത്രി സമയത്ത് അവന് മാത്രം നൽകിയതാണ്. യുദ്ധസഹായത്തിന് ആരെ എങ്കിലും കൂടെ കൂട്ടണം എങ്കിൽ അങ്ങനെ ഒരു ആലോചന യഹോവ പറയുമായിരുന്നു. പക്ഷെ അങ്ങനെ പറഞ്ഞില്ല. ഗിദയോന്റെ ബുദ്ധി അൽപം ആ യുദ്ധത്തിന്റെ ആരംഭത്തിൽ പ്രവർത്തിച്ചു. അത് പാടില്ലായിരുന്നു. പക്ഷെ യഹോവ അവനെ ഒരു വലിയ യുദ്ധത്തിന് വേണ്ടി ഒരുക്കുന്ന ഘട്ടമായതിനാൽ അതൊന്നും യഹോവ കാര്യമാക്കുന്നില്ല. ഗിദയോൻ യഹോവയുടെ ആലോചന നടപ്പിൽ വരുത്തുന്നതിന് തന്റെ വേലക്കാരിൽ പത്ത് പേരെ കൂട്ടി യഹോവ തന്നോട് കൽപിച്ചത് പോലെ ചെയ്തു.

പട്ടണക്കാരെ പേടിച്ചിട്ട് പകൽ സമയത്ത് അത് ചെയ്യാതെ രാത്രി

യിൽ ചെയ്തു. അത് ശരിയായ കാര്യമാണ്. കാരണം യഹോവയുടെ ആലോചന നടപ്പിൽ വരുത്തുമ്പോൾ എപ്പോൾ എന്ന് കൂടി ദൈവത്തോട് ആലോചന ചോദിക്കണം. രാത്രി എന്ന് യഹോവയുടെ ആലോചന ലഭിച്ചിട്ടുണ്ട്. പകൽ സമയത്ത് ജനം കാൺകേ അശേരാബാൽ പ്രതിഷ്ഠകൾ തകർക്കുവാൻ കഴിയില്ല. കാരണം അവയുടെ ജനം ആയിട്ട് കുറേ പേർ അവരുടെ നടുവിൽ ഉണ്ട്. അതുകൊണ്ടാണ് ഇസ്രയേൽജനം ഈ അനർത്ഥം ഒക്കേയും നേരിട്ടത്. ഈ ജാതീയ ദേവന്മാരെ അവർ ഭജിച്ചു. യഹോവയെ ഉപേക്ഷിച്ചു. അതൊന്നും അവരോട് പറഞ്ഞാൽ ഗ്രഹിക്കയില്ല. ശത്രു അവരുടെ ചിന്താമണ്ഡലത്തെ ബന്ധിച്ചിട്ടിരിക്കുകയാണ്. രാത്രിയിൽ യഹോവയുടെ ആലോചന നടപ്പിൽ വരുത്തിയത് ശരിയാണ്. പക്ഷെ ബാല്യക്കാരിൽ പത്ത് പേരെ കൂട്ടിയത് ശരിക്കുള്ള ഒരു ആലോചനയുടെ കീഴിൽ അല്ലായിരുന്നു. കാരണം ആ പത്ത് പേർ ഗിദയോന്റെ വാക്ക് അനുസരിച്ചു എങ്കിലും ഗിദയോന്റെ നിയോഗവും ലക്ഷ്യവും അവർക്ക് ഇല്ലായിരുന്നു. അതുകൊണ്ട് ഗിദയോനെ അവർ വെറുതെ അനുസരിക്കുകയായിരുന്നു. അത് പോരാ യുദ്ധത്തിന് എപ്പോഴും നിയോഗവും ലക്ഷ്യവും ഉള്ളവരെ മാത്രമേ കൂട്ടത്തിൽ ചേർക്കാവൂ.

ബാലിന്റെ ബലിപീഠം ഇടിഞ്ഞ് കിടക്കുന്നതും അശേരാപ്രതിഷ്ഠ വെട്ടിമാറ്റിയതും യഹോവയുടെ പുതുതായി പണിത യാഗപീഠത്തിൻമേൽ കാളയെ യാഗം കഴിച്ചതും പട്ടണവാസികൾ രാവിലെ കണ്ടു. അവർ അന്വേഷണം കഴിച്ചപ്പോൾ യോവാശിന്റെ മകൻ ഗിദയോൻ ആകുന്നു ഇത് ചെയ്തത് എന്ന് കേട്ടു. 6:29. എങ്ങനെയായിരിക്കാം ഈ പട്ടണവാസികൾ അത് അറിഞ്ഞത്. ഗിദയോൻ കുടെക്കൂട്ടിയ ആ പത്ത് ബാല്യക്കാരിൽ ആരെങ്കിലും പറഞ്ഞാണ് പട്ടണവാസികൾ അത് അറിഞ്ഞത്. യുദ്ധരഹസ്യവും യുദ്ധവും നിയോഗമില്ലാത്തവർ നടത്തുമ്പോൾ ചോർന്ന് പോകും. അത് അൽപമായ ദോഷത്തിന് കാരണമാകും.

പട്ടണക്കാർ യോവാശിനോട് പറയുകയാണ് നിന്റെ മകനെ പുറത്ത് കൊണ്ട് വരിക അവൻ മരിക്കേണം. ആരാണ് പട്ടണവാസികൾ ? ജാതീയരല്ല, ഇസ്രായേല്യർ തന്നെയാണ്. പക്ഷെ ബാലിനെ ഭജിക്കുന്നു എന്ന് മാത്രം. ദേശത്ത് ഉണർവിന് തടസമായ വിഷയങ്ങൾ അറിഞ്ഞ് തന്നെത്താൻ

ഏൽപ്പിച്ച് കൊടുക്കുന്ന അഭിഷിക്തന്മാർ പരിശുദ്ധാത്മാവിന്റെ ആലോചനക്ക് കീഴിൽ ചില യുദ്ധനീക്കങ്ങൾ നടത്തും. അത് വിജയിക്കും. യഹോവയുടെ വീര്യപ്രവർത്തി വെളിപ്പെടും. പക്ഷെ യഹോവയുടെ ജനം എന്ന് പറയുന്നവർ തന്നെ വേണ്ടത്ര പരിശുദ്ധാത്മ ആലോചന ഇല്ലാത്തവർ, അകൃത്യം ഉള്ളിൽ സൂക്ഷിക്കുന്നവർ ബുദ്ധിയുടെ വ്യാപാരത്താൽ ശുശ്രൂഷകൾ ക്രമീകരിക്കുന്നവർ, യഹോവയെ ആരാധിക്കുമ്പോൾതന്നെ മറ്റ് പലതും രഹസ്യമായി ആരാധിക്കുന്നവർ അഭിഷിക്തനെതിരെ തിരിയും. അവനെ ഒടുക്കുവാൻ ശ്രമിക്കും. അവനെ തിരസ്കരിക്കും. അവന്റെ ശുശ്രൂഷകളെ വിലയിരുത്തി നിരസിക്കും. അവനെതിരെ ദോഷം നിരൂപിക്കും.

എന്നാൽ അഭിഷിക്ത ആലോചന നൽകിയത് യഹോവ ആയതിനാൽ, യഹോവ ഗിദയോന്റെ കൂടെ ഉള്ളത്കൊണ്ട് ഇവരുടെ കയ്യിൽ ദൈവം ഗിദയോനെ ഏൽപിക്കുകയില്ല. യോവാശ് പറയുകയാണ് ബാലിന് വേണ്ടി നിങ്ങളോ വ്യവഹരിക്കുന്നത് അവൻ ഒരു ദൈവം എങ്കിൽ തന്റെ ബലിപീഠം ഇടിച്ച്കളഞ്ഞവനെ അവൻ നശിപ്പിക്കട്ടേപരിശുദ്ധാത്മാവിന്റെ ആലോചനക്ക് കീഴിൽ യുദ്ധം ചെയ്യുന്നവനെതിരെ ജനവും പട്ടണനേതാക്കളും എന്തിനാണ് കൊല്ലാൻ വരുന്നത്. യഥാർത്ഥ ശത്രുവിന് ശേഷിയുണ്ടെങ്കിൽ അവൻ അഭിഷിക്തനെതിരെ തിരിയട്ടേ. പക്ഷെ അഭിഷിക്തനെ ഒന്ന് തൊടുവാൻ പോലും യഹോവ സമ്മതിക്കുകയില്ല. തന്റെ ദൂതന്മാരാൽ ചുറ്റപ്പെട്ട അതിഭയങ്കരസംരക്ഷണമാണ് യഹോവ അവന് നൽകിയിരിക്കുന്നത്.

പട്ടണവാസികൾക്കും നേതാക്കന്മാർക്കും ഭയങ്കരയോജിപ്പാണ് അഭിഷിക്തനെതിരെ. തമ്മിൽ തമ്മിൽ ഒരു യോജിപ്പും ഇല്ലാത്തവർ, ഭിന്നതകൾ മാത്രം കൈവശം മുതലായി സൂക്ഷിക്കുന്നവർ ഒരു കാര്യത്തിൽ ഭയങ്കര യോജിപ്പ്, അഭിഷിക്തനെതിരെ, അഭിഷിക്ത ശുശ്രൂഷകൾക്കെതിരെ ഒരു യോജിപ്പ്. അല്ലാത്തപ്പോൾ തമ്മിൽ അതിഭയങ്കര അടിയാണ്. നേതാക്കന്മാർ എന്ന് പറയുന്നവരെ ദൈവം സുവിശേഷം പറയുവാനാണ് വിളിച്ചത്. ശുശ്രൂഷകരെ വിലയിരുത്തുവാനോ, അഭിഷിക്തശുശ്രൂഷകളെ എതിർക്കുവാനോ അല്ല നേതാക്കന്മാർ എന്ന് പറയുന്നവർ ദൈവം തരുന്ന ആലോചന ജനത്തോട് സുവിശേഷിക്കട്ടേ. ശുശ്രൂഷകളെ ദൈവംനിയന്ത്രിക്കട്ടേ. അതിനെതിരെ ഇറങ്ങിപ്പുറപ്പെടുവാൻ ആരാണ് ഇവർക്ക് അനുവാദം നൽകിയ

ത്. അവരിൽ വ്യാപരിക്കുന്ന ജഢശക്തിയാണ് അതിനായി അവരെ പ്രേരിഷിക്കുന്നത്. ജഢം എപ്പോഴും ആത്മാവിനും ആത്മപ്രവൃത്തിക്കും എതിരാണ്.

ഗിദയോനെഒന്ന് തൊടുവാൻ പോലും അവർക്ക് കഴിഞ്ഞില്ല. ഒരു അഭിഷിക്തൻ യഥാർത്ഥ യുദ്ധത്തിലേക്ക് നീങ്ങുന്നതിന് മുമ്പ് അവന്റെ മേലും അവന്റെ കുടുംബത്തിന്റെ മേലും ഉള്ള ശത്രു സ്വാധീനത്തെ പൂർണ്ണമായി നീക്കിയിരിക്കും. നീക്കിയിരിക്കണം. അതിനാവശ്യമായ ആലോചന ദൈവം പകരും. തന്റെ അപ്പനുള്ള ബാലിൻപീഠത്തെ ഇടിച്ച് കളയുവാനാണ് ഗിദയോനോട് യഹോവ പറഞ്ഞത്. ഗിദയോൻ അത് ചെയ്തു. ബാലിന്റെ സ്വാധീനം അവന്റെ കുടുംബത്തിൽ നിന്ന് പോയപ്പോൾ അവന്റെ അപ്പൻ യോവാശ് ഗിദയോന് അനുകൂലമായി വന്നു. ഒരു യാഗപീഠം യഹോവക്ക് ഒരുക്കി അപ്പന്റെ രണ്ടാമത്തെ കാളയായ ഇളയ കാളയായ ഏഴ് വയസ്സുള്ള കാളയെ യാഗമായി അർപ്പിച്ചു. ബലിപീഠത്തിൽ അർപ്പിക്കുന്ന യാഗമൃഗത്തെക്കുറിച്ച് വ്യക്തമായ ആലോചനയാണ് ദൈവം ഗിദയോന് നൽകിയത്. യഹോവയുടെ ആലോചന സമഗ്രവും വ്യക്തവും ആയിരിക്കും. യഹോവയുടെ ആലോചനക്ക് കീഴിൽ തന്റെ ഭവനത്തിനും തനിക്കും എതിരെയുള്ള ശത്രുസ്വാധീനത്തെ ഗിദയോൻ വെട്ടിക്കളഞ്ഞു. വലിയ ഒരു യുദ്ധത്തിന് വേണ്ടി യഹോവ ഇതിലൂടെ ഗിദയോനെ ഒരുക്കുകയായിരുന്നു. ഇതുവഴി നിരവധി കാര്യങ്ങൾ ഗിദയോൻ പഠിച്ചു. യഹോവ പഠിപ്പിച്ചു. യഥാർത്ഥ യുദ്ധത്തിലേക്ക് ഗിദയോൻ കാൽ എടുത്ത് വയ്ക്കുകയാണ്.

ഗിദയോൻ യുദ്ധത്തിന് ശരിക്കും തയ്യാറായപ്പോൾ തന്നെ ശത്രുവും ഒരു യുദ്ധത്തിന് തയ്യാറാകുകയാണ്. എന്ത് കൊണ്ട് ശത്രു നേരത്തേ യുദ്ധം ചെയ്യുവാൻ ഗിദയോന്റെ നേരെ വന്നില്ല. കാരണം ഉണ്ട്. ദൈവം അവനെ അനുവദിച്ചില്ല. ശത്രുവിന് പോലും ദൈവത്തിന്റെ അനുവാദം ഇല്ലാതെ അഭിഷിക്തനെതിരെ തിരിയുവാൻ കഴിയില്ല. ഗിദയോൻ യുദ്ധ സജ്ജനായിത്തീരുന്നത് വരെ ശത്രവിനെ ദൈവം അകറ്റിനിർത്തി. എന്നാൽ ഗിദയോൻ യുദ്ധസജ്ജനായപ്പോൾ ശത്രുവിനെ ദൈവം അനുവദിക്കുകയായിരുന്നു യുദ്ധത്തിന്. ശത്രുവിനെ ദൈവം യുദ്ധത്തിന് അനുവദിച്ചത് ശത്രുവിന്റെ ഇഷ്ടം നടപ്പിൽ വരുത്താനല്ല, എന്നന്നേക്കുമായി അവനെ തുടച്ച്

നീക്കുവാനാണ്. ഗിദയോനെ നേതൃത്വ പദവിയിലേക്ക് എത്തിക്കുന്നതിന് വേണ്ടിയാണ്.

അനന്തരം മിദ്യാന്യരും അമാലേക്യരും കിഴക്ക് ദേശക്കാർ എല്ലാവരും ഒരുമിച്ച്കൂടി ഇക്കരെ കടന്ന് ഇസ്രയേൽ താഴ്വരയിൽ പാളയം ഇറങ്ങി.6:33. ശത്രു അണിനിരന്ന് കഴിഞ്ഞു. ശത്രു രംഗത്ത് എത്തിയ ഉടനെ പരിശുദ്ധാത്മാവ് ആലോചനയുമായി രംഗത്ത് വരികയാണ്. പരിശുദ്ധാത്മാവും പരിശുദ്ധാത്മ ആലോചനയും ലഭിക്കുന്നുണ്ടെങ്കിൽ ഒരിക്കലും ശത്രുവിന് ജയിക്കുവാൻ കഴിയില്ല. ശത്രുരഹസ്യങ്ങളെ എപ്പോഴും ദൈവാത്മാവ് അഭിഷിക്തന് നൽകികൊണ്ടിരിക്കും. ആത്മാവ് ഗിദയോന്റെ മേൽ വന്നു. അവൻ കഹളം ഊതി. വിവിധ ഗോത്രങ്ങളിൽ നിന്ന് അനേകർ വന്ന് കൂടി. യുദ്ധത്തിന് ചില അടയാളങ്ങൾ ഗിദയോൻ ചോദിക്കുകയാണ്. ദൈവം വിശ്വസ്തൻ അടയാളങ്ങൾ തരും. പക്ഷെ നമ്മുടെ ബുദ്ധിയിൽ ഉദിക്കുന്ന രീതിയിൽ അടയാളങ്ങൾ നാം ചോദിക്കുവാൻ പാടില്ല. ഗിദയോൻ അത് ചോദിച്ചു. ആട്ടിൻ തോൽ കൊണ്ട് അത് പരീക്ഷിച്ച് അടയാളം തിരിച്ചറിഞ്ഞു. ഇതിൽ തെറ്റൊന്നും ഇല്ല. ചില ശുശ്രൂഷകർ ശരിയായ ഉറപ്പ് അവരുടെ രീതിയിൽ ലഭിച്ചാലേ എന്തെങ്കിലും ചെയ്യുകയുള്ളൂ. അത് അവരുടെ ശൈലിയാണ്. ഒരു വ്യത്യസ്ത ശുശ്രൂഷാ രീതിയാണ് തെറ്റ് പറയാനില്ല. കളത്തിൽ ആട്ടിൻതോൽ നിവർത്തിയിട്ട് നിലം നനയരുത് എന്നും ആട്ടിൻതോലിൽ മാത്രം മഞ്ഞ് വെള്ളം കാണുവാൻ പാടുള്ളൂ എന്നും ഗിദയോൻ യഹോവയോട് പറഞ്ഞു. അങ്ങനെ സംഭവിച്ചു. പിന്നീട് ആട്ടിൻ തോൽ കളത്തിൽ ഇട്ടിട്ട് ആട്ടിൻ തോൽ ഉണങ്ങിയും നിലം നനഞ്ഞ് ഇരിക്കണം എന്ന് ദൈവത്തോട് പറഞ്ഞു. ദൈവം അങ്ങനെ ചെയ്തു.

പക്ഷെ യഹോവ മറ്റൊരു അടയാളം ഗിദയോന് നൽകി. യഹോവ നൽകിയ അടയാളം അവന് ബലം നൽകി. താഴെ ഭാഗങ്ങളിൽ അത് വിശദീകരിക്കുന്നുണ്ട്. ഗിദയോൻ കാഹളം മുഴക്കിയപ്പോൾ അനേകർ വന്ന് കൂടിയിരുന്നു. അവരേയും കൊണ്ട് ഹരോദ് ഉറവിനരികെ പാളയം ഇറങ്ങി. അവൻ ഇറങ്ങിയ പാളയം നല്ലതായിരുന്നു. അത് ഗിലയാദ് പർവ്വതത്തിലായിരുന്നു. അവന്റെ യുദ്ധത്തിനുള്ള സ്ഥാനം നല്ലതായിരുന്നു. അവൻ തെരഞ്ഞെടുത്ത സ്ഥലം ശരിയായിരുന്നു. ആത്മീയ യുദ്ധത്തിൽ തെരഞ്ഞെടു

ക്കുന്ന സ്ഥലത്തിന് വളരെ പ്രാധാന്യം ഉണ്ട്. എല്ലായിടത്തും ആത്മീയ യുദ്ധം പാടില്ല. സ്ഥലം ശരിയായിരുന്നുവെങ്കിലും കൂടെ ഉള്ളവർ ശരിയല്ലായിരുന്നു.

32000 പേർ ആണ് ഗിദയോന്റെ അടുക്കൽ എത്തിയ സൈന്യം. ഇത് സൈന്യംഎന്ന് പറയാമോ എന്ന് എനിക്കറിയില്ല. വേണമെങ്കിൽ ഒരു ആൾക്കൂട്ടം എന്ന് പറയാം. ഒരു യുദ്ധവീരനും ഒരു ആൾക്കൂട്ടത്തെ ഉപയോഗിച്ച് യുദ്ധം വിജയിച്ചതായി ചരിത്രം രേഖപ്പെടുത്തിയിട്ടില്ല. ആൾക്കൂട്ടത്തിൽ ഒറ്റ മനസ്സില്ല. പല അഭിപ്രായം ആയിരിക്കും. തമ്മിൽ തല്ലി നശിക്കുകയല്ലാതെ ശത്രുവിന്റെ മേൽ യുദ്ധം ചെയ്ത് വിജയിക്കുവാനുള്ള ശേഷിയൊന്നും ആൾക്കൂട്ടത്തിന് ഇല്ല. അതും അല്ല അഭിഷിക്തനെ ഓർത്ത് യഹോവ ജയം നൽകിയാൽ ജനം പറയും ഞങ്ങളുടെ കൈ ഞങ്ങളെ രക്ഷിച്ചു എന്ന് അവർ വമ്പ് പറയും. നാമമഹത്വം അവർക്കാകും . മഹത്വം ദൈവത്തിന്റെ പക്കൽ എത്തുകയില്ല. ഞാൻ പ്രാർത്ഥിച്ചപ്പോൾ ഞാൻ ശുശ്രൂഷിച്ചപ്പോൾ ഇന്ന ഇന്ന കാര്യങ്ങൾ സംഭവിച്ചു എന്ന് അഭിഷിക്തന്മാർ പറയുവാൻ പാടില്ല. പക്ഷെ അറിയാതെ അങ്ങനെ പറയാറുണ്ട്. കഴിവതും പറയാതിരിക്കുവാൻ ശ്രദ്ധിക്കണം.

പരിശുദ്ധാത്മാവിന്റെ ആലോചന അനുസരിച്ച് ഒറ്റ പ്രഖ്യാപനത്തിൽ 22000 പേരാണ് മടങ്ങി പോയത്. 10000 പേർ ശേഷിച്ചു. എന്താണ് ആ പ്രഖ്യാപനം. ആർക്കെങ്കിലും ഭയവും ഭീരുത്വവും ഉണ്ടെങ്കിൽ ഗിലയാദ് പർവ്വതത്തിൽ നിന്ന് മടങ്ങിപൊയ്ക്കോള്ളട്ടേ. 7:3. ഭയവും ഭീരുത്വവും യുദ്ധവീരന്മാർക്ക് ചേർന്നതല്ല. യുദ്ധത്തിനായി ഒരുക്കിയ ഒരു യുദ്ധക്കുതിരയെക്കുറിച്ച് ഇയ്യോബിൽ പറയുന്നുണ്ട്. കുതിരക്ക് നീയോ ശക്തി കൊടുത്തത്.......അതിന്റെ ഹുങ്കാരപ്രതാപം ഭയങ്കരം..... അത് ആയുധപാണികളെ എതിർത്ത് ചെല്ലുന്നു. അത് കൂശാതെ ഭയത്തെ പുച്ഛിക്കുന്നു. വാളിനോട് പിൻവാങ്ങി മടങ്ങുന്നതുമില്ല. കാഹളനാദം കേട്ടാൽ അത് അടങ്ങി നിൽക്കുകയില്ല. കാഹളനാദം ധ്വനിക്കുന്തോറും അത് ഹാ,ഹാ എന്ന് ചിനയ്ക്കുന്നു. പടയും പടനായകന്മാരുടെ ആർപ്പും ദൂരത്ത് നിന്ന് മണക്കുന്നു. ഇയ്യോബ്:39:19-25.

ഭയവും ഭീരുത്വവും ഉണ്ടായിരുന്ന 22000 പേർ ഗിദയോന്റെ സൈന്യത്തിൽ നിന്ന് വിട്ട് പോയി. പക്ഷെ പരിശുദ്ധാത്മാവ് പറയുകയാണ് ജനം ഇനിയും അധികം ആണെന്ന്. യുദ്ധത്തിന് നിയോഗം കിട്ടിയവരും ഉണ്ട്. വികാരത്താൽ പെട്ടെന്ന് യുദ്ധത്തിന് ഇറങ്ങിപ്പുറപ്പെടുന്നവരും ഉണ്ട്. രണ്ടാമത്തെ കൂട്ടർ ആരംഭശൂരത്വം ചിലപ്പോൾ കാണിക്കും. യുദ്ധം മുറുകുമ്പോൾ കാൽ പതുക്കെ പുറകോട്ട് വയ്ക്കും. നിയോഗം കിട്ടിയവരുടെ വരെ ധൈര്യം ചിലപ്പോൾ ഇവർ ചോർത്തിക്കളയും. യഥാർത്ഥ യുദ്ധവീരനെ യഹോവ അറിയുന്നു അത് കൊണ്ടാണ് ശുശ്രൂഷകൾ ദൈവം തന്നെ പകുത്ത് കൊടുക്കുന്നത്. അവരെ വെള്ളത്തിലേക്ക് കൊണ്ടുവരിക അവിടെ വച്ച് പരിശോധിച്ച് തരാം എന്ന് യഹോവ ഗിദയോനോട് പറഞ്ഞു.

വെള്ളം എന്തിനെ കാണിക്കുന്നു, ആത്മാവിനെ. ആത്മനദിയെ കാണിക്കുന്നു. പരിശുദ്ധാത്മാവിന്റെ ആരാധനയിൽ മണിക്കൂറുകൾ നീന്തിത്തുടിക്കുവാൻ കഴിയാത്ത ഒരു വ്യക്തിക്ക് യുദ്ധവീരനായിത്തീരുവാൻ കഴിയില്ല. ആരാധന വെളിപ്പെടുമ്പോൾ അതിൽ സമർപ്പിച്ച് നിൽക്കുന്നവരെ നോക്കികൊള്ളുക. അവിടെ ഒരു അഭിഷേകം ഉണ്ട്. ശുശ്രൂഷ ഉണ്ട്. ഇത് നിന്ന് കിട്ടിയാൽ കൊള്ളാം എന്ന് പറയുന്നവരെ മാറ്റിനിർത്തികൊള്ളുക. യുദ്ധത്തിന് അവരെ കൊള്ളുകയില്ല. നേതാവായാലും ശരി. വെള്ളത്തിന്റെ അരികിലേക്ക് 10000 പേർ നയിക്കപ്പെട്ടു. ഗിദയോന് ദൈവം ഒരു രഹസ്യ അടയാളവും നൽകി. കൈ വായ്ക്ക് വച്ച് നക്കി കുടിച്ചവരെ മാറ്റി നിർത്തി കൊള്ളുക. ഒരുകൂട്ടർ മുട്ട്കുത്തി വെള്ളത്തിന്റെ നേരെ കുനിഞ്ഞ് വെള്ളം കുടിച്ചു. മറ്റൊരുക്കൂട്ടർ കൈ വായ്ക്ക് വച്ച് വെള്ളം നക്കിക്കുടിച്ചു. ഇവിടെ എന്താണ് പ്രത്യേകത. യുദ്ധസജ്ജരായി നിൽക്കുന്ന ജനമാണത്. അവരുടെ ദൃഷ്ടി എപ്പോഴും ദൂരത്ത് നട്ടിരിക്കണം. കൈ വായ്ക്ക് വച്ച് നക്കി കുടിച്ചവർ വെള്ളം കുടിക്കുമ്പോൾ തന്നെ ദൈവത്തിന്റെ നന്മ അനുഭവിക്കുമ്പോൾ തന്നെ ലക്ഷ്യം മറക്കുന്നില്ല. യുദ്ധമാണ് ലക്ഷ്യം. അവരുടെ ദൃഷ്ടി ദൂരത്തേക്ക് ശത്രുനീക്കത്തെ നോക്കി കൊണ്ടിരിക്കുകയായിരുന്നു. എന്നാൽ മുട്ടുകുത്തി വെള്ളം കുടിക്കുവാൻ കുനിഞ്ഞവർ വെള്ളം കിട്ടിയപ്പോൾ നന്മ ലഭിച്ചപ്പോൾ ലക്ഷ്യം തൽക്കാലത്തേക്ക് എങ്കിലും മറന്നു. അവരുടെ ദൃഷ്ടി വെള്ളത്തിന്റെ നേരെയായിരുന്നു. ശത്രുവിന്റെ യുദ്ധനീക്ക

ങ്ങളുടെ മേൽ അവരുടെ ദൃഷ്ടി പോയില്ല.

കൈ വായ്ക്ക് വച്ച് നക്കികുടിച്ചവർ 300 പേർ ആയിരുന്നു. ബാക്കി 9700 പേരെ ഗിദയോൻ തിരിച്ചയച്ചു. ഗിദയോനും കൂടെയുള്ള ദൈവം തെര ഞ്ഞെടുത്ത 300 പേരും യുദ്ധസജ്ജരായി നിന്നു. ഗിദയോനെ ധൈര്യപ്പെ ടുത്തുന്നതിന് വേണ്ടി യഹോവ ഒരു അടയാളം നൽകി. എഴുന്നേറ്റ് ശത്രു പാളയത്തിന്റെ അരികിലേക്ക് നീയും ബാല്യക്കാരനായ പൂരയും കൂടി ഇറങ്ങി ചെല്ലുക. അവിടെ നിനക്ക് ധൈര്യം പകരുന്ന ചിലവാക്കുകളെ നീ കേൾക്കും എന്ന് പറഞ്ഞു. ശത്രുസൈന്യത്തിൽപ്പെട്ട രണ്ട് പേർ അവരിലൊരുവൻ കണ്ട സ്വപ്നത്തെ വിവരിക്കുകയായിരുന്നു. ഒരു യവയപ്പം മിദ്യാന്യരുടെ പാളയത്തിന് നേരെ വന്ന് അത് തള്ളിയിട്ടു എന്ന് അവർ പറയുകയായിരു ന്നു. ഈ വാക്കുകൾ കേട്ട് ഗിദയോൻ ധൈര്യപ്പെടുകയാണ്. ശത്രു പാളയ ത്തിലെ പടയാളികളിൽ ഒരുവൻ പറയുകയാണ് ദൈവം മിദ്യാനേയും ഈ പാളയത്തെ ഒക്കേയും ഗിദയോന്റെ കൈയ്യിൽ ഏൽപ്പിച്ചിരിക്കുന്നു എന്ന്. സ്വപ്നവും പൊരുളും കേട്ട ഗിദയോൻ തന്നെ ധൈര്യപ്പെടുത്തിയ യഹോ വയെ നമസ്കരിച്ചു.

അനന്തരം ഗിദയോൻ യുദ്ധസന്നാഹങ്ങൾ ഒരുക്കുവാൻ തുടങ്ങി. 300 പേരെ മൂന്ന് കൂട്ടമായി വിഭാഗിച്ച് ഓരോരുത്തന്റെ കയ്യിൽ ഓരോ കാഹ ളവും വെറും കുടവും കുടത്തിനകത്ത് ഓരോ പന്തവും കൊടുത്തു. എന്താണ് യുദ്ധായുധങ്ങൾ? ഒരു കാഹളം, ഒരു മൺകുടം, ഒരു പന്തം ഇതാണ് യുദ്ധായുധം. മനുഷ്യന്റെ ആയുധം വാളും രഥവും കുന്തവും ആണ്. പക്ഷെ ഇത് മാനുഷികയുദ്ധം അല്ല. ജഢയുദ്ധം അല്ല. ആത്മീക യുദ്ധം ആണ്. അതുകൊണ്ട് പരിശുദ്ധാത്മാവ് പറയുന്നതെന്തോ അതാണ് ആയുധം. പരി ശുദ്ധാത്മാവ് തരുന്നത് എന്തോ അതാണ് ആയുധം. നേരത്തെ ഉണ്ടായി രുന്ന 32000 പേരുടെകയ്യിൽ ഇവ നൽകിയാൽ അവർ ഇവ വലിച്ചെറിഞ്ഞ് ഗിദയോനെതിരെ നിൽക്കുമായിരുന്നു. അത് കൊണ്ടാണ് യഹോവ തന്റെ യുദ്ധത്തിൽ നിന്ന് അവരെ മാറ്റി നിർത്തിയത്. യഹോവയുടെ യുദ്ധങ്ങൾ, യുദ്ധരീതികൾ ഇതൊക്കെയാണ്. ഓരോ കാലഘട്ടത്തിലും യുദ്ധരീതി മാറും. അത് വചനത്തിലില്ല എന്ന് പറഞ്ഞ് നിഷേധിക്കുന്നവർക്ക് ഇതൊന്നും മന സ്സിലാകുകയില്ല. അന്യഭാഷാ ഉച്ചാരണം വചനത്തിൽ രേഖപ്പെടുത്താത്തത്

വലിയ ഭാഗ്യമായി. അല്ലെങ്കിൽ ആ ഉച്ചാരണ രീതിയിലല്ലാത്ത അന്യഭാഷകൾ മുഴുവൻ ഭൂതഭാഷകളാണ്, ജൽപനങ്ങൾ ആണ് എന്ന് പറഞ്ഞ് അവർ തള്ളിക്കളഞ്ഞേനെ.

മാനുഷിക ബുദ്ധിയിൽ യുദ്ധായുധങ്ങളല്ലാത്തത് ദൈവദൃഷ്ടിയിൽ യുദ്ധായുധങ്ങളാകാം. മൺകുടം, പന്തം,കാഹളം ഇവ എങ്ങനെ യുദ്ധായുധമായിത്തീർന്നു എന്ന് നോക്കാം. ഗിദയോൻ പറഞ്ഞു ഞാൻ കാഹളം ഊതുമ്പോൾ ഞാൻ ചെയ്യുന്നത് പോലെ നിങ്ങളും ചെയ്യണം എന്ന് പറഞ്ഞു. പരിശുദ്ധാത്മാവിന്റെ ആലോചനക്ക് കീഴിൽ ആണ് ഗിദയോൻ എല്ലാം ചെയ്യുന്നത്. മദ്ധ്യയാമത്തിന്റെ ആരംഭത്തിങ്കൽ കാഹളം ഊതപ്പെട്ടു. മദ്ധ്യയാമത്തിങ്കൽ കാവൽ മാറി നിർത്തിയ ഉടനെ കാഹളം ഊതി. ഈ സമയത്തിനൊരു പ്രത്യേകതയുണ്ട്. അതുമാത്രമല്ല ശത്രു പാളയരഹസ്യവും പരിശുദ്ധാത്മാവ് ഗിദയോന് നൽകി. "കാവൽ മാറിനിർത്തിയ ഉടനെ" ഒരു കൂട്ടം കാവൽക്കാർ ഉറങ്ങുവാൻ പോകുന്ന സമയം, മറ്റൊരുകൂട്ടം കാവൽക്കാർ ഉറങ്ങി എഴുന്നേറ്റ് കാവലിന് വരുന്ന സമയം. ശത്രുസൈന്യം രണ്ട് മാനസികാവസ്ഥയിൽ ആയിരിക്കുന്ന നിമിഷം കാഹളം ഊതപ്പെട്ടു. കയ്യിൽ ഉണ്ടായിരുന്ന കുടം ഉടക്കപ്പെട്ടു. ഇടത്ത് കയ്യിൽ പന്തവും വലത് കയ്യിൽ കാഹളവുമായി യഹോവക്കും ഗിദയോനും വേണ്ടി എന്ന് ഗിദയോന്റെ നേതൃത്വത്തിലുള്ളവർ ആർത്ത് വിളിച്ചു.

ശത്രുപാളയത്തിൽ അങ്ങോട്ടും ഇങ്ങോട്ടും ജനം പാച്ചൽ തുടങ്ങി. അതിലൊരുവന്റെ വാൾ അവരുടെ കൂട്ടുകാരന്റെ നേരെ തിരിഞ്ഞ് ശത്രുസൈന്യം ചിന്നഭിന്നമായി. അങ്ങനെ മിദ്യാന്യ സൈന്യത്തെ തകർത്ത് ഇസ്രയേലിന് യഹോവ ഗിദയോനിലൂടെ ജയം നൽകി. തുടർന്ന് ഇസ്രയേല്യർ ഗിദയോനോട് നീ ഞങ്ങളെ മിദ്യാന്റെ കയ്യിൽ നിന്ന് രക്ഷിച്ചിരിക്കുന്നു. ഞങ്ങൾക്ക് രാജാവായിരിക്കേണം എന്ന് പറഞ്ഞു. യഹോവയത്രേ നിങ്ങളുടെ രാജാവ് എന്ന് ഗിദയോൻ പറഞ്ഞു. തുടർന്ന് മൂന്നാം ഘട്ടത്തിലേക്ക് ഗിദയോൻ പ്രവേശിച്ചു. സ്വസ്ഥതയുടേയും സമാധാനത്തിന്റേയും നാളുകൾ ഇസ്രയേലിന് ലഭിച്ചു. മിദ്യാൻ തലപൊക്കാത്തവണ്ണം യിസ്രയേൽ മക്കൾക്ക് കീഴടങ്ങി. ഗിദയോന്റെ കാലത്ത് ദേശത്തിന് 40 സംവത്സരം സ്വസ്ഥത ഉണ്ടായി. ന്യായാധി:8:28.

# ൧൦. വിശ്വസ്ത പ്രവാചകൻ - ഒന്നാം ഭാഗം

ദാൻ മുതൽ ബേർ-ശേബ വരെയുള്ള ഇസ്രയേൽ ഒക്കേയും ശമുവേൽ യഹോവയുടെ വിശ്വസ്ത പ്രവാചകൻ എന്ന് ഗ്രഹിച്ചു I ശമു: 3:20. ഒരു വിശ്വസ്തനായ പ്രവാചകനെ ദൈവം എഴുന്നേൽപ്പിക്കുകയാണ്. അതിനായി ഹന്നാ പ്രവാചകിയെ ദൈവം ഉപയോഗിച്ചു. അവളിലൂടെ ശമുവേലിന് ജന്മം നൽകി. ഒരു ആണ്ട് കഴിഞ്ഞിട്ട് ഹന്നാ ഗർഭം ധരിച്ച് ഒരു മകനെ പ്രസവിച്ചു, ഞാൻ അവനെ യഹോവയോട് അപേക്ഷിച്ച് വാങ്ങി എന്ന് പറഞ്ഞ് ശമുവേൽ എന്ന് പേരിട്ടു I ശമു:1:20. ഇങ്ങനെ ഒരു അഭിഷിക്ത ശിശുവിനെ ജന്മം കൊടുക്കുവാൻ വേണ്ടി ഒരു വലിയ വ്യഥ ഹന്ന അനുഭവിച്ചു. അത് മറ്റൊരു വിഷയം ആണ്. അവന് മുലകുടി മാറിയ ശേഷം മൂന്ന് വയസ്സുള്ള ഒരുകാളയും ഒരു പറ മാവും ഒരു തുരുത്തി വീഞ്ഞുമായി യഹോവയുടെ ആലയത്തിൽ കൊണ്ട് ചെന്നു. അവനെ യഹോവക്ക് നിവേദിച്ചു. അവൻ ജീവപര്യന്തം യഹോവയെ സേവിക്കും എന്ന് പറഞ്ഞു.

ഈ അഭിഷിക്ത ബാലൻ ഒന്നിനെക്കുറിച്ചും ഒരു ധാരണയും ഇല്ലാതെ യഹോവയുടെ ആലയത്തിനകത്തേക്ക് പ്രവേശിച്ചു. ഒരു നിശ്ചിതനാൾ അമ്മയുടെ സംരക്ഷണ വലയത്തിനകത്ത് ആരും തിരിച്ചറിയാതെ അവൻ വളർന്നു. അവന്റെ ജനനലക്ഷ്യം, നിയോഗം ആരും അറിഞ്ഞില്ല. യഹോവയുടെ മന്ദിരം അവന്റെ എല്ലാം ആയി മാറുകയാണ്. പഴയ എല്ലാ സാഹചര്യങ്ങളിൽ നിന്നും, ചെറിയ കുടുംബ മണ്ഡലത്തിൽ നിന്നും യഹോവയുടെ മന്ദിരമായ, ഇസ്രയേൽജനം എല്ലാം പ്രത്യാശയോടെ കടന്ന് വരുന്ന യഹോവയുടെ മണ്ഡലത്തിലേക്ക് അവൻ പറിച്ച് നടപ്പെട്ടു.

യഹോവയുടെ മന്ദിരത്തിലേക്ക് ഈ അഭിഷിക്ത ബാലനെ എന്ത്കൊണ്ട് യഹോവ വിളിച്ചുവരുത്തി. അവിടെ പുരോഹിതന്മാർ ഇല്ലായിരുന്നുവോ? അവിടെ അവരുടെ പിന്തുടർച്ചക്കാർ ഇല്ലായിരുന്നുവോ? പുരോഹിതശുശ്രൂഷ ഇല്ലായിരുന്നുവോ? എല്ലാം ഉണ്ടായിരുന്നു. മാനുഷികദൃഷ്ടിയിൽ എല്ലാം ഉണ്ട്. പക്ഷെ ദൈവം തന്റെ മന്ദിരത്തിനകത്തേക്ക്

നോക്കിയപ്പോൾ തനിക്ക് വേണ്ടത് ഒന്നും അവിടെ കണ്ടില്ല. അവിടെ തന്റെ പ്രവൃത്തികൾ വെളിപ്പെടുത്തേണ്ടതിനാവശ്യമായ ഒരു ഉപാധിയും കണ്ടില്ല. വിശുദ്ധി നിന്റെ ആലയത്തിന് എന്നും ഉചിതമല്ലോ എന്ന് വചനത്തിൽ കാണുന്നു.

ഏലീ പുരോഹിതൻ മന്ദിരത്തിനകത്ത് ഉണ്ട്. നേതൃത്വം ഉണ്ട്. പക്ഷെ കാണുവാൻ വയ്യാത്തവണ്ണം അവന്റെ കണ്ണ് മങ്ങിക്കിടക്കുകയാണ്. അവന്റെ പേര് യഹോവയുടെ മഹാപുരോഹിതൻ എന്നാണ്. യഹോവയുടേതായ ഒരു വചനം അവനിൽ നിന്ന് വെളിപ്പെടുന്നില്ല. ഒരു ദർശനം കാണുവാൻ കഴിയുന്നില്ല. കാരണം എന്താണ് എന്ന് പരിശോധിക്കുന്നില്ല. കാഴ്ചപ്പാട് അവന് ഇപ്പോൾ ഇല്ല. ഒരിക്കൽ ഉണ്ടായിരുന്നിരിക്കാം. ഇപ്പോൾ ലക്ഷ്യം മറ്റെന്തോ ആകാം. ഒന്നറിയാം യഹോവക്ക് അവനെ കൊണ്ട് വലിയ ഉപയോഗങ്ങൾ ഒന്നും ഇല്ല. രണ്ട് അവന്റെ പുത്രന്മാർ ജഢത്തിൽ അതിന്റെ എല്ലാ പ്രതാപത്തോടേയും നിൽക്കുകയാണ്. അവരുടെ ജഢത്തിന് വേണ്ടതായ എല്ലാം അവർക്ക് ഉണ്ട്. യാഗമൃഗത്തിൽ നിന്ന് പച്ചമാംസം മുപ്പല്ലി കൊണ്ട് കുത്തിയെടുത്ത് അത് വിൽപ്പന ചരക്കാക്കി. ആലയവാതിൽക്കൽ സേവ ചെയ്യുന്ന സ്ത്രീകളെ ജഢിക ഇഷ്ടങ്ങൾക്കായി ഉപയോഗിക്കുന്നു. പുരോഹിതനെന്നാണ് പേര്. പുരോഹിതന്റെ പേരിൽ വരുന്നത് എല്ലാം സ്വന്തം മണ്ഡലത്തിലേക്കും സ്വന്തം ആവശ്യങ്ങൾക്കായും മാറ്റുകയാണ്. അവിശ്വസ്ത പൂർണ്ണരൂപം പ്രാപിച്ച് നിൽക്കുകയാണ്. അശുദ്ധി ജഢരൂപം പൂണ്ട് യഹോവയുടെ മന്ദിരത്തിനകത്ത് വസിക്കുന്നു.

വിശ്വസ്തനും വിശുദ്ധനുമായ യഹോവയായ ദൈവത്തിന് തന്റെ മന്ദിരത്തിനകത്ത് ഒന്നും ചെയ്യുവാൻ കഴിയാതെ ഒരു ചെറിയ ആലോചനയോ ദർശനമോ പകരുവാൻ കഴിയാതെ ആയിരിക്കുന്ന സാഹചര്യത്തിലാണ്. വെറും ഒരു ബാലനായ, ശിശുവായ ശമുവേലിനെ, ഒന്നും അറിയത്തില്ലാത്ത ഈ അഭിഷിക്തനെ വിളിച്ച് യഹോവയുടെ മന്ദിരത്തിനകത്താക്കിയത്.

ബാലനായ ശമുവേൽ ഇപ്പോൾ യഹോവയുടെ മന്ദിരത്തിനകത്താണ്. ഒരു പുരോഹിത ശുശ്രൂഷകന് എന്തെല്ലാം വേണം എന്നോ,

എങ്ങനെയായിരിക്കണം എന്നോ അവനറിയില്ല. കാരണം അവൻ എല്ലാരീതിയിലും ഒരു ശിശുവാണ്. എന്നാൽ അവനെ ജനിപ്പിച്ച അവന്റെ അമ്മക്ക് പുരോഹിതശുശ്രൂഷക്ക് വേണ്ടത് എന്താണെന്ന് അറിയാം. അത് അവൾ അവന് ആണ്ട് തോറും കൊണ്ട് വന്ന് കൊടുക്കും. ശമുവേൽ എന്ന ബാലനോ പഞ്ഞിനൂൽ കൊണ്ടുള്ള അങ്കി ധരിച്ച് യഹോവയുടെ സന്നിധിയിൽ ശുശ്രൂഷ ചെയ്ത്പോന്നു. അവന്റെ അമ്മ ആണ്ട്തോറും ഒരു ചെറിയ അങ്കി ഉണ്ടാക്കി തന്റെ ഭർത്താവിനോട് കൂടെ വർഷാന്തരയോഗം കഴിപ്പാൻ വരുമ്പോൾ അവന് കൊണ്ട് വന്ന് കൊടുക്കും2:18,19.

പഞ്ഞി നൂൽ കൊണ്ടുള്ള ഒരു ചെറിയ അങ്കി അവന് വേണം എന്ന് അവന്റെ അമ്മയ്ക്ക് അറിയാം. പുരോഹിതശുശ്രൂഷക്ക് വിളിച്ച ദൈവത്തിന് തന്റെ ദാസന് എന്താണ് വേണ്ടത് എന്ന് അറിയാം. പഞ്ഞിനൂലങ്കിയുടെ മനോഹാരിത തന്റെ ദാസന്മാർക്ക് നൽകുവാൻ ദൈവം വിശ്വസ്തനാണ്. അത് വിശ്വസ്തന്മാരുടെ മേൽ ദൈവം ഭരമേൽപ്പിക്കുന്നു.

ശമുവേൽ ദൈവത്തിന്റെ പെട്ടകം ഇരിക്കുന്ന യഹോവയുടെ മന്ദിരത്തിനകത്ത് വിളക്ക് കെടുന്നതിന് മുമ്പ് ചെന്ന് കിടക്കുകയാണ്. അവന്റെ സഹവാസം എപ്പോഴും യഹോവയുടെ മന്ദിരത്തിലും യഹോവയുടെ പെട്ടകത്തിനരികിലും ആണ്. യഹോവയുടെ ആത്മാവ് എപ്പോഴും വസിച്ച് കൊണ്ടിരിക്കുന്ന ആലയത്തിനകത്ത് നിന്ന് ഒരു നിമിഷം പോലും അവൻ മാറുന്നില്ല. ആരാധനയുടെ അന്തരീക്ഷം പ്രാർത്ഥനാദീപം എപ്പോഴും അവനിൽ ചുറ്റപ്പെട്ട് നിൽക്കുകയാണ്. അശുദ്ധിക്ക് അവിടെ കടന്ന് വരുവാൻ കഴിയുന്നില്ല. ഉണർന്നിരിക്കുമ്പോഴും ഉറങ്ങുമ്പോഴും യഹോവയുടെ കൂടെയാണ് ശമുവേൽ ബാലൻ.

എങ്ങനെയാണ് ഒരുവൻ പ്രവാചകനാകുന്നത്. എങ്ങനെയാണ് ഒരുവൻ ദർശനങ്ങൾ കാണുന്നത്. സദാസമയം ഒരു ആരാധനാ അന്തരീക്ഷം, പ്രാർത്ഥനാവലയം അവന്റെ ചുറ്റും ഉണ്ടാകും. ലോകത്തിലായിരിക്കും അവൻ വസിക്കുന്നത്. ജഢികപ്രവർത്തികൾ ആയിരിക്കും ചുറ്റും നടക്കുന്നത്. അതൊന്നും തന്റെ പ്രാർത്ഥനാ അന്തരീക്ഷത്തെ സ്വാധീനിക്കുന്നില്ല. പ്രാർത്ഥനയും ആരാധനയും ഇല്ലാത്ത സമയത്ത് തന്റെ പഞ്ചേന്ദ്രിയങ്ങളുടെ

ഇഷ്ടത്തിനനുസരിച്ച് ഓടുകയും ചെയ്യുന്ന ഒരു വ്യക്തിയിൽ ഒരിക്കലും ഒരു പ്രവാചകദൂത് വെളിപ്പെടുകയില്ല. അതിന്റെ അർത്ഥം പ്രവാചകദൂത് വെളിപ്പെടുന്നവർ എല്ലാം എപ്പോഴും ആരാധനാ പ്രാർത്ഥനാ അന്തരീക്ഷ ത്തിൽ ആണ് എന്നല്ല.

പക്ഷെ ശമുവേൽ അങ്ങനെയാണ്. അവൻ സദാസമയവും പ്രാർത്ഥനാ ആരാധനഅന്തരീക്ഷത്തിൽ ആണ്. അങ്ങനെയുള്ള ഒരുവനോട് ദൈവത്തിന് എപ്പോഴും ഒന്ന് സംസാരിക്കുവാൻ ഉണ്ടാകും . അവൻ പയ്യ നാണ്. പക്ഷെ യഹോവ അവന് കൊടുക്കുന്ന ആലോചന ഒരു വലിയ മണ്ഡലത്തെക്കുറിച്ചാണ്. ആ മണ്ഡലത്തിൽ അവൻ പ്രവേശിച്ചിട്ടില്ല. ആ മണ്ഡലത്തെക്കുറിച്ച് അവന് ഒന്നും അറിയില്ല.

യഹോവ ശമുവേലിനോട് സംസാരിക്കുകയാണ്. അതിന്റെ ആരംഭ മായി അവന്റെ പേര് തന്നെ വിളിച്ച് അവന്റെ അടുക്കൽ വരികയാണ്. ശമു വേലെ, ശമുവേലെഎന്ന് യഹോവ അവനെ വിളിച്ചു. അന്നത്തെ മഹാപു രോഹിതനായ ഏലിയോടും അവന്റെ പുത്രന്മാരോടും ചെയ്യുവാൻ പോകുന്ന ന്യായവിധിയുടെ സ്വഭാവം അവരെ അറിയിച്ചു. ഏത് അകൃത്യവും യാഗ ത്താലും വഴിപാടിനാലും മാറിപ്പോകുന്നു. പക്ഷെ ഇവിടെ യഹോവ പറ യുന്നത് ശ്രദ്ധിക്കുക. ഏലീയുടെ ഭവനത്തിന്റെ അകൃത്യത്തിന് യാഗ ത്തിനാലും വഴിപാടിനാലും ഒരു നാളും പരിഹാരം വരികയില്ല എന്ന് അരുളി ചെയ്തു. പാപത്തിന്റെ സ്വഭാവം ഒന്നാണെങ്കിലും അത് മരണത്തെ പ്രസവി ക്കുന്നതാണെങ്കിലും യാഗത്താൽ പഴയ നിയമത്തിലും, യേശുക്രിസ്തുവിന്റെ രക്തത്താൽ പുതിയനിയമത്തിലും പരിഹാരം ഉണ്ട്. എന്നാൽ ലേഖനത്തിൽ അപ്പോസ്തലൻ പറയുന്നു സഹോദരൻ മരണത്തിനല്ലാത്ത പാപം ചെയ്യു ന്നത് ആരെങ്കിലും കണ്ടാൽ അപേക്ഷിക്കാം. ദൈവം അവന് ജീവനെ കൊടു ക്കും. മരണത്തിനുള്ള പാപം ഉണ്ട്. അതിനെക്കുറിച്ച് അപേക്ഷിക്കണം എന്ന് ഞാൻ പറയുന്നില്ല. ഏത് അനീതിയും പാപം ആകുന്നു. മരണത്തി നല്ലാത്ത പാപം ഉണ്ട്. അതിനെക്കുറിച്ച് അപേക്ഷിക്കണം എന്ന് ഞാൻ പറ യുന്നില്ല. ഏത് അനീതിയും പാപം ആകുന്നു. മരണത്തിനല്ലാത്ത പാപം ഉണ്ട് താനും I യോഹ:5:16. ഈ പാപത്തിന്റെ സ്വഭാവം മറ്റൊരു അവസര ത്തിൽ രേഖപ്പെടുത്താം. എന്നാൽ അൽപമായി ഈ വചനത്തിലൂടെ അത്

മനസ്സിലാക്കാം. യാഗവും കർത്താവിന്റെ രക്തവും പാപത്തിന്റെ ശാപബന്ധനത്തെ അഴിച്ച് കളയുന്നുണ്ട് എങ്കിലും അനുതാപം വെളിപ്പെടാത്ത മേഖലയിൽ, വ്യക്തിയിൽ അത് പ്രവർത്തിക്കുന്നില്ല. ശമുവേലിന് വെളിപ്പെട്ട ആലോചന ഏലിയുടെ മക്കളുടെ മുമ്പിൽ പറഞ്ഞാൽ അവിടെ അനുതാപം വെളിപ്പെടുകയില്ല. മാത്രമല്ല പ്രവാചകന് ദോഷമായി മാറുകയും ചെയ്യും. അനുതാപം വെളിപ്പെടാത്തിടത്തോളം ന്യായവിധി മാറിപോകുന്നില്ല. ഇത് ചെറിയ ഒരു വിശദീകരണമാണ്. ആഴത്തിൽ മറ്റൊരു വിശദവ്യാഖ്യാനം ഉണ്ട്.

രാവിലെ യഹോവയുടെ ആലയത്തിന്റെ വാതിലുകളെ ശമുവേൽ തുറന്നു. ഏലി ആവശ്യപ്പെട്ടതനുസരിച്ച് ദൈവം നൽകിയ ആലോചനകൾ മുഴുവനും ശമുവേൽ ഏലിയെ അറിയിച്ചു. ശമുവേലിന്റെ പ്രവാചകശുശ്രൂഷ അവിടെ മുതൽ ആരംഭിക്കുകയാണ്. അവൻ വളരുകയാണ്. അതോടൊപ്പം അവന്റെ മേൽ പകർന്ന പ്രവാചകശുശ്രൂഷയും വളരുകയാണ്. എന്ത് കൊണ്ടാണ് കാലം ചെല്ലുന്തോറും പ്രവാചകശുശ്രൂഷ വളരുന്നത്. കാരണം ശമുവേലിന് നിക്ഷിപ്ത താൽപര്യങ്ങളില്ല. സ്വാർത്ഥ ലക്ഷ്യങ്ങളില്ല. യഹോവയുടെ ശുശ്രൂഷ വിശ്വസ്തതയോടെ ചെയ്യുക എന്ന ഒരൊറ്റ ആഗ്രഹം മാത്രമേ അവനിൽ ഉള്ളൂ. അതുകൊണ്ടാണ് അവൻ വളരുന്നതിനൊപ്പം തന്നെ അവന്റെ മേൽ പകരപ്പെട്ട പ്രവാചകശുശ്രൂഷയും വളരുന്നത്.

യഹോവ അവനോട് കൂടെ ഉണ്ടായിരുന്നു. അവന്റെ വചനങ്ങളിൽ ഒന്നുപോലും നിഷ്ഫലമാകുവാൻ ഇടവരുത്തിയില്ല. യഹോവയുടെ വിശ്വസ്ത പ്രവാചകനായി ശമുവേൽ അംഗീകരിക്കപ്പെട്ടു. ശമുവേലിന്റെ വചനത്തിന്റെ ആലോചനക്ക് കീഴിൽ ഇസ്രയേൽ ഫെലിസ്ത്യരുടെ നേരെ യുദ്ധത്തിന് പുറപ്പെട്ടു. ഫെലിസ്ത്യരും ഇസ്രായേല്യരും യുദ്ധത്തിനായി അണിനിരന്നു. എന്നാൽ ഇസ്രായേൽ തോറ്റുപോയി. നാലായിരം പേർ പോർക്കളത്തിൽ വീണ് മരിച്ചു.

എന്താണ് പ്രവാചകന്റെ ആലോചനക്ക് കീഴിൽ യുദ്ധത്തിന് പുറപ്പെട്ട സൈന്യം പരാജയപ്പെട്ടത്. പ്രവചനം അതുപോലെ ആദ്യമേ സംഭവിക്കുകയല്ല ചെയ്യുന്നത്. മറിച്ച് ദൈവത്തിന്റെ ചില പദ്ധതികൾ നടപ്പിൽ

വരികയാണ്. ഇസ്രയേൽ ജനത്തിന്റെ മദ്ധ്യേ ഒരു ശുദ്ധീകരണം ദൈവം ആഗ്രഹിക്കുന്നു. ദൈവമന്ദിരത്തെ അശുദ്ധീകരിച്ച ഏലിയുടെ രണ്ട് പുത്രന്മാരായ ഹൊഫ്നിയും, ഫീനെഹാസും യഹോവയുടെ നിയമപെട്ടകത്തോടൊപ്പം യുദ്ധക്കളത്തിലേക്ക് പോകുക എന്നത് ദൈവീക പദ്ധതിയാണ്. ആ യുദ്ധക്കളം ദൈവത്തിന്റെ നീതി വെളിപ്പെടുന്ന ന്യായവിധി സ്ഥലം ആണ്.

അതിന് വേണ്ടി ഒരു പരാജയം ദൈവം അനുവദിക്കുകയാണ്. യഹോവയുടെ പെട്ടകം കൂടെ ഇല്ലാത്തത് കൊണ്ട് ആണ് തങ്ങൾ പരാജയപ്പെട്ടത് എന്നും അത്കൊണ്ട് നിയമപ്പെട്ടകം യുദ്ധക്കളത്തിലേക്ക് എത്തിക്കണം എന്നും ഇസ്രയേൽ മൂപ്പന്മാർ തീരുമാനിക്കുകയാണ്. നിയപ്പെട്ടകത്തോടൊപ്പം ഹൊഫ്നിയും ഫീനെഹാസും യുദ്ധക്കളത്തിൽ എത്തി. ഇവിടെ ഒരു കാരണവശാലും ജയം ഉണ്ടാകുകയില്ല. ഉണ്ടായാൽ ദൈവപദ്ധതി വെളിപ്പെടുകയില്ല. ആർക്കും അറിയത്തില്ലാത്ത ഒരു വിശുദ്ധ രഹസ്യ ദൈവീകപദ്ധതി ഈ പരാജയത്തിന്റെ കീഴിൽ ദൈവം ഒരുക്കിവച്ചിരിക്കയാണ്.

ശമുവേൽ പ്രവാചകനായി അംഗീകരിക്കപ്പെടുന്നുവെങ്കിലും യഹോവയുടെ മന്ദിരത്തിൽ തുടർച്ചയായ ആരാധനയും പ്രാർത്ഥനയും നടത്തുന്നുണ്ട് എങ്കിലും അവന്റെ മുകളിൽ അധികാരകേന്ദ്രം പോലെ ഏലിയും അവന്റെ പുത്രന്മാരും നിൽക്കുകയാണ്. അവർ നീക്കം ചെയ്യപ്പെടേണ്ടതുണ്ട്. അതിന് വേണ്ടിയാണ് ഈ യുദ്ധം ദൈവം ഒരുക്കിയത്. യഹോവയുടെ നിയമപെട്ടകം പാളയത്തിൽ എത്തിയപ്പോൾ ഭൂമി കുലുങ്ങും വണ്ണം ഇസ്രയേൽ എല്ലാം ഉച്ചത്തിൽ ആർപ്പിട്ടു.

ഉച്ചത്തിൽ ആർപ്പിട്ടു എന്നാണ് വചനത്തിൽ പറയുന്നത്. അതിന്റെ അർത്ഥം ദൈവത്തെ അവർ ഉച്ചത്തിൽ ആരാധിച്ചു എന്നാണ്. ഇവിടെ ആരാധനയിലെ മർമ്മം ഉണ്ട്. സ്വന്തജഡബലത്തിൽ, വികാരത്തള്ളിച്ചയിൽ, വെറും പ്രാർത്ഥനാസ്വരങ്ങൾ, ആരാധനാ സ്വരങ്ങൾ ഉയരുകയാണ്. പുറമെനിന്ന് നോക്കുന്ന ഒരുവ്യക്തിക്ക് നല്ല ആരാധനയെന്ന് പറയാം. ആത്മീയ വിവേചനം ഉള്ള ഒരുവ്യക്തിക്ക് ആരാധനയിൽ കാണുന്ന ജഢസ്വാധീനം

ശരിക്കും തിരിച്ചറിയാം. ചട്ടപ്രകാരം പോരാടിയില്ലെങ്കിൽ വിരുത് പ്രാപിക്കുകയില്ല എന്ന് വചനം പറയുന്നു.

ഈ ജഢിക ആരാധനക്ക് അകത്ത് ആഴത്തിൽ അശുദ്ധി വേരോടിക്കിടക്കുകയാണ്. അശുദ്ധി ആഴത്തിൽ വേരോടികിടക്കുന്നിടത്തോളം ദൈവത്തിൽ നിന്ന് ഒരുജയം ഒരു നന്മ പ്രാപിക്കും എന്ന് ആരും ചിന്തിക്കണ്ട. അശുദ്ധിയുടെ മുകളിൽ നിന്ന്, അശുദ്ധി അകത്ത് സൂക്ഷിച്ച് നടത്തുന്ന ആരാധന ശത്രുവിന് ജയം കൊണ്ട് പോയിക്കൊടുക്കുന്നത് പോലെയാണ്. അവർ ഉച്ചത്തിൽ ആർപ്പിട്ടു. യഹോവ അവരുടെ മദ്ധ്യേ ഇറങ്ങിയില്ല. ഇറങ്ങിയിരുന്നെങ്കിൽ ജയം വെളിപ്പെടുമായിരുന്നു.

അശുദ്ധിയിൽ ആർപ്പിട്ട അവരുടെ ശബ്ദം ശത്രുവിന് ബലം കൊടുക്കുന്നതിനാണ് സഹായിച്ചത്. ഈ ഒച്ച കേട്ട ഉടനെ ഫെലിസ്ത്യർ വിളിച്ച് പറയുകയാണ്. ധൈര്യം പൂണ്ട് പുരുഷത്വം കാണിപ്പിൻ. ഫെലിസ്ത്യർ മുഴുബലത്തോടെ പോരാടി ഇസ്രയേലിൽ 30000 കാലാൾ വീണ് പോകത്തക്കവണ്ണം ഒരു മാഹാസംഹാരം ഉണ്ടായി.

ദൈവത്തിന്റെ പെട്ടകം പിടിക്കപ്പെട്ടു, ഹൊഫ്നിയും ഫീനെഹാസും പട്ടുപോയി. ഇ ൗ വാർത്ത കേട്ട ഉടനെ ഏലിയും ആസനത്തിൽ നിന്ന് പുറകോട്ട് വീണ് കഴുത്തൊടിഞ്ഞ് മരിച്ചു. ഇസ്രയേൽ ജനം നേരിട്ട പരാജയത്തിലൂടെ ദൈവികപദ്ധതി പൂർണ്ണമായി വെളിപ്പെട്ടു. ഇപ്പോൾ യഹോവയുടെ മന്ദിരത്തിൽ പുരോഹിതനായി അംഗീകരിക്കപ്പെട്ട് എല്ലാത്തിനും അധികാരി ശമുവേൽ ആയിത്തീർന്നിരിക്കുന്നു. സാധാരണ എല്ലാവരും ചിന്തിക്കുന്നത് വിജയത്തിലൂടെയാണ് ദൈവപദ്ധതികൾ വെളിപ്പെടുന്നത് എന്ന്. പരാജയങ്ങളിലൂടേയും തന്റെ പദ്ധതിയെ വെളിപ്പെടുത്തുവാൻ ദൈവം ശക്തനാണ്.

ദൈവത്തിന്റെ പെട്ടകം പിടിക്കപ്പെട്ടു. അശുദ്ധിയിൽ ഓടുന്ന പുരോഹിതന്മാർ മുഖാന്തരം ദൈവം നിസഹായനായിപ്പോകുകയാണ്. ദൈവനാമം മിക്കസ്ഥലങ്ങളിലും പരാജയപ്പെടുകയാണ്. പൂർണ്ണ അധികാരം ലഭിച്ച ശമുവേൽ പ്രവാചകന്റെ മുമ്പിൽ ഒരു വലിയ വെല്ലുവിളിയാണ് വന്ന്

പെട്ടിരിക്കുന്നത്. നിയമപ്പെട്ടകം ഇല്ലാത്ത യഹോവയുടെ മന്ദിരമാണ് അവന് ലഭിച്ചത്. അവന് ഒന്നും ചെയ്യുവാൻ കഴിയുന്നില്ല. നിസഹായത ദയനീയരൂപത്തിൽ അവനെ നോക്കിവെല്ലുവിളിച്ച് നിൽക്കുകയാണ്. വിശുദ്ധിയിലും വിശ്വസ്തതക്ക് കീഴിലും ആണ് താൻ നിൽക്കുന്നത് എന്ന് ശമുവേലിന് അറിയാം. അത് ജനമദ്ധ്യത്തിൽ വെളിപ്പെടണം. അതിനായി ശമുവേൽ പ്രവാചകൻ യഹോവയെത്തന്നെ ശരണം പ്രാപിക്കുകയാണ്.

## 11. വിശ്വസ്തനായ പ്രവാചകൻ - രണ്ടാം ഭാഗം

ശത്രുപാളയത്തിൽ ശത്രുസങ്കേതത്തിൽ യഹോവയുടെ നിയമപെട്ടകം ഇരിക്കുകയാണ്. ഒരു വലിയ യുദ്ധത്തിൽ ഒരു വലിയ പരാജയം ഏറ്റ് വാങ്ങിയിരിക്കുന്ന ഇസ്രയേൽജനത്തെ ഒരിക്കൽക്കൂടി സംഘടിപ്പിച്ച് യുദ്ധത്തിനണിനിരത്തി ശത്രുപാളയത്തിൽ കടന്ന് ചെന്ന് യഹോവയുടെ നിയമപെട്ടകം കൈവശമാക്കുന്ന കാര്യം നടക്കുകയില്ല. പിന്നെ എങ്ങനെ നിയമപെട്ടകം യഹോവയുടെ മന്ദിരത്തിൽ എത്തും. ശത്രു സ്വമനസ്സാലെ അത് ഒരിക്കലും വിട്ട് തരികയില്ല. ചെന്ന് കൈവശപ്പെടുത്തുവാൻ ശേഷിയും ഇല്ല. പൂർണ്ണ നിസഹായകത.

പരാജയം ദൈവിക പദ്ധതിയായിരുന്നുവെങ്കിലും ഇങ്ങനെ പരാജയപ്പെടുന്നതിന് കാരണമായ വിഷയങ്ങളെക്കുറിച്ച് ശമുവേൽ പരിശോധിക്കുകയാണ്. ഇത് ഒരു ശുശ്രൂഷകന്റെ രഹസ്യമണ്ഡലം ആണ്. അത് വചനത്തിൽ രേഖപ്പെടുത്തിയിട്ടില്ല. ഒരു വലിയ പരാജയത്തിൽ ക്കൂടി ലഭിച്ച എല്ലാഅനർത്ഥങ്ങളും കാരണം ദു:ഖത്തിന്റെ ആഴങ്ങളിലേക്ക് ശമുവേൽ എടുത്തെറിയപ്പെട്ടു. ശുശ്രൂഷയുടെ ആരംഭനാളുകളിൽ തന്നെ ആ വലിയ ദു:ഖം അവനെ കീഴടക്കി. ആ അനർത്ഥത്തിനും പരാജയത്തിനും കാരണക്കാരൻ അവനല്ല. പരിശുദ്ധാത്മാവിന്റെ ആലോചനക്കും വചനത്തിന്റെ കീഴിലും ആണ് ശമുവേൽ സഞ്ചരിക്കുന്നത്. ശമുവേൽ ദൈവത്തിന്റെ മന്ദിരത്തിനകത്തിരുന്ന് പരാജയകാരണങ്ങൾ ആത്മാവിൽ

ആരാധിച്ച് ദൈവത്തിൽ നിന്ന് മനസിലാക്കുകയാണ്. ഓരോന്നായി അത് വെളിപ്പെടുകയാണ്.

1. ആലയത്തിനകത്തെ അശുദ്ധി
2. യാഗത്തേയും വഴിപാടിനേയും നിന്ദിച്ച അനുഭവങ്ങൾ
3. യഹോവയുടെ ആലോചന ചോദിക്കാതെ സ്വന്തം ബുദ്ധിയിൽ നിയമപെട്ടകം യഹോവയുടെ മന്ദിരത്തിനകത്ത് നിന്ന് യുദ്ധക്കളത്തിലേക്ക് കൊണ്ട്പോയത്.

ഇതൊക്കെ ശമുവേൽ മുഖാന്തരം സംഭവിച്ചതല്ല. എങ്കിലും അതിന്മേൽ ദൈവത്തോട് ക്ഷമ ചോദിക്കുകയാണ്. തുടർന്ന് ഏകനായി അത്ഭുതങ്ങളെ ചെയ്ത,ചെയ്യുന്ന യഹോവയെ ശരണം പ്രാപിച്ച് എല്ലാ നിസഹായതകളും പറയുകയാണ്. ഫറവോന്യ അടിമത്തത്തിൽ നിന്ന് ഇസ്രയേൽജനത്തെ വിടുവിക്കുവാൻ ഏകനായി യുദ്ധം ചെയ്ത ആ പ്രവൃത്തികൾ ഒരിക്കൽക്കൂടി വെളിപ്പെടുത്തേണമേ ദൈവമേ എന്ന് ശമുവേൽ നിലവിളിക്കുകയാണ്.

യഹോവയുടെ മന്ദിരത്തിനകത്ത് നിന്ന് അഭിഷിക്തന്റെ നിലവിളി ഉയരുകയാണ്. സ്വർഗ്ഗീയസിംഹാസനത്തിലേക്ക് അത് എത്തുകയാണ്. നിന്ദിക്കപ്പെട്ട അനുഭവം, തകർക്കപ്പെട്ട മണ്ഡലം, നേരിട്ട വ്യഥകൾ, തളർന്ന് പോയ നാൾ, എല്ലാം ഓരോന്നായ് പറയുകയാണ്. നിയമപെട്ടകം അങ്ങയുടെ ജനത്തിന്റെ മദ്ധ്യേ അല്ലയോ ദൈവമേ ഇരിക്കേണ്ടത്. അത് ഞങ്ങൾക്ക് കൈവശപ്പെടുത്തുവാൻ ശേഷിയില്ല. യഹോവേ നീ ഇറങ്ങി വരേണമേ, ഈ ജനത്തെ ഓർക്കേണമേ. ഈ അഭിഷിക്തന്റെ മുഖത്തെ ആദരിക്കേണമേ, നിന്ദയെ മാറ്റേണമേ, സന്തോഷം തിരികെ തരേണമേ. ആരാധന തിരികെ തരേണമേ. നിരവധി പ്രാർത്ഥനാ വാചകങ്ങൾ സ്വർഗ്ഗീയ സന്നിധിയിലെത്തി.

പ്രാർത്ഥനയുടെ മറുപടി വരികയാണ്. നിന്ദ മാറുകയാണ്. ദൈവം തന്റെ ജനത്തിന് വേണ്ടി എഴുന്നേൽക്കുകയാണ്. എന്റെ ജനത്തെ എനിക്ക് എങ്ങനെ സഹായിക്കാതിരിക്കുവാൻ കഴിയും. ആഴത്തിൽ ചില

പ്രവൃത്തികൾ തന്റെ ജനത്തിന്റെ മുമ്പിൽ ഉണ്ടായത് ദൈവം അറിഞ്ഞു. അശുദ്ധി മാറിയത് അറിഞ്ഞു. അനുതാപം വെളിപ്പെട്ടത് അറിഞ്ഞു. ജനത്തിന്റെ നിസഹായകവസ്ഥ അറിഞ്ഞു. അത് കൊണ്ട് യുദ്ധവീരനായ യഹോവ ഏകനായി യുദ്ധത്തിനായി പുറപ്പെടുകയാണ്. സൈന്യത്താലും ശക്തിയാലും അല്ല, യഹോവയുടെ ആത്മാവിനാൽ തന്നെ.

ഈ ആരാധന, അനുതാപം, വിശുദ്ധി ആരും പുറമേ കാണുന്നില്ല. ആരും കണ്ടും ഇല്ല. കാരണം അത് രഹസ്യ പ്രക്രിയയാണ്. ഈ രഹസ്യ പ്രക്രിയ അനേകർക്ക് അറിയത്തില്ലാത്തത് കൊണ്ടാണ് പലപ്പോഴും ജയം പ്രാപിക്കാൻ കഴിയാതെ ആയിരിക്കുന്നത്. ശമുവേൽ പ്രവാചകൻ യഹോവയുടെ മന്ദിരത്തിനകത്ത് ആഴത്തിൽ നിലവിളിക്കുന്ന സമയത്ത്, അഭിഷിക്തന് വേണ്ടി, അവനിൽ ആശ്രയിച്ച് നിൽക്കുന്ന ജനത്തിന് വേണ്ടി, ദൂരത്ത് മൈലുകൾക്കപ്പുറത്ത് യഹോവയുടെ പ്രവൃത്തി വെളിപ്പെട്ടു കഴിഞ്ഞു.

ഫെലിസ്ത്യർ ദൈവത്തിന്റെ പെട്ടകം എടുത്ത് എബെൻ ഏസരിൽ നിന്ന് അസ്തോതിലേക്ക് കൊണ്ടുപോയി. ദൈവത്തിന്റെ പെട്ടകം എടുത്ത് ദാഗോന്റെ ക്ഷേത്രത്തിൽ കൊണ്ട്ചെന്ന് ദാഗോന്റെ അരികിൽ വച്ചു. യഹോവ യുദ്ധത്തിന് ഇറങ്ങി പുറപ്പെട്ട കാര്യം ഫെലിസ്ത്യർ അറിഞ്ഞില്ല. രാവിലെ അസ്തോദ്യർ എഴുന്നേറ്റപ്പോൾ ദാഗോൻ യഹോവയുടെ പെട്ടകത്തിന്റെ മുമ്പിൽ വീണ് കിടക്കുന്നത് കണ്ടു. ഈ രൂപത്തിലുള്ള യുദ്ധം അവർക്ക് അറിയത്തില്ല. വാളും പരിചയും ഇല്ലാതെ യഹോവ അവർക്ക് എതിരെ യുദ്ധം ചെയ്യുകയാണ്. അസ്തോദ്യർ വീണ് കിടന്ന ദാഗോനെ എടുത്ത് പഴയത് പോലെ വച്ചു. പിറ്റെ ദിവസം ദാഗോനെ യഹോവ ഉടച്ച് കളഞ്ഞു. പിന്നീട് അസ്തോദ്യരുടെ മദ്ധ്യേ യഹോവ മൂലരോഗം അയച്ചു. ഇപ്പോഴാണ് അസ്തോദ്യർക്ക് മനസ്സിലാകുന്നത്, യഹോവ യുദ്ധം ചെയ്യുകയാണ്. അവർ പരിഭ്രമിക്കുവാൻ തുടങ്ങി. കാരണം യഹോവയുടെ പ്രവൃത്തികളെ ക്കുറിച്ച് അവർ കേട്ടിട്ടുണ്ട്. അവർ തന്നെ അവരുടെ നാവ് കൊണ്ട് പറഞ്ഞത് വചനത്തിൽ രേഖപ്പെടുത്തിയിട്ടുണ്ട്. നമുക്ക് അയ്യോ കഷ്ടം, ശക്തിയുള്ള ഈ ദൈവത്തിന്റെ കയ്യിൽ നിന്ന് നമ്മെ ആർ രക്ഷിക്കും.

മിസ്രയിമ്യരെ മരുഭൂമിയിൽ സകലവിധ ബാധകളാലും ബാധിച്ച ദൈവം ഇത് തന്നെ I ശമു:4:8.

അവർ അസ്തോദിൽ നിന്ന് ഗത്തിലേക്ക് ദൈവത്തിന്റെ പെട്ടകം കൊണ്ട്പോയി. യഹോവ ആ പട്ടണത്തിൽ താമസിക്കുന്ന എല്ലാ ഫെലിസ്ത്യന്റെ മേലും മൂലരോഗം അയച്ചു. ആ പട്ടണവാസികൾ യഹോവയെ പേടിച്ച് എക്രോനിലേക്ക് പെട്ടകം കൊടുത്ത് വിട്ടു. യഹോവയുടെ യുദ്ധരീതിയുടെ സ്വഭാവം ഭയങ്കരമാണ്. പെട്ടകം ഇസ്രയേലിൽ എത്തിക്കുക ഇതാണ് ദൈവത്തിന്റെ പദ്ധതി. അഭിഷിക്തന്റെ പ്രാർത്ഥനയും ഇത് തന്നെ. അത്കൊണ്ട് നിയമപെട്ടകം ഇരിക്കുന്ന സ്ഥലത്തെ പട്ടണവാസികളെ യഹോവ ശിക്ഷിക്കുകയാണ്.

ഈ നിയമപെട്ടകം ഞങ്ങൾക്ക് വേണ്ട എന്ന് ഓരോ പട്ടണ വാസികളേയും കൊണ്ട് യഹോവ പറയിപ്പിക്കുകയാണ്. യഹോവയുടെ നിയമപെട്ടകം ഞങ്ങളുടെ പട്ടണത്തിലേക്ക് വരുന്നു എന്ന് എക്രോൻ വാസികൾ അറിഞ്ഞപ്പോൾ അവർ നിലവിളിക്കുകയാണ്. നമ്മേയും നമുക്ക് ഉള്ളവരേയും കൊല്ലുവാൻ അവർ ഇസ്രായേല്യരുടെ ദൈവത്തിന്റെ പെട്ടകം നമ്മുടെ അടുക്കൽ കൊണ്ട് വന്നിരിക്കുന്നു എന്ന് പറഞ്ഞ് നിലവിളിച്ചു I ശമു:5:10. ഫെലിസ്ത്യ മുഴുവൻ യഹോവയുടെ നിയമപെട്ടകം എന്ന് കേൾക്കുമ്പോൾ തന്നെ വിറയ്ക്കുകയാണ്. ഇസ്രായേല്യരെ പരാജയപ്പെടുത്തി അവരുടെ പക്കൽ നിന്ന് നിയപെട്ടകം അപഹരിച്ചെടുക്കുവാൻ ഒരു പ്രയാസവും ഇല്ലായിരുന്നു. പക്ഷെ ഇപ്പോൾ ആപേര് കേൾക്കുമ്പോൾ തന്നെ അവർ ഭയപ്പെട്ട് വിറയ്ക്കുകയാണ്.

എന്താണ് കാരണം? പെട്ടകം പിടിച്ചെടുത്ത സമയത്തും, പെട്ടകം കൈവശമാക്കിയതിന് ശേഷമുള്ള സമയത്തും, രണ്ട് അനുഭവങ്ങൾ, ദൈവം എപ്പോഴും ഒരുപോലെ ശക്തനും ഏത് സമയത്തും പ്രവർത്തിക്കുവാൻ മതിയായവനും ആകുന്നു. പക്ഷെ ഏലിയും അശുദ്ധിയിൽ ജീവിച്ച അവന്റെ മക്കളും പുരോഹിതഗണമായ കലത്ത് യഹോവയുടെ നിയമപെട്ടകം ശത്രു കൈവശമാക്കി. വിശ്വസ്തനായ ശമുവേൽ പുരോഹിതനായ സമയത്ത് യഹോവയുടെ നിയമപെട്ടകം എന്ന് കേൾക്കുമ്പോൾ ശത്രു, ഫെലിസ്ത്യർ

വിറയ്ക്കുകയാണ്.

ഏക്രോനിലെ ജനങ്ങൾ നിലവിളിക്കുകയാണ്. കാരണം നിയമപെട്ടകം അവരുടെ പട്ടണത്തിൽ എത്തിക്കഴിഞ്ഞു അനേകർ മരിച്ചു. അനേകർ മൂലരോഗത്താൽ ബാധിതരായി. എന്ത്കൊണ്ട് ഈ ഫെലിസ്ത്യജനങ്ങൾക്ക് ഈ ബാധ വരുന്നു. കാരണം യഹോവ അവരുടെ ദൈവമല്ല. ദാഗോൻ ആണ് അവരുടെ ദൈവം. വിശുദ്ധി ഈ ജനത്തിന്റെ ഇടയിൽ ഇല്ല. ജാതീയമ്ലേച്ഛതകളും അശുദ്ധിയും ഉള്ള ജനത്തിന് യഹോവയുടെ വിശുദ്ധമായ നിയമപെട്ടകം എന്ന് കേൾക്കുമ്പോൾ ഭയമാണ്. കുറ്റവാളികൾക്കാണ് പോലീസിനെ ഭയം. കുറ്റം ചെയ്യാത്തവർ പോലീസിനെ ഭയക്കേണ്ടതില്ല.

പട്ടണത്തിലെ നിലവിളി ആകാശത്തിൽ കയറി. ശമുവേൽ യഹോവയുടെ മന്ദിരത്തിനകത്തിരുന്ന് ദൈവപ്രവൃത്തി വെളിപ്പെടുവാൻ വേണ്ടി, പെട്ടകം ആലയത്തിൽ എത്തിപ്പെടുവാൻ വേണ്ടി ദൈവസന്നിധിയിൽ വീണ് കിടക്കുകയാണ്. ഇപ്പോഴും പെട്ടകം ഏക്രോനിലാണ്. ആ പട്ടണവാസികൾ യഹോവയോട് നിലവിളിക്കുകയാണ്. ആ നിലവിളി ആകാശത്തിൽ കയറി എന്നാണ് വചനം പറയുന്നത്. അവർ ജാതീയരാണെങ്കിലും മ്ലേച്ഛത അവരുടെ ഇടയിൽ ഉണ്ടെങ്കിലും അവരുടെ ഹൃദയം തകർന്ന നിലവിളി യഹോവ കേൾക്കുകയാണ്.

ഏഴ് മാസം നിയമപെട്ടകം ഫെലിസ്ത്യദേശത്ത് ഇരുന്നു. ആ ഏഴ് മാസവും പ്രവാചകനായ ശമുവേൽ ഉറങ്ങിയിട്ടുണ്ടോ എന്ന് അറിയില്ല. അവൻ രാപകലില്ലാതെ ദൈവത്തോട് നിലവിളിക്കുകയായിരുന്നിരിക്കാം. യഹോവയുടെ നിയമപെട്ടകം അന്യദേശത്ത് ഇരിക്കുമ്പോൾ വിശ്വസ്തനായ യഹോവയുടെ ശുശ്രൂഷകനായ ഒരു പുരോഹിതന് തന്റെ കണ്ണിന് ഉറക്കം നൽകുവാൻ കഴിയുമോ? യഹോവേ ഈ ജനത്തിന് വേണ്ടി നീ തന്നെ പ്രവർത്തിക്കണം എന്ന് അവർ നിലവിളിക്കുകയാണ്.

ശത്രുപാളയത്തിൽ യഹോവയെ ആരാധിക്കാത്തവനിലൂടെ യഹോവ ആലോചന കൊടുക്കുകയാണ് മിസ്രയീമ്യരും ഫറവോനും

തങ്ങളുടെ ഹൃദയത്തെ കഠിനമാക്കിയത് പോലെ നിങ്ങളുടെ ഹൃദയത്തെ കഠിനമാക്കുന്നത് എന്തിന്? ആകയാൽ നുകം വച്ചിട്ടില്ലാത്ത കറവുള്ള രണ്ട് പശുക്കളെ കൊണ്ട് വന്ന് വണ്ടിയിൽ കെട്ടി യഹോവയുടെ പെട്ടകം അതിൽ വെഷിൻ.

മിസ്രയീമ്യർ യഹോവയുടെ ആലോചന സ്വീകരിക്കാതെ തങ്ങളുടെ ഹൃദയത്തെ കഠിനമാക്കി ചെങ്കടലിൽ ചത്ത് പൊങ്ങിയത് പോലെ ആകാതിരിക്കുവാൻ യഹോവ അവരോട് കൃപ ചെയ്തു. കാരണം അവരുടെ നിലവിളി ആകാശത്തിൽ യഹോവയുടെ അരികിൽ എത്തിയത് കൊണ്ട് തന്നെ. ഫെലിസ്ത്യർ ചില പ്രായശ്ചിത്തങ്ങൾ ചെയ്ത് യഹോവയുടെ നിയമപെട്ടകം പശുക്കളെ കെട്ടിയ വണ്ടിയിൽ വച്ച് ബേത്ത്-ശേമെശിലേക്കുള്ള വഴിയിൽ കൊണ്ട്പോയി വിട്ടു. ആ പശുക്കൾ കരഞ്ഞ് കൊണ്ട് വലത്തോട്ടോ ഇടത്തോട്ടോ തിരിയാതെ പെരുവഴിയിൽ ക്കൂടി ബേത്ത്-ശേമെശിന്റെ അതിർവരെ ചെന്നു.

ബേത്ത്-ശേമെശ്യർ താഴ്‌വരയിൽ ഗോതമ്പ് കൊയ്യുകയായിരുന്നു. അവർ തല ഉയർത്തി പെട്ടകം കണ്ടു. അവർ സന്തോഷിച്ചു. പെട്ടകം ബേത്ത്- ശേമെന്യനായ യോശുവയുടെ വയലിൽ വന്നുനിന്നു. അവർ വണ്ടിയുടെ മരം വെട്ടിക്കീറി പശുക്കളെ യഹോവക്ക് യാഗം കഴിച്ചു. യോശുവയുടെ വയലിൽ ഉണ്ടായിരുന്ന ഒരു വലിയ കല്ലിൽ യഹോവയുടെ പെട്ടകം ഇറക്കിവച്ചു. തുടർന്ന് ആ പട്ടണവാസികളായ ഇസ്രായേൽജനം യഹോവയുടെ നിയമപെട്ടകത്തെ സമീപിച്ച് നോക്കിയതിനാൽ യഹോവയുടെ കരം ഇസ്രയേൽജനത്തിന് വിരോധമായി 50070 പേർ മരിച്ചു. ജനം വിലപിക്കുകയാണ് ഈ പരിശുദ്ധദൈവമായ യഹോവയോട് അടുത്ത് നിൽപാൻ ആർക്ക് കഴിയും.

എന്ത്കൊണ്ടാണ് യഹോവയുടെ നിയമപെട്ടകത്തെ നോക്കിയ ഇസ്രയേൽ ജനം മരിക്കുവാൻ കാരണം.

1. ജാതീയ മ്ലേച്ഛത ഇസ്രായേൽ ജനത്തിന്റെ നടുവിൽ ഉണ്ടായിരുന്നു.
2. യഹോവയുടെ ജനമായിരിക്കാം, യാഗം അർഷിച്ചിരിക്കാം,

പക്ഷെ അതെല്ലാം പുറംമോടിയാണ്. അകത്ത് അശുദ്ധിയും പാപവും അസാന്മാർഗ്ഗികത്വവും നിറഞ്ഞ കിടക്കുകയായിരിക്കാം.

3. ഏലിയും അശുദ്ധരായ മക്കളും ആയിരുന്നു യഹോവയുടെ മന്ദിരത്തിൽ ഉണ്ടായിരുന്നത്. ഇപ്പോൾ വിശ്വസ്തനും വിശുദ്ധനുമായ ഒരു പുരോഹിതൻ മന്ദിരത്തിനകത്തെ വിശുദ്ധിക്കായി, ദേശത്തിന്റെ ജനത്തിന്റെ വിശുദ്ധിക്ക് വേണ്ടി യഹോവ സന്നിധിയിൽ നിലവിളിക്കുകയാണ്.

വിശ്വസ്തനും വിശുദ്ധനുമായ ഒരു പ്രവാചകൻ ദേശത്ത് യഹോവക്കായി യഹോവ തന്നെ എഴുന്നേൽപ്പിച്ചു. അവൻ മുഖാന്തരം വിശുദ്ധിയുള്ള ഒരു ജനത്തെ ദൈവത്തിന് വാർത്തെടുക്കാനുണ്ട്. അതുകൊണ്ട് ന്യായവിധി ദൈവഗൃഹത്തിൽ തന്നെ ദൈവം ചെയ്തു. വിശ്വസ്തരും വിശുദ്ധരുമായ ശുശ്രൂഷകർ ദേശത്ത് എഴുന്നേൽക്കുമ്പോൾ, അശുദ്ധിയിലോടുന്ന ദൈവഗൃഹത്തിന്റെ മദ്ധ്യേ ന്യായവിധി വെളിപ്പെടും.

യഹോവയുടെ നിയമപെട്ടകം കിര്യത്ത്- യെയാരിം നിവാസികൾ എടുത്ത് അബീനാദാബിന്റെ വീട്ടിൽ കൊണ്ട് പോയി, അവന്റെ മകനായ ഏലെയാസരിനെ യഹോവയുടെ പെട്ടകം സൂക്ഷിക്കേണ്ടതിന് ശുദ്ധീകരിച്ചു. നീണ്ട 20 വർഷക്കാലം അത് അവിടെ ഇരുന്നു. അങ്ങനെ ശമുവേലിന്റെ പ്രാർത്ഥനക്ക് മറുപടിയായി നിയമപെട്ടകം തന്റെ സ്വന്തം ജനത്തിന്റെ നടുവിൽ എത്തി. യഹോവയുടെ നിയമപെട്ടകവിഷയത്തിന്മേൽ മറുപടി ലഭിച്ചതിന് ശേഷം അടുത്ത ദൈവീകപദ്ധതിയിലേക്ക് ശമുവേൽ നീങ്ങുകയാണ്. ജനത്തിന്റെ ദേശത്തിന്റെ ശുദ്ധീകരണം അതിന് വേണ്ടി രണ്ട് പ്രക്രിയകളാണ് അവൻ ചെയ്തത്.

1. ജനത്തിന്റെ വിശുദ്ധിക്ക് വേണ്ടി യഹോവയോട് പ്രാർത്ഥിച്ചു പ്രവാചക ആലോചനകൾ വെളിപ്പെടുത്തി പ്രവാചകശുശ്രൂഷകൾ ചെയ്തു.
2. ദേശത്തിന്റെ കുറുകേയും, നെടുകേയും സഞ്ചരിച്ച് അവൻ ന്യായപാലനം ചെയ്തു.

ജനത്തിന്റെ ശുദ്ധീകരണം, ദേശത്തിന്റെ ശുദ്ധീകരണം അതാണ് ശമുവേൽ പ്രവാചകന്റെ ലക്ഷ്യം. ന്യായപാലനത്തിന്റെ ഭാഗമായി അവൻ ഏതെങ്കിലും പട്ടണത്തിൽ പ്രവേശിച്ചാൽ ആ പട്ടണവാസികൾ വിറക്കുമായിരുന്നു. അത്രക്ക് ആധികാരിക സ്വരവും ആധികാരിക കൽപനകളും ആയിരുന്നു അവന്റെ നാവിൻ തുമ്പിൽ. ശമുവേൽ ഇസ്രായേൽ ജനത്തോട് കൽപിച്ചു നിങ്ങളുടെ ഇടയിൽ ഉള്ള അന്യദേവന്മാരുടെ പ്രതിഷ്ഠകൾ നീക്കി പൂർണ്ണ ഹൃദയത്തോടെ യഹോവയിങ്കലേക്ക് തിരിവിൻ ജനം അനുസരിച്ചു. അവർ മിസ്പയിൽ ഒന്നിച്ച് കൂടി ഉപവസിച്ചു. തങ്ങൾ പാപം ചെയ്തിരിക്കുന്നു എന്ന് അവിടെ വച്ച് യഹോവയോട് ഏറ്റ് പറഞ്ഞു. ഇസ്രയേൽജനം മിസ്പയിമിൽ ഒരുമിച്ച്കൂടി എന്നറിഞ്ഞ ഫെലിസ്ത്യർ ഇസ്രായേലിന്റെ നേരെ യുദ്ധത്തിന് പുറപ്പെട്ട് വന്നു. ശമുവേൽ ഇസ്രായേലിന് വേണ്ടി പ്രാർത്ഥിച്ചു. യഹോവ ഒരു വലിയ ഇടിമുഴക്കി ഫെലിസ്ത്യരെ പരിഭ്രമിപ്പിച്ചു. ഫെലിസ്ത്യർ ഇസ്രായേൽ ജനത്തിന്റെ മുമ്പിൽ നിന്ന് തോറ്റോടി.

ശമുവേൽ ന്യായപാലനം ചെയ്ത കാലത്തെല്ലാം ഇസ്രായേൽ ഫെലിസ്ത്യരെ ജയിച്ചു. എക്രോൻ മുതൽ ഗത്ത് വരെയുള്ള തങ്ങളുടെ പട്ടണങ്ങൾ ഫെലിസ്ത്യരുടെ കയ്യിൽ നിന്ന് ഇസ്രയേല്യർക്ക് തിരികെകിട്ടി. ഫെലിസ്ത്യന്റെ അയൽനാടുകളിൽ ചിലത് ഇസ്രയേൽ കൈവശമാക്കി. ശമുവേൽ ജീവപര്യന്തം ഇസ്രയേലിന് ന്യായപാലനം ചെയ്തു. അവൻ ആണ്ട്തോറും ബേഥേലിലും ഗിൽഗാലിലും മിസ്പയിലും ചുറ്റി സഞ്ചരിച്ച് അവിടങ്ങളിൽ വച്ച് ഇസ്രയേലിന് ന്യായപാലനം ചെയ്തു. അങ്ങനെ പ്രവാചകനായ ശമുവേൽ യഹോവയുടെ വിശ്വസ്ത പ്രവാചകനായി, ന്യായാധിപന്മാരിൽ ഒരുവനായി ജീവിച്ചു. ഇസ്രയേൽ നന്മയും സന്തോഷവും പ്രാപിച്ചു.

# 12. വിശ്വസ്തനായ പ്രവാചകൻ - മൂന്നാം ഭാഗം

ശമുവേൽ പ്രവാചകന്റെ ജീവിതവസാന കാലഘട്ടമാകുകയാണ്. ചെറുപ്രായം മുതൽ അവൻ വിശ്വസ്തനായി യഹോവയെ സേവിച്ചു. അനേക വർഷങ്ങൾ ഇസ്രയേലിന് ന്യായപാലനം ചെയ്തു. ഇപ്പോൾ വൃദ്ധനായി പഴയത് പോലെ ദേശമായ ദേശമെല്ലാം സഞ്ചരിച്ച് ന്യായപാലനം നടത്തുവാൻ അവന്റെ ശരീരം സമ്മതിക്കുന്നില്ല. അവന്റെ മക്കളായ യോവേൽ, അബീയാവ് അവർ ചെറുതായി ന്യായപാലനത്തിലേക്ക് വരികയാണ് . ദുരാഗ്രഹവും കൈക്കൂലിയും അവരെ വിഴുങ്ങുകയാണ്. മക്കളിലേക്ക് തന്റെ ദർശനവും കാഴ്ചപ്പാടും പകരുവാൻ ശമുവേലിന് കഴിയാത്തതാണോ അതോ മക്കളെ ദൈവഭയത്തിൽ വളർത്തി എടുക്കുവാൻ സമയവും താൽപര്യവും ഇല്ലാത്തതിനാലാണോ എന്നറിയില്ല. അവന്റെ മക്കൾ അവന്റെ വഴിയിൽ നടന്നില്ല.

ഇസ്രയേൽ മൂപ്പന്മാർ ശമുവേലിന്റെ അടുക്കൽ എത്തി മൂന്ന് കാര്യം പറഞ്ഞു.

1. നീ വൃദ്ധനായിരിക്കുന്നു
2. നിന്റെ മക്കൾ നിന്റെ വഴിയിൽ നടക്കുന്നില്ല
3. ഒരു രാജാവിനെ ഞങ്ങൾക്ക് നിയമിച്ച് തരണം.

മാനുഷികബുദ്ധിയിൽ അവർ പറഞ്ഞത് ശരിയായിരുന്നുവെങ്കിലും ദൈവഹിതവും പദ്ധതിയും അവർ അറിഞ്ഞില്ല. സർവ്വ വിഷയത്തിലും ദൈവത്തിന് ഒരു ആലോചന ഉണ്ട്. ജാതീയസ്വാധീനത്താൽ ജാതീയവഴികൾക്ക് അവർ അടിമപ്പെടുകയാണ്. ജാതികൾക്ക് രാജാക്കന്മാർ ഉണ്ട്. അതുകൊണ്ട് ഞങ്ങൾക്കും ഒരു രാജാവിനെ വേണം. ശമുവേൽ യഹോവയോട് പ്രാർത്ഥിച്ചു. യഹോവ ശമുവേലിനോട് പറഞ്ഞത് അവർ നിന്നെയല്ല ഞാൻ അവരെ ഭരിക്കാതെവണ്ണം എന്നെയാകുന്നു ത്യജിച്ചിരിക്കുന്നത്, എങ്കിലും അവരുടെ അപേക്ഷ കേൾക്കുക എന്ന് പറഞ്ഞു.

മാനുഷിക അപേക്ഷകളെ പ്രാർത്ഥനകളെ ദൈവം കേൾക്കും. ഉത്തരം നൽകുകയും ചെയ്യും. പക്ഷെ ദൈവഹിതമനുസരിച്ച് പ്രാർത്ഥിച്ച് മറുപടിക്കായി കാത്തിരിക്കുന്നതാണ് നല്ലത്. ജനത്തിന്റെ ഹിതപ്രകാരം ദൈവം അനുവദിച്ച രാജാവിനെ വാഴിക്കുന്നതിന് ശമുവേൽ ശ്രമിക്കുകയാണ്. അതിനായി ദൈവസന്നിധിയിൽ അവൻ ശരണം പ്രാപിച്ചു. ദൈവം അവന് ആലോചനകൾ നൽകി. നാളെ ഒരുവനെ നിന്റെ അടുക്കൽ ഞാൻ അയക്കും. ഇസ്രയേലിന് രാജാവായിട്ട് നീ അവനെ അഭിഷേകം ചെയ്യണം എന്ന് കൽപ്പിച്ചു. ബന്യാമീൻ ഗോത്രത്തിലെ കീശിന്റെ മകൻ ശൗൽ അവന്റെ അപ്പന്റെ കഴുതകളെ കാണാതെ പോയിട്ട് അവയെ കണ്ടുപിടിക്കുന്നതിനായി ഇറങ്ങിപ്പുറപ്പെട്ട് സൂഫ് ദേശത്ത് എത്തി. ശമുവേൽ പ്രവാചകനെക്കുറിച്ച് കേട്ട് അവനെ അന്വേഷിച്ച്, ദൈവപുരുഷനായ ശമുവേൽ താമസിക്കുന്ന പട്ടണത്തിൽ എത്തി. ശൗൽ ശമുവേലിനെ എതിരേറ്റു. അവന് വേണ്ട സ്വർഗ്ഗീയ ആലോചനകളെല്ലാം നൽകി. പിറ്റേ ദിവസം തൈലപാത്രം എടുത്ത് അവന്റെ തലയിൽ ഒഴിച്ച് അവനെ അഭിഷേകം ചെയ്തു. തുടർന്ന് മിസ്പയിൽ ഇസ്രയേൽജനത്തെ വിളിച്ച്ക്കൂട്ടി രാജാവിനെ തെരഞ്ഞെടുക്കുന്നതിന് വേണ്ടി ചീട്ട് ഇട്ടു. ചീട്ട് അവസാനം ബന്യാമീൻ ഗോത്രക്കാരൻ കീശിന്റെ മകൻ ശൗലിന് വീണു. ജനമെല്ലാം രാജാവെ ജയ ജയ എന്നാർത്തു.

ജനഹിതപ്രകാരം യഹോവ വാഴിച്ച രാജാവ്, പ്രവാചകന്റെ ആലോചന അതുപോലെ അനുസരിക്കുന്നതിൽ പരാജയപ്പെട്ടു. മാനുഷികബുദ്ധി ആവശ്യപ്രകാരം തെരഞ്ഞെടുക്കപ്പെട്ട രാജാവ് മാനുഷികബുദ്ധിക്ക് കീഴിൽ ആണ് പ്രവർത്തിക്കുന്നത്. ദൈവഹിതവും ദൈവആലോചനയും പേരിന് മാത്രമേ അവന്റെ കൂടെയുള്ളൂ. രാജത്വം മാത്രമേ ശൗലിന്റെ മേൽ വന്നിട്ടുള്ളൂ. പൗരോഹിത്യവും പ്രവാചകശുശ്രൂഷയും ശമുവേലിന്റെ മേലാണ്. പക്ഷെ തന്റെ രാജത്വ അധികാരത്താൽ പൗരോഹിത്യത്തിന്റെ മേൽ കൈവയ്ക്കുകയാണ്. ശമുവേലിന്റെ നിലയങ്കി ശൗൽ കീറിക്കളഞ്ഞു.

ശമുവേലിന്റെ മേൽ ഒരു വലിയ ദു:ഖം വന്ന് അവൻ യഹോവയോട്

നിലവിളിക്കുകയാണ്. ശൗൽ രാജസ്ഥാനത്ത് ഇരിക്കുന്നിടത്തോളം കാലം ദൈവീകപ്രവാചക ആലോചനകൾക്ക് പ്രാധാന്യം ഉണ്ടാകുകയില്ല എന്നും ബുദ്ധി മേൽക്കൈ പ്രാപിച്ച് യഹോവയെ മഹത്വപ്പെടുത്തുന്ന പ്രവൃത്തി ദേശത്ത് വെളിപ്പെടുകയില്ല എന്നും മനസിലായ ശമുവേൽ നിലവിളിക്കുകയാണ്. അവന്റെ നിലവിളി സ്വർഗ്ഗീയ സന്നിധിയിൽ എത്തി. യഹോവ ശമുവേലിനോട് ഇസ്രയേലിന്റെ രാജസ്ഥാനത്ത് നിന്ന് ഞാൻ ശൗലിനെ തള്ളിയെന്നറിഞ്ഞിരിക്കെ നീ അവനെക്കുറിച്ച് എത്രത്തോളം ദു:ഖിക്കും, കൊമ്പിൽ തൈലം നിറച്ച് പുറപ്പെടുക, ബേത്‌ലേഹേമ്യനായ യിശ്ശായിയുടെ മക്കളിൽ ഞാൻ ഒരു രാജാവിനെ കണ്ടിരിക്കുന്നു.

ആ ദൈവശബ്ദം അവനെ സന്തോഷിപ്പിച്ചു. അവന്റെ മ്ലാനത മാറി. യഹോവ കൽപ്പിച്ചത് പോലെ ശമുവേൽ ബേത്ത്‌ലേഹിമിൽ ചെന്നു. ആ പട്ടണത്തിലെ മൂപ്പന്മാർ അവന്റെ വരവിങ്കൽ വിറക്കുകയാണ്. അവർ അവനെ എതിരേറ്റ് ഭയത്തോടെ ചോദിക്കുകയാണ്. നിന്റെ വരവ് ശുഭം തന്നെയോ അവൻ പറഞ്ഞു ശുഭം തന്നെ ഞാൻ യഹോവക്ക് ഒരു യാഗം കഴിപ്പാൻ വന്നിരിക്കുന്നു. അവൻ യിശ്ശായിയേയും മക്കളേയും ശുദ്ധീകരിച്ച് യാഗത്തിന് ക്ഷണിച്ചു. യിശ്ശായിയുടെ മക്കളിലൊരുവനെ രാജാവായി അഭിഷേകം ചെയ്യണം. യിശ്ശായിയുടെ ഏഴ്പുത്രന്മാരെ അടുക്കൽ വിളിച്ചു. പക്ഷെ ദൈവശബ്ദം കേൾക്കുന്നില്ല. ശമുവേൽ പ്രവാചകൻ ചിന്തിച്ച് കാണും ദൈവീകആലോചനക്ക് കീഴിലല്ലേ ഞാൻ ഇറങ്ങിപ്പുറപ്പെട്ടത്. യിശ്ശായിയുടെ പുത്രന്മാരിലൊരുവൻ എന്ന് ദൈവം വ്യക്തമായി പറഞ്ഞതാണ്. പക്ഷെ ഇവരാരും അല്ല എന്നും യഹോവ പറയുന്നു. അവസാനം ശമുവേൽ യിശ്ശായിയോട് ചോദിക്കുകയാണ്. ആ ശബ്ദത്തിൽ ഒരു തളർച്ചയുണ്ട്, ഒരു ദു:ഖമുണ്ട്, വ്യസനമുണ്ട്. നിന്റെ പുത്രന്മാർ എല്ലാവരുമായോ? ആയി എന്ന് യിശ്ശായി പറഞ്ഞാൽ ശമുവേലിന്റെ വ്യസനം വർദ്ധിക്കും. പക്ഷെ യിശ്ശായി ഒരു പ്രത്യാശയുടെ ശബ്ദം ആണ് ശമുവേലിനോട് പറയുന്നത്. ഉള്ളതിൽ ഇളയവൻ ഒരുവൻ ഉണ്ട്, അവൻ ആടുകളെ മേയ്ക്കുകയാകുന്നു. ഇതാ ശമുവേൽ പ്രഖ്യാപിക്കുന്നു ആളയച്ച് അവനെ വരുത്തുക, അവൻ വന്നിട്ടല്ലാതെ നാം പന്തിക്കിരിക്കുകയില്ല എന്ന് പറഞ്ഞു.

എത്രമാത്രം ദൂരെയാണ് ദാവീദ് എന്നറിയില്ല. അവനെ വിളിച്ച് യാഗസ്ഥലത്ത് അവൻ എത്തുന്നത് വരെ ആ വലിയ ജനക്കൂട്ടം വെറുതെയിരുന്നു. പ്രവാചകനും യിശ്ശായിയും അവന്റെ ഏഴ് മക്കളും വെറുതെ അവിടെ ഇരിക്കുകയാണ്. ഇതാ അഭിഷിക്തൻ വരുന്നു. പവിഴനിറമുള്ളവനായി, സുനേത്രനായി, കോമളരൂപിയായി അവൻ പ്രത്യക്ഷപ്പെട്ടു. യഹോവയുടെ ശബ്ദം ഉയരത്തിൽ നിന്ന് വെളിപ്പെട്ടു ഇവനെ അഭിഷേകം ചെയ്യുക ഇവൻ തന്നെയാകുന്നുഎന്ന് പറഞ്ഞു. യഹോവയുടെ ആത്മാവ് അന്നുമുതൽ ദാവീദിന്റെ മേൽ വന്നു. യഹോവയുടെ ആത്മാവ് ശൗലിനെ വിട്ടുമാറി. യഹോവയുടെ ദൃഷ്ടിയിൽ ദാവീദാണ് രാജാവ്. ജനത്തിന്റെ ദൃഷ്ടിയിൽ ശൗലാണ് രാജാവ്. ശൗലിന്റെ കൂടെ മാനുഷികസൈന്യം ഉണ്ട്. ദാവീദിന്റെ കൂടെ സ്വർഗ്ഗീയ സൈന്യം ഉണ്ട്. ഇസ്രയേലിന്റെ പുരോഹിതനും പ്രവാചകനുമായ ശമുവേൽ ദാവീദിന്റെ കൂടെയുണ്ട്.

ബുദ്ധിയിൽ പ്രവർത്തിക്കുന്ന ശൗൽ ആത്മാവിന്റെ കീഴിൽ ഓടുന്ന ദാവീദിനെ നിരവധി പ്രാവശ്യം തകർത്ത് കളയുവാൻ ശ്രമിച്ചു. സ്വർഗ്ഗീയ സൈന്യം ദാവീദിന്റെ കൂടെ ഉള്ളത്കൊണ്ട് അവനെ തൊടുവാൻ കഴിഞ്ഞില്ല. തുടർന്ന് ദാവീദ് ഓടിരക്ഷപ്പെട്ട് രാമയിൽ ശമുവേലിന്റെ അടുക്കൽ ചെന്ന് ശൗൽ തന്നോട് ചെയ്തത് ഒക്കേയും അവനോട് അറിയിച്ചു. ദാവീദിനേയും കൂട്ടി ശമുവേൽ നായ്യോത്തിൽ ചെന്നുപാർത്തു. ദാവീദ് രാമയിലെ നായ്യോത്തിൽ ഉണ്ട് എന്ന് ശൗലിന് അറിവ് കിട്ടി. അവനെ പിടിപ്പാൻ ആളെ അയച്ചു. എന്നാൽ ശമുവേലിന്റെ മേലുള്ള പുരോഹിത പ്രവാചക അഭിഷേകവും ദാവീദിന്റെ മേലുള്ള രാജകീയ അഭിഷേകവും സംയോജിച്ചപ്പോൾ ശൗലിന്റെ ശത്രുസേനക്ക് അവരെ ഒന്ന് തൊടുവാൻ കഴിഞ്ഞില്ല. ശൗൽ നേരിട്ട് വന്ന് ദാവീദിനെ പിടിക്കുവാൻ ശ്രമിച്ചു. അതിന് അവനെ പ്രേരിപ്പിക്കുന്നത് അവന്റെ മേൽ വന്ന ദുരാത്മാവ് ആണ്. ആ ദുരാത്മാവിന്റെ ആഗ്രഹം ആണ് ശൗൽ നിവർത്തിക്കുവാൻ ആഗ്രഹിക്കുന്നത്.

എന്നാൽ ദൈവാത്മാവിൽ വസിക്കുന്ന ശമുവേലിന്റേയും

ദാവീദിന്റേയും മുമ്പിൽ വന്നപ്പോൾ ആ ദുരാത്മാവിന് ഒന്ന് ചലിക്കുവാൻ പോലും കഴിഞ്ഞില്ല. ദൈവാത്മാവ് അവന്റെ മേൽ വന്നിട്ട് അവൻ അബോധാവസ്ഥയിലായി അവിടെ കിടന്നു. ദാവീദ് അവിടെ നിന്ന് രക്ഷപ്പെട്ടു. ശമുവേലിന്റെ മുമ്പിൽ ഒരു വലിയ ദൗത്യം വന്നു. അവന്റെ ശുശ്രൂഷയുടെ ആരംഭത്തിൽ നിയമപ്പെട്ടകം നഷ്ടപ്പെട്ട് അത് ശത്രു കൈവശമാക്കി പ്രബലമായി നിന്ന നാളുകൾ. ഇപ്പോൾ അതുപോലെ ദൈവീകാഭിഷേകത്താൽ രാജാവായി നിയമിക്കപ്പെട്ട ദാവീദ് കാടുകളിലൂടെ, ദുർഗ്ഗങ്ങളിലൂടേയും പ്രാണ ഭീതിയോടെ ഓടുകയാണ്. ശൗൽ അവനെതിരെ തന്റെ സൈന്യവുമായി ഓടി അടുക്കുകയാണ്.

ദാവീദ് സംരക്ഷിക്കപ്പെടേണ്ടത് ദൈവത്തിന്റെ പദ്ധതിയാണ്. കാരണം അവനാകുന്നു ഇസ്രയേലിന്റെ രാജാവ്. ശമുവേൽ ഒരു വലിയ ശുശ്രൂഷ രഹസ്യമായി ഏറ്റെടുത്തു. ശൗലിന്റേയും ദാവീദിന്റേയും നടുവിൽ അവൻ നിന്നു. ശമുവേലിന്റെ മേൽ ഉള്ള അഭിഷേകത്തെ കീഴാക്കിയതിന് ശേഷമേ ദാവീദിന്റെ അടുക്കൽ ചെല്ലുവാൻ ശൗലിന് കഴിയുകയുള്ളൂ. ശമുവേലിന്റെ മേലുള്ള അഭിഷേകം ദാവീദിനെ സംരക്ഷിക്കുവാൻ ദൈവം ഉപയോഗിക്കുകയാണ്. ദാവീദ് ഭയപ്പെട്ട് ഓടിനടന്ന നാളിലെല്ലാം ശമുവേൽ അവന് വേണ്ടി ദൈവസന്നിധിയിൽ ജാഗരിക്കുകയായിരുന്നു. ദാവീദിന് എന്തെങ്കിലും ദോഷം ഉണ്ടാകുവാൻ ശമുവേൽ സമ്മതിക്കുകയില്ല. ദാവീദിന് ചുറ്റും ശമുവേലിന്റെ പ്രാർത്ഥനാന്തരീക്ഷവലയം ഒരു വലിയ സംരക്ഷണ ഭിത്തിയായി ഉയർന്ന് നിൽക്കുകയാണ്. ശത്രുവിന് അതിന്മേൽ നോക്കി പരാജിതനായി തിരിഞ്ഞ് പോകുവാനേ കഴിയൂ.

ദൈവികശുശ്രൂഷയിൽ പരസ്യമായി നിൽക്കുന്നവരെ ശത്രുവായവൻ തകർക്കുവാൻ വിവിധ സാഹചര്യങ്ങൾ കൊണ്ടുവരുമ്പോൾ അവരെ സംരക്ഷിക്കുവാൻ ഇങ്ങനെ ഒരു പ്രാർത്ഥനാസംരക്ഷണഭിത്തി വേണം. ദൈവമാണ് അഭിഷിക്തന്മാരെ സഹായിക്കുന്നത്. തന്റെ വചനത്തെ, തന്റെ ദൂതസൈന്യത്തെ ദൈവം അതിനായി ഉപയോഗിക്കുന്നു. എങ്കിലും പ്രാർത്ഥനാവലയ സംരക്ഷണഭിത്തി മനുഷ്യൻ പണിയുവാൻ ദൈവം ആഗ്രഹിക്കുന്നു.

പ്രാർത്ഥനാവലയ സംരക്ഷണഭിത്തിയുള്ള ഒരു ശുശ്രൂഷകനെ ശത്രുവിന് ഒന്നും ചെയ്യുവാൻ കഴിയുകയില്ല. ദാവീദിനും ശൗലിനും ഈ

പ്രാർത്ഥനാവലയ സംരക്ഷണഭിത്തിയെക്കുറിച്ച് അറിയത്തില്ല. അത് പ്രവാചകന്മാർക്കും ദൈവികശുശ്രൂഷ ഭരമേൽപിക്കപ്പെട്ടവർക്കും മാത്രമേ അറിയത്തൊള്ളൂ. ശമുവേൽ ദാവീദിന്റെ ഒരു വലിയ പ്രാർത്ഥനാ സംരക്ഷണഭിത്തിയായി നിന്നു. ശത്രു നിസഹായകനായി അവിടെ നിന്നു. അവിടെ ശത്രുവിന്റെ സകല പരാക്രമവും അവസാനിച്ചു. ശത്രുമണ്ഡലം പരാജയം സമ്മതിക്കുകയാണ്. യഹോവയുടെ അഭിഷിക്തന്റെ മേലുള്ള അവന്റെ ദുഷ്ടദൃഷ്ടി അവൻ പിൻവലിക്കുകയാണ്.

ശൗൽ നിരവധി പ്രാവശ്യം സൈന്യസമേതനായി ദാവീദിനെ തകർക്കുവാൻ വന്നിരുന്നു എന്നാൽ ശൗലിന് ഒന്നും ചെയ്യുവാൻ കഴിഞ്ഞില്ല. ദൈവം ദാവീദിനെ സംരക്ഷിച്ചു. ഏറ്റവും അവസാനം സൈന്യസമേതനായി ശൗൽ വന്നു. പക്ഷെ ദാവീദിന്റെ മുമ്പിൽ അവർ പതറിപ്പോയി. ദാവീദിന് ശൗലിനെ വെട്ടിക്കളയുവാൻ കഴിയുമായിരുന്നു. ദാവീദ് അത് ചെയ്തില്ല. തുടർന്ന് ദാവീദ് ശൗലിനോട് പറഞ്ഞു നീയോ എനിക്ക് പ്രാണഹാനി വരുത്തുവാൻ ഓടി നടക്കുന്നു, ദുഷ്ടത ദുഷ്ടനിൽ നിന്ന് വരുന്നു, എന്റെ കൈ നിന്റെ മേൽ വീഴുകയില്ല. ശൗൽ പൊട്ടിക്കരയുകയാണ് നീ എന്നേക്കാൾ നീതിമാൻ, ഞാൻ നിനക്ക് തിന്മ ചെയ്തു, പക്ഷെ നീ എനിക്ക് നന്മ ചെയ്തു. യഹോവ എന്നെ നിന്റെ കയ്യിൽ ഏൽപിച്ചാറെ, നീ എന്നെ കൊല്ലാതെ എനിക്ക് ഗുണം ചെയ്തു. യഹോവ നിനക്ക് നന്മ പകരം ചെയ്യട്ടേ. ഇസ്രയേൽ രാജത്വം നിന്റെ കയ്യിൽ സ്ഥിരമാകും. ആകയാൽ എന്റെ പിതൃഭവനത്തിൽ നിന്ന് എന്റെ സന്തതിയെ നിർമ്മൂലമാക്കി എന്റെ പേര് മായിച്ചു കളയുകയില്ല എന്ന് എന്നോട് സത്യം ചെയ്യുവാൻ ശൗൽ ദാവീദിനോട് പറഞ്ഞു. ദാവീദ് സത്യം ചെയ്തു. അങ്ങനെ ശൗലും ദാവീദും തമ്മിലുള്ള ശത്രുത തീർന്നു. ദാവീദ് സംരക്ഷിക്കപ്പെട്ടു. ശമുവേലിന്റെ ദൗത്യം വിജയിക്കപ്പെട്ടു. അവന്റെ പ്രാർത്ഥനക്ക് മറുപടി വന്നു. ശൗൽ അരമനയിലേക്കും ദാവീദ് ദുർഗ്ഗത്തിലേക്കും പോയി. ശമുവേൽ മരിച്ചു. പ്രാർത്ഥനയുടെ മറുപടി കണ്ട് സംതൃപ്തനായി, സന്തോഷവാനായി അവൻ മരിച്ചു. ഇസ്രയേൽ മക്കൾ എല്ലാവരും ഒരുമിച്ച് കൂടി അവനെ അടക്കം ചെയ്തു. I ശമു: 25:1

...........

# PRAYER HOME MINISTRIES

**KERALA - INDIA**

***DIRECTOR***

**Bro. BIJU THOMAS**

**www. prayerhome.org**

**പ്രിയ വിശ്വസ്ത വാഗ്ദത്തജനം അറിയുന്നതിന്, സ്നേഹവന്ദനം.**

ദൈവീക ശുശ്രൂഷയോട് ബന്ധപ്പെട്ട പ്രാർത്ഥനാവിഷയങ്ങൾ ദൈവജനത്തെ അറിയിക്കുവാൻ ആഗ്രഹിക്കുന്നു. നിങ്ങളുടെ വില യേറിയ പ്രാർത്ഥനകൾക്കും സ്നേഹസഹകരണത്തിനും എന്റെ നന്ദി അറിയിക്കുന്നു. 1993 ലാണ് ഞാൻ വിശ്വാസത്തിൽ വന്നത്. 1998 ൽ ദൈവിക ശുശ്രൂഷയെ സംബന്ധിച്ച് വലിയ ഒരു ദർശനം ദൈവം എനിക്ക് നൽകി. 1999 മുതൽ വളരെ ശക്തമായ ശത്രു പോര് ഞാൻ നേരിടുവാൻ തുടങ്ങി. മാനസീകമായും ശാരീരിക മായും സാമ്പത്തീകമായും ശത്രു എന്നെ ശൂന്യനാക്കി തകർക്കു വാൻ തുടങ്ങി. എങ്കിലും എന്നോട് ചേർന്ന് നിൽക്കുന്ന, എന്റെ പ്രാർത്ഥനാ സംരക്ഷണ വലയത്തിനകത്തുള്ള കുടുംബങ്ങളെ, വ്യക്തികളെ ശത്രുവിന് ഒന്നും ചെയ്യുവാൻ കഴിഞ്ഞില്ല എന്നു ള്ളതിൽ ഞാൻ അതീവ സന്തുഷ്ടനുമാണ്. ദർശനം ലഭിച്ച് 9 വർഷത്തിന് ശേഷം 2007 മാർച്ചിൽ ഒരു **Malayalam Online Magazine** ആരംഭിക്കുവാൻ കഴിഞ്ഞതിൽ, ദൈവം അതിനായി അഭിഷിക്തന്മാരെ ഒരുക്കിയതിൽ ദൈവത്തിന് നന്ദി പറയുന്നു. 1999 മുതൽ എഴുതിയ 5 പുസ്തകങ്ങളും 2 ബുക്ക്ലെറ്റുകളും പ്രസി ദ്ധീകരിക്കുവാൻ കഴിഞ്ഞതിൽ ദൈവത്തെ സ്തുതിക്കുന്നു. ബുക്കുകളും ബുക്ക്ലെറ്റുകളും മാഗസിനുകളും പ്രസിദ്ധീകരിക്കു ന്നത് **Prayer Home Publication** ന്റെ കീഴിലാണ്.

ദൈവം എനിക്ക് തരാമെന്ന് പറഞ്ഞ ദേശത്തെക്കുറിച്ച്, ദൈവം എന്നെ അറിയിച്ച വിധം ക്രമമായി രേഖപ്പെടുത്തുന്നു.

1. 1999 ൽ ദൈവം ഒരു ഫോൺ കോഡ് നൽകി – 0472
2. തുടർന്ന് തിരുവനന്തപുരം അല്ല തിരുവനന്തപുരം ജില്ല എന്ന് ദൈവം പറഞ്ഞു.
3. പിന്നീട് തിരുവനന്തപുരത്തിനും കൊല്ലത്തിനും നടുവിൽ എന്ന് ദൈവം പറഞ്ഞു.
4. തുടർന്ന് കടൽതീരത്ത് നിന്ന് 7 കിലോമീറ്റർ എന്ന് ദൈവം ഇടപെട്ടു.
5. തുടർന്ന് ദേശത്തിന്റെ പേര് പരിശുദ്ധാത്മാവ് പറഞ്ഞു. **"വർക്കല."**

ദൈവത്തെ അറിയാത്ത വളരെയധികം ജനങ്ങൾ തിങ്ങിപ്പാർക്കുന്ന സ്ഥലമാണ്. വിശ്വാസികൾ വളരെ കുറവാണ്.

**24 Hours Prayer Center** കൂടാതെ 24 ൽ അധികം വിദ്യാർത്ഥികളെ ദൈവിക ശുശ്രൂഷയിൽ പരിശീലിപ്പിക്കുന്നതിനായി, **Prayer Home College** എന്ന പേരിൽ ഒരു വിദ്യാഭ്യാസ സ്ഥാപനം ആരംഭിക്കുന്നതിനും ദൈവത്തിന്റെ ആലോചന ഉണ്ട്.

ദൈവം എന്റെ മേൽ പകർന്ന ദർശനത്തിന്റെ പൂർത്തീകരണത്തിനായി നിങ്ങളുടെ പ്രാർത്ഥനകൾ, ആത്മീയ പിന്തുണ, ശുശ്രൂഷാസഹകരണം ഞാൻ ചോദിക്കുന്നു. എന്റെ ഭാര്യ ഡെയ്സി ബിജു, മകൾ ഏഞ്ചല ആൻ ബിജുവിനായും ഒരുമിച്ചുള്ള ഒരു വലിയ ദൈവിക ശുശ്രൂഷയ്ക്കായി ദൈവം ഞങ്ങളെ ഒരുക്കേണ്ടതിനായും ദൈവജനത്തിന്റെ പ്രാർത്ഥന ചോദിക്കുന്നു. നിങ്ങളുടെ പ്രാർത്ഥനാവിഷയങ്ങൾ എന്നെ അറിയിക്കുന്നതിൽ ഒട്ടും മടി വിചാരിക്കരുത്. രാജ്യത്തിന്റെ ഉണർവ്വിനായി വളരെ ശക്തമായ ഒരു പ്രാർത്ഥനാ സംഘം രൂപപ്പെടുവാൻ പ്രാർത്ഥിക്കുന്നു. ദൈവം നിങ്ങളെ അനുഗ്രഹിക്കട്ടെ. നിങ്ങൾക്കോരോരുത്തർക്കുമായി പ്രാർത്ഥിക്കുന്നു.

കർതൃശുശ്രൂഷയിൽ,

**ബ്രദർ ബിജു തോമസ്**

## ഗ്രന്ഥകാരൻ എഴുതിയ പുസ്തകങ്ങൾ

1. ശുശ്രൂഷാ വെളിപ്പാടുകൾ
2. ശുശ്രൂഷാ പാഠങ്ങൾ
3. ശുശ്രൂഷാ കാഴ്ചപ്പാടുകൾ
4. ശുശ്രൂഷാ രത്നങ്ങൾ
5. ശുശ്രൂഷാധ്യയറിക്കുറിപ്പുകൾ
6. ശുശ്രൂഷകവഴി ഒരു തിരിഞ്ഞുനോട്ടം